## പുലിക്കോട്ടിൽ തിരുമേനിയുടെ ചരമ ദ്വിശതാബ്ദി ആഘോഷങ്ങൾക്ക് സമാപനം

**കുന്നംകുളം:** മലങ്കര സഭയുടെ ആധുനികവത്കരണത്തിൻെറ അഗ്രഗാമിയായിരുന്ന സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിൻെറ ചരമ ദ്വിശതാബ്ദി ആഘോഷങ്ങൾ സമാപിച്ചു. കുന്നംകുളത്ത് നടന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഗോള സമാപനസമ്മേളനത്തിന് ആയിരങ്ങളെത്തി.

വൈദേശിക ആധിപത്യത്തിനെതിരെ പ്രതികരിച്ചതും മലങ്കര സഭയ്ക്ക് ആദ്യമായി നിയതമായ ഭരണക്രമം തയ്യാറാക്കിയതും ഉൾപ്പെടെ പുലിക്കോട്ടിൽ തിരുമേനിയുടെ ഓരോ പ്രവർത്തനവും സമാപന സമ്മേളനത്തിൽ അനുസ്മരിച്ചു.

എത്യോപ്യൻ ഓർത്തഡോക്സ് സഭാ തലവൻ ആബൂനെ മത്ഥ്യാസ് പാത്രിയർക്കീസ് ബാവ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. മന്ത്രി എ.സി. മൊയ്തീൻ മുഖ്യപ്രഭാഷണം നടത്തി. ഐക്യം സംരക്ഷിക്കാൻ മതനിരപേക്ഷമായ നിലപാടുകൾ മലങ്കര ഓർത്തഡോക്സ് സഭ സ്വീകരിച്ചിട്ടുണ്ട്. മതനിരപേക്ഷമായ മൂല്യങ്ങൾക്ക് പ്രസക്തി വർധിക്കുന്ന ഇക്കാലത്ത് സഭയുടെ നിലപാടുകൾക്ക് ഏറെ പ്രസക്തിയുണ്ടെന്നും മന്ത്രി പറഞ്ഞു.

സഭയുടെ പരമാധ്യക്ഷൻ ബസ്സേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ അധ്യക്ഷനായി. ഫാ.ഡോ.കെ.എം. ജോർജ്ജ് സമാപനസന്ദേശം നൽകി.

## റെയിൽവേ 'സീറോ ആക്സിഡൻറ്' ലക്ഷ്യമാക്കണമെന്ന് പ്രധാനമന്ത്രി

**സുരജ്കുണ്ഡ്/ആഗ്ര:** തീവണ്ടിയാത്രകൾ സുരക്ഷിതമാക്കാൻ റെയിൽവേ 'സീറോ ആക്സിഡൻറ്' ലക്ഷ്യമാക്കി പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാൻപുരിലെ തീവണ്ടിയപകടത്തെക്കുറിച്ച് സുരജ്കുണ്ഡിലെ റെയിൽ വികസനക്യാമ്പിൽ വീഡിയോ കോൺഫറൻസ് വഴി സംസാരിക്കുകയായിരുന്നു അദ്ദേഹം.

അപകടം അപ്രതീക്ഷിതമായിരുന്നു. ഇതിനെ അപലപിക്കുന്നു. റെയിൽവേ അടിമുടി മാറേണ്ടത് അത്യാവശ്യമാണ്. അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ റെയിൽവേ ശ്രദ്ധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

## ബഷീർ പുരസ്കാരം അടൂരിന് സമ്മാനിച്ചു

**കുവൈത്ത് സിറ്റി:** കുവൈത്ത് ജനതാ കൾച്ചറൽ സെൻററിൻെറ വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരം സംവിധായകൻ അടൂർ ഗോപാലകൃഷ്ണന് ഇന്ത്യൻ എംബസി സെക്കൻഡ് സെക്രട്ടറി എ.കെ. ശ്രീവാസ്തവ സമ്മാനിച്ചു.

സെൻററിൻെറ വാർഷികം സംവിധായകൻ ബാലു കിരിയത്ത് ഉദ്ഘാടനം ചെയ്തു. സ്മരണിക പ്രകാശനം സൂര്യ കൃഷ്ണമൂർത്തി നിർവഹിച്ചു. ബഷീർ ചെറുകഥാ രചനാ മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ അടൂർ ഗോപാലകൃഷ്ണൻ വിതരണം ചെയ്തു. വ്യവസായി കെ.ജി. എബ്രഹാമിനെ ആദരിച്ചു. പ്രസിഡൻറ് സഫീർ പി. ഹാരിസ് അധ്യക്ഷത വഹിച്ചു.



കുവൈത്ത് ജനത കൾച്ചറൽ സെൻററിൻെറ വൈക്കം മുഹമ്മദ്ബഷീർ പുരസ്കാരം അടൂർ ഗോപാലകൃഷ്ണന് എ.കെ. ശ്രീവാസ്തവ സമ്മാനിക്കുന്നു

## കൊച്ചി ബിനാലെ ഫൗണ്ടേഷന് സി.ഇ.ഒ.

**കൊച്ചി:** കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെബിഎഫ്) സിഇഒ ആയി മഞ്ജു സാറാ രാജനെ നിയമിച്ചു.

8-ാം ചരമവാർഷികം
(21.11.2016)



എൻ. ചെല്ലപ്പൻ ചെട്ടിയാർ
സെക്രട്ടറി
വിദ്യാരംഭം പബ്ലിഷേഴ്സ്
മുല്ലക്കൽ, ആലപ്പുഴ.
©

## ഔഷധസസ്യങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യണം -മന്ത്രി എ.കെ. ശശീന്ദ്രൻ

**കോഴിക്കോട്:** ഔഷധസസ്യങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാൻ ശ്രമം നടക്കണമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ.

കോട്ടയ്ക്കൽ ആര്യവൈദ്യശാല കോഴിക്കോട് ശാഖയുടെ ശതവത്സരാഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആയുർവേദ റിസോർട്ടുകൾ വരികയും വിപണന-വാണിജ്യ സാധ്യതകളെക്കുറിച്ച് ചർച്ചകൾ നടക്കുകയും ചെയ്യുന്നുണ്ട്. ആയുർവേദത്തിൻെറ പരമ്പരാഗത മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ട ബാധ്യത ആയുർവേദ സ്ഥാപനങ്ങൾക്കുണ്ട്. ആയുർവേദ സസ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് കോട്ടയ്ക്കൽ ആര്യവൈദ്യശാലയെപ്പോലെ ഔഷധത്തോട്ടങ്ങൾ ഒരുക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഇ.കെ. വിജയൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. വിവിധ മത്സര വിജയികൾക്കുള്ള സമ്മാനദാനം എം.എൽ.എ. നിർവഹിച്ചു. ഡോ. പി. രാഘവ വാരിയർ, ആർക്കിടെക്ട് എ.കെ. പ്രശാന്ത്, കോൺട്രാക്ടർ കെ.വി. ഗോപാലൻ എന്നിവർക്ക് ഉപഹാരങ്ങൾ സമ്മാനിച്ചു. ശതാബ്ദി അനുസ്മരണ ലൈബ്രറിയുടെ താക്കോൽദാനം കോർപ്പറേഷൻ പ്രതിപക്ഷനേതാവ് പി.എം. സുരേഷ് ബാബു നിർവഹിച്ചു. കെ.എസ്. മണി, ഡോ. പി.എം. വാരിയർ എന്നിവർ സംസാരിച്ചു.



കോട്ടയ്ക്കൽ ആര്യവൈദ്യശാല കോഴിക്കോട് ശാഖയുടെ ശതവത്സരാഘോഷങ്ങളുടെ സമാപനസമ്മേളനം മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

## മണിപ്പൂരിൽ ബോംബ് സ്ഫോടനങ്ങൾ; ഒരു മരണം

**ഇംഫാൽ:** മണിപ്പുരിൽ മൂന്നിടങ്ങളിലുണ്ടായ ബോംബ് സ്ഫോടനങ്ങളിൽ ഒരാൾ മരിച്ചു, മൂന്ന് പേർക്ക് പരിക്കേറ്റു. ബിഹാർ സ്വദേശിയാണ് കൊല്ലപ്പെട്ടത്. പരിക്കേറ്റ മൂന്നുപേരും സുരക്ഷാ ഭടന്മാരാണ്. ഞായറാഴ്ച രാവിലെ എട്ടു മണിയോടെയാണ് ആദ്യ സ്ഫോടനമുണ്ടായത്. വൈകിട്ട് അഞ്ചിനും അഞ്ചേകാലിനുമായിരുന്നു മറ്റു സ്ഫോടനങ്ങൾ.

തിങ്കളാഴ്ച നടക്കുന്ന അന്താരാഷ്ട്ര സാംഗായി ആഘോഷത്തിന് മുന്നോടിയായി സുരക്ഷ വർധിപ്പിച്ചിരുന്നു. പ്രതിരോധസേനയുടെ പബ്ലിക് റിലേഷൻസ് ഓഫീസിനടുത്താണ് ഒരു സ്ഫോടനം നടന്നത്. സാംഗായി ആഘോഷങ്ങൾക്കായി ഇന്ത്യയിലെത്തുന്ന പ്രതിനിധികളിൽ ഈ സംഭവം തെറ്റിദ്ധാരണ ഉണ്ടാക്കിയേക്കാമെന്ന് മുഖ്യമന്ത്രി ഒക്റാം ഇബോബി സിങ് പറഞ്ഞു. സ്ഫോടനത്തിൻെറ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല.

ADMISSION
BSc MLT
DRT
(Diploma in Radiological Tech.)
Approved by Govt. of Kerala & Affiliated to Kerala University of Health Sciences
9048105939, 8086595715

## എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന

പ്രഥമ ന്യായാധികാരപരിധി

**കമ്പനി പെറ്റിഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

**പെറ്റീഷൻെറ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റീഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റീഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിൻെറ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിൻെറ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
അശ്വിൻ ഗോപകുമാർ,
കോട്ടക്കനാൽ ജങ്ഷൻ,
ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.
കൗൺസൽ ഫോർ ദി പെറ്റീഷണർ

തിയ്യതി: നവംബർ 7 2016

## ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരം ജിറി മെൻസിലിന്

**തിരുവനന്തപുരം:** ഐ.എഫ്.എഫ്.കെ. 2016-ൻെറ ഭാഗമായി ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരത്തിന് ചെക്കൊസ്ലോവാക്യൻ സംവിധായകൻ ജിറി മെൻസിൽ തിരഞ്ഞെടുക്കപ്പെട്ടു. 1966-ൽ ഏറ്റവും മികച്ച വിദേശഭാഷാചിത്രത്തിനുള്ള അക്കാദമി പുരസ്കാരം നേടിയ 'ക്ലോസ്ലി വാച്ച്ഡ് ട്രെയിൻസ്' ആണ് ജിറി മെൻസിലിൻെറ ആദ്യചിത്രം. രാഷ്ട്രീയവിവാദത്തിനിടയാക്കിയ ലാർക്സ് ഓൺ എ സ്ട്രിങ് (1969), മൈ സ്വീറ്റ് ലിറ്റിൽ വില്ലേജ് (1985), ഐ സെർവ്ഡ് ദ കിങ് ഓഫ് ഇംഗ്ലണ്ട് (2006) എന്നിവയാണ് മെൻസിലിൻെറ പ്രശസ്തമായ മറ്റു ചിത്രങ്ങൾ.



ജിറി മെൻസിൽ

## കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പിന് സൗജന്യ മൊബൈൽ ആപ്പുമായി ഡോ.മുരാരി

ദിവ്യ ചന്ദ്രൻ

**കുടമാളൂർ:** കുഞ്ഞുങ്ങൾക്കു വാക്സിനേഷൻ നടത്തേണ്ടത് എന്നാണെന്നാലോചിച്ച് അച്ഛനമ്മമാർ ഇനി തലപുകയ്ക്കേണ്ട. അതിനു പരിഹാരമായി 'ബേബി വാക്സിൻ' മൊബൈൽ ആപ്പ് തയ്യാർ.

കോട്ടയം ജനറൽ ആശുപത്രിയിലെ ശിശുരോഗചികിത്സാവിഭാഗം മേധാവി കുടമാളൂർ കാരക്കാട് ഇല്ലത്തെ ഡോ.മുരാരിയാണ് ഇതു തയ്യാറാക്കിയത്. കുഞ്ഞിൻെറ ജനനദിവസം ഓർത്തിരുന്നാലും, മുടക്കംകൂടാതെ ഏതൊക്കെ വാക്സിൻ, എന്നൊക്കെയെടുക്കണം തുടങ്ങിയ കാര്യങ്ങൾ അച്ഛനമ്മമാർ മറന്നുപോകാറുണ്ട്. ഈ പ്രശ്നം പരിഹരിക്കാനാണ് ഡോ.മുരാരി ആപ്പ് തയ്യാറാക്കിയത്.

മൂന്നുദിവസമേ ഡോക്ടർക്ക് ഇതിനു വേണ്ടിവന്നുള്ളൂ. ഏതു മാസത്തിലെ ഏതുദിവസമാണ് കുഞ്ഞുങ്ങൾക്ക് വാക്സിൻ എടുക്കേണ്ടതെന്നറിയാൻ 'ബേബി വാക്സിൻ' ആപ്പ് നോക്കിയാൽ മതി. ജനിച്ച ദിനംമുതൽ 15 വയസ്സുവരെ ബി.സി.ജി.മുതൽ ടി.ടി.വരെ ഏതാണ്ട് 10 വാക്സിനാണ് പ്രധാനമായും എടുക്കേണ്ടത്. ഡോക്ടർ ഇതിനോടകം മൂന്നു മൊബൈൽ ആപ്പ് തയ്യാറാക്കി. ആദ്യത്തേത് രണ്ടും ഗൈനക്കോളജി ഡോക്ടറായ ഭാര്യയെ സഹായിക്കാനായിരുന്നു. പ്രസവത്തീയതി കണ്ടെത്താൻ സഹായിക്കുന്ന ഇ.ഡി.സി. കാൽക്കുലേറ്ററാണ് അതിലൊന്ന്. ഇതു വികസിപ്പിക്കാൻ മൂന്നുമാസം വേണ്ടിവന്നു. അടുത്തത് 'പ്രഗ് കാൽക്കുലേറ്റർ'. ഇതിനു മൂന്നാഴ്ച വേണ്ടിവന്നു.

പിന്നീടാണ് 'ബേബിവാക്സിൻ' ആപ്പ് വികസിപ്പിച്ചത്. സാധാരണക്കാർക്കു വളരെ വേഗം മനസ്സിലാക്കാൻ പറ്റുന്ന രീതിയിലാണ് ഇതിൻെറ പ്രവർത്തനം. ഇതിൻെറ സോഫ്റ്റ്വെയർ വികസിപ്പിച്ചതും അദ്ദേഹംതന്നെ.

'ബേബിവാക്സിൻ' ആപ്പ് ആൻഡ്രോയിഡ് ഫോണുള്ള ആർക്കും സൗജന്യമായി ഡൗൺലോഡ് ചെയ്യാം. അതിനായി ഗൂഗിൾ പ്ലേസ്റ്റോറിൽ 'ബേബിവാക്സിൻ മുരാരി' എന്നു തിരഞ്ഞാൽ മതി.



ഡോ.മുരാരി

ഡൗൺലോഡ് ചെയ്ത ശേഷം ആദ്യം കാണുന്ന സ്ക്രീനിൽ വാക്സിനുകളുടെ പേരു കാണാം. അതിനടിയിൽ 'ഡേറ്റ് ഓഫ് ബെർത്ത്' ബട്ടണിൽ അമർത്തുമ്പോൾ കലണ്ടർ വരും. അതിൽ കുഞ്ഞിൻെറ ജനനദിവസം സെലക്ടുചെയ്തുകൊടുത്തിട്ട് 'സെറ്റ്' ബട്ടൺ അമർത്തുക. ശേഷം 'വാക്സിൻ ഡേറ്റ്' സെലക്ടുചെയ്യുക.

അപ്പോൾ കുട്ടിയുടെ ജനനം മുതൽ 15 വയസ്സുവരെ നിർബന്ധമായും വാക്സിൻ എടുക്കേണ്ട ദിവസവും വർഷവും കാണാനാവും. മൊബൈൽ ആപ്പിൽ സർക്കാർ നൽകിവരുന്ന വാക്സിനുകളേ ഡോക്ടറും ഉൾപ്പെടുത്തിയിട്ടുള്ളൂ.

ഭാര്യ ഡോ. എം.എസ്.സതി കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജിസ്റ്റാണ്. ഏകമകൻ മഹാദേവൻ ഇല്ലിക്കൽ ചിന്മയ സ്കൂൾ പത്താംക്ലാസ് വിദ്യാർഥി.

മാതൃഭൂമി
തൊഴിൽ വാർത്ത
നേവി വിളിക്കുന്നു
സീനിയർ സെക്കൻഡറി റിക്രൂട്ട്
ആർട്ടിഫൈസർ അപ്രൻറിസ് • സ്പോർട്സ് ക്വാട്ട
IDBI ബാങ്കിൽ 500 എക്സിക്യൂട്ടീവ്
ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി
• നാഷണൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം
• റെയിൽവേയിൽ സ്പോർട്സ് ക്വാട്ട
• ചെന്നൈ മെട്രോയിൽ എഞ്ചിനീയർ
• കോസ്റ്റ് ഗാർഡിൽ ഓഫീസർ
• ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്
Orientation: LDC Pre Lessons
• UP School Asst.
Solved Papers: • KTET-II
• Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overseer/ II Grade Draftsman- Statewide
സൗജന്യം ഹരിശ്രീ

## ആദ്യം ഗൗരവം... പിന്നെ തനി നാടൻ

**തിരുവനന്തപുരം:** എ.കെ.ജി.സെൻററിലെ ഏഴാംനമ്പർ മുറി. ഗൗരവം വിടാതെ കസേരയിൽ ചാരി എം.എം. മണി ഇരിക്കുന്നു. മുഖാമുഖം സി.പി.എം. കോട്ടയം മുൻജില്ലാ സെക്രട്ടറി കെ.ജെ. തോമസും. സമയം ഉച്ചയ്ക്ക് രണ്ടേകാലായി.

സി.പി.എം. സെക്രട്ടേറിയറ്റ് യോഗത്തിനുശേഷം മണി മന്ത്രിയാകുന്ന വാർത്ത ഒരു മണിയോടെയാണ് പുറത്തുവന്നത്. വൈകാതെ സി.പി.എം. സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണൻെറ പത്രസമ്മേളനം രണ്ടരയ്ക്കുനടക്കുമെന്ന അറിയിപ്പും വന്നു. എ.കെ.ജി. സെൻററിലെത്തിയ മാധ്യമപ്രവർത്തകരോട് കോടിയേരിയുടെ പത്രസമ്മേളനത്തിനുശേഷം സംസാരിക്കാമെന്ന നിലപാടിലായിരുന്നു മണി.

കോടിയേരി പത്രസമ്മേളനം കഴിഞ്ഞിറങ്ങുന്നതിനുമുമ്പേ മുറിയിൽ നിന്നിറങ്ങിവന്നു. നാലോ അഞ്ചോ മാധ്യമപ്രവർത്തകർ മാത്രം. ഏതാനും ചോദ്യങ്ങൾ, ഉത്തരങ്ങൾ. പുറത്തേക്കിറങ്ങി. എ.കെ.ജി. സെൻററിൻെറ വാതിൽക്കൽ ചാനൽ റിപ്പോർട്ടർമാരും ക്യാമറാമാന്മാരും വളഞ്ഞു.

മന്ത്രിസ്ഥാനം അപ്രതീക്ഷിതമാണോ എന്ന ചോദ്യത്തിന് 'ഓരോന്നിനും ഓരോ കാലമുണ്ടല്ലോ. സംഭവാമി യുഗേ യുഗേ...' എന്ന് ഉത്തരം. വീണ്ടും സംഭാഷണത്തിനിടയ്ക്ക് പഴഞ്ചൊല്ല് കയറിവന്നു. 'ഓണം വരാൻ മൂലം വേണമല്ലോ'... എന്താണ് പറഞ്ഞതെന്ന് ഒരു റിപ്പോർട്ടറുടെ ചോദ്യത്തിന് ഒരിക്കൽക്കൂടി പഴഞ്ചൊല്ല് ആവർത്തിച്ചു.

കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

നറുക്കെടുപ്പ് തത്സമയ ടെലിവിഷൻ സംപ്രേഷണത്തിന് താൽപര്യപത്രിക ക്ഷണിക്കുന്നു

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന വിവിധ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുന്നതിന് താൽപര്യപത്രിക ക്ഷണിക്കുന്നു. കരാർ ഒപ്പിടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കാലാവധി. പത്രിക സമർപ്പിക്കുന്നതിനുള്ള *അവസാന ദിവസം 2016 ഡിസംബർ 3, വൈകുന്നേരം 4 മണി.* ഒരു നറുക്കെടുപ്പിന് വകുപ്പിന് നൽകാവുന്ന പരമാവധി തുക രേഖപ്പെടുത്തിയ സാമ്പത്തിക പത്രികയും ചാനലിന്റെ സാങ്കേതിക വിവരങ്ങളും തൽസമയം സംപ്രേക്ഷണം നിർവ്വഹിക്കുന്നതിന്റെ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയ സാങ്കേതിക പത്രികയും സമർപ്പിക്കണം. കവറിന് മുകളിൽ *തത്സമയ സംപ്രേക്ഷണത്തിനുള്ള അപേക്ഷ* എന്ന് രേഖപ്പെടുത്തിയിരിക്കണം. പത്രികകൾ 2016 ഡിസംബർ 5-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലുള്ള ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. ഏതൊരു താൽപര്യപത്രവും നിരസിക്കുന്നതിനും നടപടി ക്രമങ്ങൾ മാറ്റുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. താൽപര്യപത്രികകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കൂ. ഭാരത സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉപഗ്രഹം വഴി ഇന്ത്യയിൽ നിന്ന് അപ്ലിങ്ക് ചെയ്യുന്നതും കേരള ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ളതുമായ ചാനലുകൾക്ക് അപേക്ഷിക്കാം.

മറ്റ് നിബന്ധനകളും നിർദ്ദേശങ്ങളും www.keralalotteries.com എന്ന വെബ്സൈറ്റിലും ഡയറക്ടറേറ്റിലും ലഭിക്കും

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ

കേരള സംസ്ഥാന ഭാഗ്യക്കുറി

## കരിനിയമങ്ങൾ അടിച്ചേൽപ്പിക്കരുത് -പത്രപ്രവർത്തക യൂണിയൻ

**കൊല്ലം:** കോടതികളിൽനിന്ന് മാധ്യമപ്രവർത്തകരെ പുറത്താക്കിയിട്ട് നാലുമാസം കഴിഞ്ഞശേഷം വീണ്ടും കരിനിയമങ്ങൾ അടിച്ചേൽപ്പിക്കുന്നത് ജനാധിപത്യമര്യാദകളെയും സാമാന്യനീതിയെയും പരിഹസിക്കലാണെന്ന് കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന കമ്മിറ്റി പ്രസ്താവിച്ചു.

കോടതിവാർത്തകൾ റിപ്പോർട്ട് ചെയ്യുന്നത് തടയുന്ന അഭിഭാഷകരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയാണ് ന്യായാധിപർ ചെയ്യുന്നത്.

ഇതിനെതിരെ 24ന് കൊച്ചിയിൽ ട്രേഡ് യൂണിയൻ, ബഹുജന, മാധ്യമപ്രവർത്തക കൺവെൻഷൻ നടത്തും.

കോടതി റിപ്പോർട്ടിങ്ങിന് മാനദണ്ഡം കൊണ്ടുവരുന്നുവെന്നപേരിൽ കോടതിയിലെ മാധ്യമപ്രവർത്തനം അസാധ്യമാക്കാനാണ് ശ്രമം.

മീഡിയ റൂം തുറന്നുകൊടുക്കുകയും മാധ്യമവിലക്ക് അവസാനിപ്പിക്കുകയും വേണം -പ്രസ്താവനയിൽ പറഞ്ഞു.

മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH
FEDERAL BANK
8-ാം വർഷം



സീഡ്
ഊർജം ഉയർച്ചയിലൂടെ
ഉറപ്പാക്കാം
ഊർജസംരക്ഷണം
ഊർജം ഉയർച്ച

സീഡിന്റെ ഏറ്റവും പുതിയ എട്ട് പദ്ധതികളിൽ ഒന്നായ 'ഊർജം ഉയർച്ച'യിലൂടെ ഇന്ധനവും ഊർജവും മിതമായും സമർത്ഥമായും ഉപയോഗിച്ചുകൊണ്ട്, ഊർജപ്രതിസന്ധിക്ക് കാരണമായ ആളോഹരി ഊർജ ഉപയോഗം കുറയ്ക്കാൻ നമുക്ക് ഓരോരുത്തർക്കും മുന്നിട്ടിറങ്ങാം.

പ്രായോഗിക പ്രവർത്തനങ്ങൾ
• പാരമ്പര്യേതര ഊർജസ്രോതസ്സുകളുടെ ഉപയോഗം • മോട്ടോർ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കൽ • എൽ.ഇ.ഡി. ബൾബ് നിർമാണവും ഉപയോഗം പ്രോത്സാഹിപ്പിക്കലും • സോളാർ പാനലുകളുടെ ഫലപ്രദമായ ഉപയോഗം
• കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പരിചയപ്പെടുത്തൽ

സീഡിലെ കുട്ടികളാണ് യഥാർത്ഥ ഹീറോസ്!
Maitri.com

നറുക്കെടുപ്പിന് ഇനി 4 ദിവസം മാത്രം..
ശുചിത്വബോധത്തിലൂടെ ആരോഗ്യജീവിതം
നിർമ്മൽ
പ്രതിവാര ഭാഗ്യക്കുറി
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം
₹3 കോടി
ടിക്കറ്റ് വില ₹100



ഉത്തർപ്രദേശിലെ പുഖ്‌രായാമിൽ പാളംതെറ്റി മറിഞ്ഞ തീവണ്ടിബോഗിക്കിടയിൽനിന്ന് രക്ഷാപ്രവർത്തകർ മൃതദേഹം പുറത്തെടുക്കുന്നു -എ.പി.

# കോച്ചുകളുടെ പഴക്കം അപകടതീവ്രത കൂട്ടി

സ്വന്തം ലേഖകൻ

**കാൻപുർ:** പാളത്തിൽ വിള്ളലുണ്ടായതാണ് പുഖ്‌രായാം തീവണ്ടിയപകടത്തിനു കാരണമെന്നാണ് പ്രാഥമിക നിഗമനം. എന്നാൽ, തീവണ്ടിയിൽ ഘടിപ്പിച്ചിരുന്ന കോച്ചുകളുടെ പഴക്കം അപകടതീവ്രത കൂട്ടിയെന്നും രക്ഷാപ്രവർത്തകർ പറയുന്നു.

പാളംതെറ്റിയ ആദ്യത്തെ ഏതാനും കോച്ചുകൾ കൂട്ടിയിടിച്ച് പൂർണമായും തകർന്നു. ഇതിനിടയിൽ തിങ്ങിഞെരുങ്ങിയാണ് ഒട്ടേറെപ്പേർ മരിച്ചത്. സാങ്കേതിക-ശാസ്ത്രീയ പരിശോധനകൾക്കു ശേഷമേ കാരണം സംബന്ധിച്ച വിവരങ്ങൾ പുറത്തുവിടുകയുള്ളൂവെന്ന് ഉന്നത റെയിൽവേ ഉദ്യോഗസ്ഥർ വ്യക്തമാക്കി. അപകടകാരണം കണ്ടെത്തുന്നതിനായി സഞ്ചരിച്ച കാൻപുർ-ഝാൻസി റൂട്ടിൽ പാളങ്ങളുടെ ദൃശ്യങ്ങൾ വീഡിയോയിൽ ചിത്രീകരിച്ച് പരിശോധിക്കുമെന്ന് ഉത്തര-മധ്യ റെയിൽവേ ജനറൽ മാനേജർ അരുൺ സക്‌സേന അറിയിച്ചു.

വലിയ ശബ്ദത്തോടെ വണ്ടി ചെരിയുകയായിരുന്നുവെന്ന് രക്ഷപ്പെട്ട യാത്രക്കാരിൽ ചിലർ പറഞ്ഞു. ആളുകളും ബാഗുകളുമെല്ലാം ചിതറിത്തെറിച്ചുപോയി. ഞെട്ടിയുണർന്ന യാത്രക്കാരിൽ പലരും ഒപ്പമുണ്ടായിരുന്നവരെ കാണാനാവാതെ അലമുറയിട്ടു.

പാളംതെറ്റി കൂട്ടിയിടിച്ച ബോഗിയിൽനിന്ന് ആറും ഏഴും വയസ്സുള്ള രണ്ടു കുട്ടികൾ ദൂരേക്ക് തെറിച്ചുവീണ് അദ്ഭുതകരമായി രക്ഷപ്പെട്ടു.

വാരാണസി, ലഖ്‌നൗ എന്നിവിടങ്ങളിൽനിന്നുൾപ്പെടെ കേന്ദ്ര ദുരന്തനിവാരണസംഘത്തിന്റെ അഞ്ച് യൂണിറ്റുകൾ രക്ഷാപ്രവർത്തനത്തിനെത്തിയിരുന്നു. 30-ഓളം ആംബുലൻസുകളിലും മറ്റു വാഹനങ്ങളിലുമായാണ് പരിക്കേറ്റവരെ ആസ്പത്രിയിലെത്തിച്ചത്. പരിക്കേറ്റവരെ ആദ്യം പുഖ്‌രായാമിലെ സ്വകാര്യ ആസ്പത്രിയിലേക്കാണെത്തിച്ചത്. ഗുരുതരനിലയിലുള്ളവരെ പിന്നീട് കാൻപുരിലെ ആസ്പത്രികളിലേക്ക് വിദഗ്ധചികിത്സയ്ക്കായി മാറ്റി.

ഇവരുടെ ബന്ധുക്കൾക്ക് അപകടസ്ഥലത്തേക്കും ആസ്പത്രികളിലേക്കും എത്തുന്നതിനുള്ള സംവിധാനം റെയിൽവേയും സംസ്ഥാനഭരണകൂടവും ചേർന്ന് ഒരുക്കി.

പട്‌ന റെയിൽവേ സ്റ്റേഷനിലും യു.പി.യിലെ മലാസ സ്റ്റേഷനിലും കൺട്രോൾ റൂം തുറന്നു.

## അപകടസാധ്യത അറിയിച്ചിട്ടും പ്രതികരിച്ചില്ലെന്ന് യാത്രക്കാരൻ

**ഇൻഡോർ:** റെയിൽവേ ഉദ്യോഗസ്ഥൻ യഥാസമയം പ്രവർത്തിച്ചിരുന്നെങ്കിൽ ഒഴിവാകുമായിരുന്നത് വൻ ദുരന്തം. തീവണ്ടിച്ചക്രങ്ങളിൽനിന്ന് അസാധാരണമാംവിധം ശബ്ദം കേട്ടപ്പോൾത്തന്നെ റെയിൽവേ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നതായി ഒരു യാത്രക്കാരൻ പറഞ്ഞതാണ് റെയിൽവേയുടെ കൃത്യവിലോപം പുറത്തുകൊണ്ടുവന്നത്.

ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി മധ്യപ്രദേശിലെ ദേവാസ് ജില്ല കടന്നപ്പോൾ സ്ലീപ്പർ കോച്ചിലുണ്ടായിരുന്ന (എസ്-2) താൻ വിവരമറിയിച്ചിട്ടും കോച്ചിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ഇത് കാര്യമായെടുത്തില്ലെന്ന് യാത്രക്കാരനായ പ്രകാശ് ശർമ പറഞ്ഞു. ഇതിന് 12 മണിക്കൂറിനുശേഷമാണ് അപകടം നടന്നത്. എന്നാൽ, ഈ ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ അറിയില്ല. പ്രകാശ് ഉച്ചയ്ക്ക് മൂന്നുമണിയോടുകൂടി ഉജ്ജയിൻ സ്റ്റേഷനിൽ ഇറങ്ങിയിരുന്നു.

## സമീപകാലത്തെ തീവണ്ടിയപകടങ്ങൾ

**ഓഗസ്റ്റ് 4, 2015:** മധ്യപ്രദേശിലെ ഹർദ ജില്ലയിൽ കാമയാനി എക്സ്പ്രസ് മച്ചക് പുഴയിലേക്ക് മറിഞ്ഞ് 25 പേർ മരിച്ചു

**മാർച്ച് 20, 2015:** ഉത്തർപ്രദേശിലെ റായ്ബറേലിയിൽ ദെഹ്റാദൂണിൽനിന്ന് വാരാണസിയിലേക്ക് പോകുകയായിരുന്ന ജനത എക്സ്പ്രസ് പാളംതെറ്റി 39 പേർ മരിച്ചു.

**മേയ് 4, 2014:** മഹാരാഷ്ട്രയിലെ റായ്ഗഢ് ജില്ലയിൽ ദിവ ജങ്ഷൻ-സവന്ത്‌വാദി പാളംതെറ്റി 20 പേർ മരിച്ചു

**മേയ് 26, 2014 :** ഉത്തർപ്രദേശിലെ സന്ത് കബീർനഗർ ജില്ലയിൽ ഖലീലാബാദ് സ്റ്റേഷനുസമീപം നിർത്തിയിട്ടിരുന്ന ചരക്കുതീവണ്ടിയിൽ ഗോരഖ്ദാം എക്സ്പ്രസ് ഇടിച്ച് 25 പേർ മരിച്ചു. അമ്പതിലധികം പേർക്ക് പരിക്കേറ്റു.

## സഹായവുമായി സംസ്ഥാനങ്ങൾ

- മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ 30 ഡോക്ടർമാർക്കും മന്ത്രി നരോദം മിസ്റയ്ക്കുമൊപ്പം അപകടസ്ഥലം സന്ദർശിച്ചു. അപകടത്തിൽപ്പെട്ടവരെ മെച്ചപ്പെട്ട ചികിത്സയ്ക്കായി ഇൻഡോറിലേക്കു മാറ്റും.
- മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് രണ്ടുലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും മധ്യപ്രദേശ് സർക്കാർ നൽകും.
- ഉത്തർപ്രദേശ് സർക്കാർ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അഞ്ചുലക്ഷം രൂപ നൽകും.
- മരിച്ച ബിഹാറുകാരുടെ കുടുംബത്തിന് രണ്ടുലക്ഷം നൽകുമെന്ന് മുഖ്യമന്ത്രി നിതീഷ് കുമാർ. പരിക്കേറ്റവർക്ക് 50,000.

## അച്ഛനെ തിരഞ്ഞ് പ്രതിശ്രുതവധു

**പുഖ്‌രായാം:** വിവാഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ തിളങ്ങിയിരുന്ന റൂബി ഗുപ്തയെന്ന ഇരുപതുകാരിയുടെ കണ്ണുകൾ ഇപ്പോൾ തിരയുന്നത് അച്ഛനെയാണ്. വിവാഹത്തിന് പത്തുദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോഴാണ് റൂബി അച്ഛൻ രാം പ്രസാദ് ഗുപ്തയ്ക്കും നാല് സഹോദരങ്ങൾക്കുമൊപ്പം അസംഗഢിലേക്ക് പുറപ്പെട്ടത്. തീവണ്ടി പാളംതെറ്റിയതോടെ ഇവരുടെ ലോകം കീഴ്മേൽ മറിഞ്ഞു. അപകടത്തിൽ റൂബിയും സഹോദരങ്ങളായ അർച്ചന, ഖുഷി, അഭിഷേക്, വിശാൽ എന്നിവരും പരിക്കുകളോടെ രക്ഷപ്പെട്ടെങ്കിലും രാം പ്രസാദ് ഗുപ്തയെക്കുറിച്ച് ഒരു വിവരവുമില്ല.

അച്ഛനെ എല്ലായിടത്തും തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല. ആസ്പത്രികളിലും മോർച്ചറികളിലും പോയി നോക്കാൻ ചിലർ പറയുന്നു. പക്ഷേ, എന്താണ് ചെയ്യേണ്ടതെന്ന് എനിക്കൊരു രൂപവുമില്ല- റൂബി പറഞ്ഞു. വിവാഹാവശ്യത്തിനായുള്ള ആഭരണങ്ങളും വസ്ത്രങ്ങളും അപകടത്തിൽ നഷ്ടപ്പെട്ടു.



റെയിൽവേമന്ത്രി സുരേഷ്പ്രഭു ദുരന്തസ്ഥലത്തെത്തിയപ്പോൾ

## അനുശോചിച്ചു

- ലോക്‌സഭാ സ്പീക്കർ സുമിത്ര മഹാജനടക്കമുള്ള പ്രമുഖനേതാക്കൾ അനുശോചിച്ചു.
- അപകടകാരണം സൂക്ഷ്മമായി പരിശോധിക്കണം - സോണിയാ ഗാന്ധി
- പാളം തെറ്റിയതാണോ അതോ കേന്ദ്രസർക്കാരിനെതിരെയുള്ള ഗൂഢാലോചനയാണോ എന്ന് സൂക്ഷ്മമായി അന്വേഷിക്കണം -മുരളി മനോഹർ ജോഷി

## വലിയ അപകടങ്ങൾ

**മേയ് 28, 2010:** പശ്ചിമബംഗാളിലെ മിഡ്നാപുർ ജില്ലയിൽ ജ്ഞാനേശ്വർ എക്സ്പ്രസ് പാളംതെറ്റി 148 പേർ മരിച്ചു. മാവോവാദികളുടെ അട്ടിമറിയാണ് അപകടകാരണം

**സെപ്റ്റംബർ 9, 2002:** ബിഹാറിലെ ഔറംഗാബാദ് ജില്ലയിൽ ഹൗറ- ഡൽഹി രാജധാനി എക്സ്പ്രസ് ധാവേ നദിയിലേക്ക് മറിഞ്ഞ് 100 പേർ മരിച്ചു

**ഓഗസ്റ്റ് 2, 1999:** അസമിലെ ഗയിസാലിൽ തീവണ്ടികൾ കൂട്ടിയിടിച്ച് 290 പേർ മരിച്ചു

**നവംബർ 26, 1998:** പഞ്ചാബിലെ ഖന്നയ്ക്കുസമീപം പാളംതെറ്റിയ ഫ്രോണ്ടിയർ മെയിലിന്റെ കോച്ചുകളിൽ ജമ്മു തവി-സിയാൽദാ എക്സ്പ്രസ് ഇടിച്ച് 212 മരണം

**സെപ്റ്റംബർ 14, 1997:** മധ്യപ്രദേശിലെ ബിലാസ്പുർ ജില്ലയിൽ അഹമ്മദാബാദ്-ഹൗറാ എക്സ്പ്രസിന്റെ അഞ്ച് ബോഗികൾ നദിയിൽവീണ് 81 മരണം

**ഓഗസ്റ്റ് 20, 1995:** ഉത്തർപ്രദേശിലെ ഫിറോസാബാദ് റെയിൽവേ സ്റ്റേഷനുസമീപം പുരുഷോത്തം എക്സ്പ്രസ് കാളിന്ദി എക്സ്പ്രസിൽ ഇടിച്ച് 400 പേർ മരിച്ചു.

**ഏപ്രിൽ 18, 1988:** ഉത്തർപ്രദേശിലെ ലളിത്പുരിൽ കർണാടക എക്സ്പ്രസ് പാളംതെറ്റി 75 മരണം

**ജൂലായ് 8, 1988:** കേരളത്തിലെ പെരുമൺ അഷ്ടമുടിക്കായലിൽ ഐലൻഡ് എക്സ്പ്രസ് വീണ് 107 മരണം.

# എഴുതാൻ പഠിപ്പിച്ച വിദ്യാലയമുറ്റത്ത് മലയാളത്തിന്റെ ഗുരുനാഥയ്ക്ക് ആദരം

**കുന്നംകുളം:** അക്ഷരങ്ങൾ കൂട്ടിവായിക്കാൻ പഠിപ്പിച്ച മാതൃവിദ്യാലയത്തിലേക്ക് ഒരിക്കൽക്കൂടിവന്ന പ്രൊഫ. എം. ലീലാവതിക്ക് സ്നേഹത്തിന്റെ അമൃതധാര.

പഴയ പാവാടക്കാരിയുടെ ചുറുചുറുക്കുള്ള മനസ്സുമായി കുന്നംകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ മുറ്റത്തേക്കെത്തിയ ലീലാവതിയെ ശിഷ്യരും സാഹിത്യനായകരും അധ്യാപകരും നാട്ടുകാരും സ്നേഹംകൊണ്ട് പൊതിഞ്ഞു.

ടീച്ചറുടെ നവതി ആഘോഷങ്ങൾക്ക് തുടക്കംകുറിച്ച് ഞായറാഴ്ച കേരള മീഡിയ അക്കാദമിയും തൃശ്ശൂർ പ്രസ് ക്ലബ്ബും കുന്നംകുളം നഗരസഭയും ചേർന്ന് ഒരുക്കിയ 'ലീലാമൃതം' മലയാളത്തിന്റെ ഗുരുനാഥയ്ക്ക് നൽകിയ ആദരവായി.

ലീലാവതിയുടെ അറുപതാം പിറന്നാൾ ആഘോഷത്തിൽ രചിച്ച 'ജയിച്ചാലും ജയിച്ചാലും' എന്ന കേരളഗാനത്തോടെയാണ് അറുപത് തികഞ്ഞ കേരളം മലയാളത്തിന്റെ ഗുരുനാഥയെ വരവേറ്റത്. ഗേൾസ് സ്കൂളിലെ 90 വിദ്യാർഥിനികൾ ഗാനം ആലപിച്ചു. 'സഹ്യസാനുശ്രുതി ചേർത്തുവെച്ച മണിവീണയാണെന്റെ കേരളം' എന്ന വന്ദനഗാനവും ത്യാഗരാജകൃതിയായ 'എന്തൊരോ മഹാനുഭാവലു' എന്ന കീർത്തനവും ആലപിച്ച് വിദ്യാർഥിനികൾ ഗുരുനാഥയ്ക്ക് മുന്നിൽ ഗാനാമൃതമൊരുക്കി.

സാഹിത്യകാരൻ സി. രാധാകൃഷ്ണൻ ലീലാമൃതവും നല്ലെഴുത്ത് ഭാഷാശില്പശാലയും ഉദ്ഘാടനം ചെയ്തു. ഗുരുത്വത്തിന് സംഭവിച്ച തേയ്മാനം സാമൂഹിക, സാംസ്കാരിക മേഖലകളിൽ നഷ്ടങ്ങൾ ഉണ്ടാക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. എം. ലീലാവതി എഴുതിയ പുതിയ പുസ്തകമായ 'നല്ലെഴുത്ത്' വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് പ്രകാശനം ചെയ്തു. കവി പ്രഭാവർമ്മ ഡോക്യുമെന്ററി സ്വിച്ച്ഓൺ ചെയ്തു.

സ്കൂളിലെ അധ്യാപകരെയും കോളേജിൽ സയൻസിൽ ഒന്നാംറാങ്ക് നേടിയ കുട്ടിയെ മലയാളത്തിലേക്ക് നിർബന്ധിച്ച് പറഞ്ഞയച്ച ഗുരുനാഥന്മാരെയും ലീലാവതി ടീച്ചർ ഓർമ്മിച്ചു. പഠിക്കുന്ന കാലത്ത് എട്ടു കിലോമീറ്റർ നടന്നുപോകുമ്പോഴുള്ള സൗഹൃദങ്ങളും ഓർത്തെടുത്തു. അന്ന് കൂട്ടുണ്ടായിരുന്ന കല്യാണിയും സദസ്സിലുണ്ടായിരുന്നു. നവതിയുടെ ഓർമ്മയ്ക്ക് 90 ദീപങ്ങൾ പ്രകാശിപ്പിച്ചാണ് ലീലാവതി ടീച്ചർ മടങ്ങിയത്.

കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു അധ്യക്ഷനായി. മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, നിരൂപകൻ പ്രൊഫ.കെ.പി.ശങ്കരൻ, ഗാനരചയിതാവ് റഫീക്ക് അഹമ്മദ്, നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ, വി.കെ. ശ്രീരാമൻ, ടി.വി. ചന്ദ്രമോഹൻ, ടി.കെ. വാസു, സുമാ ഗംഗാധരൻ, ബേബി ജയശ്രീ, കെ.ജി. സന്തോഷ് എന്നിവർ പ്രസംഗിച്ചു.



കുന്നംകുളത്ത് 'ലീലാമൃതം' പരിപാടിയിൽ പ്രൊഫ.എം. ലീലാവതിയെ സാഹിത്യകാരൻ സി. രാധാകൃഷ്ണൻ ആദരിക്കുന്നു

കോഴിക്കോട് ജില്ലാ പ്രസിഡൻറ് തിരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യം

# ജനതാദൾ-എസ് നിർവാഹകസമിതി തിരഞ്ഞെടുപ്പിൽ സംഘർഷം; തടയാൻ പോലീസിറങ്ങി

**കൊച്ചി:** കോഴിക്കോട്ടു നിന്നുള്ള പ്രതിനിധികൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് ജനതാദൾ-എസ് സംസ്ഥാന നിർവാഹക സമിതി തിരഞ്ഞെടുപ്പിൽ സംഘർഷം. ഒരു വിഭാഗം തിരഞ്ഞെടുപ്പ് തടഞ്ഞതിനെത്തുടർന്ന് എറണാകുളം ടൗൺഹാളിൽ നടന്ന തിരഞ്ഞെടുപ്പിൽ പോലീസിന് ഇടപെടേണ്ടി വന്നു.

കോഴിക്കോട്ടു നിന്ന് എത്തിയ പ്രേംനാഥ് അനുകൂലികളും ലോഹ്യ അനുകൂലികളും തമ്മിലായിരുന്നു തർക്കം.

കോഴിക്കോട് ജില്ലയിൽ തർക്കത്തെ തുടർന്ന് ജില്ലാ പ്രസിഡൻറ് തിരഞ്ഞെടുപ്പ് നടന്നിട്ടില്ല. 17 ന് വെച്ചിരുന്ന തിരഞ്ഞെടുപ്പ് പ്രേംനാഥ് അനുകൂലികളുടെ എതിർപ്പിനെത്തുടർന്ന് മാറ്റിവെയ്ക്കുകയായിരുന്നു. അതേസമയം സംസ്ഥാന കൗൺസിൽ അംഗങ്ങളുടെ കാര്യത്തിൽ ഇരു വിഭാഗവും തമ്മിൽ ധാരണയിൽ എത്തിയിരുന്നു. ആറ് വീതം അംഗങ്ങളെ ഇരു വിഭാഗവും വീതിച്ചെടുക്കുകയും ഒരു എസ്.സി. അംഗത്തെ നറുക്കെടുപ്പിലൂടെ പ്രേംനാഥ് വിഭാഗം പിടിക്കുകയും ചെയ്തു. സംസ്ഥാന കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ സംസ്ഥാന നിർവാഹക സമിതിയിലേക്ക് വോട്ടുചെയ്യാൻ എത്തിയപ്പോൾ ലോഹ്യ വിഭാഗം അത് തടയുകയായിരുന്നു. കോഴിക്കോട് ജില്ലാ പ്രസിഡൻറ് തിരഞ്ഞെടുപ്പ് നടത്താതെ സംസ്ഥാന എക്സിക്യൂട്ടീവിലേക്ക് വോട്ട് ചെയ്യാൻ കോഴിക്കോട്ടു നിന്നുള്ള അംഗങ്ങളെ അനുവദിക്കില്ലെന്നു പറഞ്ഞ് ലോഹ്യ വിഭാഗം തിരഞ്ഞെടുപ്പ് തടഞ്ഞു. ഇതോടെ ഇരു വിഭാഗങ്ങളും തമ്മിൽ വാക്കേറ്റവും സംഘർഷവുമുണ്ടായി. ഇതോടെ പോലീസ് എത്തിയെങ്കിലും തിരഞ്ഞെടുപ്പ് നടത്താൻ പറ്റാത്ത അവസ്ഥയുണ്ടായി. ഇതോടെ കോഴിക്കോട്ടു നിന്നുള്ളവരെ ക്യൂവിൽ നിന്ന് മാറ്റിനിർത്തി ബാക്കിയുള്ളവരോട് വോട്ടുചെയ്യാൻ മുതിർന്ന നേതാക്കൾ നിർദ്ദേശിച്ചു. കോഴിക്കോട്ടു നിന്നുള്ള 13 അംഗങ്ങളൊഴികെ ബാക്കിയുള്ളവർ വോട്ടുചെയ്യാൻ തുടങ്ങി.

ഇതിനിടെ സംസ്ഥാന പ്രസിഡൻറ് കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ കോഴിക്കോട്ടു നിന്ന് എത്തിയവരുമായി ചർച്ച നടത്തി. 29 ന് ജില്ലാ പ്രസിഡൻറ് തിരഞ്ഞെടുപ്പ് നടത്താമെന്ന് നേതൃത്വം സമ്മതിച്ചതിനെത്തുടർന്ന് കോഴിക്കോട്ടു നിന്നുള്ളവർ അയഞ്ഞു. അവർകൂടി വോട്ടുചെയ്തതോടെ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായി.

പാർട്ടി സംസ്ഥാന പ്രസിഡൻറിനെയും സംസ്ഥാന എക്സിക്യൂട്ടീവിലേക്കുള്ള 64 പേരെയും തിരഞ്ഞെടുക്കുന്നതിനായി നവംബർ 12-നായിരുന്നു തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരുന്നത്.

സംസ്ഥാന പ്രസിഡൻറായി കെ. കൃഷ്ണൻകുട്ടിയെ സമവായത്തിലൂടെ തിരഞ്ഞെടുത്തെങ്കിലും എക്സിക്യൂട്ടീവിലേക്ക് അന്ന് വാശിയേറിയ തിരഞ്ഞെടുപ്പ് നടന്നു. എന്നാൽ വോട്ടെണ്ണൽ കഴിഞ്ഞ ശേഷം മൊത്തം ബാലറ്റുകൾ എണ്ണിയപ്പോൾ മൂന്ന് ബാലറ്റ് കൂടുതലായി കണ്ടെത്തി. ഇതേത്തുടർന്ന് എക്സിക്യൂട്ടീവ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് റദ്ദാക്കി 20-ലേക്ക് മാറ്റിവെയ്ക്കുകയായിരുന്നു



എറണാകുളം ടൗൺഹാളിൽ ജനതാദൾ-എസ് സംസ്ഥാന നിർവാഹക സമിതി തിരഞ്ഞെടുപ്പിൽ സംഘർഷമുണ്ടായതിനെത്തുടർന്ന് പോലീസ് എത്തിയപ്പോൾ


## എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന

പ്രഥമ ന്യായാധികാരപരിധി

**കമ്പനി പെറ്റിഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്**, രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

**പെറ്റീഷന്റെ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റിഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റിഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിന്റെ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിന്റെ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

**ഒപ്പ്**
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**കൗൺസൽ ഫോർ ദി പെറ്റീഷണർ**

**തിയ്യതി: നവംബർ 7 2016**



## WANTED

Applications are invited from the qualified candidates for the post of Non Vocational Teacher in Physics in WOVHSS, Muttil Wayanad.

| Sl. No. | Name of Post | No. of Vacancy | Nature of Vacancy | Scale of Pay | Qualification |
|---|---|---|---|---|---|
| 1 | Non Vocational Teacher in Physics | 1 | Permanent | 39500-83000 | 1. Post Graduate Degree in Physics with not less than 50% marks awarded after a regular course of study from any of the Universities in Kerala or an equivalent qualification. 2. BEd. Degree in Physics acquired after a regular course of study from any of the Universities in Kerala or a qualification recognized as equivalent by in University of Kerala 3. SET qualification in Physics or MEd/MPhil/Ph.D. qualification in Physics or NET qualification in Physics. |

1. Application form can be had in the website of WMO www.wmomuttil.org and down load the same and send to the Corporate Manager Corporate Management of Wayanad Orphanage School, Mandad Post, PIN - 673122, Wayanad, with self attested copies of qualification certificates and mark lists by Registered post. Application may be submitted to this office within fifteen days on Publication on this Advertisement.
2. Age should be completed 23 years as on 1st January 2016 and should not exceed 39 years as on that date.
3. Usual relaxation in upper age limit shall be allowed to the candidates belonging to SC, ST and other backward classes.

(Sd/-) Corporate Manager



നേവി വിളിക്കുന്നു
സീനിയർ സെക്കൻഡറി റിക്രൂട്ട്
ആർട്ടിഫൈസർ അപ്രന്റിസ് • സ്പോർട്ട്സ് ക്വാട്ട
IDBI ബാങ്കിൽ 500 എക്സിക്യൂട്ടീവ്
ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി
നാഷനൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം
- റെയിൽവേയിൽ സ്പോർട്ട്സ് ക്വാട്ട
- ചെന്നൈ മെട്രോയിൽ എഞ്ചിനിയർ
- കോസ്റ്റ് ഗാർഡിൽ ഓഫീസർ
- ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്

FREE
ഹരിശ്രീ

റെയിൽവേ പരീക്ഷയിൽ വീണ്ടും ക്രമക്കേടിന്റെ നിഴൽ
LEVEL UP വകുപ്പുതല പരീക്ഷകൾക്കുള്ള പരിശീലനം
Orientation: LDC Pre Lessons • UP School Asst.
Solved Papers: • KTET-II • Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overeseer/II Grade Draftsman- Statewide
മാതൃഭൂമി തൊഴിൽവാർത്ത
2016 നവംബർ 26ന്റെ ലക്കം

# പാർട്ടിയിൽ ചെറുപ്പക്കാർക്ക് 30 ശതമാനം പ്രാതിനിധ്യത്തിന് സി.പി.എം.

**തിരുവനന്തപുരം:** പാർട്ടിയുടെ മൊത്തം അംഗത്വത്തിൽ യുവാക്കളുടെ പ്രാതിനിധ്യം ഗണ്യമായി ഉയർത്താൻ സി.പി.എം. തീരുമാനം. 30 വയസ്സിൽതാഴെ പ്രായമുള്ളവരുടെ അംഗത്വം 30 ശതമാനമാക്കാനാണ് സംസ്ഥാനസമിതി തീരുമാനം. അംഗത്വത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം 25 ശതമാനത്തിലെത്തിക്കും.

നിലവിൽ 25 ശതമാനം സ്ത്രീപ്രാതിനിധ്യമുള്ള കണ്ണൂർ, കാസർകോട് ജില്ലകളിൽ അത് 30 ശതമാനത്തിലെത്തിക്കുമെന്നും സംസ്ഥാനസമിതി തീരുമാനങ്ങൾ വിശദീകരിച്ച സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ആർ.എസ്.എസ്. നേതൃത്വത്തിൽ ഹൈന്ദവ വർഗീയവാദം ഒരുവശത്തും ഐ.എസ്. നേതൃത്വത്തിൽ ഇസ്ലാമിക മൗലികവാദം മറുവശത്തും ശക്തമാകുകയാണ്. ഇതിനെതിരെ മതനിരപേക്ഷശക്തികളെ ഒരുമിപ്പിച്ച് പ്രചാരണം നടത്തും. ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തിയാണ് വർഗീയപ്രചാരണം. അതിനുതടയിടാൻ വിശ്വാസികളെ കൂടെനിർത്തിയുള്ള പ്രവർത്തനമാവും പാർട്ടി നടത്തുക.

പാർട്ടിയുടെ വർഗബഹുജന സംഘടനകളെ ശക്തിപ്പെടുത്താനുള്ള നിർദേശങ്ങളും സംസ്ഥാന കമ്മിറ്റി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനകമ്മിറ്റി നിർദേശങ്ങൾ കീഴ്ഘടകങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ജനുവരിയിൽ രണ്ടുദിവസമായി ജില്ലാകമ്മിറ്റികൾ ചേരുമെന്നും കോടിയേരി അറിയിച്ചു.

### സഹകരണപ്രതിസന്ധി: ആഗ്രഹിക്കുന്നത് യോജിച്ചുള്ള പ്രക്ഷോഭം

സഹകരണമേഖലയെ തകർക്കാനുള്ള കേന്ദ്രനീക്കത്തിനെതിരെ എല്ലാവരെയും യോജിപ്പിച്ചുള്ള പ്രക്ഷോഭമാണ് സി.പി.എം. ആഗ്രഹിക്കുന്നതെന്ന് കോടിയേരി ബാലകൃഷ്ണൻ. രാഷ്ട്രീയാഭിപ്രായം പറഞ്ഞ് ആരെയും മാറ്റിനിർത്തില്ല. സർവകക്ഷിയോഗത്തിൽ എല്ലാവർക്കും യോജിക്കാവുന്ന കർമപദ്ധതി ആലോചിക്കും.

ഇപ്പോഴത്തെ സാഹചര്യം മുതലെടുത്ത് നിക്ഷേപകരിൽ പരിഭ്രാന്തി പടർത്താനാണ് ആർ.എസ്.എസ്. ശ്രമം.

സഹകരണമേഖലയിലെ നിക്ഷേപം സ്വകാര്യ, കോർപ്പറേറ്റ് ബാങ്കുകളിലേക്ക് ഊറ്റിയെടുക്കാനാണ് നീക്കമെന്നും അദ്ദേഹം ആരോപിച്ചു.

## വട്ടിയൂർക്കാവ്, പൂഞ്ഞാർ തോൽവി

# പിരപ്പൻകോടിന് താക്കീത്, പൂഞ്ഞാറിൽ രണ്ടുപേർക്ക് തരംതാഴ്ത്തൽ

**തിരുവനന്തപുരം:** നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർഥികൾ മൂന്നാം സ്ഥാനത്തേക്കുപോയ വട്ടിയൂർക്കാവ്, പൂഞ്ഞാർ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പു ചുമതലക്കാർക്കെതിരെ സി.പി.എം. നടപടി.

വട്ടിയൂർക്കാവ് മണ്ഡലത്തിലെ ചുമതലക്കാരൻ സംസ്ഥാനസമിതിയംഗം പിരപ്പൻകോട് മുരളി, തിരഞ്ഞെടുപ്പു കമ്മിറ്റി സെക്രട്ടറി ബി.എസ്. രാജീവ് എന്നിവരെ പാർട്ടിക്കുള്ളിൽ താക്കീതുചെയ്യും. തിരുവനന്തപുരം ജില്ലയുടെ മുഴുവൻ ചുമതലയുണ്ടായിരുന്ന മുൻമന്ത്രി എം. വിജയകുമാർ കൂടുതൽ ജാഗ്രത പുലർത്തണമായിരുന്നുവെന്ന് സംസ്ഥാനസമിതി വിലയിരുത്തി. സി.പി.എം. തിരുവനന്തപുരം മുൻ ജില്ലാസെക്രട്ടറിയും മുൻ എം.എൽ.എ.യുമാണ് പിരപ്പൻകോട് മുരളി.

പൂഞ്ഞാർ മണ്ഡലത്തിലെ ചുമതലക്കാരായിരുന്ന കോട്ടയം ജില്ലാസെക്രട്ടേറിയറ്റ് അംഗം വി.പി. ഇബ്രാഹിമിനെ ജില്ലാ സെക്രട്ടേറിയറ്റിൽനിന്നും വി.എൻ. ശശിധരനെ ജില്ലാക്കമ്മിറ്റിയിൽനിന്നും ഒഴിവാക്കും.

സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.ജെ. തോമസാണ് വട്ടിയൂർക്കാവിലെ തോൽവിസംബന്ധിച്ച് സംസ്ഥാനസമിതിക്ക് റിപ്പോർട്ട് നൽകിയത്. സംസ്ഥാന സെക്രട്ടേറിയറ്റംഗം ബേബി ജോണായിരുന്നു പൂഞ്ഞാറിലെ അന്വേഷണക്കമ്മിഷൻ.

## ശബരിമല ക്ഷേത്രത്തിന്റെ പേര് ഇനി 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം'

**ശബരിമല:** ശബരിമല ധർമശാസ്താ ക്ഷേത്രം എന്ന പേര് ദേവസ്വം ബോർഡ് മാറ്റി. 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം' എന്ന പേരിലായിരിക്കും ഇനി അറിയപ്പെടുക എന്നുകാണിച്ച് ബോർഡ് ഉത്തരവ് പുറത്തിറക്കി.

ഇതിനു വിശദീകരണമായി ഒരു ഐതിഹ്യവും ഉത്തരവിൽ പറയുന്നുണ്ട്.

നൂറ്റാണ്ടുകൾക്കുമുമ്പ് അയ്യപ്പസ്വാമി തന്റെ ദൗത്യങ്ങൾ പൂർത്തിയാക്കിയശേഷം ശബരിമലയിൽ ചെന്ന് ധർമശാസ്താവിൽ വിലയംപ്രാപിക്കുകയായിരുന്നു.

അങ്ങനെ ശബരിമലയിലെ ധർമശാസ്താ ക്ഷേത്രം അയ്യപ്പസ്വാമി ക്ഷേത്രമായി മാറി. വർഷങ്ങൾക്കുമുമ്പ് വിഗ്രഹം തച്ചുടച്ച് ക്ഷേത്രം തീവെച്ച സംഭവത്തിനുശേഷം നടന്ന പുനഃപ്രതിഷ്ഠയിൽ അയ്യപ്പസ്വാമിയെയാണ് പ്രതിഷ്ഠിച്ചതെന്ന് ഉത്തരവിൽ പറയുന്നു.

അയ്യപ്പസ്വാമി കുടികൊള്ളുന്ന, ലോകത്തെ ഏകക്ഷേത്രമാണ് ശബരിമല. അതുകൊണ്ടാണ് പേര് മാറ്റുന്നതെന്ന് ദേവസ്വം ബോർഡിന്റെ സെക്രട്ടറി പുറത്തിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു. ഉത്തരവ് ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ഡി.സി.സി. പുനഃസംഘടന: നേതാക്കൾ ഡൽഹിക്ക്

## പുതിയ പ്രസിഡൻറുമാർ ഈയാഴ്ചയൊടുവിൽ

**തിരുവനന്തപുരം:** ഡി.സി.സി. പുനഃസംഘടന സംബന്ധിച്ച അന്തിമ ആലോചനകൾക്കായി നേതാക്കളെ ഹൈക്കമാൻഡ് ഡൽഹിക്ക് വിളിച്ചു.

കെ.പി.സി.സി. പ്രസിഡൻറ് വി.എം. സുധീരൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എന്നിവരുമായി വ്യാഴാഴ്ച ഹൈക്കമാൻഡ് ചർച്ച നടത്തും. ഈയാഴ്ച അവസാനത്തോടെ പുതിയ ഡി.സി.സി. പ്രസിഡൻറുമാരെ പ്രഖ്യാപിച്ചേക്കും.

പുതിയ ഡി.സി.സി. പ്രസിഡൻറുമാർക്കായി ആലോചനകൾ തുടങ്ങിയിട്ട് നാളുകളേറെയായി. സമവായത്തിലെത്താനായിരുന്നു അദ്യശ്രമം. എന്നാൽ അത് വിജയിച്ചില്ല. രാഷ്ട്രീയകാര്യ സമിതിയിലെ അംഗങ്ങൾ പ്രത്യേകം നിർദേശങ്ങൾ നൽകാനും ഹൈക്കമാൻഡ് ആവശ്യപ്പെട്ടിരുന്നു.

സമവായത്തിൽ എത്താത്തതിനെ തുടർന്ന് മൂന്നുപേരും വ്യത്യസ്ത പട്ടിക നൽകി. എ, ഐ ഗ്രൂപ്പുകളും വി.എം. സുധീരനും പ്രത്യേകം പട്ടിക നൽകി. വെവ്വേറെ പട്ടിക നൽകിയെങ്കിലും എ, ഐ ഗ്രൂപ്പുകൾ പരസ്പര ധാരണയോടെയാണ് നീങ്ങുന്നത്.

ഓരോ ഗ്രൂപ്പിന്റെയും പക്കലുള്ള ജില്ലകൾ അതത് ഗ്രൂപ്പുകൾക്ക് ലഭിക്കത്തക്ക വിധത്തിലാണ് ധാരണ.

എന്നാൽ സുധീരന്റെ നിർദേശംകൂടി പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം. ഹൈക്കമാൻഡ് സ്വന്തം നിലയ്ക്കും സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. ഗ്രൂപ്പുകൾക്കതീതമായി കഴിവിന്റെ അടിസ്ഥാനത്തിലായിരിക്കും തീരുമാനമെന്നാണ് വിലയിരുത്തൽ.

## ഹയർ സെക്കൻഡറികളിൽ ഇന്ന് സൗഹൃദ ദിനം

**എടപ്പാൾ:** സംസ്ഥാനത്തെ ഹയർസെക്കൻഡറി വിദ്യാലയങ്ങളിൽ തിങ്കളാഴ്ച സൗഹൃദ ദിനമായാചരിക്കും. വിദ്യാർഥികളിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ സൗഹൃദ ക്ലബ്ബുകൾ രൂപവത്കരിച്ചാണ് ദിനാചരണം.

വിദ്യാർഥികളിൽ അച്ചടക്കരാഹിത്യവും മദ്യത്തിനോടും മയക്കുമരുന്നിനോടുമുള്ള ആസക്തികളും വർധിച്ചുവരുന്ന സാഹചര്യത്തിൽ സൗഹൃദ ക്ലബ്ബുകൾക്കുള്ള പ്രാധാന്യം വളരെയേറെയുണ്ടെന്ന് മനസ്സിലാക്കിയാണ് ദിനാചരണം.

വിദ്യാലയങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യത്തിനുതകുന്ന ബോധവത്കരണക്ലാസുകൾ നടത്തുക, ശാരീരികപ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ ഡോക്ടറുടെ നേതൃത്വത്തിൽ ആരോഗ്യ ബോധവത്കരണക്ലാസുകൾ നടത്തുക, സംശയനിവാരണത്തിനും സഹായത്തിനുമായി പരാതിപ്പെട്ടികൾ സ്ഥാപിക്കുക, അനാരോഗ്യബന്ധങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവക്കെതിരെ ജാഗ്രതപുലർത്തുക, കൗൺസലിങ് നടത്തുക തുടങ്ങിയവ സൗഹൃദക്ലബ്ബുകൾ മുഖേന നടത്തണം.

ഇവയുടെ തുടക്കമെന്ന നിലയിലാണ് 20ന് സൗഹൃദ ദിനമായാചരിക്കാൻ തീരുമാനിച്ചിരുന്നത്. 20 ഞായറായതിനാൽ തിങ്കളാഴ്ച എല്ലാ വിദ്യാലയങ്ങളിലും വിവിധ പരിപാടികളോടെ ദിനാചരണം നടത്താനാണ് നിർദേശം.

# വ്യാജലോട്ടറി: അന്വേഷണം ശക്തമാക്കുമെന്ന് ഡി.ജി.പി.

**തിരുവനന്തപുരം:** സംസ്ഥാനത്ത് വ്യാജലോട്ടറി അച്ചടിക്കുന്നുവെന്ന ക്രൈംബ്രാഞ്ച് റിപ്പോർട്ടിന്മേൽ അന്വേഷണം ഊർജിതമാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. കേസ് പാലക്കാട് ക്രൈംബ്രാഞ്ച് എസ്.പി. അന്വേഷിക്കും.

വ്യാജലോട്ടറിയുടെ അച്ചടി വിദേശത്തും നടക്കുന്നുണ്ടെന്ന് സംശയമുണ്ട്. അതുകൊണ്ട് അന്വേഷണത്തിന് ഇൻറർപോളിന്റെ സഹായം തേടും.

സംസ്ഥാനത്ത് വ്യാജലോട്ടറി വ്യാപകമാണെന്നും പിന്നിൽ വൻ മാഫിയയാണെന്നും ക്രൈംബ്രാഞ്ച് ഡി.ജി.പി.ക്കു നൽകിയ അന്വേഷണ റിപ്പോർട്ടിലുണ്ട്. ലോട്ടറി ഓഫീസുകളിൽ കെട്ടുകണക്കിന് വ്യാജലോട്ടറികൾ കണ്ടെത്തിയിരുന്നു. വ്യാജന്മാർ സർക്കാറിന്റെ സമ്മാനത്തുക തട്ടിയെടുക്കുന്നുണ്ട്. വ്യാജലോട്ടറി അച്ചടിക്കാൻ സർക്കാർ പ്രസ്സിലെ പ്ലേറ്റുകൾ ജീവനക്കാരുടെ സഹായത്തോടെ കടത്തുന്നതായും റിപ്പോർട്ടിൽ പറയുന്നു.

# ശബരിമലയിലെ ശുചിത്വസേനയ്ക്ക് യൂണിഫോം കൊക്കകോളയുടെ ടീഷർട്ട്

**ശബരിമല:** സന്നിധാനത്ത് ശുചീകരണത്തിൽ മാതൃകാസേവനം നടത്തുന്ന ശുചിത്വസേനയ്ക്ക് യൂണിഫോം കൊക്കകോളയുടെ പരസ്യമുള്ള ടീഷർട്ട്. വർഷങ്ങളായി ഉണ്ടായിരുന്ന യൂണിഫോമാണു മാറ്റിയത്. സന്നിധാനത്ത് ഒരുതരത്തിലുമുള്ള പരസ്യവും പാടില്ലെന്ന ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാണിത്. നിലയ്ക്കൽമുതൽ സന്നിധാനംവരെയുള്ള തീർഥാടനപാതയിലെ ശീതള പാനീയവിപണി കൈയടക്കിയ കൊക്കകോളയുടെ മറ്റൊരു അധിനിവേശമായി ഇതു മാറി. ചുവന്ന നിറമുള്ള ടീഷർട്ടിന്റെ മുന്നിൽ കൊക്കകോളയുടെ പേര് എഴുതിയിട്ടുണ്ട്. മുൻവർഷങ്ങളിലും യൂണിഫോം സ്പോൺസർചെയ്യിച്ചിരുന്നെങ്കിലും അന്നൊന്നും പേരെഴുതിവച്ചിരുന്നില്ല. മുന്നൂറോളം ടീഷർട്ടാണ് കഴിഞ്ഞദിവസം സന്നിധാനത്തെത്തിച്ചത്. ബാക്കി യൂണിഫോം അടുത്തദിവസം എത്തും.



ശബരിമലയിലെ ശുചീകരണത്തൊഴിലാളികൾ കൊക്കകോള നൽകിയ ടീഷർട്ട് ധരിച്ച് ജോലിചെയ്യുന്നു. എസ്.എസ്.എസ്. എന്നെഴുതിയ നിലവിലെ ടീഷർട്ടാണ് ഒരാൾ ധരിച്ചിരിക്കുന്നത്

പമ്പയിൽ ഞായറാഴ്ച എത്തിയ കളക്ടർ ആർ.ഗിരിജയുടെ മുന്നിൽ കൊക്കകോള ടീഷർട്ടിട്ട ശുചിത്വസേനാ തൊഴിലാളികൾ ചെന്നുപെട്ടിരുന്നു. ഈ യൂണിഫോം ധരിച്ചു ജോലിചെയ്യാൻ പാടില്ലെന്ന് കളക്ടർ ഇവർക്കു നിർദേശം നൽകിയിട്ടുണ്ട്.

1996-ലാണ് ശുചീകരണത്തിന് ശബരിമല സാനിട്ടേഷൻ സൊസൈറ്റി രൂപവത്കരിച്ചത്. പത്തനംതിട്ട കളക്ടർ ചെയർമാനും അടൂർ ആർ.ഡി.ഒ. സെക്രട്ടറിയുമായ ഭരണസംവിധാനമാണിതിന്. നേരിൽ കണ്ടപ്പോഴാണ് യൂണിഫോം മാറ്റിയ വിവരം കളക്ടറും അറിഞ്ഞത്. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആയിരത്തോളം ശുചീകരണത്തൊഴിലാളികളാണുള്ളത്. എല്ലാവരും തമിഴ്നാട്ടിൽനിന്നുള്ളവരാണ്. ദേവസ്വം ബോർഡും സംസ്ഥാനസർക്കാരുമാണ് സൊസൈറ്റിക്കുള്ള ഫണ്ട് നൽകുന്നത്.

ലേലവ്യവസ്ഥകളിൽ മാറ്റം വരുത്തി ശീതളപാനീയവിപണിയിൽ കുത്തകാവകാശം കൈയടക്കിയ കൊക്കകോള, സന്നിധാനത്തെ ഭരണസംവിധാനത്തിൽ ഇടപെട്ടതിന്റെ തെളിവാണ് ടീഷർട്ടിന്റെ രൂപത്തിൽ പുറത്തുവന്നത്. ശീതള പാനീയവിപണിയിലെ പുതിയ സംഭവവികാസങ്ങൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടതായാണ് വിവരം.

## ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരം ജിറി മെൻസിലിന്

**തിരുവനന്തപുരം:** ഐ.എഫ്.എഫ്.കെ. 2016-ന്റെ ഭാഗമായി ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരത്തിന് ചെക്കൊസ്ലോവാക്യൻ സംവിധായകൻ ജിറി മെൻസിൽ തിരഞ്ഞെടുക്കപ്പെട്ടു.




ജിറി മെൻസിൽ

1966-ൽ ഏറ്റവും മികച്ച വിദേശഭാഷാചിത്രത്തിനുള്ള അക്കാദമി പുരസ്കാരം നേടിയ 'ക്ലോസ്‌ലി വാച്ച്ഡ് ട്രെയിൻസ്' ആണ് ജിറി മെൻസിലിന്റെ ആദ്യചിത്രം. രാഷ്ട്രീയവിവാദത്തിനിടയാക്കിയ ലാർക്ക്സ് ഓൺ എ സ്ട്രിങ് (1969), മൈ സ്വീറ്റ് ലിറ്റിൽ വില്ലേജ് (1985), ഐ സെർവ്ഡ് ദ കിങ് ഓഫ് ഇംഗ്ലണ്ട് (2006) എന്നിവയാണ് മെൻസിലിന്റെ പ്രശസ്തമായ മറ്റു ചിത്രങ്ങൾ.

## ഡൽഹി ഹാഫ് മാരത്തണിൽ സ്വർണനേട്ടവുമായി മലയാളി

**ന്യൂഡൽഹി:** ഡൽഹി ഹാഫ് മാരത്തണിൽ ഒന്നാം സ്ഥാനവുമായി മലയാളി. പി.കെ. ശ്രീമതി എം.പി.യുടെ സഹോദരനും ഡൽഹിയിൽ ബിസിനസ്സുകാരനുമായ പി.കെ.എൻ. നമ്പ്യാരാണ് 65-70 വയസ്സ് വിഭാഗത്തിൽ സ്വർണം നേടിയത്. ഞായറാഴ്ച ഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽനിന്ന് ആരംഭിച്ച 21.097 കിലോമീറ്റർ ഹാഫ് മാരത്തൺ ഒരു മണിക്കൂർ 49 മിനിറ്റുകൊണ്ട് പൂർത്തിയാക്കിയാണ് പി.കെ.എൻ. നമ്പ്യാർ സ്വർണം നേടിയത്.



പി.കെ.എൻ. നമ്പ്യാർ

തുടർച്ചയായി ഏഴാം തവണയാണ് പി.കെ.എൻ. നമ്പ്യാർ ഡൽഹി ഹാഫ് മാരത്തണിൽ പങ്കെടുക്കുന്നതെങ്കിലും ആദ്യ വിജയമാണിത്. ഹാഫ് മാരത്തണിൽ തന്റെ മികച്ച സമയമായ 1.45 എത്താനായില്ലെങ്കിലും സ്വർണം നേടാനായി. ഈ വർഷം ജനുവരിയിൽ മുംബൈയിൽ നടന്ന ഫുൾ മാരത്തണിൽ വെള്ളി നേടിയിരുന്നു. അടുത്ത വർഷം ജനുവരിയിൽ മുംബൈ മാരത്തണിൽ വീണ്ടും മത്സരിക്കാൻ തയ്യാറെടുപ്പ് നടത്തിവരികയാണ്.

ഡൽഹി, ഹരിയാണയിലെ മനേസർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ഇലക്ട്രോ സ്പാർക്ക് എന്ന സ്ഥാപനം നടത്തിവരികയാണ് പി.കെ.എൻ. നമ്പ്യാർ. ഭാര്യ: വിജയ നമ്പ്യാർ. മക്കൾ: പ്രീതി നമ്പ്യാർ, ദിവ്യ നമ്പ്യാർ. മുൻ ഒളിമ്പിക് മാരത്തൺ ചാമ്പ്യനായ കെനിയൻ താരം എലൂയിഡ് കിപ്ചോഗെയാണ് (59:44 മിനിറ്റ്) ഡൽഹി ഹാഫ് മാരത്തണിൽ പുരുഷവിഭാഗത്തിൽ സ്വർണം നേടിയത്.

# സ്കൂൾമേളകൾക്ക് സർക്കാരിന്റെ നാലുകോടി

## മേളകൾക്ക് സർക്കാർഫണ്ട് ആദ്യം

കെ. ഷാജി

**ഹരിപ്പാട്:** റവന്യൂ ജില്ലാ സ്കൂൾ മേളകളുടെ നടത്തിപ്പിന് സർക്കാർ നാലുകോടിരൂപ അനുവദിച്ചു. ആദ്യമായാണ് സ്കൂൾമേളകൾക്ക് സർക്കാർഫണ്ട് അനുവദിക്കുന്നത്. ജില്ലാതലങ്ങളിലെ ശാസ്ത്ര-കായിക മേളകൾക്കും കലോത്സവത്തിനുമാണ് ഇത് വിനിയോഗിക്കുക. ഓരോ ജില്ലകളിലെയും ഉപജില്ലകളുടെ എണ്ണത്തിന് ആനുപാതികമായി തുക വീതിച്ചുനൽകും.

കുട്ടികളിൽനിന്നും പണംപിരിച്ച് മേള നടത്തുകയായിരുന്നു പതിവ്. എന്നാൽ, എട്ടാം ക്ലാസ് വരെയുള്ള കുട്ടികളിൽനിന്ന് പിരിവുപാടില്ലെന്ന് ബാലാവകാശ കമ്മിഷന്റെ ഉത്തരവുണ്ട്. കറൻസിപ്രതിസന്ധി വേറെ. മേളനടത്തിപ്പ് ജില്ലാ വിദ്യാഭ്യാസഓഫീസർമാർക്ക് വലിയ ബാധ്യതയാകുന്നുണ്ടെന്ന് 'മാതൃഭൂമി' റിപ്പോർട്ടുചെയ്തിരുന്നു. ഭരണാനുകൂല അധ്യാപക സംഘടനയായ കെ.എസ്.ടി.എ.യും സർക്കാരിൽ സമ്മർദം ചെലുത്തി.

രക്ഷിതാക്കളിൽനിന്നും അധ്യാപകരിൽനിന്നും പിരിവുനടത്തിയാണ് ഉപജില്ലാമേളകൾ നടത്തുന്നത്. ഡി.ഡി.മാരുടെ മേൽനോട്ടത്തിൽ പൊതുപിരിവ് നടത്തി ജില്ലാമേളകളും നടത്തിയിരുന്നു. ഇത്തവണ ഇതിനുകഴിയാതെ വന്നതോടെ ഒമ്പതുമുതൽ പ്ലസ് ടു വരെയുള്ള കുട്ടികളിൽനിന്നും കൂടുതൽതുക പിരിക്കാൻ നിർദേശിച്ചിരുന്നു. മിക്ക ജില്ലകളിലും പിരിവും പൂർത്തിയായി. ഇതിനു ശേഷമാണ് സർക്കാർ ഫണ്ടനുവദിക്കുന്നത്.

ഹയർസെക്കൻഡറി കുട്ടികളിൽനിന്ന് ഫീസിനൊപ്പം മേളകൾക്കായി നിശ്ചിതതുക വാങ്ങാറുണ്ട്. ഇതിന്റെ വിഹിതം ഉപജില്ല മുതൽ സംസ്ഥാനതലംവരെ വീതംവെയ്ക്കും. ഹയർസെക്കൻഡറിവകുപ്പിൽനിന്നും പൊതുവിദ്യാഭ്യാസവകുപ്പ് വഴിയാണ് പണം താഴെത്തട്ടിലേക്ക് എത്തുന്നത്. എന്നാൽ, ഇത് പലപ്പോഴും നൽകാറില്ല. കഴിഞ്ഞ അധ്യയനവർഷത്തെ വിഹിതം ഇതുവരെയും എത്തിയിട്ടില്ല.

ഇ1-7377/16 തീയതി: 19.11.2016

**കൂത്തുപറമ്പ് നഗരസഭ**

**പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം**

കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്റ്റ്മാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തീയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തീയതി: 14.12.2016 10 മണി.

(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246

## നിയമസഭയുടെ പ്രത്യേക സമ്മേളനം നാളെ

**തിരുവനന്തപുരം:** നിയമസഭയുടെ പ്രത്യേക ഏകദിന സമ്മേളനം ചൊവ്വാഴ്ച നടക്കും. നോട്ടുകൾ അസാധുവാക്കിയതും സഹകരണ മേഖലയിലെ നിയന്ത്രണവും കാരണമുള്ള പ്രതിസന്ധി ചർച്ചചെയ്യാനാണ് സമ്മേളനം. രാവിലെ ഒൻപത് മുതലാണ് സമ്മേളനം.

## ഇ. മണിയോർഡറായി പെൻഷൻവാങ്ങാൻ അനുമതി

# 25നകം സത്യവാങ്മൂലം നൽകാത്തവർക്ക് സാമൂഹികപെൻഷൻ മുടങ്ങും

**കൊണ്ടോട്ടി:** സാമൂഹികപെൻഷൻ ഗുണഭോക്താക്കൾ 25-നകം സത്യവാങ്മൂലം നൽകിയില്ലെങ്കിൽ തുടർന്നുള്ള പെൻഷൻ മുടങ്ങും. 25നകം സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയവർക്കുമാത്രമാണ് പെൻഷൻ ലഭിക്കുക. 25നു ശേഷം സോഫ്റ്റ് വെയറിൽ ഡേറ്റാഎൻട്രി നടത്താൻ കഴിയാത്തതിനാൽ സമയബന്ധിതമായി നടപടികളെടുക്കാൻ പഞ്ചായത്തുകൾക്ക് നിർദേശമുണ്ട്.

മറ്റു സാമൂഹികപെൻഷനുകളോ ഇ.പി.എഫ്. പെൻഷനോ വാങ്ങുന്നില്ല, ആദായനികുതി അടയ്ക്കുന്നില്ല, രണ്ട് ഏക്കറിലധികം ഭൂമി സ്വന്തമായോ കുടുംബത്തിനോ ഇല്ല തുടങ്ങിയവ രേഖപ്പെടുത്തിയ സത്യവാങ്മൂലമാണ് നൽകേണ്ടത്. ആധാർനമ്പർ, ഫോൺ നമ്പർ എന്നിവയും രേഖപ്പെടുത്തണം.

നേരത്തെ സത്യവാങ്മൂലത്തിന്റെ മാതൃക അച്ചടിച്ച് വിതരണംചെയ്ത പഞ്ചായത്തുകൾ വെട്ടിലായി. കഴിഞ്ഞ 16ന് പുതുക്കിയ മാതൃകപ്രകാരം ഗുണഭോക്താവിന് ഇ. മണിയോർഡറായും പെൻഷൻസ്വീകരിക്കാൻ അനുവാദമുണ്ട്. നേരത്തെ നൽകിയ മാതൃകയിൽ പെൻഷൻ കൈപ്പറ്റുന്നവിധം തിരഞ്ഞെടുക്കാൻ സൂചനയില്ലായിരുന്നു.

# കർഷകപെൻഷനുകൾ കുറയ്ക്കുന്നു

## ഒഴിവാക്കേണ്ടവരുടെ എണ്ണം അറിയിക്കാൻ ഉത്തരവ്

കെ.കെ. ശ്രീരാജ്

**തൃശ്ശൂർ:** കർഷകപെൻഷനുകളുടെ എണ്ണം കുറയ്ക്കാൻ സർക്കാർ നീക്കം തുടങ്ങി. ഒഴിവാക്കാവുന്ന പെൻഷനുകളുടെ എണ്ണവും സാമ്പത്തിക ബാധ്യതയും സംബന്ധിച്ച റിപ്പോർട്ട് സർക്കാർ അധികൃതരിൽനിന്ന് ആവശ്യപ്പെട്ടു. അനർഹരെ ഒഴിവാക്കുന്നതിനുള്ള പ്രത്യേക മാർഗനിർദ്ദേശവും പുറത്തിറക്കിയിട്ടുണ്ട്. കർഷക പെൻഷനുകളുടെ എണ്ണം ക്രമാതീതമായി വർധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയന്ത്രണം.

ഒരു ജില്ലയിൽമാത്രം മുപ്പതിനായിരത്തിലധികംപേർ ഈ പെൻഷൻ വാങ്ങുന്നുണ്ട്. ആദ്യഘട്ടത്തിൽ ആയിരത്തി അഞ്ഞൂറുപേർ മാത്രമാണുണ്ടായിരുന്നത്. മറ്റുക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും സർക്കാർ ജോലികളിൽനിന്ന് വിരമിച്ചവർക്കും കർഷകപെൻഷൻ ലഭിക്കുന്നുണ്ടെന്നാണ് അറിവ്.

പുതിയ നിർദ്ദേശങ്ങൾ അനുസരിച്ച് ഭാര്യക്കോ ഭർത്താവിനോ ഒരാൾക്ക് മാത്രമേ കർഷക പെൻഷന് അർഹതയുണ്ടാകൂ. വാർഷിക വരുമാനം ഒന്നരലക്ഷത്തിൽ കൂടുതലുള്ളവർക്ക് പെൻഷൻ ലഭിക്കില്ല. പത്തുസെൻറിൽകൂടുതൽ സ്ഥലം കൈവശമുള്ള അറുപതുവയസ്സുകഴിഞ്ഞവർക്കു മാത്രമാണ് പെൻഷന് അർഹത. 10 വർഷമായി സ്വന്തം പഞ്ചായത്തിൽ കൃഷിചെയ്ത് ജീവിക്കുന്നവരായിരിക്കണം.

വിദേശത്തുനിന്ന് മടങ്ങിയെത്തിയവർക്കും 10 വർഷം കൃഷിയിൽ ഏർപ്പെട്ടാൽ മാത്രമേ പെൻഷന് അർഹതയുണ്ടാവൂ. ഇതുതന്നെ നിബന്ധനകൾക്ക് വിധേയമാണെന്നും ഉത്തരവിൽ പറയുന്നു. അപേക്ഷിക്കുന്ന എല്ലാവരും കർഷക രജിസ്ട്രേഷൻ എടുക്കണം. ആധാർകാർഡ് വിവരങ്ങൾ നൽകുകയും വേണം.

കേരള സംസ്ഥാന ഭാഗ്യക്കുറി

www.kerala.gov.in www.keralalotteries.com

ഭാഗ്യനിധി BN-263 നറുക്കെടുപ്പ് ഫലം 20.11.2016

ഒന്നാം സമ്മാനം 65 ലക്ഷം രൂപ BY 725070 (കാസർകോട്)

സമാശ്വാസ സമ്മാനം 10,000 രൂപ

BM 725070 BO 725070 BP 725070 BS 725070 BT 725070 BU 725070 BW 725070 BX 725070 BZ 725070

2-ാം സമ്മാനം 5 ലക്ഷം രൂപ BM 850791 (ഇടുക്കി)

താഴെ പറയുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

3-ാം സമ്മാനം 10000 രൂപ

43436

4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1225 | 2940 | 3457 | 4094 | 5716 | 6718 | 6776 | 6893 | 8537 | 9170 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0995 | 3791 | 4317 | 4812 | 5345 | 5881 | 6366 | 6407 | 7803 | 9775 |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0061 | 1074 | 2006 | 2456 | 2576 | 2666 | 3106 | 3281 | 3739 | 4235 |
| 4601 | 5306 | 5775 | 5912 | 6140 | 6194 | 6250 | 6401 | 6707 | 7755 |
| 7774 | 8149 | 8263 | 8721 | 9805 | 9941 | | | | |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0005 | 0018 | 0813 | 0955 | 1627 | 1756 | 1778 | 1828 | 2021 | 2179 | 2300 | 3291 |
| 3341 | 3496 | 4298 | 4349 | 4403 | 4415 | 4535 | 5117 | 5245 | 5290 | 5315 | 5513 |
| 5549 | 5587 | 5759 | 6193 | 6372 | 6755 | 6831 | 7419 | 7700 | 7779 | 7782 | 8331 |
| 8603 | 8763 | 9300 | 9399 | 9657 | 9767 | | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0136 | 0236 | 0319 | 0401 | 0845 | 1173 | 1339 | 1410 | 1462 |
| 1505 | 1672 | 1685 | 2025 | 2064 | 2073 | 2256 | 2415 | 3084 | 3395 |
| 3498 | 3539 | 3636 | 3841 | 3891 | 3953 | 4109 | 4142 | 4214 | 4258 |
| 4318 | 4668 | 4733 | 4809 | 5000 | 5030 | 5058 | 5374 | 5659 | 5906 |
| 5990 | 6163 | 6182 | 6215 | 6254 | 6335 | 6437 | 6609 | 6701 | 6739 |
| 6790 | 7138 | 7206 | 7253 | 7292 | 7307 | 7393 | 7596 | 7736 | 7862 |
| 7936 | 8072 | 8563 | 8817 | 9364 | 9581 | 9712 | 9764 | 9936 | 9981 |

അടുത്ത ഭാഗ്യനിധി നറുക്കെടുപ്പ് 26.11.2016

നേവി വിളിക്കുന്നു

സീനിയർ സെക്കൻഡറി റിക്രൂട്ട്

ആർട്ടിഫൈസർ അപ്രൻറിസ് • സ്പോർട്ട്സ് ക്വാട്ട

IDBI ബാങ്കിൽ 500 എക്സിക്യൂട്ടീവ്

ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി

നാഷനൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം

- റെയിൽവേയിൽ സ്പോർട്ട്സ് ക്വാട്ട
- ചെന്നൈ മെട്രോയിൽ എഞ്ചിനിയർ
- കോസ്റ്റ് ഗാർഡിൽ ഓഫീസർ
- ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്



FREE ഹരിശ്രീ

റെയിൽവേ പരീക്ഷയിൽ വീണ്ടും ക്രമക്കേടിന്റെ നിഴൽ

LEVEL UP വകുപ്പുതല പരീക്ഷകൾക്കുള്ള പരിശീലനം

Orientation: LDC Pre Lessons • UP School Asst.
Solved Papers: • KTET-II • Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overeseer/II Grade Draftsman- Statewide

മാതൃഭൂമി തൊഴിൽവാർത്ത

2016 നവംബർ 26ന്റെ ലക്കം

**എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന**

പ്രഥമ ന്യായാധികാരപരിധി

**കമ്പനി പെറ്റിഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്: മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള. **പരാതിക്കാരൻ**

**പെറ്റീഷന്റെ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റീഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റീഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിന്റെ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിന്റെ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കേറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**കൗൺസൽ ഫോർ ദി പെറ്റീഷണർ**

തിയ്യതി: നവംബർ 7 2016

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 5 | 8 | | | | | 3 | |
| | 1 | 9 | 2 | 5 | | | | |
| | | 6 | | | | 4 | 2 | 5 |
| 1 | 8 | | | 7 | | | | |
| | | | | 6 | | 7 | | 1 |
| 5 | | 7 | | 1 | 2 | | 9 | |
| 8 | | | | 2 | | 5 | 6 | |
| 7 | | | | 8 | | 9 | 1 | |
| 6 | | 5 | 7 | | | 2 | 8 | |

http://mashithantu.com/

★☆☆☆☆

സുഡോക്കു മാതൃഭൂമി ഓൺലൈനിലും ലഭ്യമാണ്
mt.mathrubhumi.com

1 മുതൽ 9 വരെയുള്ള അക്കങ്ങളുപയോഗിച്ചുള്ള ഒരു കളിയാണിത്. ഇതിന് ഗണിതശാസ്ത്ര വിജ്ഞാനമൊന്നും ആവശ്യമില്ല. വേണ്ടത് അല്പം യുക്തിബോധം മാത്രം. വലത്തോട്ടും താഴോട്ടുമായി ഒമ്പത് വീതം ചതുരക്കള്ളികളാണ് ഇതിലുള്ളത്. ഒമ്പത് ഉപചതുരങ്ങളും. വലത്തോട്ടുള്ള നിരകളിലും താഴോട്ടുള്ള നിരകളിലും അക്കം ആവർത്തിക്കാതെ വേണം പൂരിപ്പിക്കാൻ. ഓരോ ഉപചതുരത്തിലും അക്കങ്ങൾ ആവർത്തിക്കാൻ പാടില്ല

### കഴിഞ്ഞ ദിവസത്തെ ഉത്തരം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 6 | 3 | 1 | 5 | 4 | 9 | 8 | 7 |
| 5 | 8 | 4 | 9 | 3 | 7 | 1 | 2 | 6 |
| 9 | 7 | 1 | 6 | 2 | 8 | 4 | 5 | 3 |
| 6 | 5 | 7 | 4 | 9 | 1 | 8 | 3 | 2 |
| 4 | 9 | 8 | 2 | 7 | 3 | 5 | 6 | 1 |
| 1 | 3 | 2 | 5 | 8 | 6 | 7 | 9 | 4 |
| 7 | 1 | 5 | 3 | 6 | 9 | 2 | 4 | 8 |
| 8 | 2 | 6 | 7 | 4 | 5 | 3 | 1 | 9 |
| 3 | 4 | 9 | 8 | 1 | 2 | 6 | 7 | 5 |




## മാതൃഭൂമി ന്യൂസ്

6:00, 8:00, 9:00, 2:00, 3:00, 5:00 മാതൃഭൂമി ന്യൂസ്
6:30, 3:30 കൃഷിഭൂമി
7:00 മാതൃഭൂമി മോണിങ് ഷോ
8:30, 1:30, 6:30 പ്രാദേശിക വാർത്തകൾ
9:30 ചോദ്യം ഉത്തരം
10:00, 11:00, 12:00 മാതൃഭൂമി ബ്രേക്കിങ് അവേഴ്സ്
12:30 ധിം തരികിട തോം
1:00, 6:00, 10:00 വാർത്തകൾ ഇതുവരെ
2:30 ഷീ ന്യൂസ്
4:00 മാതൃഭൂമി ന്യൂസ് വിത്ത് ബിസിനസ് ബുള്ളറ്റിൻ
4:30 അകം പുറം
5:30 ബിസിനസ് ആൻഡ് സ്പോർട്സ്
7:00 ന്യൂസെവൻ
7:30 നല്ലവാർത്ത
8:00 ഇന്നത്തെ വാർത്തകൾ
8:30 സൂപ്പർ പ്രൈം ടൈം
9:30, 11:00 വക്രദൃഷ്ടി
10:30 ക്രൈം ന്യൂസ്
11:30 ഗൾഫ് ടൈം

## KAPPA TV യൂത്ത് ചാനൽ

6:30 ഗോൾഡൻ ഓൾഡീസ്
7:00, 7:30 റൈസ് ആൻഡ് ഷൈൻ
7:45, 9:15, 1:15, 4:00, 6:15, 7:45, 10:45 ഗെറ്റ് സ്റ്റൈലിഷ്
8:00, 11:30, 4:35, 9:00 മ്യൂസിക് മോജോ
8:30, 10:30, 11:00, 12:00, 1:30, 3:30, 4:30, 5:30, 7:00, 11:00 മൂഡ്ടേപ്സ്
8:35, 9:00, 5:35, 6:00 മെറി ഗോ റൗണ്ട്
9:30, 2:00, 8:00 ക്രിയേറ്റീവ് ഷെഫ്
9:35 4:00 ബിന്ദാസ് ബോളിവുഡ്
10:00, 12:30, 2:30, 4:15, 5:00 സ്മോക്കിൻ ഹോട്ട്
10:05, 7:30 മദ്രാസ് ടാക്കീസ്
10:35, 3:35, 8:30 ഡിയർ കപ്പ
11:05, 7:05 ദ ബിഗ് ലീഗ്
12:05, 5:05 ബസ് 25
12:35, 1:00, 10:00, 10:30 ലവ് ബൈറ്റ്സ്
1:35, 8:05 ഹാൻഡ്പിക്ഡ്
2:05 ട്യൂബ്ഗ്രിഡ്
2:35, 6:30, 11:30 ദ ലാഫ്റ്റർ ഗ്രിഡ്
3:00, 9:30, 11:05 ദ കോമഡി ഗ്രിഡ്

## ആകാശവാണി

**തൃശ്ശൂർ**

6.00 സുഭാഷിതം, 6.10 പ്രഭാതവന്ദനം, 6.20 റെയിൽവേ അറിയിപ്പുകൾ, ഇന്നത്തെ ചോദ്യം, 6.25 സമകാലികം, 6.35 വിളംബരം, പത്രവാർത്ത, പ്രദക്ഷിണം, വിപണി, 7.00 ശബരിമല വിശേഷങ്ങൾ, 7.05 പുലരിപ്പൂക്കൾ, ഗ്രാമക്ഷേമ വാർത്തകൾ, ഹരിതം, സേവനവാർത്തകൾ, 7.15 ജാഗ്രത, 7.20 കാവ്യാഞ്ജലി, 8.30 ഹലോ ജോയ് ആലുക്കാസ്, 12.05 താളവട്ടം, 12.40 കുടുംബവേദി, 1.00 സ്മൃതിലഹരി, 2.15 നാടകം, 2.30 വനിതാവേദി, 5.00 ഭക്തിഗാനങ്ങൾ, 5.15 ആരോഗ്യകേരളം, 5.30 ലയവിന്യാസം, 6.05 ജില്ലാവൃത്താന്തം, 6.30 നിയമസഭയിൽ ഇന്ന്, 6.50 വയലും വീടും, 7.20 കമ്പോളനിലവാരം, 7.45 യുവവാണി, 8.00 നാടകം, 8.30 പാർലമെൻറിൽ ഇന്ന്, 9.16 വിദ്യാഭ്യാസരംഗം, 9.30 സംഗീതക്കച്ചേരി, 10.00 ആകാശവാണി സംഗീതസമ്മേളനം 2016. ചലച്ചിത്രഗാനങ്ങൾ-7.35, 9.30, 4.45, 7.35, 8.30, 10.30.

**HBO**
06:00 Inside HBO
06:26 Superman II
08:42 Saving General Yang
10:34 Harry Potter and the Goblet of Fire
01:24 The Mask
03:06 Rush Hour
04:54 Batman & Robin
07:04 Deep Blue Sea
09:00 Journey 2: The Mysterious Island
10:52 Sherlock Holmes

**Star Movies**
08:00 X-Men Origins: Wolverine
10:00 How to Train Your Dragon 2
12:00 Dragonball: Evolution
02:00 X-Men 2
04:30 Tom Yum Goong 2
07:00 Taken 2
09:00 The Transporter
11:00 Prince of Persia: The Sands of Time

**Sony PIX**
07:24 Iron Man 3
10:20 Hotel Transylvania 2
12:17 Goal!
02:18 Mr. Bean's Holiday
04:05 Tangled
06:24 Kung Fu Hustle
08:29 Black Sea
11:00 Welcome to the Jungle

## ചാനൽ സിനിമ

മുഴുവൻ ചാനൽ പരിപാടികൾക്ക് www.mathrubhumi.com/tv

- **സൂര്യ**
  ഉച്ചയ്ക്ക് 12:30 **മാടമ്പി**
- **എ.സി.വി. ജൂക്ക്ബോക്സ്**
  **വൈകീട്ട് 6:30 ഇരട്ടക്കുട്ടികളുടെ അച്ഛൻ**
- **എ.സി.വി.**
  രാവിലെ 9:00 **കോരിത്തരിച്ച നാൾ**
  ഉച്ചയ്ക്ക് 2:00 **അവളുടെ രാവുകൾ**
  രാത്രി 9:30 **ഒരു സായാഹ്നത്തിൻെറ സ്വപ്നം**
- **മഴവിൽ മനോരമ**
  ഉച്ചയ്ക്ക് 1 **മസനഗുഡി മന്നാടിയാർ സ്പീക്കിങ്**
- **റോസ്ബൗൾ**
  രാവിലെ 11:00 **ഡയമണ്ട്സ് ആർ ഫോർ എവർ**
  വൈകീട്ട് 3:00 **മിഷൻ ഇസ്താംബുൾ**
  രാത്രി 9:30 **ബോംബെ ടു ബാങ്കോക്ക്**
- **കിരൺ**
  രാവിലെ 7:30 **നവാഗതർക്ക് സ്വാഗതം**
  രാവിലെ 10:30 **കോരപ്പൻ ദ ഗ്രേറ്റ്**
  ഉച്ചയ്ക്ക് 1:30 **കാഴ്ച**
  വൈകീട്ട് 4:00 **മയിൽപ്പീലിക്കാവ്**
  രാത്രി 7:00 **ജനകൻ**
  രാത്രി 10:00 **ക്രോണിക് ബാച്ചിലർ**
- **ഏഷ്യാനെറ്റ് പ്ലസ്**
  ഉച്ചയ്ക്ക് 12:00 **കോട്ടയം കുഞ്ഞച്ചൻ**
- **ഏഷ്യാനെറ്റ് മൂവീസ്**
  രാവിലെ 7:00 **പാച്ചുവും ഗോപാലനും**
  രാവിലെ 10:00 **ഫിലിപ്സ് ആൻറ് ദ മങ്കിപെൻ**
  ഉച്ചയ്ക്ക് 1:00 **കളിയൂഞ്ഞാൽ**
  വൈകീട്ട് 4:00 **മാമ്പഴക്കാലം**
  രാത്രി 9:00 **അറബിക്കഥ**
- **ഏഷ്യാനെറ്റ്**
  രാവിലെ 9:00 **കന്മദം**
- **ഏഷ്യാനെറ്റ് എച്ച്.ഡി.**
  രാവിലെ 9:00 **ഉത്സാഹകമ്മിറ്റി**
- **കൈരളി**
  ഉച്ചയ്ക്ക് 1:15 **ദേവാസുരം**
- **വീ**
  ഉച്ചയ്ക്ക് 12:30 **ലൗഡ് സ്പീക്കർ**
  രാത്രി 9 **ജന്നൽ ഓരം**

# മേളയ്ക്ക് തിരിതെളിഞ്ഞു; സിനിമക്കാഴ്ചകളിലേക്ക് ഗോവ ഉണർന്നു



**മനു കുര്യൻ**

**പനജി:** ഏഴു വേദികളും ഉണർന്നു. ഇനി സിനിമക്കാഴ്ചകളുടെ എട്ടുദിനങ്ങൾ. കേന്ദ്ര വാർത്താവിതരണ-പ്രക്ഷേപണ വകുപ്പ്മന്ത്രി വെങ്കയ്യ നായിഡു തിരിതെളിച്ചതോടെ നാല്പത്തിയേഴാമത് രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഗോവൻ തലസ്ഥാനമായ പനജിയിൽ തിരശ്ശീല ഉയർന്നു.

ശ്യാമപ്രസാദ് മുഖർജി ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ ചലച്ചിത്രകാരൻ രമേഷ് സിപ്പി മുഖ്യാതിഥിയായിരുന്നു.



എസ്.പി. ബാലസുബ്രഹ്മണ്യത്തിന് മന്ത്രി വെങ്കയ്യ നായിഡു സെൻറിനറി പുരസ്കാരവും സമ്മാനിക്കുന്നു

ചടങ്ങിൽ വെങ്കയ്യ നായിഡു ഗായകൻ എസ്.പി. ബാലസുബ്രഹ്മണ്യത്തിന് സെൻറിനറി പുരസ്കാരവും കൊറിയൻ സംവിധായകൻ ഇം കവോൺ ടേക്കിന് ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരവും സമ്മാനിച്ചു.

പുരസ്കാരം അമ്മയ്ക്കും അതിർത്തി കാക്കുന്ന സൈനികർക്കുമായി സമർപ്പിക്കുന്നതായി എസ്.പി.ബി. പറഞ്ഞു.

കേന്ദ്രമന്ത്രിമാരായ മനോഹർ പരീക്കർ, ശ്രീപദ് നായിക്, ഗോവ മുഖ്യമന്ത്രി നാരായൺ പർസേക്കർ, എം.എസ്. ധോനി ദി അൺടോൾഡ് സ്റ്റോറി നായകൻ സുശാന്ത് സിങ് രാജ്പുത്, നടനും സംവിധായകനുമായ പ്രൊസേൻജിത് ചാറ്റർജി, സംവിധായകൻ ഗൗതം ഘോഷ് എന്നിവർ മുഖ്യാതിഥികളായിരുന്നു. ഇന്ത്യൻ സിനിമയിലെ വനിതകളുടെ കടന്നുവരവും അവരുടെ സംഭാവനകളും മുൻ നിർത്തി കൊറിയോഗ്രാഫർ ഗണേഷ് ആചാര്യ തയ്യാറാക്കിയ ഒഡേ ടു എ വുമൺ അരങ്ങേറി. ഉദ്ഘാടനത്തിനുശേഷം പോളിഷ് സംവിധായകൻ ആന്ദ്രേ വൈദയുടെ ആഫ്റ്റർ ഇമേജ് പ്രദർശിപ്പിച്ചു.

# കടലാസ് ആനകളെ നിർമിച്ച് ഗിന്നസ് റെക്കോഡ്



● **ഏ**റ്റവുംകൂടുതൽ ഒറിഗാമി (കടലാസു കൊണ്ട് കരകൗശല വസ്തുക്കൾ നിർമിക്കുന്ന ജപ്പാനിലെ കല) ആനകളെ പ്രദർശിപ്പിച്ചതിനുള്ള ഗിന്നസ് റെക്കോഡ് ഇനി അമേരിക്കയിലെ വൈൽഡ് ലൈഫ് കൺസർവേഷൻ സൊസൈറ്റിക്ക് സ്വന്തം. കാട്ടാനകളുടെ സംരക്ഷണത്തിനായി സംഘടിപ്പിച്ച കൂട്ടായ്മയിൽ വിവിധ രൂപങ്ങളിലും വലിപ്പത്തിലും വർണങ്ങളിലുമുള്ള 78,564 കടലാസ് ആനകളെ പ്രദർശിപ്പിച്ചാണ് സംഘടന ഈ നേട്ടം സ്വന്തമാക്കിയിരിക്കുന്നത്. സൊസൈറ്റിക്ക് കീഴിലുള്ള ബ്രോണക്സ് മൃഗശാലയിലാണ് പ്രദർശനം ഒരുക്കിയിരുന്നത്.

അമേരിക്കയിലെ 50 സംസ്ഥാനങ്ങളിൽനിന്നും മറ്റ് നാല്പതോളം രാജ്യങ്ങളിൽനിന്നുമായാണ് സംഘടന ഇത്രയും കടലാസ് ആനകളെ പ്രദർശനത്തിനായി സംഘടിപ്പിച്ചത്. വിദ്യാർഥികൾ, സാമൂഹികപ്രവർത്തകർ, വീട്ടമ്മമാർ, തൊഴിലാളികൾ എന്നിവർ കൂട്ടായ്മയിൽ പങ്കാളികളായതായി സൊസൈറ്റിയുടെ പബ്ലിക് അഫയേഴ്സ് എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് ജോൺ കാൽവില്ലി പറഞ്ഞു.

109 വയസ്സുള്ള സ്ത്രീയാണ് കൂട്ടായ്മയിൽ പങ്കെടുത്ത ഏറ്റവും പ്രായംകൂടിയ ആൾ. '96 എലിഫൻറ്' എന്ന പ്രചാരണവുമായാണ് കൂട്ടായ്മയും പ്രദർശനവും സംഘടിപ്പിച്ചത്. ആനക്കൊമ്പുകൾക്കായി പ്രതിദിനം ലോകത്ത് 96 ആനകൾ ഇരയാകുന്നതിനെ പ്രതിനിധീകരിച്ചാണ് പ്രചാരണം സംഘടിപ്പിച്ചതെന്ന് കാൽവില്ലി പറഞ്ഞു.


2014-ൽ 33,764 ഒറിഗാമി ആനകളെ നിർമിച്ച ബ്രിട്ടനിലെ സുവോളജിക്കൽ സൊസൈറ്റിക്കായിരുന്നു നേരത്തേ ഈ വിഭാഗത്തിലുള്ള ഗിന്നസ് റെക്കോഡ്.

# രക്താർബുദത്തെ പ്രതിരോധിക്കാം, പൊണ്ണത്തടി കുറച്ച്

● **പൊ**ണ്ണത്തടി കുറച്ചാൽ സൗന്ദര്യംമാത്രമല്ല, രക്താർബുദമുൾപ്പെടെയുള്ള രക്തജന്യരോഗങ്ങളെയും പ്രതിരോധിക്കാമെന്ന് ഗവേഷകർ. അമേരിക്കയിലെ വാഷിങ്ടൺ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിലെ ഗവേഷകരാണ് പൊണ്ണത്തടി രക്തജന്യരോഗങ്ങൾക്കും ഇടയാക്കുന്നതായി കണ്ടെത്തിയിരിക്കുന്നത്.

യു.എസ്. ഡിപ്പാർട്ട്മെൻറ് ഓഫ് വെറ്ററൻസ് അഫയേഴ്സിൽനിന്ന് ശേഖരിച്ച രക്താർബുദ രോഗ ലക്ഷണങ്ങളുള്ള 7,878 പേരുടെ ശാരീരികാവസ്ഥ താരതമ്യം ചെയ്തുനടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമായതെന്ന് ഗവേഷണത്തിന് നേതൃത്വം നൽകിയ അസി.പ്രൊഫസർ ഷു-ഹാഷ് ചാങ് പറഞ്ഞു. ഇവരിൽ സാധാരണ ശരീരഭാരമുള്ളവരിൽ രക്താർബുദ സാധ്യത 55 ശതമാനം വരെയാണെന്ന് കണ്ടെത്തിയപ്പോൾ പൊണ്ണത്തടിയുള്ളവരിൽ 98 ശതമാനം വരെയാണെന്ന് ചാങ് പറഞ്ഞു.

# നാഷണൽ ജോഗ്രഫിക്കിലും താരമായി മംഗൾയാൻ



● **പു**തിയ 2000 രൂപ നോട്ടിൽ മാത്രമല്ല, ഇത്തവണത്തെ നാഷണൽ ജോഗ്രഫിക് മാഗസിനിലും ഇന്ത്യയുടെ മംഗൾയാനാണ് താരം. മൂന്നു വർഷം മുമ്പ് ചൊവ്വയുടെ ഭ്രമണപഥത്തിൽ മാർസ് ഓർബിറ്റർ മിഷൻ പകർത്തിയ ചിത്രമാണ് മാഗസിൻെറ ഈ ലക്കത്തിലെ മുഖചിത്രം.

ചൊവ്വ ഗ്രഹത്തിൻെറ ഏറ്റവും മികച്ച ചിത്രങ്ങളിലൊന്നാണ് മംഗൾയാൻ പകർത്തിയതെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിരുന്നു. 50-ൽ അധികം ചൊവ്വാ ദൗത്യങ്ങൾ നടന്നുവെങ്കിലും ഇത്രയും വ്യക്തതയുള്ള ചിത്രങ്ങൾ അവയ്ക്കൊന്നും പകർത്താൻ സാധിച്ചിരുന്നില്ല. അതും 450 കോടി രൂപ എന്ന കുറഞ്ഞ ചെലവിൽ. 2014 സെപ്റ്റംബർ 24-നാണ് ഇന്ത്യയുടെ ചൊവ്വാപേടകമായ മംഗൾയാൻ ചൊവ്വയുടെ ഭ്രമണപഥത്തിലെത്തിയത്.

## നിയമസഭയുടെ പ്രത്യേക സമ്മേളനം നാളെ

**തിരുവനന്തപുരം:** നിയമസഭയുടെ പ്രത്യേക ഏകദിന സമ്മേളനം ചൊവ്വാഴ്ച നടക്കും. നോട്ടുകൾ അസാധുവാക്കിയതും സഹകരണ മേഖലയിലെ നിയന്ത്രണവും കാരണമുള്ള പ്രതിസന്ധി ചർച്ചചെയ്യാനാണ് സമ്മേളനം. രാവിലെ ഒൻപത് മുതലാണ് സമ്മേളനം.

ഇ1-7377/16 തീയതി: 19.11.2016
**കൂത്തുപറമ്പ് നഗരസഭ**
**പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം**
കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്റ്റ്മാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തീയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തീയതി: 14.12.2016 10 മണി.
(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246

# ഡൽഹി ഹാഫ് മാരത്തണിൽ സ്വർണനേട്ടവുമായി മലയാളി

**ന്യൂഡൽഹി:** ഡൽഹി ഹാഫ് മാരത്തണിൽ ഒന്നാംസ്ഥാനവുമായി മലയാളി. പി.കെ. ശ്രീമതി എം.പി.യുടെ സഹോദരനും ഡൽഹിയിൽ ബിസിനസ്സുകാരനുമായ പി.കെ.എൻ. നമ്പ്യാരാണ് 65-70 വയസ്സ് വിഭാഗത്തിൽ സ്വർണം നേടിയത്. ഞായറാഴ്ച ഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽനിന്ന് ആരംഭിച്ച 21.097 കിലോമീറ്റർ ഹാഫ് മാരത്തൺ ഒരു മണിക്കൂർ 49 മിനിറ്റുകൊണ്ട് പൂർത്തിയാക്കിയാണ് പി.കെ.എൻ. നമ്പ്യാർ സ്വർണം നേടിയത്.

തുടർച്ചയായി ഏഴാം തവണയാണ് പി.കെ.എൻ. നമ്പ്യാർ ഡൽഹി ഹാഫ് മാരത്തണിൽ പങ്കെടുക്കുന്നതെങ്കിലും ആദ്യ വിജയമാണിത്. ഹാഫ് മാരത്തണിൽ തൻെറ മികച്ച സമയമായ 1.45 എത്താനായില്ലെങ്കിലും സ്വർണം നേടാനായി. ഈ വർഷം ജനുവരിയിൽ മുംബൈയിൽ നടന്ന ഫുൾ മാരത്തണിൽ വെള്ളി നേടിയിരുന്നു. അടുത്ത വർഷം ജനുവരിയിൽ മുംബൈ മാരത്തണിൽ വീണ്ടും മത്സരിക്കാൻ തയ്യാറെടുപ്പ് നടത്തിവരികയാണ്.



പി.കെ.എൻ. നമ്പ്യാർ

ഡൽഹി, ഹരിയാണയിലെ മനേസർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇലക്ട്രോ സ്പാർക്ക് എന്ന സ്ഥാപനം നടത്തിവരികയാണ് പി.കെ.എൻ. നമ്പ്യാർ. ഭാര്യ: വിജയ നമ്പ്യാർ. മക്കൾ: പ്രീതി നമ്പ്യാർ, ദിവ്യ നമ്പ്യാർ.

മുൻ ഒളിമ്പിക് മാരത്തൺ ചാമ്പ്യനായ കെനിയൻ താരം എലൂയിഡ് കിപ്ചോഗെയാണ് (59:44 മിനിറ്റ്) ഡൽഹി ഹാഫ് മാരത്തണിൽ പുരുഷൻമാരുടെ വിഭാഗത്തിൽ സ്വർണം നേടിയത്. എത്യോപ്യയുടെ യിഗ്രേം ഡിമിലാഷ് (59:48), കെനിയയുടെ അഗസ്റ്റിൻ ചോഗ് (60:01) എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. വനിതാ വിഭാഗത്തിൽ എത്യോപ്യയുടെ വർക്നേഷ് ഡിഗാഫയാണ് (1:07:42) സ്വർണം.

ഇന്ത്യൻ പുരുഷൻമാരിൽ ജി. ലക്ഷ്മണൻ (1:04:34), മുഹമ്മദ് യൂനുസ് (1:04:38), മാൻസിങ് (1:04:40) എന്നിവരും വനിതകളിൽ മോണിക്ക അഠാരെ (1:15:35), സഞ്ജീവനി യാദവ് (1:15:35), സ്വാതി ഗധാവെ (1:17:43) എന്നിവരും യഥാക്രമം ഒന്നുമുതൽ മൂന്നുവരെ സ്ഥാനങ്ങൾ നേടി.

## ശബരിമല ക്ഷേത്രത്തിൻെറ പേര് ഇനി 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം'

**ശബരിമല:** ശബരിമല ധർമശാസ്താ ക്ഷേത്രം എന്ന പേര് ദേവസ്വം ബോർഡ് മാറ്റി. 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം' എന്ന പേരിലായിരിക്കും ഇനി അറിയപ്പെടുക എന്നുകാണിച്ച് ബോർഡ് ഉത്തരവ് പുറത്തിറക്കി. ഇതിനു വിശദീകരണമായി ഒരു ഐതിഹ്യവും ഉത്തരവിൽ പറയുന്നുണ്ട്.

നൂറ്റാണ്ടുകൾക്കുമുമ്പ് അയ്യപ്പസ്വാമി തൻെറ ദൗത്യങ്ങൾ പൂർത്തിയാക്കിയശേഷം ശബരിമലയിൽ ചെന്ന് ധർമശാസ്താവിൽ വിലയംപ്രാപിക്കുകയായിരുന്നു. അങ്ങനെ ശബരിമലയിലെ ധർമശാസ്താ ക്ഷേത്രം അയ്യപ്പസ്വാമി ക്ഷേത്രമായി മാറി. വർഷങ്ങൾക്കുമുമ്പ് വിഗ്രഹം തച്ചുടച്ച് ക്ഷേത്രം തീവെച്ച സംഭവത്തിനുശേഷം നടന്ന പുനഃപ്രതിഷ്ഠയിൽ അയ്യപ്പസ്വാമിയെയാണു പ്രതിഷ്ഠിച്ചതെന്ന് ഉത്തരവിൽ പറയുന്നു. അയ്യപ്പസ്വാമി കുടികൊള്ളുന്ന, ലോകത്തെ ഏകസ്ഥാനമാണ് ശബരിമല.

# ശരീഅത്ത് സംരക്ഷണം വിശ്വാസികളുടെ കടമ -ഹൈദരാലി ശിഹാബ് തങ്ങൾ

**തേഞ്ഞിപ്പലം:** ശരീഅത്ത് സംരക്ഷിക്കപ്പെടുകയെന്നത് ഓരോ വിശ്വാസിയുടെയും കടമയാണെന്ന് പാണക്കാട് ഹൈദരാലി ശിഹാബ് തങ്ങൾ പറഞ്ഞു.



പി.കെ.പി. അബ്ദുസ്സലാം മുസ്ലിയാർ



കോട്ടുമല ടി.എം. ബാപ്പു മുസ്ലിയാർ

സമസ്ത കേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡിൻെറ 65-മത് വാർഷികപൊതുയോഗം ഉദ്ഘാടനംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏക സിവിൽകോഡ് കൊണ്ടുവരികയെന്നാൽ രാജ്യത്തെ നാശത്തിലേക്ക് നയിക്കുകയെന്നാണ്. കേരള മുസ്ലിംങ്ങൾക്ക് ദിശാബോധംനല്കിയ പ്രസ്ഥാനമായ സമസ്തയെ തകർക്കാൻ ശ്രമിക്കുന്നവർ ആത്മീയനേതൃത്വത്തെ ഇല്ലായ്മചെയ്യാനാണ് ശ്രമിക്കുന്നത്. അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ബോർഡ് പ്രസിഡൻറ് പി.കെ.പി. അബ്ദുസലാം മുസ്ലിയാർ അധ്യക്ഷതവഹിച്ചു. ജനറൽ സെക്രട്ടറി കോട്ടുമല ടി.എം. ബാപ്പു മുസ്ലിയാർ പ്രസംഗിച്ചു.

ഭാരവാഹികളായി പി.കെ.പി. അബ്ദുസ്സലാം മുസ്ലിയാർ (പ്രസി.), കോട്ടുമല ടി.എം. ബാപ്പു മുസ്ലിയാർ (ജന. സെക്ര.), പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ (ഖജാ.) എന്നിവരെ തിരഞ്ഞെടുത്തു.

ADMISSION
BSc MLT
DRT
(Diploma in Radiological Tech.)
Approved by Govt. of Kerala & Affiliated to Kerala University of Health Sciences
9048105939, 8086595715

**കേരള സംസ്ഥാന ഭാഗ്യക്കുറി**
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

**നറുക്കെടുപ്പ് തത്സമയ ടെലിവിഷൻ സംപ്രേഷണത്തിന് താൽപര്യപത്രിക ക്ഷണിക്കുന്നു**

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന വിവിധ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുന്നതിന് താൽപര്യപത്രിക ക്ഷണിക്കുന്നു. കരാർ ഒപ്പിടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കാലാവധി. പത്രിക സമർപ്പിക്കുന്നതിനുള്ള *അവസാന ദിവസം 2016 ഡിസംബർ 3, വൈകുന്നേരം 4 മണി.* ഒരു നറുക്കെടുപ്പിന് വകുപ്പിന് നൽകാവുന്ന പരമാവധി തുക രേഖപ്പെടുത്തിയ സാമ്പത്തിക പത്രികയും ചാനലിന്റെ സാങ്കേതിക വിവരങ്ങളും തത്സമയം സംപ്രേക്ഷണം നിർവ്വഹിക്കുന്നതിന്റെ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയ സാങ്കേതിക പത്രികയും സമർപ്പിക്കണം. കവറിന് മുകളിൽ *തത്സമയ സംപ്രേക്ഷണത്തിനുള്ള അപേക്ഷ* എന്ന് രേഖപ്പെടുത്തിയിരിക്കണം. പത്രികകൾ 2016 ഡിസംബർ 5-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലുള്ള ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. ഏതൊരു താൽപര്യപത്രവും നിരസിക്കുന്നതിനും നടപടി ക്രമങ്ങൾ മാറ്റുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. താൽപര്യപത്രികകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കൂ. ഭാരത സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉപഗ്രഹം വഴി ഇന്ത്യയിൽ നിന്ന് അപ്‌ലിങ്ക് ചെയ്യുന്നതും കേരള ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ളതുമായ ചാനലുകൾക്ക് അപേക്ഷിക്കാം.

മറ്റ് നിബന്ധനകളും നിർദ്ദേശങ്ങളും www.keralalotteries.com എന്ന വെബ്സൈറ്റിലും ഡയറക്ടറേറ്റിലും ലഭിക്കും

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ

കേരള സംസ്ഥാന ഭാഗ്യക്കുറി

## 25 മുതൽ 27 വരെ മിൽമ ഡയറികൾ സന്ദർശിക്കാം

**ചിറ്റില്ലഞ്ചേരി:** ഡോ. വർഗീസ് കുര്യൻെറ ജന്മദിനമായ നവംബർ 26 ദേശീയ ക്ഷീരദിനമായി ആചരിക്കും. ഇതിൻെറ ഭാഗമായി മിൽമയുടെ സംസ്ഥാനത്തെ ഡയറികളിൽ പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും സന്ദർശിക്കാം. 26, 27, 28 തീയതികളിലായി മിൽമയുടെ 12 ഡയറികളുടെ പ്രവർത്തനം നേരിൽക്കണ്ട് മനസ്സിലാക്കാം. ദിനാചരണഭാഗമായി മിൽമ ഉത്പന്നങ്ങൾ ഡിസ്കൗണ്ട് നിരക്കിൽ വിൽക്കും.

# ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരം ജിറി മെൻസിലിന്

**തിരുവനന്തപുരം:** ഐ.എഫ്.എഫ്.കെ. 2016-ൻെറ ഭാഗമായി ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരത്തിന് ചെക്കൊസ്ലോവാക്യൻ സംവിധായകൻ ജിറി മെൻസിൽ തിരഞ്ഞെടുക്കപ്പെട്ടു. 1966-ൽ ഏറ്റവും മികച്ച വിദേശഭാഷാ ചിത്രത്തിനുള്ള അക്കാദമി പുരസ്കാരം നേടിയ 'ക്ലോസ്‌ലി വാച്ച്ഡ് ട്രെയിൻസ്' ആണ് ജിറി മെൻസിലിൻെറ ആദ്യചിത്രം. രാഷ്ട്രീയ വിവാദത്തിനിടയാക്കിയ ലാർക്സ് ഓൺ എ സ്ട്രിങ് (1969), മൈ സ്വീറ്റ് ലിറ്റിൽ വില്ലേജ് (1985), ഐ സെർവ്ഡ് ദ കിങ് ഓഫ് ഇംഗ്ലണ്ട് (2006) എന്നിവയാണ് മെൻസിലിൻെറ പ്രശസ്തമായ മറ്റു ചിത്രങ്ങൾ.



ജിറി മെൻസിൽ

**എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന**
പ്രഥമ ന്യായാധികാരപരിധി
**കമ്പനി പെറ്റിഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

**പെറ്റീഷൻെറ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റീഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റിഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിൻെറ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിൻെറ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കേറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**കൗൺസൽ ഫോർ ദി പെറ്റീഷണർ**

**തിയ്യതി: നവംബർ 7 2016**

നറുക്കെടുപ്പിന് ഇനി 4 ദിവസം മാത്രം..
ശുചിത്വബോധത്തിലൂടെ ഭാഗ്യജീവിതം
നിർമ്മൽ
പ്രതിവാര ഭാഗ്യക്കുറി
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം
₹3 കോടി
ടിക്കറ്റ് വില ₹100

# ശബരിമല ശുചിത്വസേനയ്ക്ക് കൊക്കകോളയുടെ ടീഷർട്ട് യൂണിഫോം

ജി.രാജേഷ്കുമാർ

**ശബരിമല:** സന്നിധാനത്ത് ശുചീകരണത്തിൽ മാതൃകാസേവനം നടത്തുന്ന ശുചിത്വസേനയ്ക്ക് യൂണിഫോം കൊക്കകോളയുടെ പരസ്യമുള്ള ടീഷർട്ട്. വർഷങ്ങളായി ഉണ്ടായിരുന്ന യൂണിഫോമാണു മാറ്റിയത്. സന്നിധാനത്ത് ഒരുതരത്തിലുമുള്ള പരസ്യവും പാടില്ലെന്ന ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാണിത്. നിലയ്ക്കൽമുതൽ സന്നിധാനംവരെയുള്ള തീർഥാടനപാതയിലെ ശീതളപാനീയവിപണി കൈയടക്കിയ കൊക്കകോളയുടെ മറ്റൊരു അധിനിവേശമായി ഇതു മാറി. ചുവന്ന നിറമുള്ള ടീഷർട്ടിന്റെ മുന്നിൽ കൊക്കകോളയുടെ പേര് എഴുതിയിട്ടുണ്ട്. മുൻവർഷങ്ങളിലും യൂണിഫോം സ്പോൺസർചെയ്യിച്ചിരുന്നെങ്കിലും അന്നൊന്നും പേരെഴുതിവച്ചിരുന്നില്ല. മൂന്നൂറോളം ടീഷർട്ടാണ് കഴിഞ്ഞദിവസം സന്നിധാനത്തെത്തിച്ചത്. ബാക്കി യൂണിഫോം അടുത്തദിവസം എത്തും.

പമ്പയിൽ ഞായറാഴ്ച എത്തിയ കളക്ടർ ആർ.ഗിരിജയുടെ മുന്നിൽ കൊക്കകോള ടീഷർട്ടിട്ട ശുചിത്വസേനാ തൊഴിലാളികൾ ചെന്നുപെട്ടിരുന്നു. ഈ യൂണിഫോം ധരിച്ചു ജോലിചെയ്യാൻ പാടില്ലെന്ന് കളക്ടർ ഇവർക്കു നിർദേശം നൽകിയിട്ടുണ്ട്.

1996-ലാണ് ശുചീകരണത്തിന് ശബരിമല സാനിട്ടേഷൻ സൊസൈറ്റി രൂപവത്കരിച്ചത്. പത്തനംതിട്ട കളക്ടർ ചെയർമാനും അടൂർ ആർ.ഡി.ഒ. സെക്രട്ടറിയുമായ ഭരണസംവിധാനമാണിതിന്. നേരിൽ കണ്ടപ്പോഴാണ് യൂണിഫോം മാറ്റിയ വിവരം കളക്ടറും അറിഞ്ഞത്.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആയിരത്തോളം ശുചീകരണത്തൊഴിലാളികളാണുള്ളത്. എല്ലാവരും തമിഴ്നാട്ടിൽനിന്നുള്ളവരാണ്. ദേവസ്വം ബോർഡും സംസ്ഥാനസർക്കാരുമാണ് സൊസൈറ്റിക്കുള്ള ഫണ്ട് നൽകുന്നത്.

ലേലവ്യവസ്ഥകളിൽ മാറ്റം വരുത്തി ശീതളപാനീയവിപണിയിൽ കുത്തകാവകാശം കൈയടക്കിയ കൊക്കകോള, സന്നിധാനത്തെ ഭരണസംവിധാനത്തിൽ ഇടപെട്ടതിന്റെ തെളിവാണ് ടീഷർട്ടിന്റെ രൂപത്തിൽ പുറത്തുവന്നത്. ശീതളപാനീയവിപണിയിലെ പുതിയ സംഭവവികാസങ്ങൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടതായാണ് വിവരം.



ശബരിമലയിലെ ശുചീകരണത്തൊഴിലാളികൾ കൊക്കകോള നൽകിയ ടീഷർട്ട് ധരിച്ച് ജോലിചെയ്യുന്നു. എസ്.എസ്.എസ്. എന്നെഴുതിയ നിലവിലെ ടീഷർട്ടാണ് ഒരാൾ ധരിച്ചിരിക്കുന്നത്

## ശബരിമലയിലെ കൊക്കകോള അധിനിവേശത്തിനെതിരെ പ്രക്ഷോഭം നടത്തും - ബി.ജെ.പി.

**ശബരിമല:** ശബരിമലയിൽ കുടിവെള്ളത്തിന്റെ മറവിൽ കൊക്കകോളയ്ക്കു ശീതളപാനീയ കുത്തകാവകാശം കൈമാറിയതിനെതിരെ പ്രക്ഷോഭം നടത്തുമെന്ന് ബി.ജെ.പി. സംസ്ഥാന സെക്രട്ടറി ബി.ഗോപാലകൃഷ്ണൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ദാഹിച്ചു വലഞ്ഞുവരുന്ന തീർഥാടകനു കോള കുടിക്കേണ്ട സാഹചര്യമൊരുക്കുകയാണ് ഇപ്പോൾ നടക്കുന്നത്. കൊക്കകോളയുടെ മറവിൽ വൻ കൊള്ളയാണ് ദേവസ്വവും സർക്കാരും നടത്തുന്നത്. കോള ആരോഗ്യത്തിനു ഹാനികരമാണെന്നത് ലോകം മുഴുവൻ അംഗീകരിച്ച വസ്തുതയാണ്. തീർഥാടകരുടെ ആരോഗ്യം സംരക്ഷിക്കേണ്ട ബാധ്യതയുള്ള അധികൃതർ, അതു നശിപ്പിക്കാനാണു കൂട്ടുനിൽക്കുന്നത്. ബഹുരാഷ്ട്ര കുത്തകയെ സംരക്ഷിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാരും സ്വീകരിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

# സിസ്റ്റർ അഭയയുടെ അമ്മ ലീല തോമസ് അന്തരിച്ചു



ലീല തോമസ്

**താമരക്കാട് (കോട്ടയം):** സിസ്റ്റർ അഭയയുടെ അമ്മ ലീല തോമസ് ഐക്കരക്കുന്നേൽ (68) അന്തരിച്ചു. വിവിധ രോഗങ്ങൾക്കു ചികിത്സയിലായിരുന്നു . ഞായറാഴ്ച വൈകീട്ട് മകന്റെ ഭാര്യ നോബി ലീല പള്ളിയിൽനിന്നെത്തിയപ്പോഴാണ് ലീലയെ വീട്ടിൽ അവശനിലയിൽ കണ്ടത്. വൈകീട്ട് 6.30-ഓടെ മോനിപ്പള്ളി എം.യു.എം. ആശുപത്രിയിൽ എത്തിച്ചു.

ആശുപത്രിയിൽ എത്തിയപ്പോഴേക്കും ജീവൻ നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു. അഭയയുടെ പിതാവ് തോമസ് ഐക്കരക്കുന്നേൽ കഴിഞ്ഞ ജൂലായ് 24നാണു മരിച്ചത്.

ഇവരുടെ കുടുംബം അരീക്കരയിൽ താമസിക്കുമ്പോഴാണ് സിസ്റ്റർ അഭയയുടെ മരണം.

1992 മാർച്ച് 27ന് കോട്ടയം പയസ് ടെൻത് കോൺവെന്റിലെ കിണറ്റിൽ മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു.

കേസും പ്രശ്നങ്ങളുമായതോടെ അരീക്കരയിൽനിന്നു തോമസും കുടുംബവും കുറവിലങ്ങാടിനു താമസംമാറ്റി. രണ്ടുവർഷമായി തോമസും ഭാര്യ ലീലയും ഏകമകൻ ബിജുവിനൊപ്പം താമരക്കാട്ടായിരുന്നു താമസം.

അഭയയുടെ കൊലപാതകികളെ പിടികൂടണമെന്ന ആവശ്യവുമായി തോമസാണ് നിയമയുദ്ധം നടത്തിയിരുന്നത്. അഭയയുടെ മരണവും കൊലപാതകികളെക്കുറിച്ചുള്ള അന്വേഷണത്തിലെ തൃപ്തിയില്ലായ്മയും ലീലയെ മാനസികമായി ഏറെ തളർത്തിയിരുന്നു.

രാമപുരം പോലീസിന്റെ നിർദേശപ്രകാരം മൃതദേഹം മോനിപ്പള്ളി ആശുപത്രിമോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ദുബായിയിൽ ജോലിചെയ്യുന്ന മകൻ ബിജുവിനെ വിവരമറിയിച്ചു.

ബിജു നാട്ടിലെത്താൻ ശ്രമിക്കുന്നതായി നോബി പറഞ്ഞു.

# സന്നിധാനത്തെ അന്നദാനം 24 മണിക്കൂറും




**ശബരിമല:** മാളികപ്പുറം ക്ഷേത്രത്തിനു പടിഞ്ഞാറാണ് പുതിയ അന്നദാനമണ്ഡപം.

മാളികപ്പുറത്തു തൊഴുതുകഴിഞ്ഞാൽ ഇവിടേക്കു പോകാൻ എളുപ്പമാണ്.

24 മണിക്കൂറും അന്നദാനമുണ്ടാകും. പ്രഭാതത്തിൽ ഉപ്പുമാവും കടലയും.

ഉച്ചയ്ക്ക് ഊണ്. വൈകീട്ട് കഞ്ഞിയും പയറും. രാത്രി ഉപ്പുമാവും കടലയും. ഇങ്ങനെയാണ് ഭക്ഷണവിതരണം.

അന്നദാനം, പൂജകൾ, വഴിപാടുകൾ എന്നിവ നടത്താൻ സന്നിധാനത്തോ പമ്പയിലോ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചു. കൗണ്ടറുകളിൽ പണമടച്ച് ഇവയൊക്കെ നടത്താം.

### മാളികപ്പുറത്ത് ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| ഉച്ചപൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| ഭഗവതിസേവ | 7.00 |
| അത്താഴപൂജ | 9.30 |
| നടയടയ്ക്കൽ | 11.00 |

### ശബരിമലയിൽ ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| നിർമാല്യദർശനം | 3.05 |
| അഭിഷേകം | 3.15 |
| നെയ്യഭിഷേകം | 3.30-7.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| നെയ്യഭിഷേകം | 8.00-11.30 |
| ഉച്ചപ്പൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| പുഷ്പാഭിഷേകം | 6.45 |
| അത്താഴപൂജ | 9.30 |
| ഹരിവരാസനംപാടി നടയടയ്ക്കൽ | 11.00 |

# ശബരിമലയിൽ എഴുന്നള്ളിപ്പിന് ജീവത സമർപ്പിച്ചു

**ശബരിമല:** മകരവിളക്കിന്റെ ഭാഗമായ എഴുന്നള്ളിപ്പിനുള്ള ജീവത മാളികപ്പുറം ക്ഷേത്രത്തിൽ ദേവസ്വം ബോർഡംഗം അജയ് തറയിൽ സമർപ്പിച്ചു. മാളികപ്പുറത്ത് ആനയെഴുന്നള്ളിപ്പിനു വിലക്കുള്ളതിനാലാണ് ജീവത എഴുന്നള്ളത്തു നടത്തുന്നത്. അജയ് തറയിലിന്റെ വഴിപാടായാണ് ജീവത സമർപ്പിച്ചത്.

ശബരിമല തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവരുടെ സാന്നിധ്യത്തിലാണ് ജീവത സമർപ്പണം നടന്നത്. ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ രവിശങ്കർ, ഫെസ്റ്റിവൽ കൺട്രോളിങ് ഓഫീസർ സോമശേഖരൻ നായർ തുടങ്ങിയവർ പങ്കെടുത്തു. പ്ലാവിന്റെ തടിയിൽ ജീവത നിർമിച്ചത് കാരയ്ക്കാട് സ്വദേശി വാസുക്കുട്ടനാണ്.



മാളികപ്പുറം ക്ഷേത്രത്തിലെ ജീവത ദേവസ്വംബോർഡംഗം അജയ് തറയിൽ സമർപ്പിക്കുന്നു. തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവർ സമീപം

# ശബരിമല ക്ഷേത്രത്തിന്റെ പേര് ഇനി ‘ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം’

**ശബരിമല:** ശബരിമല ധർമശാസ്താ ക്ഷേത്രം എന്ന പേര് ദേവസ്വം ബോർഡ് മാറ്റി. ‘ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം’ എന്ന പേരിലായിരിക്കും ഇനി അറിയപ്പെടുക എന്നുകാണിച്ച് ബോർഡ് ഉത്തരവ് പുറത്തിറക്കി. ഇതിനു വിശദീകരണമായി ഒരു ഐതിഹ്യവും ഉത്തരവിൽ പറയുന്നുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് അയ്യപ്പസ്വാമി തന്റെ ദൗത്യങ്ങൾ പൂർത്തിയാക്കിയശേഷം ശബരിമലയിൽ ചെന്ന് ധർമശാസ്താവിൽ വിലയംപ്രാപിക്കുകയായിരുന്നു. അങ്ങനെ ശബരിമലയിലെ ധർമശാസ്താ ക്ഷേത്രം അയ്യപ്പസ്വാമി ക്ഷേത്രമായി മാറി. വർഷങ്ങൾക്കുമുമ്പ് വിഗ്രഹം തച്ചുടച്ച് ക്ഷേത്രം തീവെച്ച സംഭവത്തിനുശേഷം നടന്ന പുനഃപ്രതിഷ്ഠയിൽ അയ്യപ്പസ്വാമിയെയാണു പ്രതിഷ്ഠിച്ചതെന്ന് ഉത്തരവിൽ പറയുന്നു. അയ്യപ്പസ്വാമി കുടികൊള്ളുന്ന, ലോകത്തെ ഏകസ്ഥാനമാണ് ശബരിമല. അതുകൊണ്ടാണ് കോടാനുകോടി ഭക്തർ ഇവിടെ എത്തുന്നത്. ദേവസ്വം ബോർഡിന് ധാരാളം ധർമശാസ്താ ക്ഷേത്രങ്ങളുണ്ടെങ്കിലും അയ്യപ്പസ്വാമി ക്ഷേത്രം ശബരിമലയിൽ മാത്രമായിരിക്കുമെന്നും സെക്രട്ടറി ഒപ്പിട്ടു പുറത്തിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു. ഉത്തരവ് ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### എരുമേലി വിമാനത്താവളം

# കെ.പി.യോഹന്നാൻ നേട്ടമുണ്ടാക്കുന്നെന്ന് വി.മുരളീധരൻ

**തിരുവനന്തപുരം:** സർക്കാർഭൂമി സർക്കാരിനുതന്നെ വില്പന നടത്തി നേട്ടംകൊയ്യാനുള്ള ശ്രമമാണ് എരുമേലി വിമാനത്താവളത്തിനായി ഭൂമി കൈമാറുന്നതിലൂടെ കെ.പി.യോഹന്നാൻ നടത്തുന്നതെന്ന് ബി.ജെ.പി. ദേശീയ നിർവാഹക സമിതി അംഗം വി.മുരളീധരൻ.

ഇതുസംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനെഴുതിയ തുറന്ന കത്തിലാണ് മുരളീധരന്റെ ആരോപണം.

എരുമേലിക്കടുത്ത് കെ.പി. യോഹന്നാൻ കൈവശം വെച്ചിരിക്കുന്ന ചെറുവള്ളി എസ്റ്റേറ്റാണ് വിമാനത്താവളത്തിനായി ഉപയോഗിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കുന്നു. സർക്കാർഭൂമിയെന്ന് സർക്കാർതന്നെ നേരത്തെ സമ്മതിച്ചിട്ടുള്ള ഭൂമി, കെ.പി.യോഹന്നാന്റേതെന്ന നിലയിൽ ഏറ്റെടുക്കാനും വിമാനത്താവളം സ്ഥാപിക്കുമ്പോൾ അതിൽ പങ്കാളിത്തം നൽകാനുമുള്ള നീക്കം ബോധപൂർവമാണോയെന്ന് കത്തിൽ മുരളീധരൻ ചോദിക്കുന്നു.

ഒന്നാം പിറന്നാൾ ആശംസകൾ (21.11.2016)



ആദിദേവ് ബി. (അമ്പാടി)
S/o. ബാഹുലേയൻ & ജയശ്രീ
പഴയരേത്ത് (H), അങ്ങാടിക്കൽ വടക്ക്
പത്തനംതിട്ട
ആശംസകളോടെ: ബന്ധുമിത്രാദികൾ.

# ഗോപിനാഥിനെതിരെയുള്ള ആക്രമണം പ്രത്യേകസംഘം അന്വേഷിക്കും

## ■ ഡി.ജി.പി. കൊച്ചിയിലെത്തി പരാതികൾ കേട്ടു

**കൊച്ചി:** സി.ഐ.ടി.യു. ജില്ലാ പ്രസിഡൻറ് കെ.എൻ. ഗോപിനാഥിനെതിരെയുള്ള വധശ്രമം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കും. കേസിൽ പോലീസ് അന്വേഷണം ശരിയായ ദിശയിലല്ലെന്ന് കാട്ടി ഗോപിനാഥിന്റെ മക്കൾ മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം സമർപ്പിച്ചിരുന്നു.

കേസന്വേഷണത്തിലെ അതൃപ്തി ജില്ലയിലെ സി.ഐ.ടി.യു. നേതൃത്വവും പരസ്യമായി രേഖപ്പെടുത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി ഇടപെടുകയായിരുന്നു. ഡി.ജി.പി. ലോക്നാഥ് ബെഹ്റയോട് അന്വേഷണ പുരോഗതി വിലയിരുത്തണമെന്നും ഗോപിനാഥിന്റേയും കുടുംബത്തിന്റേയും പരാതി കേൾക്കണമെന്നും മുഖ്യമന്ത്രി നിർദേശിക്കുകയും ചെയ്തു.

അതിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെത്തിയ ഡി.ജി.പി., ഗോപിനാഥിനേയും മകളേയും നേരിൽ കണ്ട് അവരുടെ പരാതി കേട്ടു. കേസ് സംബന്ധിച്ച് അവർക്കുള്ള സംശയങ്ങളുടെ വിശദ വിവരങ്ങൾ ഇ-മെയിൽ ചെയ്യാനും ഡി.ജി.പി. നിർദേശിച്ചിട്ടുണ്ട്. ഗോപിനാഥിനെ കൊലപ്പെടുത്താൻ ശ്രമിച്ച വടകര സ്വദേശിയായ ഉണ്ണിക്കൃഷ്ണനെ തൊഴിലാളികൾ പാലാരിവട്ടത്ത് സംഭവം നടന്ന സ്ഥലത്തു നിന്ന് പിടിച്ച് പോലീസിൽ ഏല്പിച്ചിരുന്നു. ഇയാൾ വാടകക്കൊലയാളിയാണെന്ന സംശയമാണ് ഗോപിനാഥ് പോലീസിനോട് പറഞ്ഞിട്ടുള്ളത്.

സി.പി.എമ്മിനോടുള്ള വൈരാഗ്യം മൂലം ഏതെങ്കിലും സി.പി.എം. നേതാവിനെ വകവരുത്താൻ ആഗ്രഹിച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പ്രതിഷേധ സമരത്തിൽ പങ്കെടുത്ത് നടന്നു പോകുകയായിരുന്ന ഗോപിനാഥിനെ പിന്നിൽ നിന്ന് കഴുത്തിൽ കുത്തിയതെന്നുമാണ് പ്രതിയുടെ വിശദീകരണം.

പ്രതി മാനസികാസ്വാസ്ഥ്യമുള്ള ആളാണെന്ന് പറയുന്ന പോലീസ്, അയാളുടെ മൊഴി വിശ്വസിച്ച് അന്വേഷണം അവസാനിപ്പിച്ച മട്ടാണ്.

ഈ സാഹചര്യത്തിലാണ് ഗോപിനാഥിന്റെ മക്കൾ ഫേസ്ബുക്കിലൂടെ മുഖ്യമന്ത്രിയെ തങ്ങൾക്കുള്ള അതൃപ്തി അറിയിച്ചത്.

സി.പി.എമ്മുമായി ബന്ധപ്പെട്ട ഗുണ്ടാ സംഘങ്ങളുമായി ആക്രമണത്തിന് ബന്ധമുണ്ടെന്ന സംശയം കളമശ്ശേരിയിൽ പാർട്ടിക്കുള്ളിൽ സജീവ ചർച്ചയാവുന്നുണ്ട്. പാർട്ടിയിലും പുറത്തും ഗുണ്ടാ സംഘങ്ങൾക്കെതിരെ ശക്തമായ അഭിപ്രായ പ്രകടനം നടത്തിയിട്ടുള്ള തനിക്കെതിരെ, അവരിൽ നിന്നുള്ള ആക്രമണവുമാവാമെന്ന സൂചന ഗോപിനാഥ് നൽകിയിട്ടുണ്ട്.

അതേസമയം, കേസന്വേഷണം എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്ന കാര്യത്തിൽ പോലീസ് ഇരുട്ടിൽ തപ്പുകയാണ്. സി.പി.എം. വിരോധത്തിൽ പ്രതി ഗോപിനാഥിനെ കുത്തിയെന്ന് പറയുമ്പോൾത്തന്നെ, പ്രതിക്ക് സി.പി.എമ്മിനോട് വിരോധം വരാനുള്ള വ്യക്തമായ കാരണം കണ്ടെത്താൻ ഇനിയും പോലീസിന് സാധിച്ചിട്ടില്ല.

### വ്യാജ ഡോക്ടർ

# അന്വേഷണത്തിന് മനുഷ്യാവകാശ കമ്മിഷൻ നിർദേശം

**കൊച്ചി:** സംസ്ഥാനത്ത് വിവിധ സ്വകാര്യ ആശുപത്രികളിലും അല്ലാതെയും വ്യാജ ഡോക്ടർമാർ ചികിത്സ നടത്തുന്നുണ്ടെന്ന പരാതിയിൽ അന്വേഷണം നടത്തി വിശദീകരണം സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിർദേശം.

കമ്മിഷൻ ആക്ടിങ് ചെയർപേഴ്സൺ പി. മോഹനദാസാണ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും നിർദേശം നൽകിയത്.

തൊഴിൽവാർത്ത
നേവി വിളിക്കുന്നു
സീനിയർ സെക്കൻഡറി റിക്രൂട്ട്
ആർട്ടിഫൈസർ അപ്രന്റിസ് • സ്പോർട്സ് ക്വാട്ട
IDBI ബാങ്കിൽ 500 എക്സിക്യൂട്ടീവ്
ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി
• നാഷണൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം
• റെയിൽവേയിൽ സ്പോർട്സ് ക്വാട്ട
• ചെന്നൈ മെട്രോയിൽ എഞ്ചിനിയർ
• കോസ്റ്റ് ഗാർഡിൽ ഓഫീസർ
• ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്
Orientation: LDC Pre Lessons
• UP School Asst.
Solved Papers: • KTET-II
• Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overseer/
II Grade Draftsman- Statewide
സൗജന്യം ഹരിശ്രീ

ADMISSION
BSc MLT
DRT
(Diploma in Radiological Tech.)
Approved by Govt. of Kerala &
Affiliated to Kerala University
of Health Sciences
9048105939, 8086595715

കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

നറുക്കെടുപ്പ് തത്സമയ ടെലിവിഷൻ സംപ്രേഷണത്തിന് താൽപര്യപത്രിക ക്ഷണിക്കുന്നു


കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന വിവിധ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുന്നതിന് താൽപര്യപത്രിക ക്ഷണിക്കുന്നു. കരാർ ഒപ്പിടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കാലാവധി. പത്രിക സമർപ്പിക്കുന്നതിനുള്ള **അവസാന ദിവസം 2016 ഡിസംബർ 3, വൈകുന്നേരം 4 മണി.** ഒരു നറുക്കെടുപ്പിന് വകുപ്പിന് നൽകാവുന്ന പരമാവധി തുക രേഖപ്പെടുത്തിയ സാമ്പത്തിക പത്രികയും ചാനലിന്റെ സാങ്കേതിക വിവരങ്ങളും തത്സമയം സംപ്രേക്ഷണം നിർവ്വഹിക്കുന്നതിന്റെ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയ സാങ്കേതിക പത്രികയും സമർപ്പിക്കണം. കവറിന് മുകളിൽ **തത്സമയ സംപ്രേക്ഷണത്തിനുള്ള അപേക്ഷ** എന്ന് രേഖപ്പെടുത്തിയിരിക്കണം. പത്രികകൾ 2016 ഡിസംബർ 5-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലുള്ള ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. ഏതൊരു താൽപര്യപത്രവും നിരസിക്കുന്നതിനും നടപടി ക്രമങ്ങൾ മാറ്റുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. താൽപര്യപത്രികകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കൂ. ഭാരത സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉപഗ്രഹം വഴി ഇന്ത്യയിൽ നിന്ന് അപ്ലിങ്ക് ചെയ്യുന്നതും കേരള ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ളതുമായ ചാനലുകൾക്ക് അപേക്ഷിക്കാം.

മറ്റ് നിബന്ധനകളും നിർദ്ദേശങ്ങളും www.keralalotteries.com എന്ന വെബ്സൈറ്റിലും ഡയറക്ടറേറ്റിലും ലഭിക്കും

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ

കേരള സംസ്ഥാന ഭാഗ്യക്കുറി

# ജോലി വാഗ്ദാനംചെയ്ത് യുവതിയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിൽ



അറസ്റ്റിലായ ജോൺ

**അങ്കമാലി:** ജോലിയും താമസ സൗകര്യവും വാഗ്ദാനം ചെയ്ത് യുവതിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ ഒരാളെ അങ്കമാലി പോലീസ് അറസ്റ്റ് ചെയ്തു. കൊല്ലം കരുനാഗപ്പള്ളി എസ്‌വി മാർക്കറ്റ് കരയിൽ നടിയിലേത്ത് ആന്റോ എന്നു വിളിക്കുന്ന ജോണിനെ (58) ആണ് പോലീസ് അറസ്റ്റ് ചെയ്തത്.

നെടുമ്പാശ്ശേരി ഭാഗത്തെ ഒരു കൺസ്ട്രക്ഷൻ കമ്പനിയുടെ സൂപ്പർവൈസറാണ് ഇയാളെന്ന് അങ്കമാലി പോലീസ പറഞ്ഞു. പരാതിക്കാരിയായ യുവതിയെ 2015 മുതൽ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചെന്നാണ് കേസ്. യുവതിക്ക് ഇയാൾ കരിയാടിൽ വീട് വാടകയ്ക്കെടുത്ത് നൽകിയിരുന്നു.

വീഡിയോ ക്യാമറയിൽ പകർത്തിയ പീഡന ദൃശ്യങ്ങൾ ഇൻറർനെറ്റിൽ പ്രചരിപ്പിക്കുമെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന് യുവതി മൊഴി നൽകിയിട്ടുണ്ട്. ഡിവൈഎസ്പി കെ.ജി. ബാബുകുമാറിന്റെ നിർദേശ പ്രകാരം അങ്കമാലി സിഐ എസ്. മുഹമ്മദ് റിയാസാണ് ജോണിനെ അറസ്റ്റ് ചെയ്തത്.

ചെങ്ങമനാട് പോലീസ് സബ് ഇൻസ്പെക്ടർ കെ.ജി. ഗോപകുമാർ, ടി.എം. ജോൺസൺ, എസ്‌സിപിഒ മാരായ എ.വി. സുരേഷ്, എ.എ. രവിക്കുട്ടൻ, എ.കെ. മുഹമ്മദ് അൻസാർ, ഡബ്ല്യുസിപിഒ രാജി എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ ജോണിനെ റിമാൻഡ് ചെയ്തു.

## എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന

പ്രഥമ ന്യായാധികാരപരിധി

**കമ്പനി പെറ്റിഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

**പെറ്റീഷന്റെ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റീഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റീഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിന്റെ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിന്റെ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

**ഒപ്പ്**
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**കൗൺസൽ ഫോർ ദി പെറ്റീഷണർ**

**തിയ്യതി: നവംബർ 7 2016**

നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം
₹ 4 കോടി
ടിക്കറ്റ് വില ₹150

# ആദ്യം ഗൗരവം... പിന്നെ തനി നാടൻ

**തിരുവനന്തപുരം:** എ.കെ.ജി. സെൻററിലെ ഏഴാംനമ്പർ മുറി. ഗൗരവം വിടാതെ കസേരയിൽ ചാരി എം.എം. മണി ഇരിക്കുന്നു. മുഖാമുഖം സി.പി.എം. കോട്ടയം മുൻജില്ലാ സെക്രട്ടറി കെ.ജെ. തോമസും. സമയം ഉച്ചയ്ക്ക് രണ്ടേകാലായി.

സി.പി.എം. സെക്രട്ടേറിയറ്റ് യോഗത്തിനുശേഷം മണി മന്ത്രിയാകുന്ന വാർത്ത ഒരുമണിയോടെയാണ് പുറത്തുവന്നത്. വൈകാതെ സി.പി.എം. സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണൻെറ പത്രസമ്മേളനം രണ്ടരയ്ക്കുനടക്കുമെന്ന അറിയിപ്പും വന്നു. എ.കെ.ജി. സെൻററിലെത്തിയ മാധ്യമപ്രവർത്തകരോട് കോടിയേരിയുടെ പത്രസമ്മേളനത്തിനുശേഷം സംസാരിക്കാമെന്ന നിലപാടിലായിരുന്നു മണി. അതിനിടെ ഫോട്ടോഗ്രാഫർമാരോട് 'പാർട്ടി ആടാൻ പറഞ്ഞു. ഞാൻ ആടും' എന്നൊരു ഡയലോഗും.

രണ്ടരയോടെ പത്രസമ്മേളനത്തിന് കോടിയേരിയെത്തി. മണി ഏഴാം നമ്പർ മുറിയിൽത്തന്നെ. മണിയും തോമസും സംസാരത്തിൽ. അതിനിടയിൽ മൊബൈലിൽ സംസാരം. 'ആ... മന്ത്രിയായി. സന്തോഷമൊക്കെയുണ്ട്. വകുപ്പൊക്കെ പിന്നെ'.

വൈകാതെ കസേരയിൽ ചരിഞ്ഞുകിടന്ന് ചെറിയൊരു മയക്കം. മൊബൈൽ ശബ്ദിക്കുന്നതോടെ ഉറക്കം മുറിയുന്നു. വീണ്ടും സംസാരം.

കോടിയേരി പത്രസമ്മേളനം കഴിഞ്ഞിറങ്ങുന്നതിനുമുമ്പേ മുറിയിൽ നിന്നിറങ്ങിവന്നു. നാലോ അഞ്ചോ മാധ്യമപ്രവർത്തകർ മാത്രം. ഏതാനും ചോദ്യങ്ങൾ, ഉത്തരങ്ങൾ. പുറത്തേക്കിറങ്ങി. എ.കെ.ജി. സെൻററിൻെറ വാതിൽക്കൽ ചാനൽ റിപ്പോർട്ടർമാരും ക്യാമറാമാന്മാരും വളഞ്ഞു.

മന്ത്രിസ്ഥാനം അപ്രതീക്ഷിതമാണോ എന്ന ചോദ്യത്തിന് 'ഓരോന്നിനും ഓരോ കാലമുണ്ടല്ലോ. സംഭവാമി യുഗേ യുഗേ...' എന്ന് ഉത്തരം. വീണ്ടും സംഭാഷണത്തിനിടയ്ക്ക് പഴഞ്ചൊല്ല് കയറിവന്നു. 'ഓണം വരാൻ മൂലം വേണമല്ലോ'... എന്താണ് പറഞ്ഞതെന്ന് ഒരു റിപ്പോർട്ടറുടെ ചോദ്യത്തിന് ഒരിക്കൽക്കൂടി പഴഞ്ചൊല്ല് ആവർത്തിച്ചു.



ഈ മണി കുലുങ്ങില്ല..... എം.എം. മണിയെ മന്ത്രിസഭയിലേക്ക് നിർദേശിച്ച വിവരം എ.കെ.ജി.സെൻററിലെ മുകളിലത്തെ നിലയിൽ കോടിയേരി ബാലകൃഷ്ണൻ പ്രഖ്യാപിക്കുമ്പോൾ താഴത്തെ ഏഴാംനമ്പർ മുറിയിൽ സംസാരത്തിനിടെ മയങ്ങിപ്പോയ മണി -ഫോട്ടോ: ബിജു വർഗീസ്

## കെ.പി.യോഹന്നാൻ നേട്ടമുണ്ടാക്കുന്നെന്ന് വി.മുരളീധരൻ

**തിരുവനന്തപുരം:** സർക്കാർഭൂമി സർക്കാരിനുതന്നെ വില്പന നടത്തി നേട്ടംകൊയ്യാനുള്ള ശ്രമമാണ് എരുമേലി വിമാനത്താവളത്തിനായി ഭൂമി കൈമാറുന്നതിലൂടെ കെ.പി.യോഹന്നാൻ നടത്തുന്നതെന്ന് ബി.ജെ.പി. ദേശീയ നിർവാഹകസമിതി അംഗം വി.മുരളീധരൻ. മുഖ്യമന്ത്രി പിണറായി വിജയനെഴുതിയ തുറന്ന കത്തിലാണ് മുരളീധരൻെറ ആരോപണം.

സർക്കാർഭൂമിയെന്ന് സർക്കാർതന്നെ നേരത്തെ സമ്മതിച്ചിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റ്, കെ.പി.യോഹന്നാൻേറതെന്ന നിലയിൽ ഏറ്റെടുക്കാനും വിമാനത്താവളം സ്ഥാപിക്കുമ്പോൾ പങ്കാളിത്തം നൽകാനുമുള്ള നീക്കം ബോധപൂർവമാണോയെന്ന് കത്തിൽ ചോദിക്കുന്നു.

## വ്യാജലോട്ടറി: അന്വേഷണം ശക്തമാക്കുമെന്ന് ഡി.ജി.പി.

**തിരുവനന്തപുരം:** സംസ്ഥാനത്ത് വ്യാജലോട്ടറി അച്ചടിക്കുന്നുവെന്ന ക്രൈംബ്രാഞ്ച് റിപ്പോർട്ടിന്മേൽ അന്വേഷണം ഊർജിതമാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. കേസ് പാലക്കാട് ക്രൈംബ്രാഞ്ച് എസ്.പി. അന്വേഷിക്കും.

വ്യാജലോട്ടറിയുടെ അച്ചടി വിദേശത്തും നടക്കുന്നുണ്ടെന്ന് സംശയമുണ്ട്. അതുകൊണ്ട് അന്വേഷണത്തിന് ഇൻറർപോളിൻെറ സഹായം തേടും.

സംസ്ഥാനത്ത് വ്യാജലോട്ടറി വ്യാപകമാണെന്നും പിന്നിൽ വൻ മാഫിയയാണെന്നും ക്രൈംബ്രാഞ്ച് ഡി.ജി.പി.ക്കു നൽകിയ അന്വേഷണ റിപ്പോർട്ടിലുണ്ട്. ലോട്ടറി ഓഫീസുകളിൽ കെട്ടുകണക്കിന് വ്യാജലോട്ടറികൾ കണ്ടെത്തിയിരുന്നു. വ്യാജന്മാർ സർക്കാറിൻെറ സമ്മാനത്തുക തട്ടിയെടുക്കുന്നുണ്ട്. വ്യാജലോട്ടറി അച്ചടിക്കാൻ സർക്കാർ പ്രസ്സിലെ പ്ലേറ്റുകൾ ജീവനക്കാരുടെ സഹായത്തോടെ കടത്തുന്നതായും റിപ്പോർട്ടിൽ പറയുന്നു.

## ഭാര്യ തലയ്ക്കടിയേറ്റ് മരിച്ച നിലയിൽ; ഭർത്താവ് ഒളിവിൽ

**കൊച്ചി:** വീട്ടമ്മയെ വീടിനുള്ളിൽ തലയ്ക്കടിയേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. ഇതിനു പിന്നാലെ ഭർത്താവിനെ കാണാതായി.

മുളവുകാട് പോഞ്ഞിക്കര പള്ളത്തുപറമ്പിൽ അഷ്റഫിൻെറ ഭാര്യ ഉമൈബ (50) യാണ് കൊല്ലപ്പെട്ടത്. സംഭവത്തെ തുടർന്ന് ഒളിവിൽ പോയ ഭർത്താവിനായി പോലീസ് അന്വേഷണം തുടരുകയാണ്.



ഉമൈബ

ഞായറാഴ്ച രാവിലെ ഏഴു മണിയോടെ അയൽവാസിയാണ് ഉമൈബയെ മരിച്ച നിലയിൽ കണ്ടെത്തിയത്. മകനും ഭാര്യയും ആസ്പത്രിയിലായിരുന്നു.

ശനിയാഴ്ച രാത്രി 11 നും ഞായറാഴ്ച പുലർച്ചെയ്ക്കുമിടയ്ക്കാണ് സംഭവം നടന്നതെന്ന് കരുതുന്നതായി മുളവുകാട് പോലീസ് പറഞ്ഞു. തലയ്ക്ക് അടിയേറ്റ് മുറിയിലാകെ രക്തം ഒഴുകിപ്പരന്നിരുന്നു. അഷ്റഫ് കൊച്ചിൻ പോർട്ടിൽ ഇലക്ട്രിക്കൽ വിഭാഗത്തിലാണ് ജോലി ചെയ്യുന്നത്.


നന്നായി മദ്യപിക്കുന്ന സ്വഭാവക്കാരനായിരുന്നു അഷ്റഫെന്ന് പോലീസ് പറഞ്ഞു. വീട്ടിൽ മദ്യപിച്ചെത്തി ബഹളമുണ്ടാക്കുന്നതും പതിവായിരുന്നുവെന്ന് പോലീസ് വ്യക്തമാക്കി.

മക്കൾ: അനീഷ്, അജാസ് (സൗദി), അനീഷ. മരുമക്കൾ: ഷംന, തൻസീൽ.

മൃതദേഹം ആലപ്പുഴ മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകി. കബറടക്കം തിങ്കളാഴ്ച കലൂർ ജുമാ മസ്ജിദിൽ.

## ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരം ജിറി മെൻസിലിന്

**തിരുവനന്തപുരം:** ഐ.എഫ്.എഫ്.കെ. 2016-ൻെറ ഭാഗമായി ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരത്തിന് ചെക്കൊസ്ലോവാക്യൻ സംവിധായകൻ ജിറി മെൻസിൽ തിരഞ്ഞെടുക്കപ്പെട്ടു. 1966-ൽ ഏറ്റവും മികച്ച വിദേശഭാഷാചിത്രത്തിനുള്ള അക്കാദമി പുരസ്കാരം നേടിയ 'ക്ലോസ്‌ലി വാച്ച്ഡ് ട്രെയിൻസ്' ആണ് ജിറി മെൻസിലിൻെറ ആദ്യചിത്രം. രാഷ്ട്രീയവിവാദത്തിനിടയാക്കിയ ലാർക്സ് ഓൺ എ സ്ട്രിങ് (1969), മൈ സ്വീറ്റ് ലിറ്റിൽ വില്ലേജ് (1985), ഐ സെർവ്ഡ് ദ കിങ് ഓഫ് ഇംഗ്ലണ്ട് (2006) എന്നിവയാണ് മെൻസിലിൻെറ പ്രശസ്തമായ മറ്റു ചിത്രങ്ങൾ.



ജിറി മെൻസിൽ

## 25നകം സത്യവാങ്മൂലം നൽകാത്തവർക്ക് സാമൂഹികപെൻഷൻ മുടങ്ങും

### ഇ. മണിയോർഡറായി പെൻഷൻവാങ്ങാൻ അനുമതി

**കൊണ്ടോട്ടി:** സാമൂഹികപെൻഷൻ ഗുണഭോക്താക്കൾ 25-നകം സത്യവാങ്മൂലം നൽകിയില്ലെങ്കിൽ തുടർന്നുള്ള പെൻഷൻ മുടങ്ങും. 25നകം സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയവർക്കുമാത്രമാണ് പെൻഷൻ ലഭിക്കുക. 25നുശേഷം സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്താൻ കഴിയാത്തതിനാൽ സമയബന്ധിതമായി നടപടികളെടുക്കാൻ പഞ്ചായത്തുകൾക്ക് നിർദേശമുണ്ട്.

മറ്റു സാമൂഹികപെൻഷനുകളോ ഇ.പി.എഫ്. പെൻഷനോ വാങ്ങുന്നില്ല, ആദായനികുതി അടയ്ക്കുന്നില്ല, രണ്ട് ഏക്കറിലധികം ഭൂമി സ്വന്തമായോ കുടുംബത്തിനോ ഇല്ല തുടങ്ങിയവ രേഖപ്പെടുത്തിയ സത്യവാങ്മൂലമാണ് നൽകേണ്ടത്. ആധാർനമ്പർ, ഫോൺ നമ്പർ എന്നിവയും രേഖപ്പെടുത്തണം.

സത്യവാങ്മൂലത്തിൻെറ മാതൃക പഞ്ചായത്തുകൾ അച്ചടിച്ച് ഗുണഭോക്താവിൽനിന്ന് ഒപ്പിടുവിച്ച് വാങ്ങിക്കുകയാണ് ചെയ്യുക. വിവരശേഖരണത്തിനും ഡേറ്റാഎൻട്രി നടത്തുന്നതിനും കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്താനും അനുവാദമുണ്ട്.

നേരത്തെ സത്യവാങ്മൂലത്തിൻെറ മാതൃക അച്ചടിച്ച് വിതരണംചെയ്ത പഞ്ചായത്തുകൾ വെട്ടിലായി. കഴിഞ്ഞ 16ന് പുതുക്കിയ മാതൃകപ്രകാരം ഗുണഭോക്താവിന് ഇ. മണിയോർഡറായും പെൻഷൻസ്വീകരിക്കാൻ അനുവാദമുണ്ട്. നേരത്തെ നൽകിയ മാതൃകയിൽ പെൻഷൻ കൈപ്പറ്റുന്നവിധം തിരഞ്ഞെടുക്കാൻ സൂചനയില്ലായിരുന്നു.

പ്രാഥമിക കർഷകസംഘങ്ങൾ, ജില്ലാ സഹകരണബാങ്കുകൾ, മറ്റ് സഹകരണസ്ഥാപനങ്ങൾ എന്നിവ മുഖേന പെൻഷൻ ഗുണഭോക്താക്കൾക്ക് വീടുകളിൽ എത്തിക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിലൂടെയും പോസ്റ്റൽ സേവിങ്സ് അക്കൗണ്ടിലൂടെയും പെൻഷൻവാങ്ങാനും സൗകര്യമുണ്ട്.

## ശരീഅത്ത് സംരക്ഷണം വിശ്വാസികളുടെ കടമ -ഹൈദരാലി ശിഹാബ് തങ്ങൾ

**തേഞ്ഞിപ്പലം:** ശരീ അത്ത് സംരക്ഷിക്കപ്പെടുകയെന്നത് ഓരോ വിശ്വാസിയുടെയും കടമയാണെന്ന് പാണക്കാട് ഹൈദരാലി ശിഹാബ് തങ്ങൾ പറഞ്ഞു.

സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡിൻെറ 65-മത് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



പി.കെ.പി. അബ്ദുസ്സലാം മുസ്‌ലിയാർ, കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ

ഏക സിവിൽകോഡ് കൊണ്ടുവരികയെന്നാൽ രാജ്യത്തെ നാശത്തിലേക്ക് നയിക്കുകയെന്നാണ്. കേരള മുസ്‌ലിംങ്ങൾക്ക് ദിശാബോധംനല്കിയ പ്രസ്ഥാനമായ സമസ്തയെ തകർക്കാൻ ശ്രമിക്കുന്നവർ ആത്മീയനേതൃത്വത്തെ ഇല്ലായ്മചെയ്യാനാണ് ശ്രമിക്കുന്നത്. അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ബോർഡ് പ്രസിഡൻറ് പി.കെ.പി. അബ്ദുസലാം മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു. ജനറൽ സെക്രട്ടറി കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ പ്രസംഗിച്ചു.

ഭാരവാഹികളായി പി.കെ.പി. അബ്ദുസ്സലാം മുസ്‌ലിയാർ (പ്രസി.), കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ (ജന. സെക്ര.), പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ (ഖജാ.) എന്നിവരെ തിരഞ്ഞെടുത്തു.

# പാർട്ടിയിൽ ചെറുപ്പക്കാർക്ക് 30 ശതമാനം പ്രാതിനിധ്യത്തിന് സി.പി.എം.

**തിരുവനന്തപുരം:** പാർട്ടിയുടെ മൊത്തം അംഗത്വത്തിൽ യുവാക്കളുടെ പ്രാതിനിധ്യം ഗണ്യമായി ഉയർത്താൻ സി.പി.എം. തീരുമാനം. 30 വയസ്സിൽതാഴെ പ്രായമുള്ളവരുടെ അംഗത്വം 30 ശതമാനമാക്കാനാണ് സംസ്ഥാനസമിതി തീരുമാനം. അംഗത്വത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം 25 ശതമാനത്തിലെത്തിക്കും.

നിലവിൽ 25 ശതമാനം സ്ത്രീപ്രാതിനിധ്യമുള്ള കണ്ണൂർ, കാസർകോട് ജില്ലകളിൽ അത് 30 ശതമാനത്തിലെത്തിക്കുമെന്നും സംസ്ഥാനസമിതി തീരുമാനങ്ങൾ പത്രസമ്മേളനത്തിൽ വിശദീകരിച്ച സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ആർ.എസ്.എസ്. നേതൃത്വത്തിൽ ഹൈന്ദവ വർഗീയവാദം ഒരുവശത്തും ഐ.എസ്. നേതൃത്വത്തിൽ ഇസ്‌ലാമിക മൗലികവാദം മറുവശത്തും ശക്തമാകുകയാണ്. ഇതിനെതിരെ മതനിരപേക്ഷശക്തികളെ ഒരുമിപ്പിച്ച് പ്രചാരണം നടത്തും. ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തിയാണ് വർഗീയപ്രചാരണം. അതിനുതടയിടാൻ വിശ്വാസികളെ കൂടെനിർത്തിയുള്ള പ്രവർത്തനമാവും പാർട്ടി നടത്തുക.

പാർട്ടിയുടെ വർഗബഹുജന സംഘടനകളെ ശക്തിപ്പെടുത്താനുള്ള നിർദേശങ്ങളും സംസ്ഥാനകമ്മിറ്റി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനകമ്മിറ്റി നിർദേശങ്ങൾ കീഴ്ഘടകങ്ങളിൽ നടപ്പാക്കുന്നതിൻെറ ഭാഗമായി ജനുവരിയിൽ രണ്ടുദിവസമായി ജില്ലാകമ്മിറ്റികൾ ചേരുമെന്നും കോടിയേരി അറിയിച്ചു.

### സഹകരണപ്രതിസന്ധി: ആഗ്രഹിക്കുന്നത് യോജിച്ചുള്ള പ്രക്ഷോഭം

സഹകരണമേഖലയെ തകർക്കാനുള്ള കേന്ദ്രനീക്കത്തിനെതിരെ എല്ലാവരെയും യോജിപ്പിച്ചുള്ള പ്രക്ഷോഭമാണ് സി.പി.എം. ആഗ്രഹിക്കുന്നതെന്ന് കോടിയേരി ബാലകൃഷ്ണൻ. രാഷ്ട്രീയാഭിപ്രായം പറഞ്ഞ് ആരെയും മാറ്റിനിർത്തില്ല. സർവകക്ഷിയോഗത്തിൽ എല്ലാവർക്കും യോജിക്കാവുന്ന കർമപദ്ധതി ആലോചിക്കും.

ഇപ്പോഴത്തെ സാഹചര്യം മുതലെടുത്ത് നിക്ഷേപകരിൽ പരിഭ്രാന്തി പടർത്താനാണ് ആർ.എസ്.എസ്. ശ്രമം. സഹകരണമേഖലയിലെ നിക്ഷേപം സ്വകാര്യ, കോർപ്പറേറ്റ് ബാങ്കുകളിലേക്ക് ഊറ്റിയെടുക്കാനാണ് നീക്കമെന്നും അദ്ദേഹം ആരോപിച്ചു.

### പിരപ്പൻകോടിന് താക്കീത്, പൂഞ്ഞാറിൽ രണ്ടുപേർക്ക് തരംതാഴ്ത്തൽ

**തിരുവനന്തപുരം:** നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർഥികൾ മൂന്നാംസ്ഥാനത്തേക്കു പോയ വട്ടിയൂർക്കാവ്, പൂഞ്ഞാർ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പു ചുമതലക്കാർക്കെതിരെ സി.പി.എം. നടപടി.

വട്ടിയൂർക്കാവ് മണ്ഡലത്തിലെ ചുമതലക്കാരൻ സംസ്ഥാനസമിതിയംഗം പിരപ്പൻകോട് മുരളി, തിരഞ്ഞെടുപ്പ് കമ്മിറ്റി സെക്രട്ടറി ബി.എസ്. രാജീവ് എന്നിവരെ പാർട്ടിക്കുള്ളിൽ താക്കീതുചെയ്യും. തിരുവനന്തപുരം ജില്ലയുടെ മുഴുവൻ ചുമതലയുണ്ടായിരുന്ന മുൻമന്ത്രി എം. വിജയകുമാർ കൂടുതൽ ജാഗ്രത പുലർത്തണമായിരുന്നുവെന്ന് സംസ്ഥാനസമിതി വിലയിരുത്തി. സി.പി.എം. തിരുവനന്തപുരം മുൻ ജില്ലാസെക്രട്ടറിയും മുൻ എം.എൽ.എ.യുമാണ് പിരപ്പൻകോട് മുരളി. പഞ്ഞാർ മണ്ഡലത്തിലെ ചുമതലക്കാരായിരുന്ന കോട്ടയം ജില്ലാസെക്രട്ടേറിയറ്റ് അംഗം വി.പി. ഇബ്രാഹിമിനെ ജില്ലാ സെക്രട്ടേറിയറ്റിൽനിന്നും വി.എൻ. ശശിധരനെ ജില്ലാക്കമ്മിറ്റിയിൽനിന്നും ഒഴിവാക്കും.

സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.ജെ. തോമസാണ് വട്ടിയൂർക്കാവിലെ തോൽവിസംബന്ധിച്ച് സംസ്ഥാനസമിതിക്ക് റിപ്പോർട്ട് നൽകിയത്. സംസ്ഥാന സെക്രട്ടേറിയറ്റംഗം ബേബി ജോണായിരുന്നു പൂഞ്ഞാറിലെ അന്വേഷണക്കമ്മിഷൻ.

## ഗോപിനാഥിനെതിരെയുള്ള ആക്രമണം പ്രത്യേക സംഘം അന്വേഷിക്കും

**കൊച്ചി:** സി.ഐ.ടി.യു. ജില്ലാ പ്രസിഡൻറ് കെ.എൻ. ഗോപിനാഥിനെതിരെയുള്ള വധശ്രമം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കും. കേസിൽ പോലീസ് അന്വേഷണം ശരിയായ ദിശയിലല്ലെന്ന് കാട്ടി ഗോപിനാഥിൻെറ മക്കൾ മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം സമർപ്പിച്ചിരുന്നു.

കേസന്വേഷണത്തിലെ അതൃപ്തി ജില്ലയിലെ സി.ഐ.ടി.യു. നേതൃത്വവും പരസ്യമായി രേഖപ്പെടുത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി ഇടപെടുകയായിരുന്നു. ഡി.ജി.പി. ലോക്നാഥ് ബെഹ്റയോട് അന്വേഷണ പുരോഗതി വിലയിരുത്തണമെന്നും ഗോപിനാഥിൻേറയും കുടുംബത്തിൻേറയും പരാതി കേൾക്കണമെന്നും മുഖ്യമന്ത്രി നിർദേശിക്കുകയും ചെയ്തു.

അതിൻെറ അടിസ്ഥാനത്തിൽ കൊച്ചിയിലെത്തിയ ഡി.ജി.പി., ഗോപിനാഥിനേയും മകളേയും നേരിൽ കണ്ട് പരാതി കേട്ടു.

## ബിനാമി അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചാൽ ഏഴുവർഷം വരെ തടവ്

**ന്യൂഡൽഹി:** കണക്കിൽപ്പെടാത്ത പഴയ നോട്ട് മറ്റൊരാളുടെ (ബിനാമി) ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ കുടുങ്ങും. ഈ മാസമാദ്യം പൂർണമായും പ്രാബല്യത്തിൽവന്ന ബിനാമി ഇടപാട് നിയമപ്രകാരം ഏഴുവർഷംവരെ തടവ് ലഭിക്കാവുന്ന കുറ്റമാണിത്. കൂടാതെ പിഴയുമുണ്ട്.

പഴയ നോട്ടുകൾ മാറ്റി നൽകാമെന്ന പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ഇത്തരം ഇടപാടുകൾ നടക്കുന്നതായി ആദായനികുതി വകുപ്പിൻെറ ശ്രദ്ധയിൽപ്പെട്ടിരുന്നു. നോട്ട് അസാധുവാക്കിയതിനുശേഷം വിവിധ സംസ്ഥാനങ്ങളിൽനിന്ന് 50 കോടി രൂപയോളം ആദായനികുതിവകുപ്പ് പിടിച്ചെടുക്കുകയുമുണ്ടായി.

1988ലെ ബിനാമി പ്രോപ്പർട്ടി ഇടപാട് നിയമം നിയ ആസ്തികൾക്കെതിരെ പ്രയോഗിക്കാമെന്ന നിയമമാണ് ഈ നവംബറിൽ നിലവിൽ വന്നത്. അക്കൗണ്ട് ഉടമയെ ബിനാമിയായും പണത്തിൻെറ ഉടമസ്ഥനായ വ്യക്തിയെ നിക്ഷേപകനായുമാണ് നിയമപ്രകാരം കണക്കാക്കുന്നത്.

ഇതുപ്രകാരം നിക്ഷേപിച്ച വ്യക്തിയും ബിനാമിയും സ്വത്ത് കണ്ടുകെട്ടലിനും വിചാരണയ്ക്കും വിധേയരാകേണ്ടിവരും. കള്ളപ്പണം വെളുപ്പിക്കുന്നതിനോ മറയ്ക്കുന്നതിനോ ആയി ഇത്തരത്തിലുള്ള ഇടപാടുകൾ നിരവധി നടക്കുന്നുണ്ടെന്നും ഇവർക്ക് ബിനാമി നിയമപ്രകാരം നോട്ടീസയച്ചതായും ഔദ്യോഗികവൃത്തങ്ങൾ പറഞ്ഞു. പ്രാഥമികമായി രണ്ടരലക്ഷത്തിലധികം വരുന്ന നിക്ഷേപങ്ങളാണ് പരിശോധിക്കുക. പക്ഷേ, ബാങ്കിൽനിന്നോ സാമ്പത്തിക രഹസ്യാന്വേഷണ വിഭാഗത്തിൽനിന്നോ സംശയകരമായ റിപ്പോർട്ട് ലഭിച്ചാൽ ഇതിൽ താഴെവരുന്ന നിക്ഷേപങ്ങളും അന്വേഷണവിധേയമാകും.

## കർഷകപെൻഷനുകൾ കുറയ്ക്കുന്നു; ഒഴിവാക്കേണ്ടവരുടെ എണ്ണം അറിയിക്കാൻ ഉത്തരവ്

കെ.കെ. ശ്രീരാജ്

**കർഷക പെൻഷനുകളുടെ എണ്ണം ക്രമാതീതമായി വർധിച്ചതിൻെറ അടിസ്ഥാനത്തിലാണ് നിയന്ത്രണം**

**തൃശ്ശൂർ:** കർഷകപെൻഷനുകളുടെ എണ്ണം കുറയ്ക്കാൻ സർക്കാർ നീക്കംതുടങ്ങി. ഒഴിവാക്കാവുന്ന പെൻഷനുകളുടെ എണ്ണവും സാമ്പത്തികബാധ്യതയും സംബന്ധിച്ച റിപ്പോർട്ട് സർക്കാർ അധികൃതരിൽനിന്ന് ആവശ്യപ്പെട്ടു. അനർഹരെ ഒഴിവാക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശവും പുറത്തിറക്കിയിട്ടുണ്ട്.കർഷക പെൻഷനുകളുടെ എണ്ണം ക്രമാതീതമായി വർധിച്ചതിൻെറ അടിസ്ഥാനത്തിലാണ് ഈ നിയന്ത്രണം.

ഒരു ജില്ലയിൽമാത്രം മുപ്പതിനായിരത്തിലധികംപേർ ഈ പെൻഷൻ വാങ്ങുന്നുണ്ട്.ആദ്യഘട്ടത്തിൽ ആയിരത്തി അഞ്ഞൂറുപേർ മാത്രമാണുണ്ടായിരുന്നത്. മറ്റുക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും സർക്കാർ ജോലികളിൽനിന്ന് വിരമിച്ചവർക്കും കർഷകപെൻഷൻ ലഭിക്കുന്നുണ്ടെന്നാണ് അറിവ്.

പുതിയ നിർദ്ദേശങ്ങൾ അനുസരിച്ച് ഭാര്യക്കോ ഭർത്താവിനോ ഒരാൾക്ക് മാത്രമേ കർഷകപെൻഷന് അർഹതയുണ്ടാകൂ. വാർഷിക വരുമാനം ഒന്നരലക്ഷത്തിൽ കൂടുതലുള്ളവർക്ക് പെൻഷൻ ലഭിക്കില്ല. പത്തുസെൻററിൽകൂടുതൽ സ്ഥലം കൈവശമുള്ള അറുപതുവയസ്സുകഴിഞ്ഞവർക്കു മാത്രമാണ് പെൻഷന് അർഹത. 10 വർഷമായി സ്വന്തം പഞ്ചായത്തിൽ കൃഷിചെയ്ത് ജീവിക്കുന്നവരായിരിക്കണം.

വിദേശത്തുനിന്ന് മടങ്ങിയെത്തിയവർക്കും 10 വർഷം കൃഷിയിൽ ഏർപ്പെട്ടാൽ മാത്രമേ പെൻഷന് അർഹതയുണ്ടാവൂ. ഇതുതന്നെ നിബന്ധനകൾക്ക് വിധേയമാണെന്നും ഉത്തരവിൽ പറയുന്നു. അപേക്ഷിക്കുന്ന എല്ലാവരും കർഷക രജിസ്ട്രേഷൻ എടുക്കണം. ആധാർകാർഡ് വിവരങ്ങൾ നൽകുകയും വേണം.

## ഛത്തീസ്ഗഢിൽ ചരക്കുതീവണ്ടി പാളം തെറ്റി; ആളപായമില്ല

**റായ്പുർ:** കാൻപുരിലെ തീവണ്ടിയപകടത്തിനു പുറകെ ഛത്തീസ്ഗഢിലെ റായ്പുരിൽ ചരക്കുതീവണ്ടിയുടെ 14 ബോഗികൾ ഞായറാഴ്ച പാളം തെറ്റി. ആളപായമോ പരിക്കുകളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

അപകടം ഹൗറാ-മുംബൈ റൂട്ടിലെ റെയിൽഗതാഗതം ഏറെനേരം സ്തംഭിക്കാൻ കാരണമായി. ഇതേത്തുടർന്ന് ആറിലധികം തീവണ്ടികളാണ് റദ്ദാക്കിയത്. റായ്പുരിൽനിന്ന് ബിലാസ്പുരിലേക്ക് പോകുകയായിരുന്ന തീവണ്ടിയാണ് അപകടത്തിൽപ്പെട്ടത്.

സിൽയാരി-മാന്ദാർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലായിരുന്നു അപകടം. വൈകാതെ തീവണ്ടിഗതാഗതം പുനഃസ്ഥാപിക്കുമെന്ന് അധികൃതർ അറിയിച്ചു.


കേരള സംസ്ഥാന ഭാഗ്യക്കുറി

www.kerala.gov.in www.keralalotteries.com

ഭാഗ്യനിധി BN-263 നറുക്കെടുപ്പ് ഫലം 20.11.2016

ഒന്നാം സമ്മാനം 65 ലക്ഷം രൂപ BY 725070 (കാസർകോട്)

സമാശ്വാസ സമ്മാനം 10,000 രൂപ

BM 725070 BO 725070 BP 725070 BS 725070 BT 725070 BU 725070 BW 725070 BX 725070 BZ 725070

2-ാം സമ്മാനം 5 ലക്ഷം രൂപ BM 850791 (ഇടുക്കി)

3-ാം സമ്മാനം 10000 രൂപ

43436

4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1225 | 2940 | 3457 | 4094 | 5716 | 6718 | 6776 | 6893 | 8537 | 9170 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0995 | 3791 | 4317 | 4812 | 5345 | 5881 | 6366 | 6407 | 7803 | 9775 |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0061 | 1074 | 2006 | 2456 | 2576 | 2666 | 3106 | 3281 | 3739 | 4235 |
| 4601 | 5306 | 5775 | 5912 | 6140 | 6194 | 6250 | 6401 | 6707 | 7755 |
| 7774 | 8149 | 8263 | 8721 | 9805 | 9941 | | | | |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0005 | 0018 | 0813 | 0955 | 1627 | 1756 | 1778 | 1828 | 2021 | 2179 | 2300 | 3291 |
| 3341 | 3496 | 4298 | 4349 | 4403 | 4415 | 4535 | 5117 | 5245 | 5290 | 5315 | 5513 |
| 5549 | 5587 | 5759 | 6193 | 6372 | 6755 | 6831 | 7419 | 7700 | 7779 | 7782 | 8331 |
| 8603 | 8763 | 9300 | 9399 | 9657 | 9767 | | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0136 | 0236 | 0319 | 0401 | 0845 | 1173 | 1339 | 1410 | 1462 |
| 1505 | 1672 | 1685 | 2025 | 2064 | 2073 | 2256 | 2415 | 3084 | 3395 |
| 3498 | 3539 | 3636 | 3841 | 3891 | 3953 | 4109 | 4142 | 4214 | 4258 |
| 4318 | 4668 | 4733 | 4809 | 5000 | 5030 | 5058 | 5374 | 5659 | 5906 |
| 5990 | 6163 | 6182 | 6215 | 6254 | 6335 | 6437 | 6609 | 6701 | 6739 |
| 6790 | 7138 | 7206 | 7253 | 7292 | 7307 | 7393 | 7596 | 7736 | 7862 |
| 7936 | 8072 | 8563 | 8817 | 9364 | 9581 | 9712 | 9764 | 9936 | 9981 |

അടുത്ത ഭാഗ്യനിധി നറുക്കെടുപ്പ് 26.11.2016



എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന

പ്രഥമ ന്യായാധികാരപരിധി

കമ്പനി പെറ്റിഷൻ നം. 2016-ൽ 34

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്: മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള. **പരാതിക്കാരൻ**

**പെറ്റീഷൻെറ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റീഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റീഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റിഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിൻെറ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിൻെറ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
അശ്വിൻ ഗോപകുമാർ,
കോട്ടക്കനാൽ ജങ്ഷൻ,
ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.
കൗൺസൽ ഫോർ ദി പെറ്റീഷണർ

തിയ്യതി: നവംബർ 7 2016



മാതൃഭൂമി തൊഴിൽവാർത്ത

നേവി വിളിക്കുന്നു
സീനിയർ സെക്കൻഡറി റിക്രൂട്ട്
ആർട്ടിഫൈസർ അപ്രൻറിസ് • സ്പോർട്സ് ക്വാട്ട
IDBI ബാങ്കിൽ 500 എക്സിക്യൂട്ടീവ്
ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി
• നാഷനൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം
• റെയിൽവേയിൽ സ്പോർട്സ് ക്വാട്ട
• ചെന്നൈ മെട്രോയിൽ എഞ്ചിനീയർ
• കോസ്റ്റ് ഗാർഡിൽ ഓഫീസർ
• ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്
Orientation: LDC Pre Lessons
• UP School Asst.
Solved Papers: • KTET-II
• Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overeseer/
II Grade Draftsman- Statewide
സൗജന്യം ഹരിശ്രീ



ഇ1-7377/16 തീയതി: 19.11.2016
കൂത്തുപറമ്പ് നഗരസഭ
പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം
കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്ടമാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തീയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തീയതി: 14.12.2016 10 മണി.
(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246



നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം ₹4 കോടി
ടിക്കറ്റ് വില ₹150

# കർഷകപെൻഷനുകൾ കുറയ്ക്കുന്നു; ഒഴിവാക്കേണ്ടവരുടെ എണ്ണം അറിയിക്കാൻ ഉത്തരവ്

കെ.കെ. ശ്രീരാജ്

**തൃശ്ശൂർ:** കർഷകപെൻഷനുകളുടെ എണ്ണം കുറയ്ക്കാൻ സർക്കാർ നീക്കംതുടങ്ങി. ഒഴിവാക്കാവുന്ന പെൻഷനുകളുടെ എണ്ണവും സാമ്പത്തികബാധ്യതയും സംബന്ധിച്ച റിപ്പോർട്ട് സർക്കാർ അധികൃതരിൽനിന്ന് ആവശ്യപ്പെട്ടു. അനർഹരെ ഒഴിവാക്കുന്നതിനുള്ള പ്രത്യേക മാർഗനിർദ്ദേശവും പുറത്തിറക്കിയിട്ടുണ്ട്. കർഷക പെൻഷനുകളുടെ എണ്ണം ക്രമാതീതമായി വർധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയന്ത്രണം.

ഒരു ജില്ലയിൽമാത്രം മുപ്പതിനായിരത്തിലധികംപേർ ഈ പെൻഷൻ വാങ്ങുന്നുണ്ട്.ആദ്യഘട്ടത്തിൽ ആയിരത്തി അഞ്ഞൂറുപേർ മാത്രമാണുണ്ടായിരുന്നത്. മറ്റുക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും സർക്കാർ ജോലികളിൽനിന്ന് വിരമിച്ചവർക്കും കർഷക പെൻഷൻ ലഭിക്കുന്നുണ്ടെന്നാണ് അറിവ്.

പുതിയ നിർദ്ദേശങ്ങൾ അനുസരിച്ച് ഭാര്യക്കോ ഭർത്താവിനോ ഒരാൾക്ക് മാത്രമേ കർഷകപെൻഷന് അർഹതയുണ്ടാകൂ. വാർഷിക വരുമാനം ഒന്നരലക്ഷത്തിൽ കൂടുതലുള്ളവർക്ക് പെൻഷൻ ലഭിക്കില്ല. പത്തുസെന്റിൽകൂടുതൽ സ്ഥലം കൈവശമുള്ള അറുപതുവയസ്സുകഴിഞ്ഞവർക്കു മാത്രമാണ് പെൻഷന് അർഹത. 10 വർഷമായി സ്വന്തം പഞ്ചായത്തിൽ കൃഷിചെയ്ത് ജീവിക്കുന്നവരായിരിക്കണം.

വിദേശത്തുനിന്ന് മടങ്ങിയെത്തിയവർക്കും 10 വർഷം കൃഷിയിൽ ഏർപ്പെട്ടാൽ മാത്രമേ പെൻഷന് അർഹതയുണ്ടാവൂ.

ഇതുതന്നെ നിബന്ധനകൾക്ക് വിധേയമാണെന്നും ഉത്തരവിൽ പറയുന്നു. അപേക്ഷിക്കുന്ന എല്ലാവരും കർഷക രജിസ്ട്രേഷൻ എടുക്കണം. ആധാർകാർഡ് വിവരങ്ങൾ നൽകുകയും വേണം.

# സ്കൂൾമേളകൾക്ക് സർക്കാരിന്റെ നാലുകോടി

കെ. ഷാജി

**ഹരിപ്പാട്:** റവന്യൂ ജില്ലാ സ്കൂൾ മേളകളുടെ നടത്തിപ്പിന് സർക്കാർ നാലുകോടിരൂപ അനുവദിച്ചു. ആദ്യമായാണ് സ്കൂൾമേളകൾക്ക് സർക്കാർഫണ്ട് അനുവദിക്കുന്നത്. ജില്ലാതലങ്ങളിലെ ശാസ്ത്ര-കായിക മേളകൾക്കും കലോത്സവത്തിനുമാണ് ഇത് വിനിയോഗിക്കുക. ഓരോ ജില്ലകളിലെയും ഉപജില്ലകളുടെ എണ്ണത്തിന് ആനുപാതികമായി തുക വീതിച്ചുനൽകും.

കുട്ടികളിൽനിന്നും പണംപിരിച്ച് മേള നടത്തുകയായിരുന്നു പതിവ്. എന്നാൽ, എട്ടാംക്ലാസ് വരെയുള്ള കുട്ടികളിൽനിന്ന് പിരിവുപാടില്ലെന്ന് ബാലാവകാശ കമ്മിഷന്റെ ഉത്തരവുണ്ട്. കറൻസിപ്രതിസന്ധി വേറെ. മേള നടത്തിപ്പ് ജില്ലാ വിദ്യാഭ്യാസഓഫീസർമാർക്ക് വലിയ ബാധ്യതയാകുന്നുണ്ടെന്ന് 'മാതൃഭൂമി' റിപ്പോർട്ടുചെയ്തിരുന്നു. ഭരണാനുകൂല അധ്യാപകസംഘടനയായ കെ.എസ്.ടി.എ.യും സർക്കാരിൽ സമ്മർദംചെലുത്തി.

രക്ഷിതാക്കളിൽനിന്നും അധ്യാപകരിൽനിന്നും പിരിവുനടത്തിയാണ് ഉപജില്ലാമേളകൾ നടത്തുന്നത്. ഡി.ഡി.മാരുടെ മേൽനോട്ടത്തിൽ പൊതുപിരിവ് നടത്തി ജില്ലാമേളകളും നടത്തിയിരുന്നു. ഇത്തവണ ഇതിനുകഴിയാതെ വന്നതോടെ ഒമ്പതുമുതൽ പ്ലസ് ടു വരെയുള്ള കുട്ടികളിൽനിന്നും കൂടുതൽതുക പിരിക്കാൻ നിർദേശിച്ചിരുന്നു. മിക്ക ജില്ലകളിലും പിരിവും പൂർത്തിയായി. ഇതിനുശേഷമാണ് സർക്കാർ ഫണ്ടനുവദിക്കുന്നത്.

ഹയർസെക്കൻഡറി കുട്ടികളിൽനിന്ന് ഫീസിനൊപ്പം മേളകൾക്കായി നിശ്ചിതതുക വാങ്ങാറുണ്ട്. ഇതിന്റെ വിഹിതം ഉപജില്ല മുതൽ സംസ്ഥാനതലംവരെ വീതംവെയ്ക്കും. ഹയർസെക്കൻഡറിവകുപ്പിൽനിന്നും പൊതുവിദ്യാഭ്യാസവകുപ്പ് വഴിയാണ് പണം താഴെത്തട്ടിലേക്ക് എത്തുന്നത്.

# പാർട്ടിയിൽ ചെറുപ്പക്കാർക്ക് 30 ശതമാനം പ്രാതിനിധ്യത്തിന് സി.പി.എം.

**തിരുവനന്തപുരം:** പാർട്ടിയുടെ മൊത്തം അംഗത്വത്തിൽ യുവാക്കളുടെ പ്രാതിനിധ്യം ഗണ്യമായി ഉയർത്താൻ സി.പി.എം. തീരുമാനം. 30 വയസ്സിൽതാഴെ പ്രായമുള്ളവരുടെ അംഗത്വം 30 ശതമാനമാക്കാനാണ് സംസ്ഥാനസമിതി തീരുമാനം. അംഗത്വത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം 25 ശതമാനത്തിലെത്തിക്കും.

നിലവിൽ 25 ശതമാനം സ്ത്രീപ്രാതിനിധ്യമുള്ള കണ്ണൂർ, കാസർകോട് ജില്ലകളിൽ അത് 30 ശതമാനത്തിലെത്തിക്കുമെന്നും സംസ്ഥാനസമിതി തീരുമാനങ്ങൾ പത്രസമ്മേളനത്തിൽ വിശദീകരിച്ച സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ആർ.എസ്.എസ്. നേതൃത്വത്തിൽ ഹൈന്ദവ വർഗീയവാദം ഒരുവശത്തും ഐ.എസ്. നേതൃത്വത്തിൽ ഇസ്ലാമിക മൗലികവാദം മറുവശത്തും ശക്തമാകുകയാണ്. ഇതിനെതിരെ മതനിരപേക്ഷ ശക്തികളെ ഒരുമിപ്പിച്ച് പ്രചാരണം നടത്തും.

ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തിയാണ് വർഗീയപ്രചാരണം. അതിനു തടയിടാൻ വിശ്വാസികളെ കൂടെനിർത്തിയുള്ള പ്രവർത്തനമാവും പാർട്ടി നടത്തുക.

പാർട്ടിയുടെ വർഗബഹുജന സംഘടനകളെ ശക്തിപ്പെടുത്താനുള്ള നിർദേശങ്ങളും സംസ്ഥാനകമ്മിറ്റി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനകമ്മിറ്റി നിർദേശങ്ങൾ കീഴ്ഘടകങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ജനുവരിയിൽ രണ്ടുദിവസമായി ജില്ലാകമ്മിറ്റികൾ ചേരുമെന്നും കോടിയേരി അറിയിച്ചു.

## സഹകരണപ്രതിസന്ധി: ആഗ്രഹിക്കുന്നത് യോജിച്ചുള്ള പ്രക്ഷോഭം

**തിരുവനന്തപുരം:** സഹകരണമേഖലയെ തകർക്കാനുള്ള കേന്ദ്രനീക്കത്തിനെതിരെ എല്ലാവരെയും യോജിപ്പിച്ചുള്ള പ്രക്ഷോഭമാണ് സി.പി.എം. ആഗ്രഹിക്കുന്നതെന്ന് കോടിയേരി ബാലകൃഷ്ണൻ. രാഷ്ട്രീയാഭിപ്രായം പറഞ്ഞ് ആരെയും മാറ്റിനിർത്തില്ല. സർവകക്ഷിയോഗത്തിൽ എല്ലാവർക്കും യോജിക്കാവുന്ന കർമപദ്ധതി ആലോചിക്കും.

ഇപ്പോഴത്തെ സാഹചര്യം മുതലെടുത്ത് നിക്ഷേപകരിൽ പരിഭ്രാന്തി പടർത്താനാണ് ആർ.എസ്.എസ്. ശ്രമം. സഹകരണമേഖലയിലെ നിക്ഷേപം സ്വകാര്യ, കോർപ്പറേറ്റ് ബാങ്കുകളിലേക്ക് ഊറ്റിയെടുക്കാനാണ് നീക്കമെന്നും അദ്ദേഹം ആരോപിച്ചു.

# പിരപ്പൻകോടിന് താക്കീത്, പൂഞ്ഞാറിൽ രണ്ടുപേർക്ക് തരംതാഴ്ത്തൽ

## വട്ടിയൂർക്കാവ്, പൂഞ്ഞാർ തോൽവി

**തിരുവനന്തപുരം:** നിയമസഭാതിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർഥികൾ മൂന്നാംസ്ഥാനത്തേക്കുപോയ വട്ടിയൂർക്കാവ്, പൂഞ്ഞാർ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പു ചുമതലക്കാർക്കെതിരെ സി.പി.എം. നടപടി.

വട്ടിയൂർക്കാവ് മണ്ഡലത്തിലെ ചുമതലക്കാരൻ സംസ്ഥാനസമിതിയംഗം പിരപ്പൻകോട് മുരളി, തിരഞ്ഞെടുപ്പ് കമ്മിറ്റി സെക്രട്ടറി ബി.എസ്. രാജീവ് എന്നിവരെ പാർട്ടിക്കുള്ളിൽ താക്കീതുചെയ്യും. തിരുവനന്തപുരം ജില്ലയുടെ മുഴുവൻ ചുമതലയുണ്ടായിരുന്ന മുൻമന്ത്രി എം. വിജയകുമാർ കൂടുതൽ ജാഗ്രത പുലർത്തണമായിരുന്നുവെന്ന് സംസ്ഥാനസമിതി വിലയിരുത്തി. സി.പി.എം. തിരുവനന്തപുരം മുൻ ജില്ലാസെക്രട്ടറിയും മുൻ എം.എൽ.എ.യുമാണ് പിരപ്പൻകോട് മുരളി.

പൂഞ്ഞാർ മണ്ഡലത്തിലെ ചുമതലക്കാരായിരുന്ന കോട്ടയം ജില്ലാസെക്രട്ടേറിയറ്റ് അംഗം വി.പി. ഇബ്രാഹിമിനെ ജില്ലാ സെക്രട്ടേറിയറ്റിൽനിന്നും വി.എൻ. ശശിധരനെ ജില്ലാക്കമ്മിറ്റിയിൽനിന്നും ഒഴിവാക്കും.

സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.ജെ. തോമസാണ് വട്ടിയൂർക്കാവിലെ തോൽവിസംബന്ധിച്ച് സംസ്ഥാനസമിതിക്ക് റിപ്പോർട്ട് നൽകിയത്. സംസ്ഥാന സെക്രട്ടേറിയറ്റംഗം ബേബി ജോണായിരുന്നു പൂഞ്ഞാറിലെ അന്വേഷണക്കമ്മിഷൻ.

# വ്യാജലോട്ടറി: അന്വേഷണം ശക്തമാക്കുമെന്ന് ഡി.ജി.പി.

**തിരുവനന്തപുരം:** സംസ്ഥാനത്ത് വ്യാജലോട്ടറി അച്ചടിക്കുന്നുവെന്ന ക്രൈംബ്രാഞ്ച് റിപ്പോർട്ടിന്മേൽ അന്വേഷണം ഊർജിതമാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ. കേസ് പാലക്കാട് ക്രൈംബ്രാഞ്ച് എസ്.പി. അന്വേഷിക്കും.

വ്യാജലോട്ടറിയുടെ അച്ചടി വിദേശത്തും നടക്കുന്നുണ്ടെന്ന് സംശയമുണ്ട്. അതുകൊണ്ട് അന്വേഷണത്തിന് ഇന്റർപോളിന്റെ സഹായം തേടും.

സംസ്ഥാനത്ത് വ്യാജലോട്ടറി വ്യാപകമാണെന്നും പിന്നിൽ വൻ മാഫിയയാണെന്നും ക്രൈംബ്രാഞ്ച് ഡി.ജി.പി.ക്കു നൽകിയ അന്വേഷണ റിപ്പോർട്ടിലുണ്ട്. ലോട്ടറി ഓഫീസുകളിൽ കെട്ടുകണക്കിന് വ്യാജലോട്ടറികൾ കണ്ടെത്തിയിരുന്നു. വ്യാജന്മാർ സർക്കാരിന്റെ സമ്മാനത്തുക തട്ടിയെടുക്കുന്നുണ്ട്.

വ്യാജലോട്ടറി അച്ചടിക്കാൻ സർക്കാർ പ്രസ്സിലെ പ്ലേറ്റുകൾ ജീവനക്കാരുടെ സഹായത്തോടെ കടത്തുന്നതായും റിപ്പോർട്ടിൽ പറയുന്നു.

# ഛത്തീസ്ഗഢിൽ ചരക്കുതീവണ്ടി പാളം തെറ്റി; ആളപായമില്ല

**റായ്പുർ:** കാൻപുരിലെ തീവണ്ടിയപകടത്തിനു പുറകെ ഛത്തീസ്ഗഢിലെ റായ്പുരിൽ ചരക്കുതീവണ്ടിയുടെ 14 ബോഗികൾ ഞായറാഴ്ച പാളം തെറ്റി. ആളപായമോ പരിക്കുകളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

അപകടം ഹൗറാ-മുംബൈ റൂട്ടിലെ റെയിൽഗതാഗതം ഏറെനേരം സ്തംഭിക്കാൻ കാരണമായി. ഇതേത്തുടർന്ന് ആറിലധികം തീവണ്ടികളാണ് റദ്ദാക്കിയത്. റായ്പുരിൽനിന്ന് ബിലാസ്പുരിലേക്ക് പോകുകയായിരുന്ന തീവണ്ടിയാണ് അപകടത്തിൽപ്പെട്ടത്. സിൽയാരി-മാന്ദാർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലായിരുന്നു അപകടം.

വൈകാതെ തീവണ്ടിഗതാഗതം പുനഃസ്ഥാപിക്കുമെന്ന് അധികൃതർ അറിയിച്ചു.



കോട്ടയ്ക്കൽ ആര്യവൈദ്യശാല കോഴിക്കോട് ശാഖയുടെ ശതവത്സരാഘോഷങ്ങളുടെ സമാപനസമ്മേളനം മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# ഔഷധസസ്യങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യണം -മന്ത്രി എ.കെ. ശശീന്ദ്രൻ

**കോഴിക്കോട്:** ഔഷധസസ്യങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാൻ ശ്രമം നടക്കണമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ. കോട്ടയ്ക്കൽ ആര്യവൈദ്യശാല കോഴിക്കോട് ശാഖയുടെ ശതവത്സരാഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആയുർവേദ റിസോർട്ടുകൾ വരികയും വിപണന-വാണിജ്യ സാധ്യതകളെക്കുറിച്ച് ചർച്ചകൾ നടക്കുകയും ചെയ്യുന്നുണ്ട്. ആയുർവേദത്തിന്റെ പരമ്പരാഗത മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ട ബാധ്യത ആയുർവേദ സ്ഥാപനങ്ങൾക്കുണ്ട്.

ആയുർവേദ സസ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് കോട്ടയ്ക്കൽ ആര്യവൈദ്യശാലയെപ്പോലെ ഔഷധത്തോട്ടങ്ങൾ ഒരുക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ഇ.കെ. വിജയൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. വിവിധ മത്സര വിജയികൾക്കുള്ള സമ്മാനദാനം എം.എൽ.എ. നിർവഹിച്ചു. ഡോ. പി. രാഘവ വാരിയർ, ആർക്കിടെക്ട് എ.കെ. പ്രശാന്ത്, കോൺട്രാക്ടർ കെ.വി. ഗോപാലൻ എന്നിവർക്ക് ഉപഹാരങ്ങൾ സമ്മാനിച്ചു. ശതാബ്ദി അനുസ്മരണ ലൈബ്രറിയുടെ താക്കോൽദാനം കോർപ്പറേഷൻ പ്രതിപക്ഷനേതാവ് പി.എം. സുരേഷ് ബാബു നിർവഹിച്ചു. കെ.എസ്. മണി, ഡോ. പി.എം. വാരിയർ എന്നിവർ സംസാരിച്ചു.



കോട്ടയ്ക്കൽ ആര്യവൈദ്യശാല കോഴിക്കോട് ശാഖയുടെ ശതവത്സരാഘോഷം ആയുർവേദ സെമിനാറിൽ ഡോ. എം.എസ്. വല്യത്താൻ സംസാരിക്കുന്നു

# ആയുർവേദവും ആധുനികശാസ്ത്രവും കൈകോർക്കണം -ഡോ. വല്യത്താൻ

**കോഴിക്കോട്:** കാലികമായ സ്വീകാര്യത ലഭിക്കാൻ ആയുർവേദവും ആധുനികശാസ്ത്രവും കൈകോർക്കണമെന്ന് ഡോ. എം.എസ്. വല്യത്താൻ. കോട്ടയ്ക്കൽ ആര്യവൈദ്യശാല കോഴിക്കോട് ശാഖയുടെ ശതവത്സരാഘോഷത്തിന്റെ ഭാഗമായുള്ള ആയുർവേദ സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ആയുർവേദസസ്യങ്ങളുടെ വർഗീകരണത്തിനും അതിന്റെ സവിശേഷതകൾ തിരിച്ചറിയുന്നതിനുമായി ഒട്ടേറെ ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഇതിനാനുപാതികമായ അളവിൽ പുതിയ മരുന്നുകൾ കണ്ടെത്താനാകുന്നില്ല.

രസായനം ശാസ്ത്രീയമായി ഉണ്ടാക്കി കൃത്യമായ അളവിൽ ഉപയോഗിക്കുന്നത് ഡി.എൻ.എ.യുടെ സ്വയംപരിഹാരശേഷി ശക്തിപ്പെടുത്തുമെന്ന് ശാസ്ത്രമാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കാലത്തിനനുസരിച്ച് ആയുർവേദത്തിന്റെ വിശ്വാസ്യത ഉറപ്പിക്കാൻ ഇത്തരം നടപടികൾ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാല മാതൃകയാണ്.

കഷായത്തിന്റെ ചേരുവകൾ പറഞ്ഞുകൊടുത്ത് വീട്ടിലുണ്ടാക്കുന്ന കാലത്ത് അലോപ്പതി മിക്സ്ചറുകളെ മാതൃകയാക്കി ആയുർവേദമരുന്നുകളുണ്ടാക്കാൻ കോട്ടയ്ക്കൽ ആര്യവൈദ്യശാലയ്ക്ക് സാധിച്ചു.

അത്തരത്തിൽ ആധുനിക ശാസ്ത്രത്തിന്റെ സങ്കേതങ്ങൾ ഉപയോഗിക്കാനും പുതിയ സാധ്യതകളിലേക്ക് വളരാനും തയ്യാറാവണമെന്നും അദ്ദേഹം പറഞ്ഞു.

ആയുർവേദസെമിനാറുകൾ ഡോ. എം.കെ. രാഘവൻ എം.പി. ഉദ്ഘാടനം ചെയ്തു. ഡോ. പി.എം. വാരിയർ, ഡോ. കെ.വി. സുരേഷ് എന്നിവർ സംസാരിച്ചു. വിവിധ സെഷനുകളിലായി ഡോ. വൈദ്യമഠം വി.എം. ഋഷികുമാരൻ നമ്പൂതിരി, ഡോ. എ.കെ. മനോജ്കുമാർ, ഡോ. പി.വൈ. അൻസാരി, ഡോ. പി.കെ. ധർമപാലൻ, ത്യാഗി സുഭാഷ്, ഡോ. എം. വിജയകുമാർ എന്നിവർ സംസാരിച്ചു. ഡോ. കെ. മുരളീധരൻ മോഡറേറ്ററായിരുന്നു.

# ദേശീയ ക്ഷീരദിനാചരണം: 25 മുതൽ 27 വരെ മിൽമ ഡെയറികൾ സന്ദർശിക്കാം

**ചിറ്റില്ലഞ്ചേരി:** ഡോ. വർഗീസ് കുര്യന്റെ ജന്മദിനമായ നവംബർ 26 ദേശീയ ക്ഷീരദിനമായി ആചരിക്കും. ഇതിന്റെ ഭാഗമായി മിൽമയുടെ സംസ്ഥാനത്തെ ഡെയറികളിൽ പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും സന്ദർശിക്കാം. 26, 27, 28 തീയതികളിലായി മിൽമയുടെ 12 ഡയറികളുടെ പ്രവർത്തനം നേരിൽക്കണ്ട് മനസ്സിലാക്കാം. ദിനാചരണഭാഗമായി മിൽമ ഉത്പന്നങ്ങൾ ഡിസ്കൗണ്ട് നിരക്കിൽ വിൽക്കും.

# നിയമസഭയുടെ പ്രത്യേക സമ്മേളനം നാളെ

**തിരുവനന്തപുരം:** നിയമസഭയുടെ പ്രത്യേക ഏകദിന സമ്മേളനം ചൊവ്വാഴ്ച നടക്കും. നോട്ടുകൾ അസാധുവാക്കിയതും സഹകരണ മേഖലയിലെ നിയന്ത്രണവും കാരണമുള്ള പ്രതിസന്ധി ചർച്ചചെയ്യാനാണ് സമ്മേളനം. രാവിലെ ഒൻപത് മുതലാണ് സമ്മേളനം.

# എരുമേലി വിമാനത്താവളം: കെ.പി.യോഹന്നാൻ നേട്ടമുണ്ടാക്കുന്നെന്ന് വി.മുരളീധരൻ

**തിരുവനന്തപുരം:** സർക്കാർ ഭൂമി സർക്കാരിനുതന്നെ വില്പന നടത്തി നേട്ടംകൊയ്യാനുള്ള ശ്രമമാണ് എരുമേലി വിമാനത്താവളത്തിനായി ഭൂമി കൈമാറുന്നതിലൂടെ കെ.പി. യോഹന്നാൻ നടത്തുന്നതെന്ന് ബി.ജെ.പി. ദേശീയ നിർവാഹകസമിതി അംഗം വി.മുരളീധരൻ.

ഇതുസംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനെഴുതിയ തുറന്ന കത്തിലാണ് മുരളീധരന്റെ ആരോപണം.

സർക്കാർഭൂമിയെന്ന് സർക്കാർതന്നെ നേരത്തെ സമ്മതിച്ചിട്ടുള്ള ഭൂമി, കെ.പി.യോഹന്നാന്റേതെന്ന നിലയിൽ ഏറ്റെടുക്കാനും വിമാനത്താവളം സ്ഥാപിക്കുമ്പോൾ അതിൽ പങ്കാളിത്തം നൽകാനുമുള്ള നീക്കം ബോധപൂർവമാണോയെന്ന് കത്തിൽ മുരളീധരൻ ചോദിക്കുന്നു.

# ഡി.സി.സി. പുനഃസംഘടന: നേതാക്കൾ ഡൽഹിക്ക്

## പുതിയ പ്രസിഡന്റുമാർ ഈയാഴ്ചയൊടുവിൽ

**തിരുവനന്തപുരം:** ഡി.സി.സി. പുനഃസംഘടന സംബന്ധിച്ച അന്തിമ ആലോചനകൾക്കായി നേതാക്കളെ ഹൈക്കമാൻഡ് ഡൽഹിക്ക് വിളിച്ചു. കെ.പി.സി.സി. പ്രസിഡന്റ് വി.എം. സുധീരൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവരുമായി വ്യാഴാഴ്ച ഹൈക്കമാൻഡ് ചർച്ച നടത്തും. ഈയാഴ്ച അവസാനത്തോടെ പുതിയ ഡി.സി.സി. പ്രസിഡന്റുമാരെ പ്രഖ്യാപിച്ചേക്കും.

പുതിയ ഡി.സി.സി. പ്രസിഡന്റുമാർക്കായി ആലോചനകൾ തുടങ്ങിയിട്ട് നാളുകളേറെയായി. സമവായത്തിലെത്താനായിരുന്നു അദ്യശ്രമം. എന്നാൽ അത് വിജയിച്ചില്ല. രാഷ്ട്രീയകാര്യ സമിതിയിലെ അംഗങ്ങൾ പ്രത്യേകം നിർദേശങ്ങൾ നൽകാനും ഹൈക്കമാൻഡ് ആവശ്യപ്പെട്ടിരുന്നു.

സമവായത്തിൽ എത്താത്തതിനെ തുടർന്ന് മൂന്നുപേരും വ്യത്യസ്ത പട്ടിക നൽകി. എ, ഐ ഗ്രൂപ്പുകളും വി.എം. സുധീരനും പ്രത്യേകം പട്ടിക നൽകി. വെവ്വേറെ പട്ടിക നൽകിയെങ്കിലും എ, ഐ ഗ്രൂപ്പുകൾ പരസ്പര ധാരണയോടെയാണ് നീങ്ങുന്നത്. ഓരോ ഗ്രൂപ്പിന്റെയും പക്കലുള്ള ജില്ലകൾ അതത് ഗ്രൂപ്പുകൾക്ക് ലഭിക്കത്തക്ക വിധത്തിലാണ് ധാരണ.

എന്നാൽ സുധീരന്റെ നിർദേശംകൂടി പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം. ഹൈക്കമാൻഡ് സ്വന്തം നിലയ്ക്കും സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. ഗ്രൂപ്പുകൾക്കതീതമായി കഴിവിന്റെ അടിസ്ഥാനത്തിലായിരിക്കും തീരുമാനമെന്നാണ് വിലയിരുത്തൽ.

# കരസേനാ മേധാവിയുടെ ചൈനാ സന്ദർശനം ഇന്നുമുതൽ

**ന്യൂഡൽഹി:** കരസേനാ മേധാവി ജനറൽ ദൽബീർസിങ് സുഹാഗ് തിങ്കളാഴ്ച മുതൽ നാലു ദിവസം ചൈനയിൽ സന്ദർശനം നടത്തും.

ഉന്നതതല സൈനികചർച്ചകൾക്കായാണ് അദ്ദേഹത്തിന്റെ സന്ദർശനം.

ചൈനയിലെ സൈനികകേന്ദ്രങ്ങൾ അദ്ദേഹം സന്ദർശിക്കും. ഇതോടൊപ്പം പീപ്പിൾസ് ലിബറേഷൻ ആർമിയുടെയും (പി.എൽ.എ.) കേന്ദ്ര മിലിട്ടറി കമ്മിഷന്റെയും (സി.എം.സി.) ഉന്നത ഉദ്യോഗസ്ഥരുമായും അദ്ദേഹം ചർച്ച നടത്തുമെന്ന് പ്രതിരോധവകുപ്പിന്റെ വാർത്താക്കുറിപ്പിൽ പറയുന്നു.

ഭീകരവാദം, സമാധാനസംരക്ഷണം തുടങ്ങി ഇരുകൂട്ടർക്കും താത്പര്യമുള്ള വിഷയങ്ങളിൽ ചർച്ച നടത്താനാണ് ഇന്ത്യ ഉദ്ദേശിക്കുന്നത്.

കേരള സംസ്ഥാന ഭാഗ്യക്കുറി
www.kerala.gov.in www.keralalotteries.com

ഭാഗ്യനിധി BN-263 നറുക്കെടുപ്പ് ഫലം 20.11.2016

ഒന്നാം സമ്മാനം 65 ലക്ഷം രൂപ BY 725070 (കാസർകോട്)

സമാശ്വാസ സമ്മാനം 10,000 രൂപ

BM 725070 BO 725070 BP 725070 BS 725070 BT 725070
BU 725070 BW 725070 BX 725070 BZ 725070

2-ാം സമ്മാനം 5 ലക്ഷം രൂപ BM 850791 (ഇടുക്കി)

3-ാം സമ്മാനം 10000 രൂപ

43436

4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1225 | 2940 | 3457 | 4094 | 5716 | 6718 | 6776 | 6893 | 8537 | 9170 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0995 | 3791 | 4317 | 4812 | 5345 | 5881 | 6366 | 6407 | 7803 | 9775 |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0061 | 1074 | 2006 | 2456 | 2576 | 2666 | 3106 | 3281 | 3739 | 4235 |
| 4601 | 5306 | 5775 | 5912 | 6140 | 6194 | 6250 | 6401 | 6707 | 7755 |
| 7774 | 8149 | 8263 | 8721 | 9805 | 9941 | | | | |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0005 | 0018 | 0813 | 0955 | 1627 | 1756 | 1778 | 1828 | 2021 | 2179 | 2300 | 3291 |
| 3341 | 3496 | 4298 | 4349 | 4403 | 4415 | 4535 | 5117 | 5245 | 5290 | 5315 | 5513 |
| 5549 | 5587 | 5759 | 6193 | 6372 | 6755 | 6831 | 7419 | 7700 | 7779 | 7782 | 8331 |
| 8603 | 8763 | 9300 | 9399 | 9657 | 9767 | | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0136 | 0236 | 0319 | 0401 | 0845 | 1173 | 1339 | 1410 | 1462 |
| 1505 | 1672 | 1685 | 2025 | 2064 | 2073 | 2256 | 2415 | 3084 | 3395 |
| 3498 | 3539 | 3636 | 3841 | 3891 | 3953 | 4109 | 4142 | 4214 | 4258 |
| 4318 | 4668 | 4733 | 4809 | 5000 | 5030 | 5058 | 5374 | 5659 | 5906 |
| 5990 | 6163 | 6182 | 6215 | 6254 | 6335 | 6437 | 6609 | 6701 | 6739 |
| 6790 | 7138 | 7206 | 7253 | 7292 | 7307 | 7393 | 7596 | 7736 | 7862 |
| 7936 | 8072 | 8563 | 8817 | 9364 | 9581 | 9712 | 9764 | 9936 | 9981 |

വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

അടുത്ത ഭാഗ്യനിധി നറുക്കെടുപ്പ് 26.11.2016

എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന
പ്രഥമ ന്യായാധികാരപരിധി
കമ്പനി പെറ്റീഷൻ നം. 2016-ൽ 34

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എന്റർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എന്റർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്: മൂന്നാം നില, അരീക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള. **പരാതിക്കാരൻ**

പെറ്റീഷന്റെ നോട്ടീസ്

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റീഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റീഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിന്റെ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിന്റെ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
അശ്വിൻ ഗോപകുമാർ,
കോട്ടക്കനാൽ ജങ്ഷൻ,
ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.
കൗൺസൽ ഫോർ ദി പെറ്റീഷണർ

തിയ്യതി: നവംബർ 7 2016

ഇ1-7377/16 തീയതി: 19.11.2016
കൂത്തുപറമ്പ് നഗരസഭ
പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം
കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടന്റുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്ട്മാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തീയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തീയതി: 14.12.2016 10 മണി.
(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246

നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം ₹ 4 കോടി
ടിക്കറ്റ് വില ₹150

# സിസ്റ്റർ അഭയയുടെ അമ്മ ലീല തോമസ് അന്തരിച്ചു



ലീല തോമസ്

**താമരക്കാട് (കോട്ടയം):** സിസ്റ്റർ അഭയയുടെ അമ്മ ലീല തോമസ് ഐക്കരക്കുന്നേൽ (68) അന്തരിച്ചു. വിവിധ രോഗങ്ങൾക്കു ചികിത്സയിലായിരുന്നു . ഞായറാഴ്ച വൈകീട്ട് മകന്റെ ഭാര്യ നോബി ലീല പള്ളിയിൽനിന്നെത്തിയപ്പോഴാണ് ലീലയെ വീട്ടിൽ അവശനിലയിൽ കണ്ടത്. വൈകീട്ട് 6.30-ഓടെ മോനിപ്പള്ളി എം.യു.എം. ആശുപത്രിയിൽ എത്തിച്ചു.

ആശുപത്രിയിൽ എത്തിയപ്പോഴേക്കും ജീവൻ നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു. അഭയയുടെ പിതാവ് തോമസ് ഐക്കരക്കുന്നേൽ കഴിഞ്ഞ ജൂലായ് 24നാണു മരിച്ചത്.

ഇവരുടെ കുടുംബം അരീക്കരയിൽ താമസിക്കുമ്പോഴാണ് സിസ്റ്റർ അഭയയുടെ മരണം.

1992 മാർച്ച് 27ന് കോട്ടയം പയസ് ടെൻത് കോൺവെന്റിലെ കിണറ്റിൽ മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു.

കേസും പ്രശ്നങ്ങളുമായതോടെ അരീക്കരയിൽനിന്നു തോമസും കുടുംബവും കുറവിലങ്ങാടിനു താമസംമാറ്റി. രണ്ടുവർഷമായി തോമസും ഭാര്യ ലീലയും ഏകമകൻ ബിജുവിനൊപ്പം താമരക്കാട്ടായിരുന്നു താമസം.

അഭയയുടെ കൊലപാതകികളെ പിടികൂടണമെന്ന ആവശ്യവുമായി തോമസാണ് നിയമയുദ്ധം നടത്തിയിരുന്നത്. അഭയയുടെ മരണവും കൊലപാതകികളെക്കുറിച്ചുള്ള അന്വേഷണത്തിലെ തൃപ്തിയില്ലായ്മയും ലീലയെ മാനസികമായി ഏറെ തളർത്തിയിരുന്നു.

രാമപുരം പോലീസിന്റെ നിർദേശപ്രകാരം മൃതദേഹം മോനിപ്പള്ളി ആശുപത്രിമോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ദുബായിയിൽ ജോലിചെയ്യുന്ന മകൻ ബിജുവിനെ വിവരമറിയിച്ചു.

ബിജു നാട്ടിലെത്താൻ ശ്രമിക്കുന്നതായി നോബി പറഞ്ഞു.

# ശബരിമല ശുചിത്വസേനയ്ക്ക് കൊക്കകോളയുടെ ടീഷർട്ട് യൂണിഫോം

**ജി.രാജേഷ്കുമാർ**

**ശബരിമല:** സന്നിധാനത്ത് ശുചീകരണത്തിൽ മാതൃകാസേവനം നടത്തുന്ന ശുചിത്വസേനയ്ക്ക് യൂണിഫോം കൊക്കകോളയുടെ പരസ്യമുള്ള ടീഷർട്ട്. വർഷങ്ങളായി ഉണ്ടായിരുന്ന യൂണിഫോമാണു മാറ്റിയത്. സന്നിധാനത്ത് ഒരുതരത്തിലുമുള്ള പരസ്യവും പാടില്ലെന്ന ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാണിത്. നിലയ്ക്കൽമുതൽ സന്നിധാനംവരെയുള്ള തീർഥാടനപാതയിലെ ശീതളപാനീയവിപണി കൈയടക്കിയ കൊക്കകോളയുടെ മറ്റൊരു അധിനിവേശമായി ഇതു മാറി. ചുവന്ന നിറമുള്ള ടീഷർട്ടിന്റെ മുന്നിൽ കൊക്കകോളയുടെ പേര് എഴുതിയിട്ടുണ്ട്. മുൻവർഷങ്ങളിലും യൂണിഫോം സ്പോൺസർചെയ്യിച്ചിരുന്നെങ്കിലും അന്നൊന്നും പേരെഴുതിവച്ചിരുന്നില്ല. മുന്നൂറോളം ടീഷർട്ടാണ് കഴിഞ്ഞദിവസം സന്നിധാനത്തെത്തിച്ചത്. ബാക്കി യൂണിഫോം അടുത്തദിവസം എത്തും.

പമ്പയിൽ ഞായറാഴ്ച എത്തിയ കളക്ടർ ആർ.ഗിരിജയുടെ മുന്നിൽ കൊക്കകോള ടീഷർട്ടിട്ട ശുചിത്വസേനാ തൊഴിലാളികൾ ചെന്നുപെട്ടിരുന്നു. ഈ യൂണിഫോം ധരിച്ചു ജോലിചെയ്യാൻ പാടില്ലെന്ന് കളക്ടർ ഇവർക്കു നിർദേശം നൽകിയിട്ടുണ്ട്.

1996-ലാണ് ശുചീകരണത്തിന് ശബരിമല സാനിട്ടേഷൻ സൊസൈറ്റി രൂപവത്കരിച്ചത്. പത്തനംതിട്ട കളക്ടർ ചെയർമാനും അടൂർ ആർ.ഡി.ഒ. സെക്രട്ടറിയുമായ ഭരണസംവിധാനമാണിതിന്. നേരിൽ കണ്ടപ്പോഴാണ് യൂണിഫോം മാറ്റിയ വിവരം കളക്ടറും അറിഞ്ഞത്.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആയിരത്തോളം ശുചീകരണത്തൊഴിലാളികളാണുള്ളത്. എല്ലാവരും തമിഴ്നാട്ടിൽനിന്നുള്ളവരാണ്. ദേവസ്വം ബോർഡും സംസ്ഥാനസർക്കാരുമാണ് സൊസൈറ്റിക്കുള്ള ഫണ്ട് നൽകുന്നത്.

ലേലവ്യവസ്ഥകളിൽ മാറ്റം വരുത്തി ശീതളപാനീയവിപണിയിൽ കുത്തകാവകാശം കൈയടക്കിയ കൊക്കകോള, സന്നിധാനത്തെ ഭരണസംവിധാനത്തിൽ ഇടപെട്ടതിന്റെ തെളിവാണ് ടീഷർട്ടിന്റെ രൂപത്തിൽ പുറത്തുവന്നത്. ശീതളപാനീയവിപണിയിലെ പുതിയ സംഭവവികാസങ്ങൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടതായാണ് വിവരം.



ശബരിമലയിലെ ശുചീകരണത്തൊഴിലാളികൾ കൊക്കകോള നൽകിയ ടീഷർട്ട് ധരിച്ച് ജോലിചെയ്യുന്നു. എസ്.എസ്.എസ്. എന്നെഴുതിയ നിലവിലെ ടീഷർട്ടാണ് ഒരാൾ ധരിച്ചിരിക്കുന്നത്

## ശബരിമലയിലെ കൊക്കകോള അധിനിവേശത്തിനെതിരെ പ്രക്ഷോഭം നടത്തും - ബി.ജെ.പി.

**ശബരിമല:** ശബരിമലയിൽ കുടിവെള്ളത്തിന്റെ മറവിൽ കൊക്കകോളയ്ക്കു ശീതളപാനീയ കുത്തകാവകാശം കൈമാറിയതിനെതിരെ പ്രക്ഷോഭം നടത്തുമെന്ന് ബി.ജെ.പി. സംസ്ഥാന സെക്രട്ടറി ബി.ഗോപാലകൃഷ്ണൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ദാഹിച്ചു വലഞ്ഞുവരുന്ന തീർഥാടകനു കോള കുടിക്കേണ്ട സാഹചര്യമൊരുക്കുകയാണ് ഇപ്പോൾ നടക്കുന്നത്. കൊക്കകോളയുടെ മറവിൽ വൻ കൊള്ളയാണ് ദേവസ്വവും സർക്കാരും നടത്തുന്നത്. കോള ആരോഗ്യത്തിനു ഹാനികരമാണെന്നത് ലോകം മുഴുവൻ അംഗീകരിച്ച വസ്തുതയാണ്. തീർഥാടകരുടെ ആരോഗ്യം സംരക്ഷിക്കേണ്ട ബാധ്യതയുള്ള അധികൃതർ, അതു നശിപ്പിക്കാനാണു കൂട്ടുനിൽക്കുന്നത്. ബഹുരാഷ്ട്ര കുത്തകയെ സംരക്ഷിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാരും സ്വീകരിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

## സന്നിധാനത്തെ അന്നദാനം 24 മണിക്കൂറും




**ശബരിമല:** മാളികപ്പുറം ക്ഷേത്രത്തിനു പടിഞ്ഞാറാണ് പുതിയ അന്നദാനമണ്ഡപം.

മാളികപ്പുറത്തു തൊഴുതുകഴിഞ്ഞാൽ ഇവിടേക്കു പോകാൻ എളുപ്പമാണ്.

24 മണിക്കൂറും അന്നദാനമുണ്ടാകും. പ്രഭാതത്തിൽ ഉപ്പുമാവും കടലയും.

ഉച്ചയ്ക്ക് ഊണ്. വൈകീട്ട് കഞ്ഞിയും പയറും. രാത്രി ഉപ്പുമാവും കടലയും. ഇങ്ങനെയാണ് ഭക്ഷണവിതരണം.

അന്നദാനം, പൂജകൾ, വഴിപാടുകൾ എന്നിവ നടത്താൻ സന്നിധാനത്തോ പമ്പയിലോ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചു. കൗണ്ടറുകളിൽ പണമടച്ച് ഇവയൊക്കെ നടത്താം.

### മാളികപ്പുറത്ത് ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| ഉച്ചപൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| ഭഗവതിസേവ | 7.00 |
| അത്താഴപൂജ | 9.30 |
| നടയടയ്ക്കൽ | 11.00 |

### ശബരിമലയിൽ ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| നിർമാല്യദർശനം | 3.05 |
| അഭിഷേകം | 3.15 |
| നെയ്യഭിഷേകം | 3.30-7.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| നെയ്യഭിഷേകം | 8.00-11.30 |
| ഉച്ചപ്പൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| പുഷ്പാഭിഷേകം | 6.45 |
| അത്താഴപൂജ | 9.30 |
| ഹരിവരാസനംപാടി നടയടയ്ക്കൽ | 11.00 |

# ശബരിമലയിൽ എഴുന്നള്ളിപ്പിന് ജീവത സമർപ്പിച്ചു

**ശബരിമല:** മകരവിളക്കിന്റെ ഭാഗമായ എഴുന്നള്ളിപ്പിനുള്ള ജീവത മാളികപ്പുറം ക്ഷേത്രത്തിൽ ദേവസ്വം ബോർഡംഗം അജയ് തറയിൽ സമർപ്പിച്ചു. മാളികപ്പുറത്ത് ആനയെഴുന്നള്ളിപ്പിനു വിലക്കുള്ളതിനാലാണ് ജീവത എഴുന്നള്ളത്തു നടത്തുന്നത്. അജയ് തറയിലിന്റെ വഴിപാടായാണ് ജീവത സമർപ്പിച്ചത്.

ശബരിമല തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവരുടെ സാന്നിധ്യത്തിലാണ് ജീവത സമർപ്പണം നടന്നത്. ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ രവിശങ്കർ, ഫെസ്റ്റിവൽ കൺട്രോളിങ് ഓഫീസർ സോമശേഖരൻ നായർ തുടങ്ങിയവർ പങ്കെടുത്തു. പ്ലാവിന്റെ തടിയിൽ ജീവത നിർമിച്ചത് കാരയ്ക്കാട് സ്വദേശി വാസുക്കുട്ടനാണ്.



മാളികപ്പുറം ക്ഷേത്രത്തിലെ ജീവത ദേവസ്വംബോർഡംഗം അജയ് തറയിൽ സമർപ്പിക്കുന്നു. തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവർ സമീപം

# ശബരിമല ക്ഷേത്രത്തിന്റെ പേര് ഇനി 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം'

**ശബരിമല:** ശബരിമല ധർമശാസ്താ ക്ഷേത്രം എന്ന പേര് ദേവസ്വം ബോർഡ് മാറ്റി. 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം' എന്ന പേരിലായിരിക്കും ഇനി അറിയപ്പെടുക എന്നുകാണിച്ച് ബോർഡ് ഉത്തരവ് പുറത്തിറക്കി. ഇതിനു വിശദീകരണമായി ഒരു ഐതിഹ്യവും ഉത്തരവിൽ പറയുന്നുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് അയ്യപ്പസ്വാമി തന്റെ ദൗത്യങ്ങൾ പൂർത്തിയാക്കിയശേഷം ശബരിമലയിൽ ചെന്ന് ധർമശാസ്താവിൽ വിലയംപ്രാപിക്കുകയായിരുന്നു.

അങ്ങനെ ശബരിമലയിലെ ധർമശാസ്താ ക്ഷേത്രം അയ്യപ്പസ്വാമി ക്ഷേത്രമായി മാറി. വർഷങ്ങൾക്കുമുമ്പ് വിഗ്രഹം തച്ചുടച്ച് ക്ഷേത്രം തീവെച്ച സംഭവത്തിനുശേഷം നടന്ന പുനഃപ്രതിഷ്ഠയിൽ അയ്യപ്പസ്വാമിയെയാണു പ്രതിഷ്ഠിച്ചതെന്ന് ഉത്തരവിൽ പറയുന്നു. അയ്യപ്പസ്വാമി കുടികൊള്ളുന്ന, ലോകത്തെ ഏകസ്ഥാനമാണ് ശബരിമല. അതുകൊണ്ടാണ് കോടാനുകോടി ഭക്തർ ഇവിടെ എത്തുന്നത്. ദേവസ്വം ബോർഡിന് ധാരാളം ധർമശാസ്താ ക്ഷേത്രങ്ങളുണ്ടെങ്കിലും അയ്യപ്പസ്വാമി ക്ഷേത്രം ശബരിമലയിൽ മാത്രമായിരിക്കുമെന്നും സെക്രട്ടറി ഒപ്പിട്ടു പുറത്തിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു. ഉത്തരവ് ദേവസ്വം ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### എരുമേലി വിമാനത്താവളം

# കെ.പി.യോഹന്നാൻ നേട്ടമുണ്ടാക്കുന്നെന്ന് വി.മുരളീധരൻ

**തിരുവനന്തപുരം:** സർക്കാർഭൂമി സർക്കാരിനുതന്നെ വില്പന നടത്തി നേട്ടംകൊയ്യാനുള്ള ശ്രമമാണ് എരുമേലി വിമാനത്താവളത്തിനായി ഭൂമി കൈമാറുന്നതിലൂടെ കെ.പി.യോഹന്നാൻ നടത്തുന്നതെന്ന് ബി.ജെ.പി. ദേശീയ നിർവാഹക സമിതി അംഗം വി.മുരളീധരൻ.

ഇതുസംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനെഴുതിയ തുറന്ന കത്തിലാണ് മുരളീധരന്റെ ആരോപണം.

എരുമേലിക്കടുത്ത് കെ.പി. യോഹന്നാൻ കൈവശം വെച്ചിരിക്കുന്ന ചെറുവള്ളി എസ്റ്റേറ്റാണ് വിമാനത്താവളത്തിനായി ഉപയോഗിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കുന്നു. സർക്കാർഭൂമിയെന്ന് സർക്കാർതന്നെ നേരത്തെ സമ്മതിച്ചിട്ടുള്ള ഭൂമി, കെ.പി.യോഹന്നാന്റേതെന്ന നിലയിൽ ഏറ്റെടുക്കാനും വിമാനത്താവളം സ്ഥാപിക്കുമ്പോൾ അതിൽ പങ്കാളിത്തം നൽകാനുമുള്ള നീക്കം ബോധപൂർവമാണോയെന്ന് കത്തിൽ മുരളീധരൻ ചോദിക്കുന്നു.

ഒന്നാം പിറന്നാൾ ആശംസകൾ (21.11.2016)



ആദിദേവ് ബി. (അമ്പാടി)
S/o. ബാഹുലേയൻ & ജയശ്രീ
പഴയരേത്ത് (H), അങ്ങാടിക്കൽ വടക്ക്
പത്തനംതിട്ട
ആശംസകളോടെ: ബന്ധുമിത്രാദികൾ.

# ഗോപിനാഥിനെതിരെയുള്ള ആക്രമണം പ്രത്യേകസംഘം അന്വേഷിക്കും

## ■ ഡി.ജി.പി. കൊച്ചിയിലെത്തി പരാതികൾ കേട്ടു

**കൊച്ചി:** സി.ഐ.ടി.യു. ജില്ലാ പ്രസിഡന്റ് കെ.എൻ. ഗോപിനാഥിനെതിരെയുള്ള വധശ്രമം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കും. കേസിൽ പോലീസ് അന്വേഷണം ശരിയായ ദിശയിലല്ലെന്ന് കാട്ടി ഗോപിനാഥിന്റെ മക്കൾ മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം സമർപ്പിച്ചിരുന്നു.

കേസന്വേഷണത്തിലെ അതൃപ്തി ജില്ലയിലെ സി.ഐ.ടി.യു. നേതൃത്വവും പരസ്യമായി രേഖപ്പെടുത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി ഇടപെടുകയായിരുന്നു. ഡി.ജി.പി. ലോക്നാഥ് ബെഹ്റയോട് അന്വേഷണ പുരോഗതി വിലയിരുത്തണമെന്നും ഗോപിനാഥിന്റേയും കുടുംബത്തിന്റേയും പരാതി കേൾക്കണമെന്നും മുഖ്യമന്ത്രി നിർദേശിക്കുകയും ചെയ്തു.

അതിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെത്തിയ ഡി.ജി.പി., ഗോപിനാഥിനേയും മകളേയും നേരിൽ കണ്ട് അവരുടെ പരാതി കേട്ടു. കേസ് സംബന്ധിച്ച് അവർക്കുള്ള സംശയങ്ങളുടെ വിശദ വിവരങ്ങൾ ഇ-മെയിൽ ചെയ്യാനും ഡി.ജി.പി. നിർദേശിച്ചിട്ടുണ്ട്. ഗോപിനാഥിനെ കൊലപ്പെടുത്താൻ ശ്രമിച്ച വടകര സ്വദേശിയായ ഉണ്ണിക്കൃഷ്ണനെ തൊഴിലാളികൾ പാലാരിവട്ടത്ത് സംഭവം നടന്ന സ്ഥലത്തു നിന്ന് പിടിച്ച് പോലീസിൽ ഏല്പിച്ചിരുന്നു. ഇയാൾ വാടകക്കൊലയാളിയാണെന്ന സംശയമാണ് ഗോപിനാഥ് പോലീസിനോട് പറഞ്ഞിട്ടുള്ളത്.

സി.പി.എമ്മിനോടുള്ള വൈരാഗ്യം മൂലം ഏതെങ്കിലും സി.പി.എം. നേതാവിനെ വകവരുത്താൻ ആഗ്രഹിച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പ്രതിഷേധ സമരത്തിൽ പങ്കെടുത്ത് നടന്നു പോകുകയായിരുന്ന ഗോപിനാഥിനെ പിന്നിൽ നിന്ന് കഴുത്തിൽ കുത്തിയതെന്നുമാണ് പ്രതിയുടെ വിശദീകരണം.

പ്രതി മാനസികാസ്വാസ്ഥ്യമുള്ള ആളാണെന്ന് പറയുന്ന പോലീസ്, അയാളുടെ മൊഴി വിശ്വസിച്ച് അന്വേഷണം അവസാനിപ്പിച്ച മട്ടാണ്.

ഈ സാഹചര്യത്തിലാണ് ഗോപിനാഥിന്റെ മക്കൾ ഫേസ്ബുക്കിലൂടെ മുഖ്യമന്ത്രിയെ തങ്ങൾക്കുള്ള അതൃപ്തി അറിയിച്ചത്.

സി.പി.എമ്മുമായി ബന്ധപ്പെട്ട ഗുണ്ടാ സംഘങ്ങളുമായി ആക്രമണത്തിന് ബന്ധമുണ്ടെന്ന സംശയം കളമശ്ശേരിയിൽ പാർട്ടിക്കുള്ളിൽ സജീവ ചർച്ചയാവുന്നുണ്ട്. പാർട്ടിയിലും പുറത്തും ഗുണ്ടാസംഘങ്ങൾക്കെതിരെ ശക്തമായ അഭിപ്രായ പ്രകടനം നടത്തിയിട്ടുള്ള തനിക്കെതിരെ, അവരിൽ നിന്നുള്ള ആക്രമണവുമാവാമെന്ന സൂചന ഗോപിനാഥ് നൽകിയിട്ടുണ്ട്.

അതേസമയം, കേസന്വേഷണം എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്ന കാര്യത്തിൽ പോലീസ് ഇരുട്ടിൽ തപ്പുകയാണ്. സി.പി.എം. വിരോധത്തിൽ പ്രതി ഗോപിനാഥിനെ കുത്തിയെന്ന് പറയുമ്പോൾത്തന്നെ, പ്രതിക്ക് സി.പി.എമ്മിനോട് വിരോധം വരാനുള്ള വ്യക്തമായ കാരണം കണ്ടെത്താൻ ഇനിയും പോലീസിന് സാധിച്ചിട്ടില്ല.

### വ്യാജ ഡോക്ടർ

# അന്വേഷണത്തിന് മനുഷ്യാവകാശ കമ്മിഷൻ നിർദേശം


**കൊച്ചി:** സംസ്ഥാനത്ത് വിവിധ സ്വകാര്യ ആശുപത്രികളിലും അല്ലാതെയും വ്യാജ ഡോക്ടർമാർ ചികിത്സ നടത്തുന്നുണ്ടെന്ന പരാതിയിൽ അന്വേഷണം നടത്തി വിശദീകരണം സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിർദേശം.

കമ്മിഷൻ ആക്ടിങ് ചെയർപേഴ്സൺ പി. മോഹനദാസാണ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും നിർദേശം നൽകിയത്.

മാതൃഭൂമി തൊഴിൽവാർത്ത
നേവി വിളിക്കുന്നു
സീനിയർ സെക്കൻഡറി റിക്രൂട്ട്
ആർട്ടിഫൈസർ അപ്രന്റിസ് • സ്പോർട്സ് ക്വാട്ട
IDBI ബാങ്കിൽ 500 എക്സിക്യൂട്ടീവ്
ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി
• നാഷണൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം
• റെയിൽവേയിൽ സ്പോർട്സ് ക്വാട്ട
• ചെന്നൈ മെട്രോയിൽ എഞ്ചിനീയർ
• കോസ്റ്റ് ഗാർഡിൽ ഓഫീസർ
• ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്
Orientation: LDC Pre Lessons
• UP School Asst.
Solved Papers: • KTET-II
• Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overseer/
II Grade Draftsman- Statewide
സൗജന്യം ഹരിശ്രീ

ADMISSION
BSc MLT
DRT
(Diploma in Radiological Tech.)
Approved by Govt. of Kerala & Affiliated to Kerala University of Health Sciences
9048105939, 8086595715

# ജോലി വാഗ്ദാനംചെയ്ത് യുവതിയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിൽ



അറസ്റ്റിലായ ജോൺ

**അങ്കമാലി:** ജോലിയും താമസ സൗകര്യവും വാഗ്ദാനം ചെയ്ത് യുവതിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ ഒരാളെ അങ്കമാലി പോലീസ് അറസ്റ്റ് ചെയ്തു. കൊല്ലം കരുനാഗപ്പള്ളി എസ്‌വി മാർക്കറ്റ് കരയിൽ നടിയിലേത്ത് ആന്റോ എന്നു വിളിക്കുന്ന ജോണിനെ (58) ആണ് പോലീസ് അറസ്റ്റ് ചെയ്തത്.

നെടുമ്പാശ്ശേരി ഭാഗത്തെ ഒരു കൺസ്ട്രക്ഷൻ കമ്പനിയുടെ സൂപ്പർവൈസറാണ് ഇയാളെന്ന് അങ്കമാലി പോലീസ പറഞ്ഞു. പരാതിക്കാരിയായ യുവതിയെ 2015 മുതൽ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചെന്നാണ് കേസ്. യുവതിക്ക് ഇയാൾ കരിയാടിൽ വീട് വാടകയ്ക്കെടുത്ത് നൽകിയിരുന്നു.

വീഡിയോ ക്യാമറയിൽ പകർത്തിയ പീഡന ദൃശ്യങ്ങൾ ഇന്റർനെറ്റിൽ പ്രചരിപ്പിക്കുമെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന് യുവതി മൊഴി നൽകിയിട്ടുണ്ട്. ഡിവൈഎസ്പി കെ.ജി. ബാബുകുമാറിന്റെ നിർദേശ പ്രകാരം അങ്കമാലി സിഐ എസ്. മുഹമ്മദ് റിയാസാണ് ജോണിനെ അറസ്റ്റ് ചെയ്തത്.

ചെങ്ങമനാട് പോലീസ് സബ് ഇൻസ്പെക്ടർ കെ.ജി. ഗോപകുമാർ, ടി.എം. ജോൺസൺ, എസ്‌സിപിഒ മാരായ എ.വി. സുരേഷ്, എ.എ. രവിക്കുട്ടൻ, എ.കെ. മുഹമ്മദ് അൻസാർ, ഡബ്ല്യുസിപിഒ രാജി എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ ജോണിനെ റിമാൻഡ് ചെയ്തു.

കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

നറുക്കെടുപ്പ് തത്സമയ ടെലിവിഷൻ സംപ്രേഷണത്തിന് താൽപര്യപത്രിക ക്ഷണിക്കുന്നു

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന വിവിധ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുന്നതിന് താൽപര്യപത്രിക ക്ഷണിക്കുന്നു. കരാർ ഒപ്പിടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കാലാവധി. പത്രിക സമർപ്പിക്കുന്നതിനുള്ള ***അവസാന ദിവസം 2016 ഡിസംബർ 3, വൈകുന്നേരം 4 മണി.*** ഒരു നറുക്കെടുപ്പിന് വകുപ്പിന് നൽകാവുന്ന പരമാവധി തുക രേഖപ്പെടുത്തിയ സാമ്പത്തിക പത്രികയും ചാനലിന്റെ സാങ്കേതിക വിവരങ്ങളും തൽസമയം സംപ്രേക്ഷണം നിർവ്വഹിക്കുന്നതിന്റെ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയ സാങ്കേതിക പത്രികയും സമർപ്പിക്കണം. കവറിന് മുകളിൽ ***തത്സമയ സംപ്രേഷണത്തിനുള്ള അപേക്ഷ*** എന്ന് രേഖപ്പെടുത്തിയിരിക്കണം. പത്രികകൾ 2016 ഡിസംബർ 5-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലുള്ള ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. ഏതൊരു താൽപര്യപത്രവും നിരസിക്കുന്നതിനും നടപടി ക്രമങ്ങൾ മാറ്റുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. താൽപര്യപത്രികകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കൂ. ഭാരത സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉപഗ്രഹം വഴി ഇന്ത്യയിൽ നിന്ന് അപ്ലിങ്ക് ചെയ്യുന്നതും കേരള ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ളതുമായ ചാനലുകൾക്ക് അപേക്ഷിക്കാം.

മറ്റ് നിബന്ധനകളും നിർദ്ദേശങ്ങളും www.keralalotteries.com എന്ന വെബ്സൈറ്റിലും ഡയറക്ടറേറ്റിലും ലഭിക്കും

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ

കേരള സംസ്ഥാന ഭാഗ്യക്കുറി

എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന
പ്രഥമ ന്യായാധികാരപരിധി
കമ്പനി പെറ്റിഷൻ നം. 2016-ൽ 34

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

പെറ്റീഷന്റെ നോട്ടീസ്

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റിഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റിഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിന്റെ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിന്റെ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കേറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**കൗൺസൽ ഫോർ ദി പെറ്റീഷണർ**

**തിയ്യതി: നവംബർ 7 2016**

നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം
₹ 4 കോടി
ടിക്കറ്റ് വില ₹150

# മാറ്റങ്ങളോടെ ജീ മെയിൻ

- ◆ റാങ്ക് നിർണയത്തിന് പ്ലസ്ടു മാർക്ക് പരിഗണിക്കില്ല
- ◆ അപേക്ഷ സമർപ്പണത്തിന് ആധാർ കാർഡ് നിർബന്ധം

ഡോ. എസ്. രാജൂകൃഷ്ണൻ

**എൻ.ഐ.ടി.കൾക്ക് പുറമെ ഗുജറാത്ത്, മധ്യപ്രദേശ്, ഹരിയാണ, ഉത്തരാഖണ്ഡ്, നാഗാലാൻഡ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ എൻജിനീയറിങ് പ്രവേശനത്തിനും അടിസ്ഥാനം ജീ മെയിൻ ആയിരിക്കും.**

പ്രവേശന വ്യവസ്ഥകളിൽ രണ്ട് സുപ്രധാന മാറ്റങ്ങളുമായി വരുന്ന ജോയിൻറ് എൻട്രൻസ് എക്സാമിനേഷൻ -ജീ മെയിൻ (JEE Main) പരീക്ഷയ്ക്കുള്ള ഓൺലൈൻ അപേക്ഷാ സമർപ്പണം 2016 ഡിസംബർ 1ന്, http://jeemain.nic.in എന്ന വെബ്സൈറ്റിൽ തുടങ്ങും.

അപേക്ഷ നൽകാൻ 2017 ജനവരി 2 വരെയും ഫീസൊടുക്കാൻ ജനവരി 3 വരെയും സമയം ലഭിക്കും.

JEE (Main) റാങ്ക് നിർണയത്തിൽ 12-ാം ക്ലാസ് പരീക്ഷയിലെ മാർക്കിന് പരിഗണന ഉണ്ടായിരിക്കില്ല എന്നതാണ് ഒരു മാറ്റം. JEE (Advanced) പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള പ്രവേശനത്തിന് ബാധകമായിരുന്ന, യോഗ്യതാ പരീക്ഷ മാർക്ക് സംബന്ധിച്ച വ്യവസ്ഥ JEE (Main) പരീക്ഷയ്ക്കും ബാധകമായിരിക്കുമെന്നതാണ് രണ്ടാമത്തെ മാറ്റം.

ഇതനുസരിച്ച് JEE (Advanced)/JEE (Main) റാങ്ക് പ്രകാരം, ഐ.ഐ.ടി.കൾ, എൻ.ഐ.ടി.കൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജികൾ, കേന്ദ്ര സഹായത്താൽ പ്രവർത്തിക്കുന്ന മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിലെ പ്രവേശനത്തിന് അപേക്ഷാർഥി 12-ാം ക്ലാസ് പരീക്ഷയിൽ മൊത്തത്തിൽ കുറഞ്ഞത് 75 ശതമാനം മാർക്ക് നേടിയിരിക്കുകയോ (പട്ടിക വിഭാഗക്കാരെങ്കിൽ 65 ശതമാനം) അവരുടെ ബോർഡ് പരീക്ഷയിൽ മുന്നിലെത്തുന്ന 20 പെർസൻെറൽ വിഭാഗത്തിൽ ഉൾപ്പെടുകയോ ചെയ്തിരിക്കണം.

ഭാരതീയരായ അപേക്ഷകർക്ക്, അപേക്ഷിക്കാൻ UIDAI നൽകിയ ആധാർ കാർഡ് ഉണ്ടായിരിക്കണം. JEE (Main) അപേക്ഷ നൽകുമ്പോൾ ആധാർ നമ്പർ, പേര്, ജനന തീയതി, ജെൻഡർ എന്നിവ നൽകേണ്ടി വരും. UIDAI യുടെ വിവരങ്ങളുമായി ഇത് ഒത്തുനോക്കും. അത് യോജിച്ചുപോകാത്ത പക്ഷം അപേക്ഷ നൽകാൻ കഴിയില്ല. അതിനാൽ സ്കൂൾ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ തന്നെയാണ് ആധാർ കാർഡിലുമുള്ളതെന്ന് അപേക്ഷിക്കാൻ ഉദ്ദേശിക്കുന്നവർ ഉറപ്പാക്കണം. വ്യത്യസ്തമാണെങ്കിൽ ആധാർ വിവരങ്ങളിലോ സ്കൂൾ രേഖകളിലോ (ഏതാണോ ബാധകം, അത്) അവശ്യമായ മാറ്റങ്ങൾ മുൻകൂട്ടി വരുത്തേണ്ടതാണ്.

JEE (Main) പരീക്ഷയുടെ ഭാഗമായുള്ള, ബി.ഇ/ ബി.ടെക് പ്രവേശനത്തിനുള്ള പേപ്പർ 1, ഓഫ്ലൈൻ രീതിയിൽ 2017 ഏപ്രിൽ 2നും ഓൺലൈൻ രീതിയിൽ, ഏപ്രിൽ 8, 9 തീയതികളിലും നടത്തും. ബി.ആർക്ക്/ ബി. പ്ലാനിങ് പ്രവേശനത്തിനുള്ള പേപ്പർ 2, ഓഫ്ലൈൻ രീതിയിൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അത് ഏപ്രിൽ 2ന് ആയിരിക്കും.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളിലെ വിവിധ ബാച്ച്ലർ തലത്തിലുള്ള പ്രോഗ്രാമുകളിലെ പ്രവേശനത്തിനുള്ള യോഗ്യതാ പരീക്ഷയായ JEE (Advanced)-ൽ പങ്കെടുക്കുന്നതിനുള്ള അർഹത നിർണയിക്കുന്ന പരീക്ഷ കൂടിയാണ് JEE (Main).

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളിലെ ടെക്നോളജി, സയൻസ്, ഫാർമസ്യൂട്ടിക്സ്, ആർക്കിടെക്ചർ ബാച്ച്ലർ തല പ്രോഗ്രാമുകൾ, ടെക്നോളജി, സയൻസ്, ഫാർമസി എന്നിവയിലെ ബാച്ച്ലർ-മാസ്റ്റർ ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ, ഇവയിലെ ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകൾ എന്നിവയിലെ പ്രവേശനം ആഗ്രഹിക്കുന്നവർ JEE (Main)-ൻെറ പേപ്പർ 1, അഭിമുഖീകരിച്ച്, അതിൽ പോസിറ്റീവ് മാർക്ക് നേടി, വിവിധ ഭാഗങ്ങളിൽ നിന്നും മുന്നിലെത്തുന്ന 2,20,000 പേരിൽ ഒരാളായിരിക്കണം. ഇവർക്കു മാത്രമേ JEE (Advanced) അഭിമുഖീകരിക്കാനുള്ള അർഹത ലഭിക്കുകയുള്ളൂ. ഇതിൻെറ വിശദാംശങ്ങൾക്ക് www.jeeadv.ac.in കാണേണ്ടതാണ്.

JEE (Main)-ൻെറ വിശദ വിവരങ്ങളടങ്ങിയ ബ്രോഷറും മറ്റും ഡിസംബർ 1ന് JEE (Main) വെബ്സൈറ്റായ http://jeemain.nic.in ൽ ലഭ്യമാക്കും.

## ഓർമിക്കാൻ

◆ ഇന്ത്യയിലെ മുപ്പത് ഗവേഷണ സ്ഥാപനങ്ങളിൽ ഭൗതിക ശാസ്ത്രം / അനുബന്ധ വിഷയങ്ങളിൽ പി.എച്ച്.ഡി.യിലേക്ക് നയിക്കുന്ന ഗവേഷണ പഠനത്തിനായി ഫിബ്രവരി 19ന് ദേശീയതലത്തിൽ നടത്തുന്ന ജോയിൻറ് എൻട്രൻസ് സ്ക്രീനിങ് ടെസ്റ്റിൽ (JEST-2017) പങ്കെടുക്കുന്നതിന് ഓൺലൈൻ അപേക്ഷ 2016 നവംബർ 15 മുതൽ ഡിസംബർ 16 വരെ. www.jest.org.in

◆ മാത്തമാറ്റിക്സിൽ ഗവേഷണ പഠനത്തിനായുള്ള NBHM PhD സ്കോളർഷിപ്പിന് അപേക്ഷ 2016 ഡിസംബർ 9 വരെ. മാതൃകാ അപേക്ഷാ ഫോമും വിശദ വിവരങ്ങളും ഡൗൺലോഡ് ചെയ്യാം. www.nbhm.dae.gov.in

◆ റാഞ്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്യാട്രി 2017 മെയ് മാസത്തിലാരംഭിക്കുന്ന എം.ഫിൽ പി.എച്ച്.ഡി. ക്ലിനിക്കൽ സൈക്കോളജി, എം.ഫിൽ സൈക്യാട്രിക് സോഷ്യൽ വർക്ക്, സൈക്യാട്രിക് നഴ്സിങ് ഡിപ്ലോമ കോഴ്സുകളിൽ പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ ഡിസംബർ 13 വരെ. www.cipranchi.nic.in

◆ മുംബൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ എൻജിനീയറിങ് 2017-19 വർഷം നടത്തുന്ന ഇൻഡസ്ട്രിയൽ മാനേജ്മെൻറ്, ഇൻഡസ്ട്രിയൽ സേഫ്റ്റി ആൻഡ് എൻവയൺമെൻറൽ മാനേജ്മെൻറ് പി.ജി. ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈൻ അപേക്ഷ ജനവരി 16 വരെ. ഫസ്റ്റ് ക്ലാസ് എൻജിനീയറിങ് ബിരുദവും IIM-CAT 2016 സ്കോറും നേടുന്നവർക്ക് അപേക്ഷിക്കാം. വിദേശ വിദ്യാർഥികൾക്ക് GMAT സ്കോർ മതി. www.nitie.edu.

◆ കൊൽക്കത്തയിലെ സാഹാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ ഫിസിക്സിൻെറ പുതുവർഷത്തെ ഫിസിക്സ്, ബയോ ഫിസിക്കൽ സയൻസസ് അണ്ടർ ഗ്രാജ്വേറ്റ് അസോസിയേറ്റ്ഷിപ്പിനുള്ള ഓൺലൈൻ അപേക്ഷ 2016 ഡിസംബർ 15 വരെ. www.saha.ac.in

# കോസ്റ്റ് ആൻഡ് മാനേജ്മെൻറ് അക്കൗണ്ടൻസി

## പ്രൊഫഷണലാകാൻ വഴികളേറെ- 4

ഗോപകുമാർ കാരക്കോണം

വ്യാവസായിക ഉല്പാദന മേഖലയ്ക്കാവശ്യമായ കോസ്റ്റ് പ്ലാനിംഗ്, ഇൻവെസ്റ്റ്മെൻറ് അനാലിസിസ്, പ്രോജക്ട് മാനേജ്മെൻറ്, ഇൻേറണൽ ഓഡിറ്റ്, കോസ്റ്റ് ഓഡിറ്റ്, ഫണ്ട് മാനേജ്മെൻറ് മുതലായ ജോലികൾ നിർവ്വഹിക്കപ്പെടുന്നത്, കോസ്റ്റ് മാനേജ്മെൻറ് അക്കൗണ്ടൻറ് (ACMA) പ്രൊഫഷണലുകളാണ്. ഉല്പാദനത്തിൻെറയും സേവനങ്ങളുടെയും ചെലവുകൾ കുറയ്ക്കുന്നതിനുള്ള ഉപദേശങ്ങൾ നല്കുകയാണ് മറ്റൊരു പ്രധാനജോലി. ഇത്തരം പ്രൊഫഷണലുകളെ വാർത്തെടുക്കുന്ന പാഠ്യപദ്ധതിയാണ് കോസ്റ്റ് ആൻഡ് മാനേജ്മെൻറ് അക്കൗണ്ടൻസി (CMA).

കൊൽക്കത്ത ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടൻസ് ഓഫ് ഇന്ത്യ (ICAI) ആണ് CMA കോഴ്സ് നടത്തി വിജയികൾക്ക് മെമ്പർഷിപ്പ് നല്കുന്നത്. കേരളത്തിൽ തിരുവനന്തപുരം (വെള്ളയമ്പലം), കോട്ടയം, കൊച്ചി, തൃശൂർ, പാലക്കാട് എന്നിവിടങ്ങളിലാണ് ICAI യുടെ ചാപ്റ്ററുകൾ പ്രവർത്തിക്കുന്നത്.

**പഠനത്തിന് മൂന്ന് ഘട്ടങ്ങൾ**

'CMA' കോഴ്സിൽ ഫൗണ്ടേഷൻ, ഇൻറർമീഡിയറ്റ്, ഫൈനൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളാണുള്ളത്. ഇതിന് പുറമെ സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിംഗ് ടെക്നീഷ്യൻസ് (CAT) കോഴ്സുമുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിൻെറ ചാപ്റ്ററുകളിൽ നടത്തുന്ന ക്ലാസുകളിൽ ചേർന്നോ വിദൂരവിദ്യാഭ്യാസ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയോ ഈ കോഴ്സുകൾ പഠിക്കാം. രജിസ്ട്രേഷൻ, കോച്ചിംഗ്, സ്റ്റഡി മെറ്റീരിയലുകൾ ഉൾപ്പെടെ പരമാവധി ചെലവ് 41,000 രൂപയാണ്. ഫൗണ്ടേഷന് 4,000 രൂപയും ഇൻറർമീഡിയറ്റിന് 20,000 രൂപയും ഫൈനലിന് 17,000 രൂപയുമാണ് വിവിധ ഫീസ് ഇനങ്ങളിലായി അടയ്ക്കേണ്ടി വരിക.

പഠനത്തിൻെറ ഭാഗമായി തിയറി പേപ്പറുകൾക്ക് പുറമെ മൂന്ന് വർഷത്തെ പ്രായോഗിക പരിശീലനവും നേടണം. CMA പരീക്ഷകളെല്ലാം പൂർത്തിയാക്കുന്നതിന് 6 മാസത്തെ പ്രായോഗിക പരിശീലനം മതിയാകും. എന്നാൽ മെമ്പർഷിപ്പ് ലഭിക്കുന്നതിന് മൂന്ന് വർഷത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് നേടിയിരിക്കണം.

ഫൈനൽ പരീക്ഷകളും വിജയിച്ച് മോഡലാർ, പ്രാക്ടിക്കൽ ട്രെയിനിംഗുകളും പൂർത്തിയാക്കുന്നവർക്ക് അസോസിയേറ്റ് മെമ്പർഷിപ്പും (ACMA) ഇതുകഴിഞ്ഞ് 5 വർഷത്തെ പ്രാക്ടീസിംഗ് പൂർത്തിയാക്കുന്നപക്ഷം ഫെലോമെമ്പർഷിപ്പും (FCMA) ലഭിക്കുന്നതാണ്.

**ഫൗണ്ടേഷൻ**

പത്താംക്ലാസ് വിജയിച്ചവർക്ക് ഫൗണ്ടേഷൻ കോഴ്സിന് രജിസ്റ്റർ ചെയ്ത് പഠിക്കാം. എന്നാൽ പരീക്ഷയെഴുതുന്നതിന് മുമ്പ് പ്ലസ്ടു/തത്തുല്യപരീക്ഷ വിജയിച്ചിരിക്കണം. 6 മാസത്തെ ഫൗണ്ടേഷൻ കോഴ്സിൽ നാല് വിഷയങ്ങളാണ് പഠിക്കേണ്ടത്.

**ഇൻറർമീഡിയറ്റ്**

ഫൗണ്ടേഷൻ പരീക്ഷ പാസായവർക്ക് ഇൻറർമീഡിയറ്റ് കോഴ്സിന് ചേരാം. എന്നാൽ ഏതെങ്കിലും വിഷയത്തിൽ (മ്യൂസിക്, ഡാൻസ്, ഫോട്ടോഗ്രാഫി ഒഴികെ) ബിരുദമെടുത്തവർക്കും, ബിടെക് നാലാം സെമസ്റ്റർ വരെയുള്ള പരീക്ഷകൾ പാസായവർക്കും അക്കൗണ്ടിംഗ് ടെക്നീഷ്യൻ (CAT) ലെവൽ ഒന്ന് പാസായവർക്കും ഫൗണ്ടേഷൻ പരീക്ഷ എഴുതാതെ തന്നെ നേരിട്ട് ഇൻറർമീഡിയറ്റിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. രണ്ട് ഗ്രൂപ്പുകളിലായി 8 വിഷയങ്ങൾ പഠിക്കണം. ഓരോ വിഷയത്തിനും 100 മാർക്ക് വീതം. വിജയിക്കാൻ 40 മാർക്ക് വീതം വേണം. ഓരോ ഗ്രൂപ്പിനും മിനിമം 200 മാർക്ക് വീതം നേടിയിരിക്കണം.

**ഫൈനൽ**

ഇൻറർമീഡിയറ്റ് കോഴ്സ് പാസായവർക്ക് ഫൈനൽ കോഴ്സിന് രജിസ്റ്റർ ചെയ്ത് പഠിക്കാം. ഇതിലും രണ്ട് ഗ്രൂപ്പുകളിലായി 8 വിഷയങ്ങൾ പഠിക്കണം. 100 മാർക്ക് വീതമാണ് ഓരോ വിഷയത്തിനും . 40 മാർക്ക് വേണം വിജയിക്കാൻ. ഓരോ ഗ്രൂപ്പിനും മിനിമം 200 മാർക്കെങ്കിലും നേടിയാലേ ഫൈനൽ വിജയിക്കാനാവൂ.

**രജിസ്ട്രേഷൻ**

CMA കോഴ്സുകൾക്ക് വർഷത്തിൽ ജൂൺ, ഡിസംബർ മാസങ്ങളിൽ രണ്ട് തവണ പരീക്ഷ നടത്താറുണ്ട്. ഈ പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പഠനപരിശീലനങ്ങളാണ് ICAI യുടെ ചാപ്റ്ററുകളിലൂടെ നല്കുന്നത്. രജിസ്ട്രേഷന് പ്രത്യേക സമയപരിധിയില്ല. ഓരോ വർഷവും ഫിബ്രവരി ഒന്ന് മുതൽ ജൂലായ് 31 വരെ ചാപ്റ്ററുകളിൽ നേരിട്ടോ ഓൺലൈനായോ രജിസ്റ്റർ ചെയ്യുന്നവർക്ക് ഡിസംബർ മാസത്തിലും ആഗസ്റ്റ് ഒന്ന് മുതൽ ജനവരി 31 വരെ രജിസ്റ്റർ ചെയ്യുന്നവർക്ക് ജൂണിലും പരീക്ഷയെഴുതാം. 2017 ജൂണിൽ പരീക്ഷയെഴുതുന്നതിന് 2017 ജനവരി 31 വരെ രജിസ്റ്റർ ചെയ്യാം.

**അക്കൗണ്ടിംഗ് ടെക്നീഷ്യൻ കോഴ്സ്**

ഫിനാൻഷ്യൽ അക്കൗണ്ടിംഗ് മേഖലയിലും മറ്റും അക്കൗണ്ടൻറ്, ജൂനിയർ ഓഡിറ്റർ മുതലായ തസ്തികകളിൽ തൊഴിൽ സാധ്യതയുള്ള സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിംഗ് ടെക്നീഷ്യൻ കോഴ്സ് (CAT) ICAI യുടെ ചാപ്റ്ററുകളിൽ നടത്തുന്നുണ്ട്. ഏതെങ്കിലും ഗ്രൂപ്പിൽ പ്ലസ്ടുവിന് പഠിക്കുന്നവർക്കും പ്ലസ്ടു വിജയിച്ചവർക്കും, ഡിഗ്രിക്ക് പഠിക്കുന്നവർക്കുമൊക്കെ ഈ കോഴ്സിന് ചേരാവുന്നതാണ്. 2017 ജൂൺ മാസത്തിൽ CAT കോഴ്സ് പരീക്ഷയെഴുതുന്നതിന് ജനവരി 31നകം ചാപ്റ്ററുകളിൽ രജിസ്റ്റർ ചെയ്താൽ മതി. ക്ലാസുകൾ ഏപ്രിൽമെയ് മാസങ്ങളിൽ നടക്കും. പാഠപുസ്തകങ്ങൾ, കോച്ചിംഗ് ക്ലാസുകൾ, കമ്പ്യൂട്ടർ ട്രെയിനിംഗ് ഉൾപ്പെടെ മൊത്തം CAT കോഴ്സ് ഫീസ് 8,600 രൂപയാണ്. ദേശീയതലത്തിൽ ഓൺലൈനായി ഒറ്റ ദിവസംകൊണ്ടാണ് CAT പരീക്ഷ നടത്തുന്നത്. CAT യോഗ്യത നേടുന്നവർക്ക് CMA യുടെ ഇൻറർ മീഡിയറ്റ് കോഴ്സിൽ നേരിട്ടുചേരാം.

CMA, CAT കോഴ്സുകളുടെ സമഗ്രവിവരങ്ങൾ ICAI യുടെ ചാപ്റ്ററുകളിലും www.icmai.in എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്.

---

കഴിഞ്ഞ തിങ്കളാഴ്ച ചാർട്ടേഡ് അക്കൗണ്ടൻസി കോഴ്സിനെക്കുറിച്ച് വന്ന ലേഖനത്തിൽ ഓറിയൻേറഷൻ ഫീസ് 70,000 എന്ന് വന്നത് 7,000 എന്ന് തിരുത്തി വായിക്കണം.

## ഒറ്റപെൺകുട്ടി സ്കോളർഷിപ്പ്: അപേക്ഷയും പുതുക്കലും ഇപ്പോൾ

## യു.ജി.സി- നെറ്റ് അപേക്ഷ 23വരെ

## സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്

- Tech. Research Centre for Biomedical Devices inaugurated
- Include college in counselling, HC directs medical authority
- Admissions at CIP, Ranchi: Apply by December 13
- Chennai US Consulate handles 1,600 visas daily
- B.Tech. at Amrita School of Engg
- 'Need for innovation & research in reforms and governance'
- EMBO Fellowships: Apply by Jan 31
- CBSE Merit Scholarship renewal
- Winners of 'Infosys Prize 2016' announced
- Young Scientist Series: Apply by Dec 15

www.facebook.com/mathrubhumieducation
www.twtter.com/educationmbiedu



# കരിനിയമങ്ങൾ അടിച്ചേൽപ്പിക്കരുത് -പത്രപ്രവർത്തക യൂണിയൻ

**കൊല്ലം:** കോടതികളിൽനിന്ന് മാധ്യമപ്രവർത്തകരെ പുറത്താക്കിയിട്ട് നാലുമാസം കഴിഞ്ഞശേഷം വീണ്ടും കരിനിയമങ്ങൾ അടിച്ചേൽപ്പിക്കുന്നത് ജനാധിപത്യമര്യാദകളെയും സാമാന്യനീതിയെയും പരിഹസിക്കലാണെന്ന് കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന കമ്മിറ്റി പ്രസ്താവിച്ചു. കോടതിവാർത്തകൾ റിപ്പോർട്ട് ചെയ്യുന്നത് തടയുന്ന അഭിഭാഷകരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയാണ് ന്യായാധിപർ ചെയ്യുന്നത്. ഇതിനെതിരെ 24ന് കൊച്ചിയിൽ ട്രേഡ് യൂണിയൻ, ബഹുജന, മാധ്യമപ്രവർത്തക കൺവെൻഷൻ നടത്തും.

കോടതി റിപ്പോർട്ടിങ്ങിന് മാനദണ്ഡം കൊണ്ടുവരുന്നുവെന്നപേരിൽ കോടതിയിലെ മാധ്യമപ്രവർത്തനം അസാധ്യമാക്കാനാണ് ശ്രമം.

മീഡിയ റൂം തുറന്നുകൊടുക്കുകയും മാധ്യമവിലക്ക് അവസാനിപ്പിക്കുകയും വേണം-പ്രസ്താവനയിൽ പറഞ്ഞു.

# ഹയർ സെക്കൻഡറി പരീക്ഷ മാർച്ച് 8ന് തുടങ്ങും

**തിരുവനന്തപുരം:** ഒന്നും രണ്ടും വർഷ ഹയർസെക്കൻഡറി പരീക്ഷകൾ 2017 മാർച്ച് എട്ടിന് ആരംഭിച്ച് 28ന് അവസാനിക്കും. പരീക്ഷാ ടൈംടേബിൾ ചുവടെ (തീയതി, വിഷയം എന്ന ക്രമത്തിൽ):

ഒന്നാംവർഷ പരീക്ഷ: 2017 മാർച്ച് എട്ട്-പാർട്ട് -2 ലാംഗ്വേജസ്, കംപ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി. മാർച്ച് 9-പാർട്ട്-1-ഇംഗ്ലീഷ്. മാർച്ച് 13-അക്കൗണ്ടൻസി, ഗാന്ധിയൻ സ്റ്റഡീസ്. മാർച്ച് 14-ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി ആൻഡ് കൾച്ചർ, ഇലക്ട്രോണിക്സ്.

മാർച്ച് 15-സ്റ്റാറ്റിസ്റ്റിക്സ്, ജിയോളജി, കംപ്യൂട്ടർ ആപ്ലിക്കേഷൻ. മാർച്ച് 16-കെമിസ്ട്രി, പാർട്ട്-3 ലാംഗ്വേജസ്, സോഷ്യൽ വർക്ക്, മ്യൂസിക്. മാർച്ച് 20-ഇക്കണോമിക്സ്, ഇംഗ്ലീഷ് ലിറ്ററേച്ചർ, ഹോംസയൻസ്. മാർച്ച് 21-ഫിസിക്സ്, സംസ്കൃതശാസ്ത്രം, ജ്യോഗ്രഫി, ജേണലിസം. മാർച്ച് 22-ബിസിനസ് സ്റ്റഡീസ്, ഇലക്ട്രോണിക്സ് സർവ്വീസ് ടെക്നോളജി, ഫിലോസഫി, സൈക്കോളജി. മാർച്ച്-23 ബയോളജി, കംപ്യൂട്ടർ സയൻസ്, സോഷ്യോളജി. മാർച്ച്-27 പൊളിറ്റിക്കൽ സയൻസ്, സംസ്കൃതം സാഹിത്യം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്. മാർച്ച്-28 മാത്തമാറ്റിക്സ്, അന്ത്രോപ്പോളജി.

രണ്ടാംവർഷ പരീക്ഷ: മാർച്ച്-8 കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ്, സംസ്കൃത സാഹിത്യം. മാർച്ച് 9-മാത്തമാറ്റിക്സ്, ആന്ത്രോപ്പോളജി. മാർച്ച് 13-ഇക്കണോമിക്സ്, ഇംഗ്ലീഷ് ലിറ്ററേച്ചർ, ഹോംസയൻസ്. മാർച്ച് 14-കെമിസ്ട്രി, പാർട്ട്-3 ലാംഗ്വേജസ്, സോഷ്യൽവർക്ക്, മ്യൂസിക്. മാർച്ച് 15-അക്കൗണ്ടൻസി, ഗാന്ധിയൻ സ്റ്റഡീസ്. മാർച്ച് 16-ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി ആൻഡ് കൾച്ചർ, ഇലക്ട്രോണിക്സ്. മാർച്ച് 20-ഫിസിക്സ്, ജേണലിസം, ജ്യോഗ്രഫി, സംസ്കൃതം ശാസ്ത്ര. മാർച്ച് 21-സ്റ്റാറ്റിസ്റ്റിക്സ്, ജിയോളജി, കംപ്യൂട്ടർ ആപ്ലിക്കേഷൻ. മാർച്ച് 22-ബയോളജി, കംപ്യൂട്ടർ സയൻസ്, സോഷ്യോളജി. മാർച്ച് 23-ബിസിനസ് സ്റ്റഡീസ്, ഇലക്ട്രോണിക്സ് സർവ്വീസ് ടെക്നോളജി, ഫിലോസഫി, സൈക്കോളജി. മാർച്ച് 27-പാർട്ട്-1 ഇംഗ്ലീഷ്. മാർച്ച് 28- പാർട്ട്-2 ലാംഗ്വേജസ്, കംപ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി.

രണ്ടാംവർഷ പരീക്ഷയ്ക്ക് പിഴകൂടാതെ ഫീസടയ്ക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ ഏഴ്. ഒന്നാംവർഷ പരീക്ഷയ്ക്ക് പിഴകൂടാതെ ഫീസടയ്ക്കുന്നതിനുള്ള അവസാനതീയി ഡിസംബർ 14. പരീക്ഷാവിജ്ഞാപനം ഹയർസെക്കൻഡറി പോർട്ടലായ www.dhsekerala.gov.in ൽ ലഭിക്കും.

# ഫ്ലാറ്റ് നിർമാണം: പരാതികളിൽ ഉപഭോക്തൃ കോടതികൾക്ക് ഇടപെടാം

**തിരുവനന്തപുരം:** ഫ്ലാറ്റ് നിർമാണത്തിലെ പരാതികളിൽ ഇടപെടുന്നതിൽ സിവിൽകോടതികൾക്കുള്ള വിലക്ക് ഉപഭോക്തൃ കോടതികൾക്ക് ബാധകമല്ലെന്ന് സംസ്ഥാന ഉപഭോക്തൃ കമ്മിഷൻ വിധിച്ചു.

ഫ്ലാറ്റ് നിർമാണം നിയന്ത്രിക്കുന്ന റിയൽ എസ്റ്റേറ്റ് റെഗുലേഷൻ നിയമത്തിലെ 79-ാം വകുപ്പനുസരിച്ച് ഇത്തരം പരാതികളിൽ ഇടപെടാൻ സിവിൽ കോടതികൾക്ക് മാത്രമാണ് വിലക്ക്. കരാറിൽ ഏർപ്പെട്ടശേഷം നിശ്ചിതസമയത്തിനകം ഫ്ലാറ്റ് നിർമിച്ചുനൽകിയില്ലെങ്കിൽ അത് ഉപഭോക്തൃനിയമത്തിൻെറ പരിധിയിൽവരും.

സതേൺ ഇൻവെസ്റ്റ്മെൻറ്സ് ലിമിറ്റഡിനെതിരെ കെ.പി. അജിത്കുമാർ നൽകിയ ഹർജിയിലാണ് വിധി.

# വൈക്കത്ത് ഇന്ന് അഷ്ടമിദർശനം

**വൈക്കം:** വൈക്കം മഹാദേവ ക്ഷേത്രത്തിലെ അഷ്ടമിദർശനം തിങ്കളാഴ്ച പുലർച്ചെ 4.30നു തുടങ്ങും. മൂന്നുമണിക്ക് മേൽശാന്തി നടതുറന്ന് ഉഷഃപൂജ, എതൃത്തപൂജ എന്നിവ നടത്തും. തുടർന്നാണ് ദർശനത്തിനു നട തുറക്കുക.

സ്വർണപ്രഭാമണ്ഡലം ചാർത്തി സ്വർണത്തിൻെറ അങ്കി, ചന്ദ്രക്കല, പുഷ്പങ്ങൾ, മാലകൾ, ഉതിരബന്ധം എന്നിവയാൽ അലങ്കരിച്ച വൈക്കത്തപ്പനെ തൊഴാൻ ഭക്തർ ഒട്ടേറെപ്പേരെത്തും.

വൃശ്ചികമാസത്തിലെ അഷ്ടമിനാളിൽ മഹാദേവൻ പാർവതീദേവീസമേതനായി വ്യാഘ്രപാദ മഹർഷിക്കു ദർശനം നൽകിയ പുണ്യമുഹൂർത്തമാണ് വൈക്കത്തഷ്ടമിയെന്നാണു വിശ്വാസം. രാത്രി 10ന് വ്യാഘ്രപാദത്തറസമീപത്തേക്ക്, ഉപവാസത്തിലുള്ള വൈക്കത്തപ്പൻ എഴുന്നള്ളും. 11നാണ് ദാരികാസുരനിഗ്രഹം കഴിഞ്ഞ് ആരവങ്ങളോടുകൂടി, വൈക്കത്തപ്പൻെറ പുത്രനായ ഉദയനാപുരത്തപ്പൻെറ വരവ്. തുടർന്ന് അഷ്ടമിവിളക്കും വലിയകാണിക്കയും.

3.30ന് വൈക്കത്തപ്പൻെറയും ഉദയനാപുരത്തപ്പൻെറയും വിടപറയൽ. 4.30ന് ഉദയനാപുരത്തപ്പൻെറ യാത്രയയപ്പ്.

ഇ1-7377/16 തീയതി: 19.11.2016
**കൂത്തുപറമ്പ് നഗരസഭ**
**പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം**
കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്ട്മാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തിയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തിയതി: 14.12.2016 10 മണി.
(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246

# മോട്ടോർവാഹന മേഖലയിലെ പ്രതിസന്ധി പരിഹരിക്കും -മന്ത്രി ഇ. ചന്ദ്രശേഖരൻ



കേരള സ്റ്റേറ്റ് പ്രൈവറ്റ് മോട്ടോർത്തൊഴിലാളി ഫെഡറേഷൻ (എ.ഐ.ടി.യു.സി.) സംസ്ഥാന സമ്മേളനം സമാപനയോഗത്തിൽ മന്ത്രി ഇ. ചന്ദ്രശേഖരൻ സംസാരിക്കുന്നു

**പാലക്കാട്:** മോട്ടോർവാഹനമേഖലയിലെ പ്രതിസന്ധി പരിഹരിക്കാനും പ്രശ്നം ചർച്ചചെയ്യാനും സർക്കാർ തയ്യാറാണെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ.

കേരളാ സ്റ്റേറ്റ് പ്രൈവറ്റ് മോട്ടോർത്തൊഴിലാളി ഫെഡറേഷൻ (എ.ഐ.ടി.യു.സി.) സംസ്ഥാന സമ്മേളനത്തിൽ സംസാരിക്കയായിരുന്നു അദ്ദേഹം.

മോട്ടോർമേഖലയിലെ തൊഴിലാളികളിൽ ഭൂരിഭാഗവും ലോൺ തിരിച്ചടയ്ക്കാനാവാതെ ദുരിതത്തിലാണ്. പെട്രോൾവിലയും സ്പെയർപാർട്സ് വിലയും അനുദിനം വർധിക്കയാണ്.

ഈ മേഖലയിലെ പ്രതസന്ധി പരിഹരിക്കാൻ തൊഴിലാളി സംഘടനകൾ രംഗത്തിറങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സമാപനയോഗം എ.ഐ.ടി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് ജെ. ഉദയഭാനു അധ്യക്ഷനായി.

സി.പി.ഐ. നേതാവ് വി. ചാമുണ്ണി, സി.പി.ഐ. ജില്ലാ സെക്രട്ടറി കെ.പി. സുരേഷ്രാജ്, വിജയൻ കുനിശ്ശേരി, എൻ.ജി. മുരളീധരൻ നായർ, കെ. മല്ലിക, കെ.സി. ജയപാലൻ, താവം ബാലകൃഷ്ണൻ, പട്ടം ശശിധരൻ, ലൂക്കോസ്, പ്രേംചന്ദ് എന്നിവർ സംസാരിച്ചു.

സംസ്ഥാന പ്രസിഡൻറായി കെ. ഉദയഭാനുവിനെയും സെക്രട്ടറിയായി ജോയ് ജോസഫിനെയും തിരഞ്ഞെടുത്തു.



കെ. ഉദയഭാനു (പ്രസി.), ജോയ് ജോസഫ് (സെക്ര.)

## വിദ്യാഭ്യാസം വാണിജ്യവത്കരിക്കാൻ ശ്രമം -പ്രകാശ് ബാബു

**കോഴിക്കോട്:** സമഗ്ര വിദ്യാഭ്യാസ കാഴ്ചപ്പാട് പുലർത്താത്ത ദേശീയ പാഠ്യപദ്ധതി കരട് നിർദേശങ്ങൾ സ്വീകാര്യമല്ലെന്ന് സി.പി.ഐ. സംസ്ഥാന അസി. സെക്രട്ടറി കെ. പ്രകാശ്ബാബു പറഞ്ഞു.

വിദ്യാഭ്യാസ വിചക്ഷണരെ ഒഴിവാക്കി ഉദ്യോഗസ്ഥരെ കുത്തിനിറച്ച സമിതിയാണ് പാഠ്യപദ്ധതിക്ക് രൂപം നൽകിയതെന്ന് അദ്ദേഹം പറഞ്ഞു. എ.കെ.എസ്.ടി.യു. സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന പ്രസിഡൻറ് ശരത്ചന്ദ്രൻ നായർ അധ്യക്ഷതവഹിച്ചു. ഡോ. ടി.കെ. അബ്ബാസ് അലി വിഷയം അവതരിപ്പിച്ചു. മഹേഷ് കക്കത്ത്, എൻ. ശ്രീകുമാർ, ടി. പ്രകാശൻ, ഒ.കെ. ജയകൃഷ്ണൻ, ബി. വിജയമ്മ എന്നിവർ സംസാരിച്ചു.

**എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന**
പ്രഥമ ന്യായാധികാരപരിധി
**കമ്പനി പെറ്റിഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

**പെറ്റീഷൻെറ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റിഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റിഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കേറ്റിനെ അറിയിക്കണം. വാദമുഖത്തിൻെറ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിൻെറ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കേറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടിസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

**ഒപ്പ്**
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**തിയ്യതി: നവംബർ 7 2016** **കൗൺസൽ ഫോർ ദി പെറ്റീഷണർ**

**കേരള സംസ്ഥാന ഭാഗ്യക്കുറി**
www.kerala.gov.in www.keralalotteries.com

**ഭാഗ്യനിധി BN-263 നറുക്കെടുപ്പ് ഫലം 20.11.2016**

ഒന്നാം സമ്മാനം 65 ലക്ഷം രൂപ BY 725070 (കാസർകോട്)

സമാശ്വാസ സമ്മാനം 10,000 രൂപ

BM 725070 BO 725070 BP 725070 BS 725070 BT 725070
BU 725070 BW 725070 BX 725070 BZ 725070

2-ാം സമ്മാനം 5 ലക്ഷം രൂപ BM 850791 (ഇടുക്കി)

3-ാം സമ്മാനം 10000 രൂപ

43436

4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1225 | 2940 | 3457 | 4094 | 5716 | 6718 | 6776 | 6893 | 8537 | 9170 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0995 | 3791 | 4317 | 4812 | 5345 | 5881 | 6366 | 6407 | 7803 | 9775 |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0061 | 1074 | 2006 | 2456 | 2576 | 2666 | 3106 | 3281 | 3739 | 4235 |
| 4601 | 5306 | 5775 | 5912 | 6140 | 6194 | 6250 | 6401 | 6707 | 7755 |
| 7774 | 8149 | 8263 | 8721 | 9805 | 9941 | | | | |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0005 | 0018 | 0813 | 0955 | 1627 | 1756 | 1778 | 1828 | 2021 | 2179 | 2300 | 3291 |
| 3341 | 3496 | 4298 | 4349 | 4403 | 4415 | 4535 | 5117 | 5245 | 5290 | 5315 | 5513 |
| 5549 | 5587 | 5759 | 6193 | 6372 | 6755 | 6831 | 7419 | 7700 | 7779 | 7782 | 8331 |
| 8603 | 8763 | 9300 | 9399 | 9657 | 9767 | | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0136 | 0236 | 0319 | 0401 | 0845 | 1173 | 1339 | 1410 | 1462 |
| 1505 | 1672 | 1685 | 2025 | 2064 | 2073 | 2256 | 2415 | 3084 | 3395 |
| 3498 | 3539 | 3636 | 3841 | 3891 | 3953 | 4109 | 4142 | 4214 | 4258 |
| 4318 | 4668 | 4733 | 4809 | 5000 | 5030 | 5058 | 5374 | 5659 | 5906 |
| 5990 | 6163 | 6182 | 6215 | 6254 | 6335 | 6437 | 6609 | 6701 | 6739 |
| 6790 | 7138 | 7206 | 7253 | 7292 | 7307 | 7393 | 7596 | 7736 | 7862 |
| 7936 | 8072 | 8563 | 8817 | 9364 | 9581 | 9712 | 9764 | 9936 | 9981 |

വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

അടുത്ത ഭാഗ്യനിധി നറുക്കെടുപ്പ് 26.11.2016

നറുക്കെടുപ്പിന് ഇനി 4 ദിവസം മാത്രം..
ശുചിത്വബോധത്തിലൂടെ ആരോഗ്യജീവിതം
നിർമൽ
ദ്വൈവാര ഭാഗ്യക്കുറി
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം ₹3കോടി
ടിക്കറ്റ് വില ₹100

# കോച്ചുകളുടെ പഴക്കം അപകടതീവ്രത കൂട്ടി



ഉത്തർപ്രദേശിലെ പുഖ്‌രായാമിൽ പാളംതെറ്റി മറിഞ്ഞ തീവണ്ടിബോഗിക്കിടയിൽനിന്ന് രക്ഷാപ്രവർത്തകർ മൃതദേഹം പുറത്തെടുക്കുന്നു -എ.പി.

സ്വന്തം ലേഖകൻ

**കാൻപുർ:** പാളത്തിൽ വിള്ളലുണ്ടായതാണ് പുഖ്‌രായാം തീവണ്ടിയപകടത്തിനു കാരണമെന്നാണ് പ്രാഥമിക നിഗമനം. എന്നാൽ, തീവണ്ടിയിൽ ഘടിപ്പിച്ചിരുന്ന കോച്ചുകളുടെ പഴക്കം അപകടതീവ്രത കൂട്ടിയെന്നും രക്ഷാപ്രവർത്തകർ പറയുന്നു.

പാളംതെറ്റിയ ആദ്യത്തെ ഏതാനും കോച്ചുകൾ കൂട്ടിയിടിച്ച് പൂർണമായും തകർന്നു. ഇതിനിടയിൽ തിങ്ങിഞെരുങ്ങിയാണ് ഒട്ടേറെപ്പേർ മരിച്ചത്. സാങ്കേതിക-ശാസ്ത്രീയ പരിശോധനകൾക്കു ശേഷമേ കാരണം സംബന്ധിച്ച വിവരങ്ങൾ പുറത്തുവിടുകയുള്ളൂവെന്ന് ഉന്നത റെയിൽവേ ഉദ്യോഗസ്ഥർ വ്യക്തമാക്കി. അപകടകാരണം കണ്ടെത്തുന്നതിനായി സഞ്ചരിച്ച കാൻപുർ-ഝാൻസി റൂട്ടിൽ പാളങ്ങളുടെ ദൃശ്യങ്ങൾ വീഡിയോയിൽ ചിത്രീകരിച്ച് പരിശോധിക്കുമെന്ന് ഉത്തര-മധ്യ റെയിൽവേ ജനറൽ മാനേജർ അരുൺ സക്സേന അറിയിച്ചു.

വലിയ ശബ്ദത്തോടെ വണ്ടി ചെരിയുകയായിരുന്നുവെന്ന് രക്ഷപ്പെട്ട യാത്രക്കാരിൽ ചിലർ പറഞ്ഞു. ആളുകളും ബാഗുകളുമെല്ലാം ചിതറിത്തെറിച്ചുപോയി. ഞെട്ടിയുണർന്ന യാത്രക്കാരിൽ പലരും ഒപ്പമുണ്ടായിരുന്നവരെ കാണാനാവാതെ അലമുറയിട്ടു.

പാളംതെറ്റി കൂട്ടിയിടിച്ച ബോഗിയിൽനിന്ന് ആറും ഏഴും വയസ്സുള്ള രണ്ടു കുട്ടികൾ ദൂരേക്ക് തെറിച്ചുവീണ് അദ്ഭുതകരമായി രക്ഷപ്പെട്ടു.

വാരാണസി, ലഖ്നൗ എന്നിവിടങ്ങളിൽനിന്നുൾപ്പെടെ കേന്ദ്ര ദുരന്തനിവാരണസംഘത്തിന്റെ അഞ്ച് യൂണിറ്റുകൾ രക്ഷാപ്രവർത്തനത്തിനെത്തിയിരുന്നു. 30-ഓളം ആംബുലൻസുകളിലും മറ്റു വാഹനങ്ങളിലുമായാണ് പരിക്കേറ്റവരെ ആസ്പത്രിയിലെത്തിച്ചത്. പരിക്കേറ്റവരെ ആദ്യം പുഖ്‌രായാമിലെ സ്വകാര്യ ആസ്പത്രിയിലേക്കാണെത്തിച്ചത്. ഗുരുതര നിലയിലുള്ളവരെ പിന്നീട് കാൻപുരിലെ ആസ്പത്രികളിലേക്ക് വിദഗ്ധചികിത്സയ്ക്കായി മാറ്റി.

ഇവരുടെ ബന്ധുക്കൾക്ക് അപകടസ്ഥലത്തേക്കും ആസ്പത്രികളിലേക്കും എത്തുന്നതിനുള്ള സംവിധാനം റെയിൽവേയും സംസ്ഥാനഭരണകൂടവും ചേർന്ന് ഒരുക്കി.

പട്ന റെയിൽവേ സ്റ്റേഷനിലും യു.പി.യിലെ മലാസ സ്റ്റേഷനിലും കൺട്രോൾ റൂം തുറന്നു.

## അപകടസാധ്യത അറിയിച്ചിട്ടും പ്രതികരിച്ചില്ലെന്ന് യാത്രക്കാരൻ

**ഇൻഡോർ:** റെയിൽവേ ഉദ്യോഗസ്ഥൻ യഥാസമയം പ്രവർത്തിച്ചിരുന്നെങ്കിൽ ഒഴിവാകുമായിരുന്നത് വൻ ദുരന്തം. തീവണ്ടിചക്രങ്ങളിൽനിന്ന് അസാധാരണമാംവിധം ശബ്ദം കേട്ടപ്പോൾത്തന്നെ റെയിൽവേ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നതായി ഒരു യാത്രക്കാരൻ പറഞ്ഞതാണ് റെയിൽവേയുടെ കൃത്യവിലോപം പുറത്തുകൊണ്ടുവന്നത്.

ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി മധ്യപ്രദേശിലെ ദേവാസ് ജില്ല കടന്നപ്പോൾ സ്ലീപ്പർ കോച്ചിലുണ്ടായിരുന്ന (എസ്-2) താൻ വിവരമറിയിച്ചിട്ടും കോച്ചിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ഇത് കാര്യമായെടുത്തില്ലെന്ന് യാത്രക്കാരനായ പ്രകാശ് ശർമ പറഞ്ഞു. ഇതിന് 12 മണിക്കൂറിനു ശേഷമാണ് അപകടം നടന്നത്. എന്നാൽ, ഈ ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ അറിയില്ല. പ്രകാശ് ഉച്ചയ്ക്ക് മൂന്നുമണിയോടുകൂടി ഉജ്ജയിൻ സ്റ്റേഷനിൽ ഇറങ്ങിയിരുന്നു.

## സമീപകാലത്തെ തീവണ്ടിയപകടങ്ങൾ

**ഓഗസ്റ്റ് 4, 2015:** മധ്യപ്രദേശിലെ ഹർദ ജില്ലയിൽ കാമയാനി എക്സ്പ്രസ് മച്ചക് പുഴയിലേക്ക് മറിഞ്ഞ് 25 പേർ മരിച്ചു

**മാർച്ച് 20, 2015:** ഉത്തർപ്രദേശിലെ റായ്ബറേലിയിൽ ദെഹ്റാദൂണിൽനിന്ന് വാരാണസിയിലേക്ക് പോകുകയായിരുന്ന ജനത എക്സ്പ്രസ് പാളംതെറ്റി 39 പേർ മരിച്ചു.

**മേയ് 4, 2014:** മഹാരാഷ്ട്രയിലെ റായ്ഗഢ് ജില്ലയിൽ ദിവ ജങ്ഷൻ-സവന്ത്‌വാദി പാളംതെറ്റി 20 പേർ മരിച്ചു

**മേയ് 26, 2014 :** ഉത്തർപ്രദേശിലെ സന്ത് കബീർനഗർ ജില്ലയിൽ ഖലീലാബാദ് സ്റ്റേഷനുസമീപം നിർത്തിയിട്ടിരുന്ന ചരക്കുതീവണ്ടിയിൽ ഗോരഖ്ദാം എക്സ്പ്രസ് ഇടിച്ച് 25 പേർ മരിച്ചു. അമ്പതിലധികം പേർക്ക് പരിക്കേറ്റു.

## സഹായവുമായി സംസ്ഥാനങ്ങൾ

- മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ 30 ഡോക്ടർമാർക്കും മന്ത്രി നരോത്തം മിസ്റ്റ്രയുമൊപ്പം അപകടസ്ഥലം സന്ദർശിച്ചു. അപകടത്തിൽപ്പെട്ടവരെ മെച്ചപ്പെട്ട ചികിത്സയ്ക്കായി ഇൻഡോറിലേക്കു മാറ്റും.
- മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് രണ്ടുലക്ഷം രൂപയും പരിക്കേറ്റവർക്ക് 50, 000 രൂപയും മധ്യപ്രദേശ് സർക്കാർ നൽകും.
- ഉത്തർപ്രദേശ് സർക്കാർ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അഞ്ചുലക്ഷം രൂപ നൽകും.
- മരിച്ച ബിഹാറുകാരുടെ കുടുംബത്തിന് രണ്ടുലക്ഷം നൽകുമെന്ന് മുഖ്യമന്ത്രി നിതീഷ് കുമാർ. പരിക്കേറ്റവർക്ക് 50,000.

## അച്ഛനെ തിരഞ്ഞ് പ്രതിശ്രുത വധു

**പുഖ്‌രായാം:** വിവാഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ തിളങ്ങിയിരുന്ന റൂബി ഗുപ്തയെന്ന ഇരുപതുകാരിയുടെ കണ്ണുകൾ ഇപ്പോൾ തിരയുന്നത് അച്ഛനെയാണ്. വിവാഹത്തിന് പത്തുദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോഴാണ് റൂബി അച്ഛൻ രാം പ്രസാദ് ഗുപ്തയും നാല് സഹോദരങ്ങൾക്കുമൊപ്പം അസംഗഢിലേക്ക് പുറപ്പെട്ടത്. തീവണ്ടി പാളംതെറ്റിയതോടെ ഇവരുടെ ലോകം കീഴ്മേൽ മറിഞ്ഞു. അപകടത്തിൽ റൂബിയും സഹോദരങ്ങളായ അർച്ചന, ഖുഷി, അഭിഷേക്, വിശാൽ എന്നിവരും പരിക്കുകളോടെ രക്ഷപ്പെട്ടെങ്കിലും രാം പ്രസാദ് ഗുപ്തയെക്കുറിച്ച് യാതൊരു വിവരവുമില്ല.

അച്ഛനെ എല്ലായിടത്തും തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല. ആസ്പത്രികളിലും മോർച്ചറികളിലും പോയി നോക്കാൻ ചിലർ പറയുന്നു. പക്ഷേ, എന്താണ് ചെയ്യേണ്ടതെന്ന് എനിക്കൊരു രൂപവുമില്ല- റൂബി പറഞ്ഞു. വിവാഹാവശ്യത്തിനായുള്ള ആഭരണങ്ങളും വസ്ത്രങ്ങളും അപകടത്തിൽ നഷ്ടപ്പെട്ടു.



റെയിൽവേമന്ത്രി സുരേഷ്പ്രഭു ദുരന്തസ്ഥലത്തെത്തിയപ്പോൾ

## അനുശോചിച്ചു

- ലോക്‌സഭാ സ്പീക്കർ സുമിത്ര മഹാജനടക്കമുള്ള പ്രമുഖനേതാക്കൾ അനുശോചിച്ചു.
- അപകടകാരണം സൂക്ഷ്മമായി പരിശോധിക്കണം - സോണിയാ ഗാന്ധി
- പാളം തെറ്റിയതാണോ അതോ കേന്ദ്രസർക്കാരിനെതിരെയുള്ള ഗൂഢാലോചനയാണോ എന്ന് സൂക്ഷ്മമായി അന്വേഷിക്കണം -മുരളി മനോഹർ ജോഷി

## വലിയ അപകടങ്ങൾ

**മേയ് 28, 2010:** പശ്ചിമബംഗാളിലെ മിഡ്നാപുർ ജില്ലയിൽ ജ്ഞാനേശ്വർ എക്സ്പ്രസ് പാളംതെറ്റി 148 പേർ മരിച്ചു. മാവോവാദികളുടെ അട്ടിമറിയാണ് അപകടകാരണം

**സെപ്റ്റംബർ 9, 2002:** ബിഹാറിലെ ഔറംഗാബാദ് ജില്ലയിൽ ഹൗറ- ഡൽഹി രാജധാനി എക്സ്പ്രസ് ധാവേ നദിയിലേക്ക് മറിഞ്ഞ് 100 പേർ മരിച്ചു

**ഓഗസ്റ്റ് 2, 1999:** അസമിലെ ഗയിസാലിൽ തീവണ്ടികൾ കൂട്ടിയിടിച്ച് 290 പേർ മരിച്ചു

**നവംബർ 26, 1998:** പഞ്ചാബിലെ ഖന്നയ്ക്കുസമീപം പാളംതെറ്റിയ ഫ്രോണ്ടിയർ മെയിലിന്റെ കോച്ചുകളിൽ ജമ്മു തവി-സിയാൽദാ എക്സ്പ്രസ് ഇടിച്ച് 212 മരണം

**സെപ്റ്റംബർ 14, 1997:** മധ്യപ്രദേശിലെ ബിലാസ്പുർ ജില്ലയിൽ അഹമ്മദാബാദ്-ഹൗറാ എക്സ്പ്രസിന്റെ അഞ്ച് ബോഗികൾ നദിയിൽവീണ് 81 മരണം

**ഓഗസ്റ്റ് 20, 1995:** ഉത്തർപ്രദേശിലെ ഫിറോസാബാദ് റെയിൽവേ സ്റ്റേഷനുസമീപം പുരുഷോത്തം എക്സ്പ്രസ് കാളിന്ദി എക്സ്പ്രസിൽ ഇടിച്ച് 400 പേർ മരിച്ചു.

**ഏപ്രിൽ 18, 1988:** ഉത്തർപ്രദേശിലെ ലളിത്പുരിൽ കർണാടക എക്സ്പ്രസ് പാളംതെറ്റി 75 മരണം

**ജൂലായ് 8, 1988:** കേരളത്തിലെ പെരുമൺ അഷ്ടമുടിക്കായലിൽ ഐലൻഡ് എക്സ്പ്രസ് വീണ് 107 മരണം.

# പാർട്ടിയിൽ ചെറുപ്പക്കാർക്ക് 30 ശതമാനം പ്രാതിനിധ്യത്തിന് സി.പി.എം.

**തിരുവനന്തപുരം:** പാർട്ടിയുടെ മൊത്തം അംഗത്വത്തിൽ യുവാക്കളുടെ പ്രാതിനിധ്യം ഗണ്യമായി ഉയർത്താൻ സി.പി.എം. തീരുമാനം. 30 വയസ്സിൽതാഴെ പ്രായമുള്ളവരുടെ അംഗത്വം 30 ശതമാനമാക്കാനാണ് സംസ്ഥാനസമിതി തീരുമാനം. അംഗത്വത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം 25 ശതമാനത്തിലെത്തിക്കും.

നിലവിൽ 25 ശതമാനം സ്ത്രീ പ്രാതിനിധ്യമുള്ള കണ്ണൂർ, കാസർകോട് ജില്ലകളിൽ അത് 30 ശതമാനത്തിലെത്തിക്കുമെന്നും സംസ്ഥാനസമിതി തീരുമാനങ്ങൾ പത്രസമ്മേളനത്തിൽ വിശദീകരിച്ച സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ആർ.എസ്.എസ്. നേതൃത്വത്തിൽ ഹൈന്ദവ വർഗീയവാദം ഒരുവശത്തും ഐ.എസ്. നേതൃത്വത്തിൽ ഇസ്‌ലാമിക മൗലികവാദം മറുവശത്തും ശക്തമാകുകയാണ്. ഇതിനെതിരെ മതനിരപേക്ഷ ശക്തികളെ ഒരുമിപ്പിച്ച് പ്രചാരണം നടത്തും. ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തിയാണ് വർഗീയപ്രചാരണം. അതിനുതടയിടാൻ വിശ്വാസികളെ കൂടെനിർത്തിയുള്ള പ്രവർത്തനമാവും പാർട്ടി നടത്തുക.

പാർട്ടിയുടെ വർഗബഹുജന സംഘടനകളെ ശക്തിപ്പെടുത്താനുള്ള നിർദേശങ്ങളും സംസ്ഥാനകമ്മിറ്റി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനകമ്മിറ്റി നിർദേശങ്ങൾ കീഴ്ഘടകങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ജനുവരിയിൽ രണ്ടുദിവസമായി ജില്ലാകമ്മിറ്റികൾ ചേരുമെന്നും കോടിയേരി അറിയിച്ചു.

### സഹകരണപ്രതിസന്ധി: ആഗ്രഹിക്കുന്നത് യോജിച്ചുള്ള പ്രക്ഷോഭം

സഹകരണമേഖലയെ തകർക്കാനുള്ള കേന്ദ്രനീക്കത്തിനെതിരെ എല്ലാവരെയും യോജിപ്പിച്ചുള്ള പ്രക്ഷോഭമാണ് സി.പി.എം. ആഗ്രഹിക്കുന്നതെന്ന് കോടിയേരി ബാലകൃഷ്ണൻ. രാഷ്ട്രീയാഭിപ്രായം പറഞ്ഞ് ആരെയും മാറ്റിനിർത്തില്ല. സർവകക്ഷിയോഗത്തിൽ എല്ലാവർക്കും യോജിക്കാവുന്ന കർമപദ്ധതി ആലോചിക്കും.

ഇപ്പോഴത്തെ സാഹചര്യം മുതലെടുത്ത് നിക്ഷേപകരിൽ പരിഭ്രാന്തി പടർത്താനാണ് ആർ.എസ്.എസ്. ശ്രമം. സഹകരണമേഖലയിലെ നിക്ഷേപം സ്വകാര്യ, കോർപ്പറേറ്റ് ബാങ്കുകളിലേക്ക് ഊറ്റിയെടുക്കാനാണ് നീക്കമെന്നും അദ്ദേഹം ആരോപിച്ചു.

## പിരപ്പൻകോടിന് താക്കീത്, പൂഞ്ഞാറിൽ രണ്ടുപേർക്ക് തരംതാഴ്ത്തൽ

**തിരുവനന്തപുരം:** നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർഥികൾ മൂന്നാംസ്ഥാനത്തേക്കുപോയ വട്ടിയൂർക്കാവ്, പൂഞ്ഞാർ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പു ചുമതലക്കാർക്കെതിരെ സി.പി.എം. നടപടി.

വട്ടിയൂർക്കാവ് മണ്ഡലത്തിലെ ചുമതലക്കാരൻ സംസ്ഥാനസമിതിയംഗം പിരപ്പൻകോട് മുരളി, തിരഞ്ഞെടുപ്പ് കമ്മിറ്റി സെക്രട്ടറി ബി.എസ്. രാജീവ് എന്നിവരെ പാർട്ടിക്കുള്ളിൽ താക്കീതുചെയ്യും. തിരുവനന്തപുരം ജില്ലയുടെ മുഴുവൻ ചുമതലയുണ്ടായിരുന്ന മുൻമന്ത്രി എം. വിജയകുമാർ കൂടുതൽ ജാഗ്രത പുലർത്തണമായിരുന്നുവെന്ന് സംസ്ഥാനസമിതി വിലയിരുത്തി. സി.പി.എം. തിരുവനന്തപുരം മുൻ ജില്ലാസെക്രട്ടറിയും മുൻ എം.എൽ.എ.യുമാണ് പിരപ്പൻകോട് മുരളി.

പൂഞ്ഞാർ മണ്ഡലത്തിലെ ചുമതലക്കാരായിരുന്ന കോട്ടയം ജില്ലാ സെക്രട്ടേറിയറ്റ് അംഗം വി.പി. ഇബ്രാഹിമിനെ ജില്ലാ സെക്രട്ടേറിയറ്റിൽനിന്നും വി.എൻ. ശശിധരനെ ജില്ലാക്കമ്മിറ്റിയിൽനിന്നും ഒഴിവാക്കും.

# ഡി.സി.സി. പുനഃസംഘടന: നേതാക്കൾ ഡൽഹിക്ക്

**തിരുവനന്തപുരം:** ഡി.സി.സി. പുനഃസംഘടന സംബന്ധിച്ച അന്തിമ ആലോചനകൾക്കായി നേതാക്കളെ ഹൈക്കമാൻഡ് ഡൽഹിക്ക് വിളിച്ചു. കെ.പി.സി.സി. പ്രസിഡൻറ് വി.എം. സുധീരൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എന്നിവരുമായി വ്യാഴാഴ്ച ഹൈക്കമാൻഡ് ചർച്ച നടത്തും. ഈയാഴ്ച അവസാനത്തോടെ പുതിയ ഡി.സി.സി. പ്രസിഡൻറുമാരെ പ്രഖ്യാപിച്ചേക്കും.

പുതിയ ഡി.സി.സി. പ്രസിഡൻറുമാർക്കായി ആലോചനകൾ തുടങ്ങിയിട്ട് നാളുകളേറെയായി. സമവായത്തിലെത്താനായിരുന്നു അദ്യശ്രമം. എന്നാൽ അത് വിജയിച്ചില്ല. രാഷ്ട്രീയകാര്യ സമിതിയിലെ അംഗങ്ങൾ പ്രത്യേകം നിർദേശങ്ങൾ നൽകാനും ഹൈക്കമാൻഡ് ആവശ്യപ്പെട്ടിരുന്നു.

സമവായത്തിൽ എത്താത്തതിനെ തുടർന്ന് മൂന്നുപേരും വ്യത്യസ്ത പട്ടിക നൽകി. എ, ഐ ഗ്രൂപ്പുകളും വി.എം. സുധീരനും പ്രത്യേകം പട്ടിക നൽകി. വെവ്വേറെ പട്ടിക നൽകിയെങ്കിലും എ, ഐ ഗ്രൂപ്പുകൾ പരസ്പര ധാരണയോടെയാണ് നീങ്ങുന്നത്. ഓരോ ഗ്രൂപ്പിന്റെയും പക്കലുള്ള ജില്ലകൾ അതത് ഗ്രൂപ്പുകൾക്ക് ലഭിക്കത്തക്ക വിധത്തിലാണ് ധാരണ.

എന്നാൽ സുധീരന്റെ നിർദേശംകൂടി പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം. ഹൈക്കമാൻഡ് സ്വന്തം നിലയ്ക്കും സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. ഗ്രൂപ്പുകൾക്കതീതമായി കഴിവിന്റെ അടിസ്ഥാനത്തിലായിരിക്കും തീരുമാനമെന്നാണ് വിലയിരുത്തൽ.

ഇ1-7377/16 തീയതി: 19.11.2016

**കൂത്തുപറമ്പ് നഗരസഭ**

**പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം**

കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്ട്മാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തീയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തീയതി: 14.12.2016 10 മണി.

(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246

## എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന

പ്രഥമ ന്യായാധികാരപരിധി

**കമ്പനി പെറ്റീഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

**പെറ്റീഷന്റെ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റീഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റീഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റീഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റീഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിന്റെ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റീഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റീഷണറുടെ വക്കീലിന്റെ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

**ഒപ്പ്**
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**കൗൺസൽ ഫോർ ദി പെറ്റീഷണർ**

**തിയ്യതി: നവംബർ 7 2016**

കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

## നറുക്കെടുപ്പ് തത്സമയ ടെലിവിഷൻ സംപ്രേഷണത്തിന് താൽപര്യപത്രിക ക്ഷണിക്കുന്നു

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന വിവിധ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുന്നതിന് താൽപര്യപത്രിക ക്ഷണിക്കുന്നു. കരാർ ഒപ്പിടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കാലാവധി. പത്രിക സമർപ്പിക്കുന്നതിനുള്ള *അവസാന ദിവസം 2016 ഡിസംബർ 3, വൈകുന്നേരം 4 മണി.* ഒരു നറുക്കെടുപ്പിന് വകുപ്പിന് നൽകാവുന്ന പരമാവധി തുക രേഖപ്പെടുത്തിയ സാമ്പത്തിക പത്രികയും ചാനലിന്റെ സാങ്കേതിക വിവരങ്ങളും തൽസമയം സംപ്രേക്ഷണം നിർവ്വഹിക്കുന്നതിന്റെ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയ സാങ്കേതിക പത്രികയും സമർപ്പിക്കണം. കവറിന് മുകളിൽ *തത്സമയ സംപ്രേക്ഷണത്തിനുള്ള അപേക്ഷ* എന്ന് രേഖപ്പെടുത്തിയിരിക്കണം. പത്രികകൾ 2016 ഡിസംബർ 5-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലുള്ള ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. ഏതൊരു താൽപര്യപത്രവും നിരസിക്കുന്നതിനും നടപടി ക്രമങ്ങൾ മാറ്റുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. താൽപര്യപത്രികകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കൂ. ഭാരത സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉപഗ്രഹം വഴി ഇന്ത്യയിൽ നിന്ന് അപ്‌ലിങ്ക് ചെയ്യുന്നതും കേരള ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ളതുമായ ചാനലുകൾക്ക് അപേക്ഷിക്കാം.

മറ്റ് നിബന്ധനകളും നിർദ്ദേശങ്ങളും www.keralalotteries.com എന്ന വെബ്സൈറ്റിലും ഡയറക്ടറേറ്റിലും ലഭിക്കും

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ

കേരള സംസ്ഥാന ഭാഗ്യക്കുറി

കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

**ഭാഗ്യനിധി BN-263 നറുക്കെടുപ്പ് ഫലം 20.11.2016**

ശ്രീചിത്രാ ഹോം ആഡിറ്റോറിയം, പഴവങ്ങാടി, തിരുവനന്തപുരം

ഒന്നാം സമ്മാനം 65 ലക്ഷം രൂപ BY 725070 (കാസർകോട്)

സമാശ്വാസ സമ്മാനം 10,000 രൂപ

BM 725070 BO 725070 BP 725070 BS 725070 BT 725070 BU 725070 BW 725070 BX 725070 BZ 725070

2-ാം സമ്മാനം 5 ലക്ഷം രൂപ BM 850791 (ഇടുക്കി)

താഴെ പറയുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

3-ാം സമ്മാനം 10000 രൂപ

43436

4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1225 | 2940 | 3457 | 4094 | 5716 | 6718 | 6776 | 6893 | 8537 | 9170 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0995 | 3791 | 4317 | 4812 | 5345 | 5881 | 6366 | 6407 | 7803 | 9775 |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0061 | 1074 | 2006 | 2456 | 2576 | 2666 | 3106 | 3281 | 3739 | 4235 |
| 4601 | 5306 | 5775 | 5912 | 6140 | 6194 | 6250 | 6401 | 6707 | 7755 |
| 7774 | 8149 | 8263 | 8721 | 9805 | 9941 | | | | |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0005 | 0018 | 0813 | 0955 | 1627 | 1756 | 1778 | 1828 | 2021 | 2179 | 2300 | 3291 |
| 3341 | 3496 | 4298 | 4349 | 4403 | 4415 | 4535 | 5117 | 5245 | 5290 | 5315 | 5513 |
| 5549 | 5587 | 5759 | 6193 | 6372 | 6755 | 6831 | 7419 | 7700 | 7779 | 7782 | 8331 |
| 8603 | 8763 | 9300 | 9399 | 9657 | 9767 | | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0136 | 0236 | 0319 | 0401 | 0845 | 1173 | 1339 | 1410 | 1462 |
| 1505 | 1672 | 1685 | 2025 | 2064 | 2073 | 2256 | 2415 | 3084 | 3395 |
| 3498 | 3539 | 3636 | 3841 | 3891 | 3953 | 4109 | 4142 | 4214 | 4258 |
| 4318 | 4668 | 4733 | 4809 | 5000 | 5030 | 5058 | 5374 | 5659 | 5906 |
| 5990 | 6163 | 6182 | 6215 | 6254 | 6335 | 6437 | 6609 | 6701 | 6739 |
| 6790 | 7138 | 7206 | 7253 | 7292 | 7307 | 7393 | 7596 | 7736 | 7862 |
| 7936 | 8072 | 8563 | 8817 | 9364 | 9581 | 9712 | 9764 | 9936 | 9981 |

വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

അടുത്ത ഭാഗ്യനിധി നറുക്കെടുപ്പ് 26.11.2016

നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം ₹4 കോടി
ടിക്കറ്റ് വില ₹150

# കോച്ചുകളുടെ പഴക്കം അപകടതീവ്രത കൂട്ടി


ഉത്തർപ്രദേശിലെ പുഖ്‌രായാമിൽ പാളംതെറ്റി മറിഞ്ഞ തീവണ്ടിബോഗിക്കിടയിൽനിന്ന് രക്ഷാപ്രവർത്തകർ മൃതദേഹം പുറത്തെടുക്കുന്നു -എ.പി.

സ്വന്തം ലേഖകൻ

**കാൻപുർ:** പാളത്തിൽ വിള്ളലുണ്ടായതാണ് പുഖ്‌രായാം തീവണ്ടിയപകടത്തിനു കാരണമെന്നാണ് പ്രാഥമിക നിഗമനം. എന്നാൽ, തീവണ്ടിയിൽ ഘടിപ്പിച്ചിരുന്ന കോച്ചുകളുടെ പഴക്കം അപകടതീവ്രത കൂട്ടിയെന്നും രക്ഷാപ്രവർത്തകർ പറയുന്നു.

പാളംതെറ്റിയ ആദ്യത്തെ ഏതാനും കോച്ചുകൾ കൂട്ടിയിടിച്ച് പൂർണമായും തകർന്നു. ഇതിനിടയിൽ തിങ്ങിഞെരുങ്ങിയാണ് ഒട്ടേറെപ്പേർ മരിച്ചത്. സാങ്കേതിക-ശാസ്ത്രീയ പരിശോധനകൾക്കു ശേഷമേ കാരണം സംബന്ധിച്ച വിവരങ്ങൾ പുറത്തുവിടുകയുള്ളൂവെന്ന് ഉന്നത റെയിൽവേ ഉദ്യോഗസ്ഥർ വ്യക്തമാക്കി. അപകടകാരണം കണ്ടെത്തുന്നതിനായി സഞ്ചരിച്ച കാൻപുർ-ഝാൻസി റൂട്ടിൽ പാളങ്ങളുടെ ദൃശ്യങ്ങൾ വീഡിയോയിൽ ചിത്രീകരിച്ച് പരിശോധിക്കുമെന്ന് ഉത്തര-മധ്യ റെയിൽവേ ജനറൽ മാനേജർ അരുൺ സക്സേന അറിയിച്ചു.

വലിയ ശബ്ദത്തോടെ വണ്ടി ചെരിയുകയായിരുന്നുവെന്ന് രക്ഷപ്പെട്ട യാത്രക്കാരിൽ ചിലർ പറഞ്ഞു. ആളുകളും ബാഗുകളുമെല്ലാം ചിതറിത്തെറിച്ചുപോയി. ഞെട്ടിയുണർന്ന യാത്രക്കാരിൽ പലരും ഒപ്പമുണ്ടായിരുന്നവരെ കാണാനാവാതെ അലമുറയിട്ടു.

പാളംതെറ്റി കൂട്ടിയിടിച്ച ബോഗിയിൽനിന്ന് ആറും ഏഴും വയസ്സുള്ള രണ്ടു കുട്ടികൾ ദൂരേക്ക് തെറിച്ചുവീണ് അദ്ഭുതകരമായി രക്ഷപ്പെട്ടു.

വാരാണസി, ലഖ്നൗ എന്നിവിടങ്ങളിൽനിന്നുൾപ്പെടെ കേന്ദ്ര ദുരന്തനിവാരണസംഘത്തിന്റെ അഞ്ച് യൂണിറ്റുകൾ രക്ഷാപ്രവർത്തനത്തിനെത്തിയിരുന്നു. 30-ഓളം ആംബുലൻസുകളിലും മറ്റു വാഹനങ്ങളിലുമായാണ് പരിക്കേറ്റവരെ ആസ്പത്രിയിലെത്തിച്ചത്. പരിക്കേറ്റവരെ ആദ്യം പുഖ്‌രായാമിലെ സ്വകാര്യ ആസ്പത്രിയിലേക്കാണെത്തിച്ചത്. ഗുരുതരനിലയിലുള്ളവരെ പിന്നീട് കാൻപുരിലെ ആസ്പത്രികളിലേക്ക് വിദഗ്ധചികിത്സയ്ക്കായി മാറ്റി.

ഇവരുടെ ബന്ധുക്കൾക്ക് അപകടസ്ഥലത്തേക്കും ആസ്പത്രികളിലേക്കും എത്തുന്നതിനുള്ള സംവിധാനം റെയിൽവേയും സംസ്ഥാനഭരണകൂടവും ചേർന്ന് ഒരുക്കി.

പട്ന റെയിൽവേ സ്റ്റേഷനിലും യു.പി.യിലെ മലാസ സ്റ്റേഷനിലും കൺട്രോൾ റൂം തുറന്നു.

## അപകടസാധ്യത അറിയിച്ചിട്ടും പ്രതികരിച്ചില്ലെന്ന് യാത്രക്കാരൻ

**ഇൻഡോർ:** റെയിൽവേ ഉദ്യോഗസ്ഥൻ യഥാസമയം പ്രവർത്തിച്ചിരുന്നെങ്കിൽ ഒഴിവാകുമായിരുന്നത് വൻ ദുരന്തം. തീവണ്ടിചക്രങ്ങളിൽ നിന്ന് അസാധാരണമാംവിധം ശബ്ദം കേട്ടപ്പോൾത്തന്നെ റെയിൽവേ ഉദ്യോഗസ്ഥനെ അറിയിച്ചിരുന്നതായി ഒരു യാത്രക്കാരൻ പറഞ്ഞതാണ് റെയിൽവേയുടെ കൃത്യവിലോപം പുറത്തുകൊണ്ടുവന്നത്.

ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി മധ്യപ്രദേശിലെ ദേവാസ് ജില്ല കടന്നപ്പോൾ സ്ലീപ്പർ കോച്ചിലുണ്ടായിരുന്ന (എസ്-2) താൻ വിവരമറിയിച്ചിട്ടും കോച്ചിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ഇത് കാര്യമായെടുത്തില്ലെന്ന് യാത്രക്കാരനായ പ്രകാശ് ശർമ പറഞ്ഞു. ഇതിന് 12 മണിക്കൂറിനുശേഷമാണ് അപകടം നടന്നത്. എന്നാൽ, ഈ ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ അറിയില്ല. പ്രകാശ് ഉച്ചയ്ക്ക് മൂന്നുമണിയോടുകൂടി ഉജ്ജയിൻ സ്റ്റേഷനിൽ ഇറങ്ങിയിരുന്നു.

### സമീപകാലത്തെ തീവണ്ടിയപകടങ്ങൾ

**ഓഗസ്റ്റ് 4, 2015:** മധ്യപ്രദേശിലെ ഹർദ ജില്ലയിൽ കാമയാനി എക്സ്പ്രസ് മച്ചക് പുഴയിലേക്ക് മറിഞ്ഞ് 25 പേർ മരിച്ചു

**മാർച്ച് 20, 2015:** ഉത്തർപ്രദേശിലെ റായ്ബറേലിയിൽ ദെഹ്റാദൂണിൽനിന്ന് വാരാണസിയിലേക്ക് പോകുകയായിരുന്ന ജനത എക്സ്പ്രസ് പാളംതെറ്റി 39 പേർ മരിച്ചു.

**മേയ് 4, 2014:** മഹാരാഷ്ട്രയിലെ റായ്ഗഢ് ജില്ലയിൽ ദിവ ജങ്ഷൻ-സവന്ത്‌വാദി പാളംതെറ്റി 20 പേർ മരിച്ചു

**മേയ് 26, 2014 :** ഉത്തർപ്രദേശിലെ സന്ത് കബീർനഗർ ജില്ലയിൽ ഖലീലാബാദ് സ്റ്റേഷനുസമീപം നിർത്തിയിട്ടിരുന്ന ചരക്കുതീവണ്ടിയിൽ ഗോരഖ്ദാം എക്സ്പ്രസ് ഇടിച്ച് 25 പേർ മരിച്ചു. അമ്പതിലധികം പേർക്ക് പരിക്കേറ്റു.

### സഹായവുമായി സംസ്ഥാനങ്ങൾ

- മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ 30 ഡോക്ടർമാർക്കും മന്ത്രി നരോത്തം മിസ്റയ്ക്കുമൊപ്പം അപകടസ്ഥലം സന്ദർശിച്ചു. അപകടത്തിൽപ്പെട്ടവരെ മെച്ചപ്പെട്ട ചികിത്സയ്ക്കായി ഇൻഡോറിലേക്കു മാറ്റും.
- മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് രണ്ടുലക്ഷം രൂപയും പരിക്കേറ്റവർക്ക് 50, 000 രൂപയും മധ്യപ്രദേശ് സർക്കാർ നൽകും.
- ഉത്തർപ്രദേശ് സർക്കാർ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അഞ്ചുലക്ഷം രൂപ നൽകും.
- മരിച്ച ബിഹാറുകാരുടെ കുടുംബത്തിന് രണ്ടുലക്ഷം നൽകുമെന്ന് മുഖ്യമന്ത്രി നിതീഷ് കുമാർ. പരിക്കേറ്റവർക്ക് 50,000.

### അച്ഛനെ തിരഞ്ഞ് പ്രതിശ്രുത വധു

**പുഖ്‌രായാം:** വിവാഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ തിളങ്ങിയിരുന്ന റൂബി ഗുപ്തയെന്ന ഇരുപതുകാരിയുടെ കണ്ണുകൾ ഇപ്പോൾ തിരയുന്നത് അച്ഛനെയാണ്. വിവാഹത്തിന് പത്തുദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോഴാണ് റൂബി അച്ഛൻ രാം പ്രസാദ് ഗുപ്തയ്ക്കും നാല് സഹോദരങ്ങൾക്കുമൊപ്പം അസംഗഢിലേക്ക് പുറപ്പെട്ടത്. തീവണ്ടി പാളംതെറ്റിയതോടെ ഇവരുടെ ലോകം കീഴ്മേൽ മറിഞ്ഞു. അപകടത്തിൽ റൂബിയും സഹോദരങ്ങളായ അർച്ചന, ഖുഷി, അഭിഷേക്, വിശാൽ എന്നിവരും പരിക്കുകളോടെ രക്ഷപ്പെട്ടെങ്കിലും രാം പ്രസാദ് ഗുപ്തയെക്കുറിച്ച് യാതൊരു വിവരവുമില്ല.

അച്ഛനെ എല്ലായിടത്തും തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല. ആസ്പത്രികളിലും മോർച്ചറികളിലും പോയി നോക്കാൻ ചിലർ പറയുന്നു. പക്ഷേ, എന്താണ് ചെയ്യേണ്ടതെന്ന് എനിക്കൊരു രൂപവുമില്ല- റൂബി പറഞ്ഞു. വിവാഹാവശ്യത്തിനായുള്ള ആഭരണങ്ങളും വസ്ത്രങ്ങളും അപകടത്തിൽ നഷ്ടപ്പെട്ടു.


റെയിൽവേമന്ത്രി സുരേഷ്പ്രഭു ദുരന്തസ്ഥലത്തെത്തിയപ്പോൾ

### അനുശോചിച്ചു

- ലോക്‌സഭാ സ്പീക്കർ സുമിത്ര മഹാജനടക്കമുള്ള പ്രമുഖനേതാക്കൾ അനുശോചിച്ചു.
- അപകടകാരണം സൂക്ഷ്മമായി പരിശോധിക്കണം - സോണിയാ ഗാന്ധി
- പാളം തെറ്റിയതാണോ അതോ കേന്ദ്രസർക്കാരിനെതിരെയുള്ള ഗൂഢാലോചനയാണോ എന്ന് സൂക്ഷ്മമായി അന്വേഷിക്കണം -മുരളി മനോഹർ ജോഷി

### വലിയ അപകടങ്ങൾ

**മേയ് 28, 2010:** പശ്ചിമബംഗാളിലെ മിഡ്നാപുർ ജില്ലയിൽ ജ്ഞാനേശ്വർ എക്സ്പ്രസ് പാളംതെറ്റി 148 പേർ മരിച്ചു. മാവോവാദികളുടെ അട്ടിമറിയാണ് അപകടകാരണം

**സെപ്റ്റംബർ 9, 2002:** ബിഹാറിലെ ഔറംഗാബാദ് ജില്ലയിൽ ഹൗറ- ഡൽഹി രാജധാനി എക്സ്പ്രസ് ധാവേ നദിയിലേക്ക് മറിഞ്ഞ് 100 പേർ മരിച്ചു

**ഓഗസ്റ്റ് 2, 1999:** അസമിലെ ഗയിസാലിൽ തീവണ്ടികൾ കൂട്ടിയിടിച്ച് 290 പേർ മരിച്ചു

**നവംബർ 26, 1998:** പഞ്ചാബിലെ ഖന്നയ്ക്കുസമീപം പാളംതെറ്റിയ ഫ്രോണ്ടിയർ മെയിലിന്റെ കോച്ചുകളിൽ ജമ്മു തവി-സിയാൽദാ എക്സ്പ്രസ് ഇടിച്ച് 212 മരണം

**സെപ്റ്റംബർ 14, 1997:** മധ്യപ്രദേശിലെ ബിലാസ്പുർ ജില്ലയിൽ അഹമ്മദാബാദ്-ഹൗറാ എക്സ്പ്രസിന്റെ അഞ്ച് ബോഗികൾ നദിയിൽവീണ് 81 മരണം

**ഓഗസ്റ്റ് 20, 1995:** ഉത്തർപ്രദേശിലെ ഫിറോസാബാദ് റെയിൽവേ സ്റ്റേഷനുസമീപം പുരുഷോത്തം എക്സ്പ്രസ് കാളിന്ദി എക്സ്പ്രസിൽ ഇടിച്ച് 400 പേർ മരിച്ചു.

**ഏപ്രിൽ 18, 1988:** ഉത്തർപ്രദേശിലെ ലളിത്പുരിൽ കർണാടക എക്സ്പ്രസ് പാളംതെറ്റി 75 മരണം

**ജൂലായ് 8, 1988:** കേരളത്തിലെ പെരുമൺ അഷ്ടമുടിക്കായലിൽ ഐലൻഡ് എക്സ്പ്രസ് വീണ് 107 മരണം.

# പാർട്ടിയിൽ ചെറുപ്പക്കാർക്ക് 30 ശതമാനം പ്രാതിനിധ്യത്തിന് സി.പി.എം.

**തിരുവനന്തപുരം:** പാർട്ടിയുടെ മൊത്തം അംഗത്വത്തിൽ യുവാക്കളുടെ പ്രാതിനിധ്യം ഗണ്യമായി ഉയർത്താൻ സി.പി.എം. തീരുമാനം. 30 വയസ്സിൽതാഴെ പ്രായമുള്ളവരുടെ അംഗത്വം 30 ശതമാനമാക്കാനാണ് സംസ്ഥാനസമിതി തീരുമാനം. അംഗത്വത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം 25 ശതമാനത്തിലെത്തിക്കും.

നിലവിൽ 25 ശതമാനം സ്ത്രീ പ്രാതിനിധ്യമുള്ള കണ്ണൂർ, കാസർകോട് ജില്ലകളിൽ അത് 30 ശതമാനത്തിലെത്തിക്കുമെന്നും സംസ്ഥാനസമിതി തീരുമാനങ്ങൾ പത്രസമ്മേളനത്തിൽ വിശദീകരിച്ച സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു.

മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ആർ.എസ്.എസ്. നേതൃത്വത്തിൽ ഹൈന്ദവ വർഗീയവാദം ഒരുവശത്തും ഐ.എസ്. നേതൃത്വത്തിൽ ഇസ്‌ലാമിക മൗലികവാദം മറുവശത്തും ശക്തമാകുകയാണ്. ഇതിനെതിരെ മതനിരപേക്ഷ ശക്തികളെ ഒരുമിപ്പിച്ച് പ്രചാരണം നടത്തും. ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തിയാണ് വർഗീയപ്രചാരണം. അതിനുതടയിടാൻ വിശ്വാസികളെ കൂടെനിർത്തിയുള്ള പ്രവർത്തനമാവും പാർട്ടി നടത്തുക.

പാർട്ടിയുടെ വർഗബഹുജന സംഘടനകളെ ശക്തിപ്പെടുത്താനുള്ള നിർദേശങ്ങളും സംസ്ഥാനകമ്മിറ്റി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനകമ്മിറ്റി നിർദേശങ്ങൾ കീഴ്ഘടകങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ജനുവരിയിൽ രണ്ടുദിവസമായി ജില്ലാകമ്മിറ്റികൾ ചേരുമെന്നും കോടിയേരി അറിയിച്ചു.

**സഹകരണപ്രതിസന്ധി: ആഗ്രഹിക്കുന്നത് യോജിച്ചുള്ള പ്രക്ഷോഭം**

സഹകരണമേഖലയെ തകർക്കാനുള്ള കേന്ദ്രനീക്കത്തിനെതിരെ എല്ലാവരെയും യോജിപ്പിച്ചുള്ള പ്രക്ഷോഭമാണ് സി.പി.എം. ആഗ്രഹിക്കുന്നതെന്ന് കോടിയേരി ബാലകൃഷ്ണൻ. രാഷ്ട്രീയാഭിപ്രായം പറഞ്ഞ് ആരെയും മാറ്റിനിർത്തില്ല. സർവകക്ഷിയോഗത്തിൽ എല്ലാവർക്കും യോജിക്കാവുന്ന കർമപദ്ധതി ആലോചിക്കും.

ഇപ്പോഴത്തെ സാഹചര്യം മുതലെടുത്ത് നിക്ഷേപകരിൽ പരിഭ്രാന്തി പടർത്താനാണ് ആർ.എസ്.എസ്. ശ്രമം. സഹകരണമേഖലയിലെ നിക്ഷേപം സ്വകാര്യ, കോർപ്പറേറ്റ് ബാങ്കുകളിലേക്ക് ഊറ്റിയെടുക്കാനാണ് നീക്കമെന്നും അദ്ദേഹം ആരോപിച്ചു.

## പിരപ്പൻകോടിന് താക്കീത്, പൂഞ്ഞാറിൽ രണ്ടുപേർക്ക് തരംതാഴ്ത്തൽ

**തിരുവനന്തപുരം:** നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർഥികൾ മൂന്നാംസ്ഥാനത്തേക്കുപോയ വട്ടിയൂർക്കാവ്, പൂഞ്ഞാർ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പു ചുമതലക്കാർക്കെതിരെ സി.പി.എം. നടപടി.

വട്ടിയൂർക്കാവ് മണ്ഡലത്തിലെ ചുമതലക്കാരൻ സംസ്ഥാനസമിതിയംഗം പിരപ്പൻകോട് മുരളി, തിരഞ്ഞെടുപ്പ് കമ്മിറ്റി സെക്രട്ടറി ബി.എസ്. രാജീവ് എന്നിവരെ പാർട്ടിക്കുള്ളിൽ താക്കീതുചെയ്യും. തിരുവനന്തപുരം ജില്ലയുടെ മുഴുവൻ ചുമതലയുണ്ടായിരുന്ന മുൻമന്ത്രി എം. വിജയകുമാർ കൂടുതൽ ജാഗ്രത പുലർത്തണമായിരുന്നുവെന്ന് സംസ്ഥാനസമിതി വിലയിരുത്തി. സി.പി.എം. തിരുവനന്തപുരം മുൻ ജില്ലാസെക്രട്ടറിയും മുൻ എം.എൽ.എ.യുമാണ് പിരപ്പൻകോട് മുരളി.

പൂഞ്ഞാർ മണ്ഡലത്തിലെ ചുമതലക്കാരായിരുന്ന കോട്ടയം ജില്ലാ സെക്രട്ടേറിയറ്റ് അംഗം വി.പി. ഇബ്രാഹിമിനെ ജില്ലാ സെക്രട്ടേറിയറ്റിൽനിന്നും വി.എൻ. ശശിധരനെ ജില്ലാക്കമ്മിറ്റിയിൽനിന്നും ഒഴിവാക്കും.

# ഡി.സി.സി. പുനഃസംഘടന: നേതാക്കൾ ഡൽഹിക്ക്

**തിരുവനന്തപുരം:** ഡി.സി.സി. പുനഃസംഘടന സംബന്ധിച്ച അന്തിമ ആലോചനകൾക്കായി നേതാക്കളെ ഹൈക്കമാൻഡ് ഡൽഹിക്ക് വിളിച്ചു. കെ.പി.സി.സി. പ്രസിഡൻറ് വി.എം. സുധീരൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എന്നിവരുമായി വ്യാഴാഴ്ച ഹൈക്കമാൻഡ് ചർച്ച നടത്തും. ഈയാഴ്ച അവസാനത്തോടെ പുതിയ ഡി.സി.സി. പ്രസിഡൻറുമാരെ പ്രഖ്യാപിച്ചേക്കും.

പുതിയ ഡി.സി.സി. പ്രസിഡൻറുമാർക്കായി ആലോചനകൾ തുടങ്ങിയിട്ട് നാളുകളേറെയായി. സമവായത്തിലെത്താനായിരുന്നു അദ്യശ്രമം. എന്നാൽ അത് വിജയിച്ചില്ല. രാഷ്ട്രീയകാര്യ സമിതിയിലെ അംഗങ്ങൾ പ്രത്യേകം നിർദേശങ്ങൾ നൽകാനും ഹൈക്കമാൻഡ് ആവശ്യപ്പെട്ടിരുന്നു.

സമവായത്തിൽ എത്താത്തതിനെ തുടർന്ന് മൂന്നുപേരും വ്യത്യസ്ത പട്ടിക നൽകി. എ, ഐ ഗ്രൂപ്പുകളും വി.എം. സുധീരനും പ്രത്യേകം പട്ടിക നൽകി. വെവ്വേറെ പട്ടിക നൽകിയെങ്കിലും എ, ഐ ഗ്രൂപ്പുകൾ പരസ്പര ധാരണയോടെയാണ് നീങ്ങുന്നത്. ഓരോ ഗ്രൂപ്പിന്റെയും പക്കലുള്ള ജില്ലകൾ അതത് ഗ്രൂപ്പുകൾക്ക് ലഭിക്കത്തക്ക വിധത്തിലാണ് ധാരണ.

എന്നാൽ സുധീരന്റെ നിർദേശംകൂടി പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം. ഹൈക്കമാൻഡ് സ്വന്തം നിലയ്ക്കും സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. ഗ്രൂപ്പുകൾക്കതീതമായി കഴിവിന്റെ അടിസ്ഥാനത്തിലായിരിക്കും തീരുമാനമെന്നാണ് വിലയിരുത്തൽ.


ഇ1-7377/16 തീയതി: 19.11.2016

**കൂത്തുപറമ്പ് നഗരസഭ**
**പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം**

കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്ട്മാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തീയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തീയതി: 14.12.2016 10 മണി.

(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246



**എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന**
പ്രഥമ ന്യായാധികാരപരിധി
**കമ്പനി പെറ്റിഷൻ നം. 2016-ൽ 34**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

**പെറ്റിഷന്റെ നോട്ടീസ്**

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റിഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റിഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റിഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റിഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിന്റെ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റിഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റിഷണറുടെ വക്കീലിന്റെ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
**അശ്വിൻ ഗോപകുമാർ,**
**കോട്ടക്കനാൽ ജങ്ഷൻ,**
**ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.**
**തിയ്യതി: നവംബർ 7 2016** **കൗൺസൽ ഫോർ ദി പെറ്റിഷണർ**



**കേരള സംസ്ഥാന ഭാഗ്യക്കുറി**
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

**നറുക്കെടുപ്പ് തത്സമയ ടെലിവിഷൻ സംപ്രേഷണത്തിന് താൽപര്യപത്രിക ക്ഷണിക്കുന്നു**

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന വിവിധ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുന്നതിന് താൽപര്യപത്രിക ക്ഷണിക്കുന്നു. കരാർ ഒപ്പിടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കാലാവധി. പത്രിക സമർപ്പിക്കുന്നതിനുള്ള *അവസാന ദിവസം 2016 ഡിസംബർ 3, വൈകുന്നേരം 4 മണി*. ഒരു നറുക്കെടുപ്പിന് വകുപ്പിന് നൽകാവുന്ന പരമാവധി തുക രേഖപ്പെടുത്തിയ സാമ്പത്തിക പത്രികയും ചാനലിന്റെ സാങ്കേതിക വിവരങ്ങളും തത്സമയം സംപ്രേക്ഷണം നിർവ്വഹിക്കുന്നതിന്റെ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയ സാങ്കേതിക പത്രികയും സമർപ്പിക്കണം. കവറിന് മുകളിൽ *തത്സമയ സംപ്രേഷണത്തിനുള്ള അപേക്ഷ* എന്ന് രേഖപ്പെടുത്തിയിരിക്കണം. പത്രികകൾ 2016 ഡിസംബർ 5-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലുള്ള ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. ഏതൊരു താൽപര്യപത്രവും നിരസിക്കുന്നതിനും നടപടി ക്രമങ്ങൾ മാറ്റുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. താൽപര്യപത്രികകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കൂ. ഭാരത സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉപഗ്രഹം വഴി ഇന്ത്യയിൽ നിന്ന് അപ്‌ലിങ്ക് ചെയ്യുന്നതും കേരള ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ളതുമായ ചാനലുകൾക്ക് അപേക്ഷിക്കാം.

മറ്റ് നിബന്ധനകളും നിർദ്ദേശങ്ങളും www.keralalotteries.com എന്ന വെബ്സൈറ്റിലും ഡയറക്ടറേറ്റിലും ലഭിക്കും

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ

കേരള സംസ്ഥാന ഭാഗ്യക്കുറി



**കേരള സംസ്ഥാന ഭാഗ്യക്കുറി**
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

**ഭാഗ്യനിധി BN-263 നറുക്കെടുപ്പ് ഫലം 20.11.2016**
ശ്രീചിത്രാ ഹോം ഓഡിറ്റോറിയം, പഴവങ്ങാടി, തിരുവനന്തപുരം

ഒന്നാം സമ്മാനം 65 ലക്ഷം രൂപ BY 725070 (കാസർകോട്)

സമാശ്വാസ സമ്മാനം 10,000 രൂപ

BM 725070 BO 725070 BP 725070 BS 725070 BT 725070
BU 725070 BW 725070 BX 725070 BZ 725070

2-ാം സമ്മാനം 5 ലക്ഷം രൂപ BM 850791 (ഇടുക്കി)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

3-ാം സമ്മാനം 10000 രൂപ

43436

4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1225 | 2940 | 3457 | 4094 | 5716 | 6718 | 6776 | 6893 | 8537 | 9170 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0995 | 3791 | 4317 | 4812 | 5345 | 5881 | 6366 | 6407 | 7803 | 9775 |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0061 | 1074 | 2006 | 2456 | 2576 | 2666 | 3106 | 3281 | 3739 | 4235 |
| 4601 | 5306 | 5775 | 5912 | 6140 | 6194 | 6250 | 6401 | 6707 | 7755 |
| 7774 | 8149 | 8263 | 8721 | 9805 | 9941 | | | | |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0005 | 0018 | 0813 | 0955 | 1627 | 1756 | 1778 | 1828 | 2021 | 2179 | 2300 | 3291 |
| 3341 | 3496 | 4298 | 4349 | 4403 | 4415 | 4535 | 5117 | 5245 | 5290 | 5315 | 5513 |
| 5549 | 5587 | 5759 | 6193 | 6372 | 6755 | 6831 | 7419 | 7700 | 7779 | 7782 | 8331 |
| 8603 | 8763 | 9300 | 9399 | 9657 | 9767 | | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0136 | 0236 | 0319 | 0401 | 0845 | 1173 | 1339 | 1410 | 1462 |
| 1505 | 1672 | 1685 | 2025 | 2064 | 2073 | 2256 | 2415 | 3084 | 3395 |
| 3498 | 3539 | 3636 | 3841 | 3891 | 3953 | 4109 | 4142 | 4214 | 4258 |
| 4318 | 4668 | 4733 | 4809 | 5000 | 5030 | 5058 | 5374 | 5659 | 5906 |
| 5990 | 6163 | 6182 | 6215 | 6254 | 6335 | 6437 | 6609 | 6701 | 6739 |
| 6790 | 7138 | 7206 | 7253 | 7292 | 7307 | 7393 | 7596 | 7736 | 7862 |
| 7936 | 8072 | 8563 | 8817 | 9364 | 9581 | 9712 | 9764 | 9936 | 9981 |

വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.

അടുത്ത ഭാഗ്യനിധി നറുക്കെടുപ്പ് 26.11.2016



നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം ₹ 4 കോടി
ടിക്കറ്റ് വില ₹150

## സിസ്റ്റർ അഭയയുടെ അമ്മ ലീല തോമസ് അന്തരിച്ചു


ലീല തോമസ്

**താമരക്കാട് (കോട്ടയം):** സിസ്റ്റർ അഭയയുടെ അമ്മ ലീല തോമസ് ഐക്കരക്കുന്നേൽ (68) അന്തരിച്ചു. വിവിധ രോഗങ്ങൾക്കു ചികിത്സയിലായിരുന്നു . ഞായറാഴ്ച വൈകീട്ട് മകൻെറ ഭാര്യ നോബി ലീല പള്ളിയിൽനിന്നെത്തിയപ്പോഴാണ് ലീലയെ വീട്ടിൽ അവശനിലയിൽ കണ്ടത്. വൈകീട്ട് 6.30–ഓടെ മോനിപ്പള്ളി എം.യു.എം. ആശുപത്രിയിൽ എത്തിച്ചു.

ആശുപത്രിയിൽ എത്തിയപ്പോഴേക്കും ജീവൻ നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു. അഭയയുടെ പിതാവ് തോമസ് ഐക്കരക്കുന്നേൽ കഴിഞ്ഞ ജൂലായ് 24നാണു മരിച്ചത്.

ഇവരുടെ കുടുംബം അരീക്കരയിൽ താമസിക്കുമ്പോഴാണ് സിസ്റ്റർ അഭയയുടെ മരണം.

1992 മാർച്ച് 27ന് കോട്ടയം പയസ് ടെൻത് കോൺവെൻറിലെ കിണറ്റിൽ മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു.

കേസും പ്രശ്നങ്ങളുമായതോടെ അരീക്കരയിൽനിന്നു തോമസും കുടുംബവും കുറവിലങ്ങാടിനു താമസംമാറ്റി. രണ്ടുവർഷമായി തോമസും ഭാര്യ ലീലയും ഏകമകൻ ബിജുവിനൊപ്പം താമരക്കാട്ടായിരുന്നു താമസം.

അഭയയുടെ കൊലപാതകികളെ പിടികൂടണമെന്ന ആവശ്യവുമായി തോമസാണ് നിയമയുദ്ധം നടത്തിയിരുന്നത്. അഭയയുടെ മരണവും കൊലപാതകികളെക്കുറിച്ചുള്ള അന്വേഷണത്തിലെ തൃപ്തിയില്ലായ്മയും ലീലയെ മാനസികമായി ഏറെ തളർത്തിയിരുന്നു.

രാമപുരം പോലീസിൻെറ നിർദേശപ്രകാരം മൃതദേഹം മോനിപ്പള്ളി ആശുപത്രിമോർച്ചറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ദുബായിയിൽ ജോലിചെയ്യുന്ന മകൻ ബിജുവിനെ വിവരമറിയിച്ചു.

ബിജു നാട്ടിലെത്താൻ ശ്രമിക്കുന്നതായി നോബി പറഞ്ഞു.

# ശബരിമല ശുചിത്വസേനയ്ക്ക് കൊക്കകോളയുടെ ടീഷർട്ട് യൂണിഫോം

ജി.രാജേഷ്കുമാർ

**ശബരിമല:** സന്നിധാനത്ത് ശുചീകരണത്തിൽ മാതൃകാസേവനം നടത്തുന്ന ശുചിത്വസേനയ്ക്ക് യൂണിഫോം കൊക്കകോളയുടെ പരസ്യമുള്ള ടീഷർട്ട്. വർഷങ്ങളായി ഉണ്ടായിരുന്ന യൂണിഫോമാണു മാറ്റിയത്. സന്നിധാനത്ത് ഒരുതരത്തിലുമുള്ള പരസ്യവും പാടില്ലെന്ന ഹൈക്കോടതി ഉത്തരവിൻെറ ലംഘനമാണിത്. നിലയ്ക്കൽമുതൽ സന്നിധാനംവരെയുള്ള തീർഥാടനപാതയിലെ ശീതളപാനീയവിപണി കൈയടക്കിയ കൊക്കകോളയുടെ മറ്റൊരു അധിനിവേശമായി ഇതു മാറി. ചുവന്ന നിറമുള്ള ടീഷർട്ടിൻെറ മുന്നിൽ കൊക്കകോളയുടെ പേര് എഴുതിയിട്ടുണ്ട്. മുൻവർഷങ്ങളിലും യൂണിഫോം സ്പോൺസർചെയ്യിച്ചിരുന്നെങ്കിലും അന്നൊന്നും പേരെഴുതിവച്ചിരുന്നില്ല. മുന്നൂറോളം ടീഷർട്ടാണ് കഴിഞ്ഞദിവസം സന്നിധാനത്തെത്തിച്ചത്. ബാക്കി യൂണിഫോം അടുത്തദിവസം എത്തും.

പമ്പയിൽ ഞായറാഴ്ച എത്തിയ കളക്ടർ ആർ.ഗിരിജയുടെ മുന്നിൽ കൊക്കകോള ടീഷർട്ടിട്ട ശുചിത്വസേനാ തൊഴിലാളികൾ ചെന്നുപെട്ടിരുന്നു. ഈ യൂണിഫോം ധരിച്ചു ജോലിചെയ്യാൻ പാടില്ലെന്ന് കളക്ടർ ഇവർക്കു നിർദേശം നൽകിയിട്ടുണ്ട്.



ശബരിമലയിലെ ശുചീകരണത്തൊഴിലാളികൾ കൊക്കകോള നൽകിയ ടീഷർട്ട് ധരിച്ച് ജോലിചെയ്യുന്നു. എസ്.എസ്.എസ്. എന്നെഴുതിയ നിലവിലെ ടീഷർട്ടാണ് ഒരാൾ ധരിച്ചിരിക്കുന്നത്

1996–ലാണ് ശുചീകരണത്തിന് ശബരിമല സാനിട്ടേഷൻ സൊസൈറ്റി രൂപവത്കരിച്ചത്. പത്തനംതിട്ട കളക്ടർ ചെയർമാനും അടൂർ ആർ.ഡി.ഒ. സെക്രട്ടറിയുമായ ഭരണസംവിധാനമാണിതിന്. നേരിൽ കണ്ടപ്പോഴാണ് യൂണിഫോം മാറ്റിയ വിവരം കളക്ടറും അറിഞ്ഞത്.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആയിരത്തോളം ശുചീകരണത്തൊഴിലാളികളാണുള്ളത്. എല്ലാവരും തമിഴ്നാട്ടിൽനിന്നുള്ളവരാണ്. ദേവസ്വം ബോർഡും സംസ്ഥാനസർക്കാരുമാണ് സൊസൈറ്റിക്കുള്ള ഫണ്ട് നൽകുന്നത്.

ലേലവ്യവസ്ഥകളിൽ മാറ്റം വരുത്തി ശീതളപാനീയവിപണിയിൽ കുത്തകാവകാശം കൈയടക്കിയ കൊക്കകോള, സന്നിധാനത്തെ ഭരണസംവിധാനത്തിൽ ഇടപെട്ടതിൻെറ തെളിവാണ് ടീഷർട്ടിൻെറ രൂപത്തിൽ പുറത്തുവന്നത്. ശീതളപാനീയവിപണിയിലെ പുതിയ സംഭവവികാസങ്ങൾ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടതായാണ് വിവരം.

## ശബരിമലയിലെ കൊക്കകോള അധിനിവേശത്തിനെതിരെ പ്രക്ഷോഭം നടത്തും - ബി.ജെ.പി.

**ശബരിമല:** ശബരിമലയിൽ കുടിവെള്ളത്തിൻെറ മറവിൽ കൊക്കകോളയ്ക്കു ശീതളപാനീയ കുത്തകാവകാശം കൈമാറിയതിനെതിരെ പ്രക്ഷോഭം നടത്തുമെന്ന് ബി.ജെ.പി. സംസ്ഥാന സെക്രട്ടറി ബി.ഗോപാലകൃഷ്ണൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ദാഹിച്ചു വലഞ്ഞുവരുന്ന തീർഥാടകനു കോള കുടിക്കേണ്ട സാഹചര്യമൊരുക്കുകയാണ് ഇപ്പോൾ നടക്കുന്നത്. കൊക്കകോളയുടെ മറവിൽ വൻ കൊള്ളയാണ് ദേവസ്വവും സർക്കാരും നടത്തുന്നത്. കോള ആരോഗ്യത്തിനു ഹാനികരമാണെന്നത് ലോകം മുഴുവൻ അംഗീകരിച്ച വസ്തുതയാണ്. തീർഥാടകരുടെ ആരോഗ്യം സംരക്ഷിക്കേണ്ട ബാധ്യതയുള്ള അധികൃതർ, അതു നശിപ്പിക്കാനാണു കൂട്ടുനിൽക്കുന്നത്. ബഹുരാഷ്ട്ര കുത്തകയെ സംരക്ഷിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാരും സ്വീകരിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

## സന്നിധാനത്തെ അന്നദാനം 24 മണിക്കൂറും




**ശബരിമല:** മാളികപ്പുറം ക്ഷേത്രത്തിനു പടിഞ്ഞാറാണ് പുതിയ അന്നദാനമണ്ഡപം.

മാളികപ്പുറത്തു തൊഴുതുകഴിഞ്ഞാൽ ഇവിടേക്കു പോകാൻ എളുപ്പമാണ്.

24 മണിക്കൂറും അന്നദാനമുണ്ടാകും. പ്രഭാതത്തിൽ ഉപ്പുമാവും കടലയും.

ഉച്ചയ്ക്ക് ഊണ്. വൈകീട്ട് കഞ്ഞിയും പയറും. രാത്രി ഉപ്പുമാവും കടലയും. ഇങ്ങനെയാണ് ഭക്ഷണവിതരണം.

അന്നദാനം, പൂജകൾ, വഴിപാടുകൾ എന്നിവ നടത്താൻ സന്നിധാനത്തോ പമ്പയിലോ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചു. കൗണ്ടറുകളിൽ പണമടച്ച് ഇവയൊക്കെ നടത്താം.

### മാളികപ്പുറത്ത് ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| ഉച്ചപൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| ഭഗവതിസേവ | 7.00 |
| അത്താഴപൂജ | 9.30 |
| നടയടയ്ക്കൽ | 11.00 |

### ശബരിമലയിൽ ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| നിർമാല്യദർശനം | 3.05 |
| അഭിഷേകം | 3.15 |
| നെയ്യഭിഷേകം | 3.30-7.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| നെയ്യഭിഷേകം | 8.00-11.30 |
| ഉച്ചപ്പൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| പുഷ്പാഭിഷേകം | 6.45 |
| അത്താഴപൂജ | 9.30 |
| ഹരിവരാസനംപാടി നടയടയ്ക്കൽ | 11.00 |

## ശബരിമലയിൽ എഴുന്നള്ളിപ്പിന് ജീവത സമർപ്പിച്ചു

**ശബരിമല:** മകരവിളക്കിൻെറ ഭാഗമായ എഴുന്നള്ളിപ്പിനുള്ള ജീവത മാളികപ്പുറം ക്ഷേത്രത്തിൽ ദേവസ്വം ബോർഡംഗം അജയ് തറയിൽ സമർപ്പിച്ചു. മാളികപ്പുറത്ത് ആനയെഴുന്നള്ളിപ്പിനു വിലക്കുള്ളതിനാലാണ് ജീവത എഴുന്നള്ളത്തു നടത്തുന്നത്. അജയ് തറയിലിൻെറ വഴിപാടായാണ് ജീവത സമർപ്പിച്ചത്.

ശബരിമല തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവരുടെ സാന്നിധ്യത്തിലാണ് ജീവത സമർപ്പണം നടന്നത്. ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ രവിശങ്കർ, ഫെസ്റ്റിവൽ കൺട്രോളിങ് ഓഫീസർ സോമശേഖരൻ നായർ തുടങ്ങിയവർ പങ്കെടുത്തു. പ്ലാവിൻെറ തടിയിൽ ജീവത നിർമിച്ചത് കാരയ്ക്കാട് സ്വദേശി വാസുക്കുട്ടനാണ്.


മാളികപ്പുറം ക്ഷേത്രത്തിലെ ജീവത ദേവസ്വംബോർഡംഗം അജയ് തറയിൽ സമർപ്പിക്കുന്നു. തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവർ സമീപം

## ശബരിമല ക്ഷേത്രത്തിൻെറ പേര് ഇനി ‘ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം’

**ശബരിമല:** ശബരിമല ധർമശാസ്താ ക്ഷേത്രം എന്ന പേര് ദേവസ്വം ബോർഡ് മാറ്റി. ‘ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം’ എന്ന പേരിലായിരിക്കും ഇനി അറിയപ്പെടുക എന്നുകാണിച്ച് ബോർഡ് ഉത്തരവ് പുറത്തിറക്കി. ഇതിനു വിശദീകരണമായി ഒരു ഐതിഹ്യവും ഉത്തരവിൽ പറയുന്നുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് അയ്യപ്പസ്വാമി തൻെറ ദൗത്യങ്ങൾ പൂർത്തിയാക്കിയശേഷം ശബരിമലയിൽ ചെന്ന് ധർമശാസ്താവിൽ വിലയംപ്രാപിക്കുകയായിരുന്നു. അങ്ങനെ ശബരിമലയിലെ ധർമശാസ്താ ക്ഷേത്രം അയ്യപ്പസ്വാമി ക്ഷേത്രമായി മാറി. വർഷങ്ങൾക്കുമുമ്പ് വിഗ്രഹം തച്ചുടച്ച് ക്ഷേത്രം തീവെച്ച സംഭവത്തിനുശേഷം നടന്ന പുനഃപ്രതിഷ്ഠയിൽ അയ്യപ്പസ്വാമിയെയാണു പ്രതിഷ്ഠിച്ചതെന്ന് ഉത്തരവിൽ പറയുന്നു. അയ്യപ്പസ്വാമി കുടികൊള്ളുന്ന, ലോകത്തെ ഏകസ്ഥാനമാണ് ശബരിമല. അതുകൊണ്ടാണ് കോടാനുകോടി ഭക്തർ ഇവിടെ എത്തുന്നത്. ദേവസ്വം ബോർഡിന് ധാരാളം ധർമശാസ്താ ക്ഷേത്രങ്ങളുണ്ടെങ്കിലും അയ്യപ്പസ്വാമി ക്ഷേത്രം ശബരിമലയിൽ മാത്രമായിരിക്കുമെന്നും സെക്രട്ടറി ഒപ്പിട്ടു പുറത്തിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു. ഉത്തരവ് ദേവസ്വം ബോർഡിൻെറ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### എരുമേലി വിമാനത്താവളം

## കെ.പി.യോഹന്നാൻ നേട്ടമുണ്ടാക്കുന്നെന്ന് വി.മുരളീധരൻ

**തിരുവനന്തപുരം:** സർക്കാർഭൂമി സർക്കാരിനുതന്നെ വില്പന നടത്തി നേട്ടംകൊയ്യാനുള്ള ശ്രമമാണ് എരുമേലി വിമാനത്താവളത്തിനായി ഭൂമി കൈമാറുന്നതിലൂടെ കെ.പി.യോഹന്നാൻ നടത്തുന്നതെന്ന് ബി.ജെ.പി. ദേശീയ നിർവാഹക സമിതി അംഗം വി.മുരളീധരൻ.

ഇതുസംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനെഴുതിയ തുറന്ന കത്തിലാണ് മുരളീധരൻെറ ആരോപണം.

എരുമേലിക്കടുത്ത് കെ.പി.യോഹന്നാൻ കൈവശം വെച്ചിരിക്കുന്ന ചെറുവള്ളി എസ്റ്റേറ്റാണ് വിമാനത്താവളത്തിനായി ഉപയോഗിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കുന്നു. സർക്കാർഭൂമിയെന്ന് സർക്കാർതന്നെ നേരത്തെ സമ്മതിച്ചിട്ടുള്ള ഭൂമി, കെ.പി.യോഹന്നാൻേറതെന്ന നിലയിൽ ഏറ്റെടുക്കാനും വിമാനത്താവളം സ്ഥാപിക്കുമ്പോൾ അതിൽ പങ്കാളിത്തം നൽകാനുമുള്ള നീക്കം ബോധപൂർവമാണോയെന്ന് കത്തിൽ മുരളീധരൻ ചോദിക്കുന്നു.

ഒന്നാം പിറന്നാൾ ആശംസകൾ (21.11.2016)



ആദിദേവ് ബി. (അമ്പാടി)
S/o. ബാഹുലേയൻ & ജയശ്രീ
പഴയരേത്ത് (H), അങ്ങാടിക്കൽ വടക്ക്
പത്തനംതിട്ട
ആശംസകളോടെ: ബന്ധുമിത്രാദികൾ.

# ഗോപിനാഥിനെതിരെയുള്ള ആക്രമണം പ്രത്യേകസംഘം അന്വേഷിക്കും

## ■ ഡി.ജി.പി. കൊച്ചിയിലെത്തി പരാതികൾ കേട്ടു

**കൊച്ചി:** സി.ഐ.ടി.യു. ജില്ലാ പ്രസിഡൻറ് കെ.എൻ. ഗോപിനാഥിനെതിരെയുള്ള വധശ്രമം അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കും. കേസിൽ പോലീസ് അന്വേഷണം ശരിയായ ദിശയിലല്ലെന്ന് കാട്ടി ഗോപിനാഥിൻെറ മക്കൾ മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം സമർപ്പിച്ചിരുന്നു.

കേസന്വേഷണത്തിലെ അതൃപ്തി ജില്ലയിലെ സി.ഐ.ടി.യു. നേതൃത്വവും പരസ്യമായി രേഖപ്പെടുത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി ഇടപെടുകയായിരുന്നു. ഡി.ജി.പി. ലോക്നാഥ് ബെഹ്റയോട് അന്വേഷണ പുരോഗതി വിലയിരുത്തണമെന്നും ഗോപിനാഥിൻേറയും കുടുംബത്തിൻേറയും പരാതി കേൾക്കണമെന്നും മുഖ്യമന്ത്രി നിർദേശിക്കുകയും ചെയ്തു.

അതിൻെറ അടിസ്ഥാനത്തിൽ കൊച്ചിയിലെത്തിയ ഡി.ജി.പി., ഗോപിനാഥിനേയും മകളേയും നേരിൽ കണ്ട് അവരുടെ പരാതി കേട്ടു. കേസ് സംബന്ധിച്ച് അവർക്കുള്ള സംശയങ്ങളുടെ വിശദ വിവരങ്ങൾ ഇ–മെയിൽ ചെയ്യാനും ഡി.ജി.പി. നിർദേശിച്ചിട്ടുണ്ട്. ഗോപിനാഥിനെ കൊലപ്പെടുത്താൻ ശ്രമിച്ച വടകര സ്വദേശിയായ ഉണ്ണിക്കൃഷ്ണനെ തൊഴിലാളികൾ പാലാരിവട്ടത്ത് സംഭവം നടന്ന സ്ഥലത്തു നിന്ന് പിടിച്ച് പോലീസിൽ ഏല്പിച്ചിരുന്നു. ഇയാൾ വാടകക്കൊലയാളിയാണെന്ന സംശയമാണ് ഗോപിനാഥ് പോലീസിനോട് പറഞ്ഞിട്ടുള്ളത്.

സി.പി.എമ്മിനോടുള്ള വൈരാഗ്യം മൂലം ഏതെങ്കിലും സി.പി.എം. നേതാവിനെ വകവരുത്താൻ ആഗ്രഹിച്ചിരുന്നുവെന്നും അതിൻെറ അടിസ്ഥാനത്തിലാണ് പ്രതിഷേധ സമരത്തിൽ പങ്കെടുത്ത് നടന്നു പോകുകയായിരുന്ന ഗോപിനാഥിനെ പിന്നിൽ നിന്ന് കഴുത്തിൽ കുത്തിയതെന്നുമാണ് പ്രതിയുടെ വിശദീകരണം.

പ്രതി മാനസികാസ്വാസ്ഥ്യമുള്ള ആളാണെന്ന് പറയുന്ന പോലീസ്, അയാളുടെ മൊഴി വിശ്വസിച്ച് അന്വേഷണം അവസാനിപ്പിച്ച മട്ടാണ്.

ഈ സാഹചര്യത്തിലാണ് ഗോപിനാഥിൻെറ മക്കൾ ഫേസ്ബുക്കിലൂടെ മുഖ്യമന്ത്രിയെ തങ്ങൾക്കുള്ള അതൃപ്തി അറിയിച്ചത്.

സി.പി.എമ്മുമായി ബന്ധപ്പെട്ട ഗുണ്ടാ സംഘങ്ങളുമായി ആക്രമണത്തിന് ബന്ധമുണ്ടെന്ന സംശയം കളമശ്ശേരിയിൽ പാർട്ടിക്കുള്ളിൽ സജീവ ചർച്ചയാവുന്നുണ്ട്. പാർട്ടിയിലും പുറത്തും ഗുണ്ടാ സംഘങ്ങൾക്കെതിരെ ശക്തമായ അഭിപ്രായ പ്രകടനം നടത്തിയിട്ടുള്ള തനിക്കെതിരെ, അവരിൽ നിന്നുള്ള ആക്രമണവുമാവാമെന്ന സൂചന ഗോപിനാഥ് നൽകിയിട്ടുണ്ട്.

അതേസമയം, കേസന്വേഷണം എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമെന്ന കാര്യത്തിൽ പോലീസ് ഇരുട്ടിൽ തപ്പുകയാണ്. സി.പി.എം. വിരോധത്തിൽ പ്രതി ഗോപിനാഥിനെ കുത്തിയെന്ന് പറയുമ്പോൾത്തന്നെ, പ്രതിക്ക് സി.പി.എമ്മിനോട് വിരോധം വരാനുള്ള വ്യക്തമായ കാരണം കണ്ടെത്താൻ ഇനിയും പോലീസിന് സാധിച്ചിട്ടില്ല.

### വ്യാജ ഡോക്ടർ

## അന്വേഷണത്തിന് മനുഷ്യാവകാശ കമ്മിഷൻ നിർദേശം

**കൊച്ചി:** സംസ്ഥാനത്ത് വിവിധ സ്വകാര്യ ആശുപത്രികളിലും അല്ലാതെയും വ്യാജ ഡോക്ടർമാർ ചികിത്സ നടത്തുന്നുണ്ടെന്ന പരാതിയിൽ അന്വേഷണം നടത്തി വിശദീകരണം സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിർദേശം.

കമ്മിഷൻ ആക്ടിങ് ചെയർപേഴ്സൺ പി. മോഹനദാസാണ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും നിർദേശം നൽകിയത്.

മാതൃഭൂമി തൊഴിൽവാർത്ത
നേവി വിളിക്കുന്നു
സീനിയർ സെക്കൻഡറി റിക്രൂട്ട്
ആർട്ടിഫൈസർ അപ്രന്റിസ് • സ്പോർട്സ് ക്വാട്ട
IDBI ബാങ്കിൽ 500 എക്സിക്യൂട്ടിവ്
ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി
• നാഷനൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം
• റെയിൽവേയിൽ സ്പോർട്സ് ക്വാട്ട
• ചെന്നൈ മെട്രോയിൽ എഞ്ചിനിയർ
• കോസ്റ്റ് ഗാർഡിൽ ഓഫീസർ
• ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്
Orientation: LDC Pre Lessons
• UP School Asst.
Solved Papers: • KTET-II
• Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overseer/
II Grade Draftsman- Statewide
സൗജന്യം ഹരിശ്രീ

ADMISSION
BSc MLT
DRT
(Diploma in Radiological Tech.)
Approved by Govt. of Kerala & Affiliated to Kerala University of Health Sciences
9048105939, 8086595715

കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ 0471-2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com

നറുക്കെടുപ്പ് തത്സമയ ടെലിവിഷൻ സംപ്രേഷണത്തിന് താൽപര്യപത്രിക ക്ഷണിക്കുന്നു


കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന വിവിധ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ തത്സമയം ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുന്നതിന് താൽപര്യപത്രിക ക്ഷണിക്കുന്നു. കരാർ ഒപ്പിടുന്ന തീയതി മുതൽ മൂന്ന് വർഷമാണ് കാലാവധി. പത്രിക സമർപ്പിക്കുന്നതിനുള്ള **അവസാന ദിവസം 2016 ഡിസംബർ 3, വൈകുന്നേരം 4 മണി.** ഒരു നറുക്കെടുപ്പിന് വകുപ്പിന് നൽകാവുന്ന പരമാവധി തുക രേഖപ്പെടുത്തിയ സാമ്പത്തിക പത്രികയും ചാനലിന്റെ സാങ്കേതിക വിവരങ്ങളും തത്സമയം സംപ്രേക്ഷണം നിർവ്വഹിക്കുന്നതിന്റെ സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയ സാങ്കേതിക പത്രികയും സമർപ്പിക്കണം. കവറിന് മുകളിൽ **തത്സമയ സംപ്രേക്ഷണത്തിനുള്ള അപേക്ഷ** എന്ന് രേഖപ്പെടുത്തിയിരിക്കണം. പത്രികകൾ 2016 ഡിസംബർ 5–ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം വികാസ് ഭവനിലുള്ള ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ തുറക്കുന്നതാണ്. ഏതൊരു താൽപര്യപത്രവും നിരസിക്കുന്നതിനും നടപടി ക്രമങ്ങൾ മാറ്റുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. താൽപര്യപത്രികകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കൂ. ഭാരത സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉപഗ്രഹം വഴി ഇന്ത്യയിൽ നിന്ന് അപ്‌ലിങ്ക് ചെയ്യുന്നതും കേരള ഐ.പി.ആർ.ഡി എംപാനൽ ചെയ്തിട്ടുള്ളതുമായ ചാനലുകൾക്ക് അപേക്ഷിക്കാം.

മറ്റ് നിബന്ധനകളും നിർദ്ദേശങ്ങളും www.keralalotteries.com എന്ന വെബ്സൈറ്റിലും ഡയറക്ടറേറ്റിലും ലഭിക്കും

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ

കേരള സംസ്ഥാന ഭാഗ്യക്കുറി

## ജോലി വാഗ്ദാനംചെയ്ത് യുവതിയെ പീഡിപ്പിച്ച കേസിൽ അറസ്റ്റിൽ


അറസ്റ്റിലായ ജോൺ

**അങ്കമാലി:** ജോലിയും താമസ സൗകര്യവും വാഗ്ദാനം ചെയ്ത് യുവതിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ ഒരാളെ അങ്കമാലി പോലീസ് അറസ്റ്റ് ചെയ്തു. കൊല്ലം കരുനാഗപ്പള്ളി എസ്‌വി മാർക്കറ്റ് കരയിൽ നടയിലേത്ത് ആൻേറാ എന്നു വിളിക്കുന്ന ജോണിനെ (58) ആണ് പോലീസ് അറസ്റ്റ് ചെയ്തത്.

നെടുമ്പാശ്ശേരി ഭാഗത്തെ ഒരു കൺസ്ട്രക്ഷൻ കമ്പനിയുടെ സൂപ്പർവൈസറാണ് ഇയാളെന്ന് അങ്കമാലി പോലീസ പറഞ്ഞു. പരാതിക്കാരിയായ യുവതിയെ 2015 മുതൽ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ചെന്നാണ് കേസ്. യുവതിക്ക് ഇയാൾ കരിയാടിൽ വീട് വാടകയ്ക്കെടുത്ത് നൽകിയിരുന്നു.

വീഡിയോ ക്യാമറയിൽ പകർത്തിയ പീഡന ദൃശ്യങ്ങൾ ഇൻററിനെറ്റിൽ പ്രചരിപ്പിക്കുമെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്തെന്ന് യുവതി മൊഴി നൽകിയിട്ടുണ്ട്. ഡിവൈഎസ്പി കെ.ജി. ബാബുകുമാറിൻെറ നിർദേശ പ്രകാരം അങ്കമാലി സിഐ എസ്. മുഹമ്മദ് റിയാസാണ് ജോണിനെ അറസ്റ്റ് ചെയ്തത്.

ചെങ്ങമനാട് പോലീസ് സബ് ഇൻസ്പെക്ടർ കെ.ജി. ഗോപകുമാർ, ടി.എം. ജോൺസൺ, എസ്‌സിപിഒ മാരായ എ.വി. സുരേഷ്, എ.എ. രവിക്കുട്ടൻ, എ.കെ. മുഹമ്മദ് അൻസാർ, ഡബ്ല്യുസിപിഒ രാജി എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ ജോണിനെ റിമാൻഡ് ചെയ്തു.

എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന
പ്രഥമ ന്യായാധികാരപരിധി
**കമ്പനി പെറ്റിഷൻ നം. 2016–ൽ 34**

1956–ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013–ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.**

**പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്,** രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, **പരാതിക്കാരൻ**
പനമ്പിള്ളി നഗർ, കൊച്ചി–682036, കേരള.

**പെറ്റീഷൻെറ നോട്ടീസ്**

1956–ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റിഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റിഷണർ 31/08/2016–ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016–ന് ഹിയറിങ്ങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റിഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റിഷണറുടെ അഡ്വക്കേറ്റിനെ അറിയിക്കണം. വാദമുഖത്തിൻെറ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങ്ങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റിഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റിഷണറുടെ വക്കീലിൻെറ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കേറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം–682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
അശ്വിൻ ഗോപകുമാർ,
കോട്ടക്കനാൽ ജങ്ഷൻ,
ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി–682018.
കൗൺസൽ ഫോർ ദി പെറ്റീഷണർ

തിയ്യതി: നവംബർ 7 2016

നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം ₹ 4 കോടി
ടിക്കറ്റ് വില ₹150

# ശബരിമല ക്ഷേത്രത്തിൻെറ പേര് ഇനി 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം'

**ശബരിമല:** ശബരിമല ധർമശാസ്താ ക്ഷേത്രം എന്ന പേര് ദേവസ്വം ബോർഡ് മാറ്റി. 'ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം' എന്ന പേരിലായിരിക്കും ഇനി അറിയപ്പെടുക എന്നുകാണിച്ച് ബോർഡ് ഉത്തരവ് പുറത്തിറക്കി. ഇതിനു വിശദീകരണമായി ഒരു ഐതിഹ്യവും ഉത്തരവിൽ പറയുന്നുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് അയ്യപ്പസ്വാമി തൻെറ ദൗത്യങ്ങൾ പൂർത്തിയാക്കിയശേഷം ശബരിമലയിൽ ചെന്ന് ധർമശാസ്താവിൽ വിലയംപ്രാപിക്കുകയായിരുന്നു. അങ്ങനെ ശബരിമലയിലെ ധർമശാസ്താ ക്ഷേത്രം അയ്യപ്പസ്വാമി ക്ഷേത്രമായി മാറി. വർഷങ്ങൾക്കുമുമ്പ് വിഗ്രഹം തച്ചുടച്ച് ക്ഷേത്രം തീവെച്ച സംഭവത്തിനുശേഷം നടന്ന പുനഃപ്രതിഷ്ഠയിൽ അയ്യപ്പസ്വാമിയെയാണ് പ്രതിഷ്ഠിച്ചിരുന്നതെന്ന് ഉത്തരവിൽ പറയുന്നു. ദേവസ്വം ബോർഡിൻെറ ധാരാളം ധർമശാസ്താ ക്ഷേത്രങ്ങളുണ്ടെങ്കിലും അയ്യപ്പസ്വാമി ക്ഷേത്രം ശബരിമലയിൽ മാത്രമായിരിക്കും.

# ശബരിമലയിലെ ശുചിത്വസേനയ്ക്ക് യൂണിഫോം കൊക്കകോളയുടെ ടീഷർട്ട്

ജി. രാജേഷ്കുമാർ

**ശബരിമല:** സന്നിധാനത്ത് ശുചീകരണത്തിൽ മാതൃകാസേവനം നടത്തുന്ന ശുചിത്വസേനയ്ക്ക് യൂണിഫോം കൊക്കകോളയുടെ പരസ്യമുള്ള ടീഷർട്ട്. വർഷങ്ങളായി ഉണ്ടായിരുന്ന യൂണിഫോമാണു മാറ്റിയത്. സന്നിധാനത്ത് ഒരുതരത്തിലുമുള്ള പരസ്യവും പാടില്ലെന്ന ഹൈക്കോടതി ഉത്തരവിൻെറ ലംഘനമാണിത്. നിലയ്ക്കൽമുതൽ സന്നിധാനംവരെയുള്ള തീർഥാടനപാതയിലെ ശീതള പാനീയവിപണി കൈയടക്കിയ കൊക്കകോളയുടെ മറ്റൊരു അധിനിവേശമായി ഇതു മാറി. ചുവന്ന നിറമുള്ള ടീഷർട്ടിൻെറ മുന്നിൽ കൊക്കകോളയുടെ പേര് എഴുതിയിട്ടുണ്ട്. മുൻവർഷങ്ങളിലും യൂണിഫോം സ്പോൺസർ ചെയ്യിച്ചിരുന്നെങ്കിലും അന്നൊന്നും പേരെഴുതിവച്ചിരുന്നില്ല. മുന്നൂറോളം ടീഷർട്ടാണ് കഴിഞ്ഞദിവസം സന്നിധാനത്തെത്തിച്ചത്. ബാക്കി യൂണിഫോം അടുത്തദിവസം എത്തും.

പമ്പയിൽ ഞായറാഴ്ച എത്തിയ കളക്ടർ ആർ.ഗിരിജയുടെ മുന്നിൽ കൊക്കകോള ടീഷർട്ടിട്ട ശുചിത്വസേനാ തൊഴിലാളികൾ ചെന്നുപെട്ടിരുന്നു. ഈ യൂണിഫോം ധരിച്ചു ജോലിചെയ്യാൻ പാടില്ലെന്ന് കളക്ടർ ഇവർക്കു നിർദേശം നൽകിയിട്ടുണ്ട്.

# സന്നിധാനത്തെ അന്നദാനം 24 മണിക്കൂറും




**ശബരിമല:** മാളികപ്പുറം ക്ഷേത്രത്തിനു പടിഞ്ഞാറാണ് പുതിയ അന്നദാനമണ്ഡപം. മാളികപ്പുറത്തു തൊഴുതുകഴിഞ്ഞാൽ ഇവിടേക്കു പോകാൻ എളുപ്പമാണ്.

24 മണിക്കൂറും അന്നദാനമുണ്ടാകും. പ്രഭാതത്തിൽ ഉപ്പുമാവും കടലയും. ഉച്ചയ്ക്ക് ഊണ്. വൈകീട്ട് കഞ്ഞിയും പയറും. രാത്രി ഉപ്പുമാവും കടലയും. ഇങ്ങനെയാണ് ഭക്ഷണവിതരണം.

അന്നദാനം, പൂജകൾ, വഴിപാടുകൾ എന്നിവ നടത്താൻ സന്നിധാനത്തോ പമ്പയിലോ ആരെയും ചുമതലപ്പെടുത്തിയിട്ടില്ലെന്ന് ദേവസ്വം ബോർഡ് അറിയിച്ചു. കൗണ്ടറുകളിൽ പണമടച്ച് ഇവയൊക്കെ നടത്താം.

## ശബരിമലയിൽ ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| നിർമാല്യദർശനം | 3.05 |
| അഭിഷേകം | 3.15 |
| നെയ്യഭിഷേകം | 3.30-7.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| നെയ്യഭിഷേകം | 8.00-11.30 |
| ഉച്ചപ്പൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| പുഷ്പാഭിഷേകം | 6.45 |
| അത്താഴപൂജ | 9.30 |
| ഹരിവരാസനംപാടി നടയടയ്ക്കൽ | 11.00 |

## മാളികപ്പുറത്ത് ഇന്ന്

| | |
|---|---|
| നടതുറക്കൽ | 3.00 |
| ഗണപതിഹോമം | 3.30 |
| ഉഷഃപൂജ | 7.30 |
| ഉച്ചപൂജ | 12.30 |
| നടഅടയ്ക്കൽ | 1.00 |
| വൈകീട്ട് നടതുറക്കൽ | 3.00 |
| ദീപാരാധന | 6.30 |
| ഭഗവതിസേവ | 7.00 |
| അത്താഴപൂജ | 9.30 |
| നടയടയ്ക്കൽ | 11.00 |

# എഴുതാൻ പഠിപ്പിച്ച വിദ്യാലയമുറ്റത്ത് മലയാളത്തിൻെറ ഗുരുനാഥയ്ക്ക് ആദരം


കുന്നംകുളത്ത് 'ലീലാമൃതം' പരിപാടിയിൽ പ്രൊഫ.എം. ലീലാവതിയെ സാഹിത്യകാരൻ സി. രാധാകൃഷ്ണൻ ആദരിക്കുന്നു

**കുന്നംകുളം:** അക്ഷരങ്ങൾ കൂട്ടിവായിക്കാൻ പഠിപ്പിച്ച മാതൃവിദ്യാലയത്തിലേക്ക് ഒരിക്കൽക്കൂടിവന്ന പ്രൊഫ. എം. ലീലാവതിക്ക് സ്നേഹത്തിൻെറ അമൃതധാര.

പഴയ പാവാടക്കാരിയുടെ ചുറുചുറുക്കുള്ള മനസ്സുമായി കുന്നംകുളം ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളിൻെറ മുറ്റത്തേക്കെത്തിയ ലീലാവതിയെ ശിഷ്യരും സാഹിത്യനായകരും അധ്യാപകരും നാട്ടുകാരും സ്നേഹംകൊണ്ട് പൊതിഞ്ഞു.

ടീച്ചറുടെ നവതി ആഘോഷങ്ങൾക്ക് തുടക്കംകുറിച്ച് ഞായറാഴ്ച കേരള മീഡിയ അക്കാദമിയും തൃശ്ശൂർ പ്രസ് ക്ലബ്ബും കുന്നംകുളം നഗരസഭയുംചേർന്ന് ഒരുക്കിയ 'ലീലാമൃതം' മലയാളത്തിൻെറ ഗുരുനാഥയ്ക്ക് നൽകിയ ആദരവായി.

ലീലാവതിയുടെ അറുപതാം പിറന്നാൾ ആഘോഷത്തിൽ രചിച്ച 'ജയിച്ചാലും ജയിച്ചാലും' എന്ന കേരളഗാനത്തോടെയാണ് അറുപത് തികഞ്ഞ കേരളം മലയാളത്തിൻെറ ഗുരുനാഥയെ വരവേറ്റത്. ഗേൾസ് സ്കൂളിലെ 90 വിദ്യാർഥിനികൾ ഗാനം ആലപിച്ചു.

'സഹ്യസാനുശ്രുതി ചേർത്തുവെച്ച മണിവീണയാണെൻെറ കേരളം' എന്ന വന്ദനഗാനവും ത്യാഗരാജകൃതിയായ 'എന്തൊരോ മഹാനുഭാവലു' എന്ന കീർത്തനവും ആലപിച്ച് വിദ്യാർഥിനികൾ ഗുരുനാഥയ്ക്ക് മുന്നിൽ ഗാനാമൃതമൊരുക്കി.

സാഹിത്യകാരൻ സി. രാധാകൃഷ്ണൻ ലീലാമൃതവും നല്ലെഴുത്ത് ഭാഷാശില്പശാലയും ഉദ്ഘാടനം ചെയ്തു. ഗുരുത്വത്തിന് സംഭവിച്ച തേയ്മാനം സാമൂഹിക, സാംസ്കാരിക മേഖലകളിൽ നഷ്ടങ്ങൾ ഉണ്ടാക്കുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. എം. ലീലാവതി എഴുതിയ പുതിയ പുസ്തകമായ 'നല്ലെഴുത്ത്' വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് പ്രകാശനം ചെയ്തു. കവി പ്രഭാവർമ്മ ഡോക്യുമെൻററി സ്വിച്ച്ഓൺ ചെയ്തു.

സ്കൂളിലെ അധ്യാപകരെയും കോളേജിൽ സയൻസിൽ ഒന്നാംറാങ്ക് നേടിയ കുട്ടിയെ മലയാളത്തിലേക്ക് നിർബന്ധിച്ച് പറഞ്ഞയച്ച ഗുരുനാഥന്മാരെയും ലീലാവതി ടീച്ചർ ഓർമ്മിച്ചു. പഠിക്കുന്ന കാലത്ത് എട്ടുകിലോമീറ്റർ നടന്നുപോകുമ്പോഴുള്ള സൗഹൃദങ്ങളും ഓർത്തെടുത്തു. അന്ന് കൂട്ടുണ്ടായിരുന്ന കല്യാണിയും സദസ്സിലുണ്ടായിരുന്നു. നവതിയുടെ ഓർമ്മയ്ക്ക് 90 ദീപങ്ങൾ പ്രകാശിപ്പിച്ചാണ് ലീലാവതി ടീച്ചർ മടങ്ങിയത്.

കേരള മീഡിയ അക്കാദമി ചെയർമാൻ ആർ.എസ്. ബാബു അധ്യക്ഷനായി. മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, നിരൂപകൻ പ്രൊഫ.കെ.പി.ശങ്കരൻ, ഗാനരചയിതാവ് റഫീക്ക് അഹമ്മദ്, നഗരസഭ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ, വി.കെ. ശ്രീരാമൻ, ടി.വി.ചന്ദ്രമോഹൻ, ടി.കെ. വാസു, സുമാ ഗംഗാധരൻ, ബേബി ജയശ്രീ, കെ.ജി. സന്തോഷ് എന്നിവർ പ്രസംഗിച്ചു.


മാളികപ്പുറം ക്ഷേത്രത്തിലെ ജീവത ദേവസ്വംബോർഡംഗം അജയ് തറയിൽ സമർപ്പിക്കുന്നു. തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവർ സമീപം

# ശബരിമലയിൽ എഴുന്നള്ളിപ്പിന് ജീവത സമർപ്പിച്ചു

**ശബരിമല:** മകരവിളക്കിൻെറ ഭാഗമായ എഴുന്നള്ളിപ്പിനുള്ള ജീവത മാളികപ്പുറം ക്ഷേത്രത്തിൽ ദേവസ്വം ബോർഡംഗം അജയ് തറയിൽ സമർപ്പിച്ചു. മാളികപ്പുറത്ത് ആനയെഴുന്നള്ളിപ്പിനു വിലക്കുള്ളതിനാലാണ് ജീവത എഴുന്നള്ളത്തു നടത്തുന്നത്. അജയ് തറയിലിൻെറ വഴിപാടായാണ് ജീവത സമർപ്പിച്ചത്.

ശബരിമല തന്ത്രി കണ്ഠര് രാജീവര്, മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി എന്നിവരുടെ സാന്നിധ്യത്തിലാണ് ജീവത സമർപ്പണം നടന്നത്. ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ രവിശങ്കർ, ഫെസ്റ്റിവൽ കൺട്രോളിങ് ഓഫീസർ സോമശേഖരൻ നായർ തുടങ്ങിയവർ പങ്കെടുത്തു. പ്ലാവിൻെറ തടിയിൽ ജീവത നിർമിച്ചത് കാരയ്ക്കാട് സ്വദേശി വാസുക്കുട്ടനാണ്.

# ആലുവയിൽ എട്ട് ലക്ഷം രൂപയുടെ രണ്ടായിരത്തിൻെറ നോട്ടുകൾ

## പണത്തിന് രേഖയില്ല

**ആലുവ:** ആലുവ മാർക്കറ്റിലെ മൊത്ത വ്യാപാരിയുടെ പക്കൽ നിന്ന് മുപ്പത് ലക്ഷം രൂപ കണ്ടെടുത്ത സംഭവത്തിൽ പണത്തിൻെറ കൃത്യമായ രേഖ ഹാജരാക്കിയില്ല.

വ്യാപാരം നടത്തിയ പണമാണെന്ന് പറയുമ്പോഴും ബില്ലുകളും അക്കൗണ്ട് ബുക്കുകളുമെല്ലാം ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുകയാണ്.

മുപ്പത് ലക്ഷം രൂപയിൽ എട്ട് ലക്ഷം രൂപ രണ്ടായിരത്തിൻെറ പുതിയ നോട്ടുകളാണ്. ഇതാണ് ആദായനികുതി വകുപ്പിനെ വലയ്ക്കുന്നത്.

സാധാരണ ഒരാൾക്ക് ഒരു ദിവസം തീരെ ചെറിയ തുക മാത്രം മാറിയെടുക്കാൻ കഴിയുമ്പോൾ വ്യാപാരിയുടെ പക്കൽ വൻ തുകയുടെ രണ്ടായിരത്തിൻെറ നോട്ടുകൾ കണ്ടെത്തിയത് ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥരെ ഞെട്ടിച്ചിരിക്കുകയാണ്.

മദ്ധ്യ കേരളത്തിലെ പുകയില വ്യാപാരിയായ വെങ്കിടാചല ചെട്ടിയാരുടെ (65) മാർക്കറ്റിലെ സ്ഥാപനത്തിൽ നിന്നും വീട്ടിൽ നിന്നുമാണ് വെള്ളിയാഴ്ച രാത്രി ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡിൽ പണം കണ്ടെത്തുന്നത്.

നോട്ട് നിരോധനത്തിനുശേഷം വൻ തുക വെങ്കിടാചല ചെട്ടിയാർക്ക് മാറ്റിയെടുക്കുന്നതിനായി മറ്റ് സഹായങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് ഉദ്യോഗസ്ഥർ പരിശോധിക്കും.

ചെട്ടിയാർക്ക് പണം മാറിയെടുക്കാനായി ഏതെങ്കിലും ബാങ്കുകൾ മുഖേന സഹായം കിട്ടിയിട്ടുണ്ടോയെന്നും കണ്ടെത്തേണ്ടതുണ്ട്. ഇതിനായി ചെട്ടിയാർ ഇടപാടുകൾ നടത്തുന്ന ബാങ്കുകളേയും നിരീക്ഷിക്കും.

സീരിയൽ നമ്പറുകൾ റിസർവ് ബാങ്കിന് നൽകി നോട്ടുകൾ ഏത് മേഖലയിൽ വിതരണം ചെയ്തതാണെന്ന് കണ്ടെത്തിയാലേ പുതിയ രണ്ടായിരം രൂപ നോട്ടുകളെ പറ്റി ദുരൂഹത മാറ്റാൻ കഴിയൂ. അക്കൗണ്ട് ബുക്കിൽ രേഖപ്പെടുത്തുന്ന വിധത്തിലുള്ള ബില്ലല്ല കച്ചവട ആവശ്യത്തിനായി ഉപയോഗിച്ചിരുന്നതെന്ന് ആദായനികുതി വകുപ്പ് ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്.

എസ്റ്റിമേറ്റ് എന്ന് രേഖപ്പെടുത്തിയ ചെറു ബുക്കാണ് ബില്ലിന് പകരം ഉപയോഗിച്ചിരുന്നത്. കൃത്യമായ രേഖകൾ സൂക്ഷിക്കാതെയുള്ള ഇത്തരം കച്ചവടത്തിൽ പണത്തിൻെറ സ്രോതസ്സോ പണം ആർക്ക് നൽകിയെന്നോ കണ്ടെത്താൻ കഴിയില്ല.

വീട്ടിൽ നിന്ന് അഞ്ഞൂറ്, ആയിരം നോട്ടുകൾ അടങ്ങിയ 22 ലക്ഷം രൂപ കണ്ടെത്തിയ സംഭവത്തിലും ദുരൂഹതയുണ്ട്.

സ്ഥലം കച്ചവടം നടത്തി കിട്ടിയ പണമാണെന്ന് പറയപ്പെടുന്നുണ്ടെങ്കിലും അതിനുള്ള തെളിവും ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

# കെ.പി.യോഹന്നാൻ നേട്ടമുണ്ടാക്കുന്നു - വി.മുരളീധരൻ

**തിരുവനന്തപുരം:** സർക്കാർഭൂമി സർക്കാരിനുതന്നെ വിൽക്കാനുള്ള ശ്രമമാണ് എരുമേലി വിമാനത്താവളത്തിലൂടെ കെ.പി.യോഹന്നാൻ നടത്തുന്നതെന്ന് ബി.ജെ.പി. ദേശീയ നിർവാഹകസമിതി അംഗം വി.മുരളീധരൻആരോപിച്ചു.

CSIR - NATIONAL INSTITUTE OF OCEANOGRAPHY
(Council of Scientific & Industrial Research)
Regional Centre,
Kochi - 682 018. Ph.2390814

No. NIO(K-HV)/2016 Dated: 21.11.2016

TENDER NOTIFICATION

Sealed and competitive tenders are invited by the Scientist-in-charge, National Institute of Oceanography, Regional Centre, Near High Court, Kochi-682018 from capable and experienced registered travel agents in the vicinity of NIO, Regional Centre, Kochi who can supply transport vehicles, for hiring as and when required from 1st February 2017 to 31st January, 2018.

The tender documents showing the detailed scope of work, specification of Vehicles as well as terms and conditions can be obtained from National Institute of Oceanography, Regional Centre, Kochi - 682018 from 21.11.2016 to 06.12.2016 between 10.00 a.m. and 2.00 p.m. on payment of Rs.300/- by cash (non-refundable). Duly completed tender in all respects shall be submitted to this office upto 11.00 A.M. on 07.12.2016 and the bid will be opened on the same date at 11.30 A.M.

(S/d-) Scientist-in-charge

ഇ1-7377/16 തിയതി: 19.11.2016
കൂത്തുപറമ്പ് നഗരസഭ
പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ പരസ്യം
കൂത്തുപറമ്പ് നഗരസഭയിലെ പുതിയ ബസ് സ്റ്റാൻഡ് നിർമാണവുമായി ബന്ധപ്പെട്ട് രൂപകല്പനയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനായി കൺസൾട്ടൻറുമാരെ നിയമിക്കുന്നു. യോഗ്യതയുള്ള ആർക്കിടെക്റ്റ്മാരിൽ നിന്നും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ നഗരസഭ വെബ്സൈറ്റിൽ ലഭ്യമാണ്. (www.etenders.kerala.gov.in, http://tender.lsgkerala.gov.in) ടെണ്ടർ സമർപ്പിക്കുന്ന അവസാന തിയതി: 13.12.2016 5 മണി. ടെണ്ടർ തുറക്കുന്ന തിയതി: 14.12.2016 10 മണി.
(ഒപ്പ്) സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
കൂത്തുപറമ്പ് (പി.ഒ.) 670643 Ph. 0490 2361246

# പിന്നാക്കക്കാരുടെ സംഘടനകളെ ചാതുർവർണ്യത്തിൻെറ തൊഴുത്തിൽ കെട്ടരുത് -കാനം

**കൊല്ലം:** സാമൂഹ്യനീതിക്കായി പോരാടിയ പ്രസ്ഥാനങ്ങളെ ചാതുർവർണ്യ വക്താക്കളുടെ തൊഴുത്തിൽ കെട്ടരുതെന്ന് സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. കേരള പുലയർ മഹാസഭ (കെ.പി.എം.എസ്.) 45-ാം സംസ്ഥാന പ്രതിനിധിസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിൻെറ പുരോഗതിയുടെ ചരിത്രത്തിൽ കൈയൊപ്പ് പതിഞ്ഞ പ്രസ്ഥാനമാണ് പുലയർ മഹാസഭ. അയ്യൻകാളിയുടെ പിൻമുറക്കാർ ഭിന്നിച്ചുനിന്നതിൻെറ അനുഭവം വെങ്ങാന്നൂരിൽ ചെന്നാൽ കാണാം.

അയ്യൻകാളി സ്ഥാപിച്ച വിദ്യാലയം ഇന്ന് നാശോൻമുഖമാണ്. സംഘടനയുടെ ഐക്യം തകർന്നാൽ ഇതാണ് സ്ഥിതി - കാനം പറഞ്ഞു. സംസ്ഥാന പ്രസിഡൻറ് മുണ്ടുകോട്ടയ്ക്കൽ സുരേന്ദ്രൻ അധ്യക്ഷനായിരുന്നു.

പി.എം.വിനോദ്, മേയർ വി. രാജേന്ദ്രബാബു, എം.കെ.ശശിധരൻ, അജേഷ് ഗോപി, അജിതാ പ്രദീപ് എന്നിവർ സംസാരിച്ചു. പ്രതിനിധി സമ്മേളനത്തിന് തുടക്കം കുറിച്ച് വർക്കിങ് പ്രസിഡൻറ് എം.കെ.ദാമോദരൻ പതാകയുയർത്തി.



കെ.പി.എം.എസ്. മുണ്ടുകോട്ടയ്ക്കൽ സുരേന്ദ്രൻ പ്രസിഡൻറായ വിഭാഗത്തിൻെറ സംസ്ഥാന സമ്മേളനം കൊല്ലം സി.എസ്.ഐ. കൺവെൻഷൻ സെൻററിൽ സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

QUOTATION FOR HIRING OF TRANSPORT
Quotations are invited for hiring of Car for the use of DEO, Cochin on monthly basis. The type of vehicle required is Maruti Swift Dzire or Toyota Etios. The interest parties may contact on tele no. 0484 2357517 on Monday to Friday from 9am to 0530pm. The terms and conditions can be had from the Office of the Defence Estates Office, Alappattu Cross Road, Ravipuram, Cochin - 15
(Sd/-)
Place : Cochin-15 Defence Estates Officer
Dated: 17 Nov 2016 Cochin-15

നേവി വിളിക്കുന്നു
സീനിയർ സെക്കൻഡറി റിക്രൂട്ട്
ആർട്ടിഫൈസർ അപ്രൻറിസ് • സ്പോർട്സ് ക്വാട്ട
IDBI ബാങ്കിൽ 500 എക്സിക്യൂട്ടീവ്
ബാർക്കിൽ 157 സ്റ്റൈപ്പൻഡറി ട്രെയിനി
നാഷനൽ ബിൽഡിങ് കോർപ്പറേഷനിൽ 103 അവസരം
- റെയിൽവേയിൽ സ്പോർട്സ് ക്വാട്ട
- ചെന്നൈ മെട്രോയിൽ എഞ്ചിനീയർ
- കോസ്റ്റ് ഗാർഡിൽ ഓഫീസർ
- ന്യൂക്ലിയർ പവർ കോർപ്പറേഷനിൽ 79 ഒഴിവ്

FREE ഹരിശ്രീ
റെയിൽവേ പരീക്ഷയിൽ വിജയം ക്രമക്കേടിൻെറ നിഴൽ
LEVEL UP വകുപ്പുതല പരീക്ഷകൾക്കുള്ള പരിശീലനം
Orientation: LDC Pre Lessons • UP School Asst.
Solved Papers: • KTET-II • Electrician, Agriculture Department
Model Paper: Sales Asst. Grade II, KSCCF
List: II Grade Overseer/II Grade Draftsman- Statewide
മാതൃഭൂമി തൊഴിൽവാർത്ത
2016 നവംബർ 26ൻെറ ലക്കം



എറണാകുളത്തുള്ള ഹൈക്കോടതിയുടെ ന്യായാധികാരാതിർത്തിയിലുൾപ്പെടുന്ന
പ്രഥമ ന്യായാധികാരപരിധി
കമ്പനി പെറ്റിഷൻ നം. 2016-ൽ 34

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള വിഷയങ്ങളെ ആസ്പദമാക്കിയും 2013-ലെ കമ്പനീസ് ആക്ടിലെ പ്രസ്തുത നിബന്ധനകൾ പ്രകാരവും.

പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ് വിഘടിച്ച് ആർടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന സ്ഥാപനമായി മാറ്റിയതിന് വച്ചിട്ടുള്ള വ്യവസ്ഥകളുടെ ഉള്ളടക്കം സംബന്ധിയായ കാര്യങ്ങളും പ്രസ്തുത കമ്പനിയുടെ ഷെയർ ഹോൾഡർമാരും ക്രെഡിറ്റർമാരും.

പി.ടി.എൽ. എൻറർപ്രൈസസ് ലിമിറ്റഡ്, രജിസ്റ്റേർഡ് ഓഫീസ്:
മൂന്നാം നില, അരിക്കൽ മാൻഷൻ, മനോരമ ജങ്ഷനു സമീപം, പരാതിക്കാരൻ
പനമ്പിള്ളി നഗർ, കൊച്ചി-682036, കേരള.

പെറ്റീഷൻെറ നോട്ടീസ്

1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 391 മുതൽ 394 വരെയുള്ള സെക്ഷൻ പ്രകാരം, പെറ്റിഷണർ കമ്പനി വിഘടിച്ചുണ്ടായ ആർട്ടമിസ് ഗ്ലോബൽ ലൈഫ് സയൻസസ് ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ പെറ്റിഷണർ 31/08/2016-ന് നൽകിയ പരാതി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16/12/2016-ന് ഹിയറിങിന് വെച്ചിരിക്കുന്നു.

പ്രസ്തുത പെറ്റിഷനെ അനുകൂലിച്ചോ പ്രതികൂലിച്ചോ ആർക്കെങ്കിലും വാദമുഖമുണ്ടെങ്കിൽ താഴെ ഒപ്പിട്ടിരിക്കുന്ന പെറ്റിഷണറുടെ അഡ്വക്കറ്റിനെ അറിയിക്കണം. വാദമുഖത്തിൻെറ ഉദ്ദേശ്യം, കക്ഷിയുടെ പേരും പൂർണവിലാസവും, കക്ഷി അല്ലെങ്കിൽ കക്ഷി ചുമതലപ്പെടുത്തിയ വക്കീൽ ഒപ്പിട്ടുള്ള ഹർജി എന്നിവ സഹിതം, കോടതി ഹിയറിങിനു വെച്ചിട്ടുള്ള തിയ്യതിയ്ക്ക് രണ്ടുദിവസം മുമ്പെങ്കിലും പെറ്റിഷണറുടെ വക്കീലിന് ലഭിച്ചിരിക്കണം. പെറ്റിഷണറുടെ വക്കീലിൻെറ പേരും മേൽവിലാസവും: അശ്വിൻ ഗോപകുമാർ, അഡ്വക്കറ്റ്, ഫസ്റ്റ്ഫ്ളോർ, ബിൽഡിങ് നമ്പർ 36/117, ലിസി ഹോസ്പിറ്റൽ റോഡ്, കോട്ടക്കനാൽ ജങ്ഷൻ, എറണാകുളം-682018. ഹരജിയെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ട് എതിർക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള സത്യവാങ്മൂലം നോട്ടീസിനൊപ്പം ലഭ്യമാക്കണം. നിശ്ചിത ഫീസ് അടക്കുന്നപക്ഷം ഫയൽ ചെയ്തിരിക്കുന്ന പരാതിയുടെ കോപ്പി താത്പര്യമുള്ളവർക്ക് വിതരണം ചെയ്യുന്നതാണ്.

ഒപ്പ്
അശ്വിൻ ഗോപകുമാർ,
കോട്ടക്കനാൽ ജങ്ഷൻ,
ലിസി ഹോസ്പിറ്റൽ റോഡ്, കൊച്ചി-682018.
തിയ്യതി: നവംബർ 7 2016 കൗൺസൽ ഫോർ ദി പെറ്റീഷണർ

കേരള സംസ്ഥാന ഭാഗ്യക്കുറി
www.kerala.gov.in www.keralalotteries.com
ഭാഗ്യനിധി BN-263 നറുക്കെടുപ്പ് ഫലം 20.11.2016
ഒന്നാം സമ്മാനം 65 ലക്ഷം രൂപ BY 725070 (കാസർകോട്)
സമാശ്വാസ സമ്മാനം 10,000 രൂപ
BM 725070 BO 725070 BP 725070 BS 725070 BT 725070 BU 725070 BW 725070 BX 725070 BZ 725070
2-ാം സമ്മാനം 5 ലക്ഷം രൂപ BM 850791 (ഇടുക്കി)
3-ാം സമ്മാനം 10000 രൂപ
43436
4-ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1225 | 2940 | 3457 | 4094 | 5716 | 6718 | 6776 | 6893 | 8537 | 9170 |

5-ാം സമ്മാനം 2000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0995 | 3791 | 4317 | 4812 | 5345 | 5881 | 6366 | 6407 | 7803 | 9775 |

6-ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0061 | 1074 | 2006 | 2456 | 2576 | 2666 | 3106 | 3281 | 3739 | 4235 |
| 4601 | 5306 | 5775 | 5912 | 6140 | 6194 | 6250 | 6401 | 6707 | 7755 |
| 7774 | 8149 | 8263 | 8721 | 9805 | 9941 | | | | |

7-ാം സമ്മാനം 500 രൂപ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 0005 | 0018 | 0813 | 0955 | 1627 | 1756 | 1778 | 1828 | 2021 | 2179 | 2300 | 3291 |
| 3341 | 3496 | 4298 | 4349 | 4403 | 4415 | 4535 | 5117 | 5245 | 5290 | 5315 | 5513 |
| 5549 | 5587 | 5759 | 6193 | 6372 | 6755 | 6831 | 7419 | 7700 | 7779 | 7782 | 8331 |
| 8603 | 8763 | 9300 | 9399 | 9657 | 9767 | | | | | | |

8-ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0030 | 0136 | 0236 | 0319 | 0401 | 0845 | 1173 | 1339 | 1410 | 1462 |
| 1505 | 1672 | 1685 | 2025 | 2064 | 2073 | 2256 | 2415 | 3084 | 3395 |
| 3498 | 3539 | 3636 | 3841 | 3891 | 3953 | 4109 | 4142 | 4214 | 4258 |
| 4318 | 4668 | 4733 | 4809 | 5000 | 5030 | 5058 | 5374 | 5659 | 5906 |
| 5990 | 6163 | 6182 | 6215 | 6254 | 6335 | 6437 | 6609 | 6701 | 6739 |
| 6790 | 7138 | 7206 | 7253 | 7292 | 7307 | 7393 | 7596 | 7736 | 7862 |
| 7936 | 8072 | 8563 | 8817 | 9364 | 9581 | 9712 | 9764 | 9936 | 9981 |

അടുത്ത ഭാഗ്യനിധി നറുക്കെടുപ്പ് 26.11.2016

നറുക്കെടുപ്പിന് ഇനി 2 ദിവസം മാത്രം..
പൂജാ ബമ്പർ 2016
കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
ഒന്നാം സമ്മാനം ₹4 കോടി
ടിക്കറ്റ് വില ₹150